IV. റിപ്പോർട്ട് സമർപ്പണം

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ എഴുപതു മുതൽ എഴുപത്തിയഞ്ചു വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. ആര്യാടൻ മുഹമ്മദ് : പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ സമിതിയുടെ എഴുപതു മുതൽ എഴുപത്തിയഞ്ചുവരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

V. ധനകാര്യം

1999-2000 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	ബഡ്ജറ്റ് എസ്റ്റിമേറ്റ് 1999-2000				
		25-3-1999 ൽ സഭ പാസാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിനു സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		
		റവന്യൂ രൂപ	മൂലധനം രൂപ	റവന്യൂ രൂപ	മൂലധനം രൂപ	ആകെ രൂപ
(1)	(2)	(3)	(4)	(5)	(6)	(7)
XXX	ഭക്ഷ്യം	58,78,95,000	6,10,80,000	1,17,57,91,000	12,21,60,000	1,29,79,51,000
XLII	വിനോദ സഞ്ചാരം	10,54,22,000	4,66,67,000	21,08,44,000	9,33,33,000	30,41,77,000
XV	പൊതുമരാമത്ത്	1,12,18,32,000	41,96,38,000	2,24,36,65,000	83,92,75,000	3,08,29,40,000

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, പൊതു മരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യ വിവരപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയുടെ നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1999-2000 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : പ്രമേയത്തെ പിന്താങ്ങുന്നു.

ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിലും വിനോദ സഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിലും കാര്യ വിവരപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയുടെ നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 1999-2000 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിന് അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറംപിൽ) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ : ഇനി ഉപക്ഷേപങ്ങൾ.....

LIBRARY ARCHIVES Kerala Legislative Assembly

1999-2000 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ് സംബന്ധിച്ച ഉപക്ഷേപങ്ങൾ

ധനാഭ്യർത്ഥന നമ്പർ XXX ഭക്ഷ്യം

ശ്രീ. എം. മുരളി : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥന യുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1,29,79,51,000.ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(റേഷൻ കടകളിൽക്കൂടി ഉയർന്ന വിലയ്ക്ക് ഗുണമേൻമ വളരെ കുറഞ്ഞ അരി വിൽക്കുന്നതിന്റെ ഫലമായി പൊതുജനങ്ങൾ ഗുണ നിലവാര മുള്ള അരി വാങ്ങുന്നതിനായി പൊതു വിപണിയെ ആശ്രയിക്കേണ്ടതായി വന്നതുമൂലം പൊതു വിതരണ വ്യവസ്ഥയ്ക്ക് വന്നു ചേർന്നിട്ടുള്ളതായി പറയപ്പെടുന്ന ദുർഗതി പരിഹരിക്കുന്നതിനുള്ള നയം സ്വീകരിക്കണമെന്നാവശ്യപ്പെടുന്നതിന്)

ശ്രീ. ഇ.എം. അഗസ്തി : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,29,79,51,000 ക. ഒരു ഉറുപ്പിക യായി കുറവ് ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(മാവേലി സ്റ്റോറുകളിൽ നിന്നും മുളക് പോലുള്ള സാധനങ്ങൾ ലഭിക്കുന്നതിന് അന്താരാഷ്ട്ര കുത്തകയായ ഹിന്ദുസ്ഥാൻ ലിവറിന്റെ സോപ്പു കൂടി വാങ്ങണമെന്നതിലെ സാങ്കേതികമായ നിലപാടിന് പിന്നിലുള്ളതായി പറയപ്പെടുന്ന നയം നിരാകരിക്കണമെന്നാവശ്യപ്പെടുന്നതിന്)

ശ്രീ. കെ. സുധാകരൻ : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,29,79,51,000 ക. ഒരു ഉറുപ്പിക യായി കുറവ് ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്തെ ബഹു ഭൂരിപക്ഷം ജനങ്ങളും നിത്യോപയോഗ സാധനങ്ങൾക്കുവേണ്ടി ആശ്രയിക്കുന്ന പൊതു വിപണിയിൽ നിത്യേനയെന്നോണം വർദ്ധിച്ചു വരുന്ന വില ഫലപ്രദമായി തടയുവാൻ കഴിയാത്തതായി പറയപ്പെടുന്ന നയം നിരാകരിക്കണമെന്നാവശ്യപ്പെടുന്നതിന്)

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1,29,79,51,000 കയിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. അച്യുതൻ : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1,29,79,51,000 കയിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1,29,79,51,000 കയിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.എ. ചന്ദ്രൻ : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥന യുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,29,79,51,000 കയിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി.ജെ. ഫ്രാൻസീസ് : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാ ഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1,29,79,51,000 കയിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപമം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ജോർജ് ജെ. മാത്യു : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാ ഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1,29,79,51,000 കയിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു

ശ്രീമതി കെ.ആർ. ഗൗരിയമ്മ : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1,29,79,51,000 ക യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. ജോസഫ് : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാ ഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1,29,79,51,000 കയിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി.ജെ. ജോയി : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥ നയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1,29,79,51,000 ക യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവത രിപ്പിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാ ഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1,29,79,51,000 ക യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം.എ. കുട്ടപ്പൻ : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാ ഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,29,79,51,000 ക.യിൽ നിന്ന് ഒര നൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാ ഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1,29,79,51,000 ക.യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എഴുകോൺ നാരായണൻ : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,29,79,51,000 ക.യിൽ നിന്ന് ഒരുനൂറു രൂപ ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി.ജെ. പൗലോസ് : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാ ഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1,29,79,51,000 കയിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അടൂർ പ്രകാശ് : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥന യുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1,29,79,51,000 കയിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപണം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി രാധാ രാഘവൻ : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാ ഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1,29,79,51,000 ക യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,29,79,51,000 കയിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി ശോഭനാ ജോർജ് : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാ ഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1,29,79,51,000 ക യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. വേണുഗോപാൽ : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1,29,79,51,000 ക യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി.ടി. അഹമ്മദ് അലി : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാ ഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1,29,79,51,000 ക യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ.പി.എ. മജീദ് : ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥന യുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,29,79,51,000 ക.യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവത രിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. സി. മൊയിൻകുട്ടി : ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥന യുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,29,79,51,000 ക.യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവത രിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം.കെ. മുനീർ : ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥന യുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,29,79,51,000 ക.യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവത രിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി.കെ. അബ്ദുറബ്ബ് : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാ ഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1,29,79,51,000 ക യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന XLII - വിനോദ സഞ്ചാരം

ശ്രീ. ഇ.എം. അഗസ്തി : സർ, വിനോദ സഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 30,41,77,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(വർക്കല കൊട്ടാരവും അതോടനുബന്ധിച്ചുള്ള സ്ഥലവും കുത്തക കൾക്ക് നൽകുന്നതായി പറയപ്പെടുന്ന നയം പുനഃപരിശോധിക്കണമെന്നാവ ശ്യപ്പെടുന്നതിന്)

ശ്രീ. കെ.പി. വിശ്വനാഥൻ : സർ, വിനോദ സഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 30,41,77,000 ക ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ടൂറിസ വികസനത്തിന്റെ പേരിൽ മദ്യവിൽപ്പന നടത്തുന്ന സ്റ്റാർ ഹോട്ടലുകൾ അനുവദിക്കുന്നതായി പറയപ്പെടുന്ന നയം നിരാകരിക്കണമെ ന്നാവശ്യപ്പെടുന്നതിന്)

ശ്രീ. എം. മുരളി : സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാ ഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 30,41,77,000 ക. ഒരു ഉറുപ്പിക യായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരി പ്പിക്കുന്നു.

(ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ലോക്കൽ ടൂറിസ്റ്റുകളുടെ താൽപര്യംകൂടി സംര ക്ഷിക്കത്തക്ക നയം സ്വീകരിക്കണമെന്നാവശ്യപ്പെടുന്നതിന്)

ശ്രീ. കെ. സുധാകരൻ : സർ, വിനോദ സഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 30,41,77,000 ക. ഒരു ഉറുപ്പിക യായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരി പ്പിക്കുന്നു.

(ഗസ്റ്റ് ഹൗസുകളിൽ താമസിക്കുന്ന വി.ഐ.പി കൾക്ക് നൽകുന്ന ഭക്ഷണത്തിന്റെ പേരിൽ അവിടുത്തെ ജീവനക്കാർ പുറത്തു നിന്നു വരുന്നവ രുടെ മർദ്ദനത്തിനു വിധേയമാകേണ്ടതായി പറയപ്പെടുന്ന സാഹചര്യം ഒഴിവാക്കണമെന്നും ഗസ്റ്റ്ഹൗസ് ജീവനക്കാർക്ക് വേണ്ട സംരക്ഷണം നൽകുന്ന നയം ഉറപ്പാക്കണമെന്നും ആവശ്യപ്പെടുന്നതിന്)

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, വിനോദ സഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 30,41,77,000 ക.യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ഡോ. എം.എ. കുട്ടപ്പൻ : സർ, വിനോദ സഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 30,41,77,000 ക.യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, വിനോദ സഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 30,41,77,000 ക.യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡ നോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. ബാബു : സർ, വിനോദ സഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 30,41,77,000 ക.യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.സി. ജോസഫ് : സർ, വിനോദ സഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 30,41,77,000 ക.യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ.സി. വേണുഗോപാൽ : സർ, വിനോദ സഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 30,41,77,000 ക.യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡ നോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീമതി ശോഭനാ ജോർജ്ജ് : സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 30,41,77,000 ക. യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപ ക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി.ജെ. പൗലോസ് : സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 30,41,77,000 കയിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ.എ. ചന്ദ്രൻ : സർ, വിനോദ സഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 30,41,77,000 ക യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീമതി രാധാ രാഘവൻ : സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 30,41,77,000ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ജി. കാർത്തികേയൻ : സർ, വിനോദ സഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥന യുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 30,41,77,000 ക.യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. അടൂർ പ്രകാശ് : സർ, വിനോദ സഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥന യുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 30,41,77,000 ക.യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അച്ചുതൻ : സർ, വിനോദ സഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 30,41,77,000 ക.യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി.ജെ. ജോയി : സർ, വിനോദ സഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 30,41,77,000 ക.യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. നാരായണക്കുറുപ്പ് : സർ, വിനോദ സഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥന യുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 30,41,77,000 ക.യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടവയാണ് എന്ന ഖണ്ഡ നോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം.കെ. മുനീർ : സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 30,41,77,000 ക.യിൽ നിന്ന് ഒരനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ.പി.എ. മജീദ് : സർ, വിനോദ സഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 30,41,77,000 ക.യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. സി. മൊയീൻ കുട്ടി : സർ, വിനോദ സഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 30,41,77,000 ക.യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. സി.ടി. അഹമ്മദ് അലി : സർ, വിനോദ സഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 30,41,77,000 ക.യിൽ നിന്ന ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി.കെ. അബ്ദുറബ്ബ് : സർ, വിനോദ സഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 30,41,77,000 ക.യിൽ നിന്ന ഒരു നൂറു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡ നോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന - XV - പൊതുമരാമത്ത്

ശ്രീ. എം. മുരളി : സർ, പൊതു മരാമത്ത് എന്ന XV-ാം നമ്പർ ധനാ ഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3,08,29,40,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്. ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(യാത്രാ ക്ലേശത്തിനും വാഹനാപകടങ്ങൾക്കും വഴിവെച്ചുകൊണ്ട് സംസ്ഥാനത്താകമാനം തകർന്നു കിടക്കുന്നതായി പറയപ്പെടുന്ന റോഡുകൾ ഉടനടി നന്നാക്കി ഗതാഗത യോഗ്യമാക്കുന്ന നയം സ്വീകരിക്കണമെന്നാശ്യപ്പെടുന്നതിന്)

<u>ശ്രീ. ഇ.എം. അഗസ്തി</u> : സർ, പൊതു മരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3,08,29,40,000 ക ഒരു ഉറുപ്പിക യായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ഹൈറേഞ്ചിലുള്ള ജില്ലാ റോഡുകളും സ്റ്റേറ്റ് ഹൈവേയും അടിയന്തിരമായി മെയിന്റനൻസ് നടത്തി ഗതാഗത യോഗ്യമാക്കുന്ന നയം സ്വീകരിക്കണമെന്നാവശ്യപ്പെടുന്നതിന്)

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3,08,29,40,000 ക യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

<u>ശ്രീ. പി.ജെ. ജോയി</u> : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3,08,29,40,000 ക യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

<u>ശ്രീ. കെ. ബാബു</u> : സർ, പൊതു മരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3,08,29,40,000 ക.യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3,08,29,40,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

<u>ശ്രീ. കെ.സി. ജോസഫ്</u> : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3,08,29,40,000 ക.യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3,08,29,40,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സുധാകരൻ : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3,08,29,40,000 ക.യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. അച്ചുതൻ : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3,08,29,40,000 ക.യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. അടൂർ പ്രകാശ് : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3,08,29,40,000 ക.യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ജി. കാർത്തികേയൻ : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3,08,29,40,000 ക.യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീമതി രാധാ രാഘവൻ : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3,08,29,40,000 ക.യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ.എ. ചന്ദ്രൻ : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3,08,29,40,000 ക.യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീമതി കെ.ആർ. ഗൗരിയമ്മ : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3,08,29,40,000ക. യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപ ക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. നാരായണക്കുറുപ്പ് : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3,08,29,40,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡ നോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി.കെ. അബ്ദുറബ്ബ് : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3,08,29,40,000 ക.യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം.കെ. മുനീർ : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3,08,29,40,000 ക.യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. സി. മോയീൻ കുട്ടി : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3,08,29,40,000 ക.യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി.ജെ. പൗലോസ് : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3,08,29,40,000 ക.യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ.പി.എ. മജീദ് : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3,08,29,40,000 ക.യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. സി.ടി. അഹമ്മദ് അലി : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3,08,29,40,000 ക.യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ഡോ. എം.എ. കുട്ടപ്പൻ : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3,08,29,40,000 ക.യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

(അദ്ധ്യക്ഷവേദിയിൽ ശ്രീ. സി.പി. ബാലൻ വൈദ്യർ)

ശ്രീമതി ശോഭനാ ജോർജ് : സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുകയാണ്. ഭക്ഷ്യ വകുപ്പിനെപ്പറ്റി കൂടുതലൊന്നും പറയുന്നില്ല. അത് വനരോദനമാകും എന്ന് എനിക്ക് അറിയാം. കേരളത്തിലെ വീട്ടമ്മമാരുടെ ശക്തിയായ പ്രതിഷേധമാണ് ഞാൻ ഇവിടെ അറിയി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നത്. മരാമത്ത് വകുപ്പ് ഇന്ന് ഒരു ആപത്ത് വകുപ്പായി മാറിയിരിക്കുക യാണ്. കാർഗ്ഗിലിൽ റോഡ് തകർക്കുവാൻ വേണ്ടി പാകിസ്ഥാൻ ഷെല്ലാക്ര മണം നടത്തിയെന്ന് പത്രങ്ങളിൽ വായിച്ചു. പക്ഷെ നമ്മുടെ നാട്ടിലെ റോഡ് തകർക്കുവാൻ ഒരു ചാറ്റൽ മഴയോ ചെറിയ കാറ്റോ മതി.അതാണ് നമ്മുടെ സംസ്ഥാനത്തിന്റെ സ്ഥിതി. മജീഷ്യൻ സമ്രാട്ടിനു 5 മിനിട്ടുനേരം വേണം ഒരു ട്രെയിൻ അപ്രത്യക്ഷമാക്കാനെന്നാണ് പറയുന്നത്. പക്ഷെ കേരളത്തിലെ പി. ഡബ്ല്യൂ.ഡി ക്ക് കേരളത്തിലെ റോഡുകൾ അപ്രത്യക്ഷമാക്കുവാൻ ഒരു നിമിഷം മതി. ശ്രീ:അയ്യപ്പപ്പണിക്കരുടെ കവിത 'കാടെവിടെ മക്കളെ' എന്നാ ണെങ്കിൽ ഇന്ന് 'റോഡ് എവിടെ മക്കളെ' എന്നു ചോദിക്കേണ്ട സ്ഥിതി നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിരിക്കുന്നു. ഒരു കാലത്ത് കേരളത്തിലെ റോഡുകളുടെ മുഖച്ഛായ ഹേമമാലിനിയുടെ മുഖം പോലെയായിരുന്നു. ഇന്ന് കേരളത്തിലെ റോഡുകൾ ശൂർപ്പണകയുടെയും താടകയുടെയും പോലുള്ള ഭീകര മുഖമായിരിക്കുന്നു എന്നുള്ളതാണ് സ്ഥിതി. അങ്ങ് ചെയ്യുന്ന ഈ പാപ ങ്ങളൊക്കെ എങ്ങനെ പരിഹരിക്കുമെന്നാണ് എനിക്ക് മനസ്സിലാകാത്തത്. ഡി. പി.ഇ.പി വികലമായി നടപ്പിലാക്കി കേരളത്തിലെ കുഞ്ഞുങ്ങളെ കഷ്ടത്തി ലാക്കി. കേരളത്തിലെ റോഡുകളുടെ സ്ഥിതി എന്താണ്? അങ്ങ് പാട്ടു പാടുന്ന ആളല്ലേ : അങ്ങ് പാടുന്ന ഒരു പാട്ട് ഞാൻ കേട്ടിട്ടുണ്ട്.

'പഞ്ചാഗ്നി മദ്ധ്യേ തപസ്സു ചെയ്താലും
ഈ പാപ കർമ്മത്തിൻ പരിക്രിയയാകുമോ'

എന്ന് അങ്ങ് പാടുന്നത് ഞാൻ കേട്ടിട്ടുണ്ട്. അങ്ങയുടെ സ്വന്തക്കാ രെയും അങ്ങയുടെ പാർട്ടിക്കാരെയും അങ്ങയുടെ ഉദ്യോഗസ്ഥരെയും കോൺട്രാക്ടേഴ്സിനെയും ഒക്കെ അങ്ങ് സംരക്ഷിക്കുവാൻ ശ്രമിക്കുമ്പോൾ ഈ പാപത്തിന് ഒരു പരിഹാരവും ഉണ്ടാകുകയില്ലെന്നാണ് എനിക്ക് പറയാനു ള്ളത്. ഒരു വ്യക്തി ഒരു അനിമൽ ഫാം നടത്തുന്നുണ്ട്. ആ ഫാമിൽ പന്നി, ആട്,പശു, കോഴി എന്നീ മൃഗങ്ങളുണ്ട്. ആ ഫാമിലെ പശുവിൽ നിന്നും കിട്ടുന്ന പാലും, കോഴിയുടെ മുട്ടയും വിറ്റ് വരുമാനം ഉണ്ടാക്കിക്കൊണ്ടാണ് ആ ഫാം നടത്തിക്കൊണ്ടു പോകുന്നത്. ഒരു ദിവസം ഈ മൃഗങ്ങൾക്ക് തോന്നി ഈ അനിമൽ ഫാമിലൂടെ നമ്മുടെ യജമാനൻ നമ്മളെ ചൂഷണം ചെയ്യുകയാണെന്ന് . അതുകൊണ്ട് അവർ എല്ലാപേരും കൂടി സംഘടിച്ചു. എന്നിട്ട് അനിമൽ റിപ്പബ്ലിക്കായി പ്രഖ്യാപിച്ചു. എന്നിട്ട് അവിടെ ഒരു നിയമം പാസ്സാക്കി. ഒരു ഭരണഘടന. മൃഗങ്ങളെ കൊല്ലുകയില്ല. അതുപോലെ മൃഗ ങ്ങൾ മദ്യപിക്കരുത്. അതിന്റെ തലവനായി നെപ്പോളിയൻ എന്നു പേരുള്ള ഒരു പന്നിക്കുട്ടനെ നിയമിച്ചു. പക്ഷെ വളരെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ മറ്റ് മൃഗങ്ങൾക്ക് പണ്ട് യജമാനൻ ചൂഷണം ചെയ്തതുപോലെ തന്നെ നെപ്പോളിയൻ തങ്ങളെ ചൂഷണം ചെയ്യുന്നു എന്നു തോന്നിയപ്പോൾ അവർ നെപ്പോളിയന്റെ കൊട്ടാരത്തിന്റെ വാതുക്കൽ ചെന്ന് ചോദിച്ചു, അങ്ങ് അല്ലേ പറഞ്ഞത് ഇതിൽനിന്നും വ്യത്യസ്തമായിട്ടുള്ള ഒരു രീതി നടപ്പാക്കാമെന്ന്, പക്ഷെ പഴയതുപോലെ യജമാനൻ ചെയ്ത കാര്യം തന്നെ അങ്ങ് ചെയ്യുന്ന ല്ലോ എന്ന് ചോദിച്ചപ്പോൾ അതിനു മറുപടിയായി നെപ്പോളിയൻ പറഞ്ഞത് മൃഗങ്ങൾ ഒരുമിച്ച് സംഘടിക്കുന്നതൊക്കെ കൊള്ളാം, പക്ഷെ ആ നിയമത്തി ലൊക്കെ ചെറിയ വ്യത്യാസം വരുത്തിയിട്ടുണ്ട് എന്നാണ്. അങ്ങനെ ചോദ്യം ചോദിച്ച മൃഗങ്ങളെ വേട്ടപ്പട്ടികളെ കൊണ്ടു പീഡിപ്പിച്ചു. ഭരണഘടനയിൽ ഒരു ഭേദഗതി വരുത്തി. മൃഗങ്ങളെ അകാരണമായി കൊല്ലരുത് എന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

അകാരണമായി എന്ന വാക്ക് ചേർത്തതോടു കൂടി അവിടെ എന്തു വേണമെങ്കിലും ആകാം എന്നു പറഞ്ഞതുപോലെയായി. മൃഗങ്ങൾ മദ്യപിക്കരുതെന്നു പറഞ്ഞ നെപ്പോളിയൻ മദ്യപിക്കുന്നതു കണ്ടപ്പോൾ അതിലും ഒരു തിരുത്ത് വരുത്തി. മൃഗങ്ങൾ അമിതമായി മദ്യപിക്കരുതെന്ന്. അങ്ങ് ആ നെപ്പോളിയന്റെ റോളിലാണ്. അങ്ങയുടെ സ്വന്തക്കാരെ സംരക്ഷിക്കാൻ വേണ്ടി സ്വാർത്ഥ താൽപര്യങ്ങൾ സംരക്ഷിക്കുവാൻ വേണ്ടി ഇന്നലെ വരെ പി.ഡബ്ല്യു.ഡി ഡിപ്പാർട്ടുമെന്റിലുണ്ടായിരുന്ന അച്ചടക്കവും സകല നിയമ വശങ്ങളും അങ്ങ് കാറ്റിൽപ്പറത്തിയിരിക്കുന്നു എന്നത് ഖേദത്തോടെ എനിക്ക് പറയേണ്ടി വരുന്നു. ആ മാറ്റങ്ങൾ ഈ വകുപ്പിനെ കൂടുതൽ അഴിമതിയിലേക്കും സ്വജനപക്ഷപാതത്തിലേയ്ക്കും കൊണ്ടു ചെന്ന് എത്തിക്കുമെന്ന് വളരെ ശക്തിയായി ഞാൻ പറയുന്നു. ഒരു ഉദാഹരണം പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. എറണാകുളം നെടുമ്പാശ്ശേരി വിമാനത്താവളം- വർഷങ്ങൾക്കു മുൻപ് ശ്രീ.കെ.കരുണാകരൻ മുഖ്യമന്ത്രി ആയിരുന്ന സമയത്താണ് വിമാനത്താവളത്തിന്റെ പണികൾ ആരംഭിക്കുന്നത്. അതിനോടു ചേർന്ന് ഒരു അപ്രോച്ച് റോഡുണ്ട്. അവിടെ ഒട്ടേറെ അപ്രോച്ച് റോഡുകളുണ്ടായി, പാലങ്ങളുണ്ടായി, ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നടന്നു. പക്ഷെ അവിടെ റെയിൽവേ വകുപ്പ് ഒരു ഓവർ ബ്രിഡ്ജ് പണിതു. ടെൻഡർ വിളിച്ച് 26 ശതമാനം എബൗവിൽ റെയിൽവേ അവിടെ മേൽപ്പാലം പണിതു. അതിന്റെ താഴെ പി.ഡബ്ല്യു.ഡി. റോഡു പണിതു. പക്ഷെ അതിനു ടെൻഡർ വിളിച്ചിട്ടില്ല. എന്തുകൊണ്ടാണ് ടെൻഡർ വിളിക്കാത്തത്? സദുദ്ദേശമാണ് ഡിപ്പാർട്ട്മെന്റ് കരുതിയതെങ്കിൽ, 26 ശതമാനം എബൗവിൽ റെയിൽവേ ആ വർക്ക് ചെയ്യിച്ചപ്പോൾ നിങ്ങൾ 20 ശതമാനം എബൗവിൽ ആ വർക്ക് ചെയ്യിപ്പിച്ചുവെന്ന് പറഞ്ഞിരുന്നെങ്കിൽ അങ്ങയെ ഞങ്ങൾ അംഗീകരിക്കുമായിരുന്നു. പക്ഷെ ടെൻഡർ വിളിക്കാതെ ചെയ്ത ആ വർക്ക് 55 ശതമാനം എബൗവിലാണ് ഇപ്പോൾ നടക്കുന്നത്. എന്താണ് മനസ്സിലാക്കേണ്ടത്? റെയിൽവേ ചെയ്ത പണി, പി.ഡബ്ല്യു.ഡി. ഡയറക്ടായിട്ടു ചെയ്തപ്പോൾ സംസ്ഥാനത്തിന് ഏകദേശം ഒന്നരക്കോടി രൂപയോളം ആവശ്യമായി വരുന്നു. അതായത് 1,56,00,000 രൂപ. എന്താണ് ഇതിനു കാരണം? അവിടെ പൈലിംഗ് നടത്തി. പൈലിംഗിന്റെ റേറ്റ് 3,200 രൂപയാണ്. പി.ഡബ്ല്യു.ഡി. കോൺട്രാക്ടർമാർ ക്വാട്ടുചെയ്തത് 3,400 രൂപയാണ്. ടെൻഡർ ഇല്ലാതെ പി.ഡബ്ല്യു.ഡി. നടത്തിയ പൈലിംഗ് വർക്കിനു 3,200 രൂപയുടെ സ്ഥാനത്ത് 6,000 രൂപയായിരുന്നു. ഇത് സംബന്ധിച്ചു എന്താണ് പറയേണ്ടത്? ഞാൻ ഒരു ആരോപണവും ഉന്നയിക്കുവാൻ ആഗ്രഹിക്കുന്നില്ല. പക്ഷെ ഈ തിരിമറി എന്തിനാണെന്ന് ഈ സഭയ്ക്ക് അറിയണം. പാലക്കാട് യാക്കര പാലം ഉൾപ്പെടെ ഈ സംസ്ഥാനത്ത് ഒരു ഡസനിലേറെ മേജർ പാലങ്ങളും റോഡുകളും ഒക്കെ ടെൻഡർ ചെയ്യാതെ വർക്ക് നടത്തുന്നതിന്റെ ഉദ്ദേശം എന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല.

സർ, പൊതുമരാമത്തു വകുപ്പിന്റെ ചരിത്രത്തിലാദ്യമായി മെറ്റീരിയൽസിന് ടെൻഡർ എക്സസ് കൊടുക്കുന്നതിന് ഓർഡർ വന്നു. ജി.ഒ(പി.) 558/97/(എഫ്) 3697 പാരാ 30 .... എന്നിങ്ങനെയാണ് ഓർഡർ വന്നിരിക്കുന്നത്. ആ ഓർഡർ പ്രകാരമാണ് ടെൻഡർ എക്സസ് കൊടുക്കാൻ ശ്രമിച്ചത്. റോഡായാലും പാലമായാലും 40 ശതമാനത്തോളം എക്സസ് വരുന്നത് മെറ്റീരിയൽസിനുവേണ്ടിയാണ്. അങ്ങനെ മെറ്റീരിയൽസിനു എക്സസ് കൊടുക്കാൻ തീരുമാനിക്കുമ്പോൾ ഒരു കിലോ കമ്പിക്ക് 16 രൂപയാണെങ്കിൽ മെറ്റീരിയൽ എക്സസ് വരുമ്പോൾ അതു 25 രൂപയാകും. സിമന്റിനു 165 രൂപ

LIBRARY ARCHIVES Kerala Legislative Assembly

യാണെങ്കിൽ മെറ്റീരിയൽ എക്സസ് വരുമ്പോൾ ഏകദേശം 250 രൂപയാകും. അങ്ങനെ മെറ്റീരിയൽസിനു ടെൻഡർ എകസസ് കൊടുക്കാനുള്ള തീരുമാനം വഴി ഈ സംസ്ഥാനത്ത് മുന്നു സർക്കിളിൽക്കൂടി ഏകദേശം 250 കോടി രൂപ യോളമുള്ള വർക്കു നടക്കുന്നുണ്ട്. 250 കോടി രൂപയുടെ വർക്ക് മെറ്റീരിയൽ എക്സസ് കൊടുക്കുന്നതു വഴി എത്ര കോടി രൂപയുടെ വ്യത്യാസം ഈ കാര്യത്തിൽ നടക്കുന്നു എന്ന് പരിശോധിച്ചശേഷം അങ്ങു മറുപടി പറയു മെന്ന് പ്രതീക്ഷിക്കുകയാണ്. ഇപ്പോൾ കോൺട്രാക്റ്റേഴ്സിന് .....

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത് കോൺട്രാക്ടർമാരെ സഹായിക്കുന്ന കാര്യമല്ലേ? ഞാൻ വേറൊരു ചോദ്യം ചോദിക്കുകയാണ്. ഇപ്പോൾ തെരഞ്ഞെടുപ്പ് വരാൻ പോകുകയാണ്. (ബഹളം)..... ***

ഡോ. കെ.സി. ജോസഫ് : സർ, ബഹുമാനപ്പെട്ട ഡൊമനിക് പ്രസന്റേ ഷൻ ഇലക്ഷനുമായി ബന്ധപ്പെട്ട് ഓരോ ഡിവിഷനിൽ നിന്നും പണം വാങ്ങു ന്നുയെന്നുള്ള നിലയിൽ ചോദ്യമുന്നയിച്ച് ആരോപണമുന്നയിച്ചിരിക്കുക യാണ്. മുൻകൂട്ടി അറിയിക്കാതെ ആക്ഷേപമുന്നയിക്കുന്നത് ഓർഡറിലാണോ? അങ്ങനെ ഓർഡറിലല്ലാതെ ഉന്നയിച്ച ഈ കാര്യം രേഖകളിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.

മി. ചെയർമാൻ (ശ്രീ. സി.പി. ബാലൻ വൈദ്യർ) : ഡൊമിനിക് പ്രസ ന്റേഷൻ നടത്തിയിട്ടുള്ള പരാമർശം രേഖയിൽ നിന്നും നീക്കുന്നു. പത്രങ്ങ ളിൽ പ്രസിദ്ധീകരിക്കാനും പാടില്ല..... (ബഹളം).....

ശ്രീമതി ശോഭനാ ജോർജ് : ഇവിടെ മെറ്റീരിയൽസ് നേരിട്ടു വാങ്ങാ നുള്ള അനുവാദം കൊടുത്തിരിക്കുന്നത് ഇപ്പോൾ കോൺട്രാക്റ്റേഴ്സി നാണ്....(ബഹളം).....

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : രേഖയിൽ നിന്നും നീക്കിയാലും ആളുകൾ വിശ്വസിക്കുകയില്ല. ..... (ബഹളം) .....

ഡോ. കെ.സി. ജോസഫ് : ആളുകളോട് ഞങ്ങൾ പറയാം. .....

മി. ചെയർമാൻ : നിയമസഭയിൽ ആരോപണമുന്നയിക്കാൻ ചില വ്യവ സ്ഥകൾ ഉണ്ട്. രേഖയിൽ നിന്നു നീക്കം ചെയ്തതാണ്. അതിനെ സംബ ന്ധിച്ച് വാദപ്രതിവാദത്തിന്റെ ആവശ്യമില്ല.

ശ്രീമതി ശോഭനാ ജോർജ് : സർ, ശ്രീ. ടി.എം. ജേക്കബ് മൂവാറ്റുപുഴ വാലി വർക്കിനുവേണ്ടി ഇതുപോലെ കോൺട്രാക്റ്റർമാർക്ക് നേരിട്ട് മെറ്റീരി യൽസ് വാങ്ങിക്കാനുള്ള അനുമതി കൊടുത്തതിന്റെ പേരിൽ ഇപ്പോൾ വിജി ലൻസ് എൻക്വയറി നടക്കുകയാണ്. അങ്ങനെയാണെങ്കിൽ ഈ സംസ്ഥാ നത്ത് ഒരസാധാരണമായ ഓർഡറിൽക്കൂടി ഇവിടത്തെ കോൺട്രാക്ടർമാർക്ക് മെറ്റീരിയൽസ് വാങ്ങിക്കാനുള്ള അനുമതി കൊടുത്തതിന്റെ പിന്നിൽ എന്താ ണെന്ന് അങ്ങു പരിശോധിക്കണം. അതാണ് എനിക്കു പറയാനുള്ളത്. നമ്മുടെ പബ്ലിക് സെക്ടർ വലിയൊരു തകർച്ചയിലാണ്. കോഴിക്കോട് സ്റ്റീൽ കോംപ്ലക്സിലെ കമ്പികൾ വാങ്ങിക്കാൻ കരാറുകാർ വരാത്തതുമൂലം വലി യൊരു പ്രതിസന്ധിയിലേയ്ക്ക് കോഴിക്കോട് സ്റ്റീൽ കോംപ്ലക്സ് എത്തി നിൽക്കുകയാണ്. ഇങ്ങനെയുള്ള ഒട്ടേറെ അസാധാരണമായ നടപടികൾക്ക്

**** ബഹുമാനപ്പെട്ട ചെയർമാന്റെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ പൊതുമരാമത്ത് വകുപ്പു കഴിഞ്ഞ മൂന്നു വർഷമായി സാക്ഷ്യം വഹിക്കുന്നു എന്നാണ് ഞാൻ പറയുന്നത്. പി.ഡബ്ല്യൂ.ഡി. ഇത്രമാത്രം വർക്കുകൾ ഡയറക്ടായിട്ട് ഒരു കാലഘട്ടത്തിലും ഏറ്റെടുത്ത് നടത്തിയിട്ടില്ല. അതിന്റെ കാര്യമെന്താണെന്നു ചോദിച്ചാൽ, ഹൈക്കോടതിയുടെ ഒരു വിധിയുണ്ട്. പ്രയോറിറ്റി അടിസ്ഥാനത്തിൽ മാത്രമേ കോൺട്രാക്റ്റേഴ്സിന് പണം കൊടുക്കാവൂ എന്നു ഹൈക്കോടതി വിധിയുള്ളതുകൊണ്ട് ആ വിധിയെ മറികടക്കുന്നതിനുവേണ്ടി മാത്രമാണ് ഇപ്പോൾ പി.ഡബ്ല്യൂ.ഡി. ഡയറക്ടായിട്ട് സ്വന്തക്കാർക്ക്, ഇഷ്ടമുള്ള കോൺട്രാക്ടർമാർക്ക് വർക്കു കൊടുത്തുകൊണ്ട് അവർക്ക് ലാഭമുണ്ടാക്കാൻ വേണ്ടിയുള്ള ഇത്തരം തിരിമറി നടത്തുന്നത് എന്നുള്ള ആക്ഷേപം മാത്രമേ ഞാൻ ഉന്നയിക്കുന്നുള്ളൂ. നമ്മുടെ സംസ്ഥാനത്ത് C.E.'s L.S. എന്നൊരു വർക്കുണ്ട്. എനിക്കു ബഹുമാനപ്പെട്ട മന്ത്രിയെ വർഷങ്ങളായി അറിയാവുന്നതാണ്. അങ്ങേയ്ക്ക് ഇപ്പോൾ എന്താണ് സംഭവിച്ചിരിക്കുന്നതെന്നു എനിക്കറിയില്ല. ചീഫ് എൻജിനീയേഴ്സ് ലംപ്സം വർക്കിന് ഈ സംസ്ഥാനത്തെ ബഡ്ജറ്റിൽ ഏതാണ്ട് 18 കോടി രൂപയാണുള്ളതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ 18 കോടി രൂപയുടെ സ്ഥാനത്ത് ഏകദേശം 58 കോടിയോളം രൂപയുടെ വർക്ക് നടന്നു. 58 കോടി രൂപയുടെ വർക്ക് നടത്തുമ്പോൾ 35 ശതമാനം റേറ്റ് ഇൻക്രീസ് എന്നു പറഞ്ഞ് 75 ശതമാനം എബൗ വരുന്നു. അങ്ങനെയാണെങ്കിൽ 58 കോടി രൂപയുടെ വർക്ക് നടന്ന സ്ഥാനത്ത് 116 കോടിയോളം രൂപ ഈ സംസ്ഥാനത്ത് ചെലവാക്കപ്പെട്ടിട്ടുണ്ട്. അതിനെപ്പറ്റി അന്വേഷിക്കണം. C.E.'s L.S. ന്റെ വർക്കിനെക്കുറിച്ച് ഞങ്ങൾ നിയമസഭയിൽ ചോദിച്ചു. അതറിയാനുള്ള അവകാശം ഞങ്ങൾക്കില്ലേ? C.E.'s L.S. ന്റെ വർക്ക് ആർക്കൊക്കെ കൊടുത്തു എന്നുള്ളതിന്റെ ലിസ്റ്റ് വേണമെന്നു പറഞ്ഞപ്പോൾ, 'പരിശോധിക്കുന്നുണ്ട്' എന്ന മറുപടിയാണ് ഞങ്ങൾക്കു തന്നത്. ഇവിടെ നിന്ന് ഒരു കിലോമീറ്റർ പോലും ദൂരമില്ലാത്ത സ്ഥലത്ത്, ചീഫ് എൻജിനീയറുടെ ഓഫീസിൽ നിന്ന് ഫോണിൽക്കൂടി കിട്ടുമായിരുന്ന ആ വർക്കിന്റെ ലിസ്റ്റ് സഭ തുടങ്ങി ഒരു മാസം കഴിഞ്ഞിട്ടും ഞങ്ങൾക്കു തരാത്തത് എന്താണ്? ഞങ്ങളും ജനങ്ങൾ വോട്ടു ചെയ്തു നിയമസഭയിൽ വന്നതാണ്. ഞങ്ങളുടെയൊക്കെ നിയോജകമണ്ഡലത്തിൽ എന്തു നടക്കുന്നു എന്നു ബഡ്ജറ്റ് എടുത്തു നോക്കിയാലറിയാം. ഇവിടെ ബഡ്ജറ്റിന്റെ ഓരോ ഖണ്ഡികയിലും നോക്കിയാൽ ഞങ്ങൾ പ്രതിപക്ഷത്തുള്ള എം. എൽ.എ. മാരോട് ഈ ഗവണ്മെന്റ് നീതി കാണിച്ചിട്ടില്ല എന്നു മാത്രമല്ല, ഇത്രമാത്രം അനീതി കാണിച്ചിട്ടുള്ള ഒരു കാലം ഉണ്ടായിട്ടില്ല. ഇപ്പോൾ ചാലക്കുടി പാലത്തിന്റെ ഗതികേട് കണ്ടല്ലോ? എന്റെ നിയോജകമണ്ഡലത്തിൽ എം.സി. റോഡിലുള്ള ഏറപ്പുഴക്കടവു പാലം 81 വർഷം പഴക്കമുള്ളതാണ്. ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി മൂന്നു മാസം മുൻപ് അവിടെ വന്ന് തറക്കല്ലിട്ടു. കൺസ്ട്രക്ഷൻ കോർപ്പറേഷനെ വർക്ക് ഏൽപ്പിച്ചു എന്നാണ് പറയുന്നത്. മൂന്നു മാസമായിട്ടും അവിടെ പണി തുടങ്ങിയിട്ടില്ല. എം.സി. റോഡിലാണ്. 81 വർഷത്തെ പഴക്കമുള്ള പാലമാണ്. ചാലക്കുടി പാലത്തിനേക്കാൾ ഏറ്റവും വലിയ അപകടസ്ഥിതിയിലേയ്ക്ക് ആ പാലം പോകും. വാഹനങ്ങൾ തിരിച്ചുവിടാൻ മറ്റൊരു വഴി പോലുമില്ല. പൂർണ്ണമായും ഗതാഗതം സ്തംഭിക്കുന്ന സ്ഥിതി വരും. അവിടെ പുതിയതായി പാലം പണിയാൻ വേണ്ടി മൂന്നു മാസമായി തറക്കല്ലിട്ടിട്ട്. ഇപ്പോഴെന്താണു നടക്കുന്നത്? ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ ലാൻഡ് അക്വിസിഷൻ നടപടിപോലും അവിടെ പൂർത്തിയായിട്ടില്ല. എന്റെ മണ്ഡലത്തിലെ അഞ്ചു പി.ഡബ്ല്യൂ.ഡി. റോഡുകൾ,

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ രണ്ടരക്കൊല്ലമായി ആ റോഡുകളുടെ പണിയും നിന്നിരിക്കുകയാണ്. 50 ശതമാനം വർക്ക് കഴിഞ്ഞ റോഡുകളുടെ പണി നിന്നപ്പോൾ, ഇപ്പോൾ എന്തു സംഭവിച്ചു? പഴയതിനേക്കാൾ കൂടുതൽ കഷ്ടമാണ് ആ നാട്ടിലെ ജനങ്ങൾ അനുഭവിക്കുന്നത്. ഇങ്ങനെ ഞങ്ങളെ രണ്ടുതരം പൗരൻമാരായി നിയമസഭയിൽ തന്നെ ചിത്രീകരിക്കുന്ന പി.ഡബ്ല്യൂ.ഡി.ക്കുള്ള ധനാഭ്യർത്ഥനകളെയും, കേരളത്തിലെ അമ്മമാരെയും സഹോദരിമാരെയും കഷ്ടത്തിലാക്കുന്ന, നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റമുണ്ടാക്കുന്ന ധനാഭ്യർത്ഥനകളെയും ശക്തിയായി എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

(അദ്ധ്യക്ഷവേദിയിൽ ഡോ. കെ.സി. ജോസഫ്)

ശ്രീ. വർഗ്ഗീസ് വൈദ്യർ : സർ, ഭക്ഷ്യോൽപ്പാദന കാര്യത്തിൽ 25 ശതമാനം കമ്മിയുള്ള ഒരു സ്റ്റേറ്റാണ് കേരളം. ഇൻഡ്യാരാജ്യത്ത് 1998-99, 1999-2000 വർഷങ്ങളിൽ ബമ്പർ ക്രോപ്പായിരുന്നു. ആസാമിൽ നിന്നോ ഹരിയാനയിൽ നിന്നോ മറ്റു സ്റ്റേറ്റുകളിൽ നിന്നോ ഭക്ഷ്യധാന്യം വാങ്ങിക്കാൻ ഗോഡൗൺ തന്നെ ഇല്ലാത്ത സ്ഥിതിയുണ്ടായിരുന്നു. അങ്ങനെ ബമ്പർ ക്രോപ്പ് നടന്ന കാലത്താണ്, കേന്ദ്ര ഗവണ്മെന്റ് (ബി.ജെ.പി. ഗവണ്മെന്റ്) റേഷൻ സാധനങ്ങളുടെ- അരിയുടെയും ഗോതമ്പിന്റെയും വില വർദ്ധിപ്പിച്ചത്. അതിനെ സംബന്ധിച്ച് യു.ഡി.എഫുകാർ ഒരക്ഷരം മിണ്ടിയില്ല. കേരളത്തിലെ കൃഷിക്കാർ എപ്പോഴും കാർഷികവിളകൾ ഉൽപ്പാദിപ്പിക്കുന്നവരാണ്. ഇവിടെയുള്ള ഭക്ഷ്യധാന്യത്തിൽ 75 ശതമാനവും മറ്റുള്ള സ്റ്റേറ്റുകളിൽ നിന്ന് വരണം. യു.ഡി.എഫുകാർക്കുള്ള ഒരു ധാരണയെന്താണെന്നു വച്ചാൽ, ഭക്ഷ്യകാര്യം ഒരു ആയുധമാക്കി ഉപയോഗിച്ച് ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് തെരഞ്ഞെടുപ്പു കാലത്ത് ജനങ്ങളുടെ വോട്ടു തട്ടാമെന്നാണ്. അങ്ങനെയാണ് കഴിഞ്ഞ എല്ലാ കാലത്തും അവർ നടത്തിയത്. അതിന്റെ ഭാഗമായിട്ട് വില വർദ്ധനവിനെ സംബന്ധിച്ച് അവർ 'പുരപ്പുറത്തിരിക്കുന്ന കോഴി കൂവുന്നതുപോലെ' കൂവുകയാണ്. രാജ്യത്ത് ഏറ്റവും ചുരുങ്ങിയ വിലയ്ക്ക്, വിലക്കയറ്റം കുറച്ച്, എല്ലായിടത്തും 20,25,100 ശതമാനം വിലക്കയറ്റമുള്ളപ്പോൾ ഇവിടെ 7 ശതമാനം മാത്രമേ ആകെ ഭക്ഷ്യസാധനങ്ങളുടെ വില വർദ്ധിച്ചിട്ടുള്ളൂ. അതാണ് ഒരു പ്രധാനപ്പെട്ട കാര്യം. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നപ്പോൾ റേഷൻ വാങ്ങുന്നവർക്ക് മുഴുവൻ മാസം 16 കിലോ അരി കിലോഗ്രാമിന് ഒരു രൂപ കുറച്ചുകൊടുക്കാൻ തീരുമാനിച്ചു. ഏതെങ്കിലും കാലം കോൺഗ്രസ്സുകാർ റേഷൻ സാധനങ്ങളുടെ വില കുറച്ചു കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ? അതാണ് ഈ ഗവണ്മെന്റും യു.ഡി.എഫ്. ഗവണ്മെന്റും തമ്മിലുള്ള വ്യത്യാസം. അതു ജനങ്ങൾ മനസ്സിലാക്കും. മാത്രമല്ല, കേന്ദ്രഗവണ്മെന്റ് 10 കിലോഗ്രാം അരി പകുതി വിലയ്ക്ക് കൊടുക്കാൻ തീർച്ചയാക്കിയപ്പോൾ സംസ്ഥാന ഗവണ്മെന്റ് ഇവിടെയുള്ള 42% ആളുകൾക്ക് പകുതിവിലയ്ക്ക് മൂന്നുരൂപ 90 പൈസക്ക് കൊടുക്കാൻ തീരുമാനിച്ചു. ഇന്ത്യാ രാജ്യത്തിലെ നാലു സംസ്ഥാനങ്ങളിൽ മാത്രമേ അങ്ങനെ ചുരുങ്ങിയ വിലയ്ക്ക് അരി കൊടുത്തിട്ടുള്ളൂ. അതിന്റെ ഭാഗമായി ഇവിടെ വിലവർദ്ധനവു തടഞ്ഞുനിർത്താനും അരിയുടെ കുത്തനെയുള്ള വിലവർദ്ധനവ് കുറച്ചുകൊണ്ടുവരാനും സാധിച്ചിട്ടുണ്ട്. 1991-ൽ ഇവർ അധികാരത്തിൽ വന്നപ്പോൾ ഞങ്ങൾ 1990-ലെ വിലയിലേയ്ക്കെത്തും. വില കുറച്ചു കൊടുക്കുമെന്ന് പറഞ്ഞിട്ട് എന്താണ് ചെയ്തത് എന്ന് ഈ നാട്ടിലുള്ള മുഴുവൻ ആളുകൾക്കുമറിയാം. ഞാനത് വിശദീകരിക്കുന്നില്ല. ഒരു കൊല്ലത്തിൽ ഏതാണ്ട് 280 കോടി രൂപ റേഷനിനത്തിലും സബ്സിഡി ഇനത്തിലും

[11.00 A.M]

LIBRARY ARCHIVES Kerala Legislative Assembly

മാവേലി സ്റ്റോറിന്റെ പ്രവർത്തനത്തിന്റെ ഭാഗമായും ഗവണ്മെന്റ് ഖജനാവിൽനിന്നും കൊടുക്കുന്നുണ്ട്. ഇങ്ങനെ ഏതെങ്കിലും കാലത്ത് ഇവർ കൊടുത്തിട്ടുള്ളതായി ഇവർക്ക് പറയാൻ സാധിക്കുമോ? മാത്രമാണോ, വിശേഷ ദിവസങ്ങളിൽ 29 ലക്ഷത്തോളം വരുന്ന വിദ്യാർത്ഥികൾക്ക് 5 കിലോഗ്രാം അരി വീതം സൗജന്യമായി കൊടുക്കുന്നു. ഇത് ഏതെങ്കിലും കാലത്ത് ഉണ്ടായിട്ടുണ്ടോ? അതാണ് ഈ ഗവണ്മെന്റും യു.ഡി.എഫ്. ഗവണ്മെന്റും തമ്മിലുള്ള വ്യത്യാസം. ദരിദ്രജനവിഭാഗങ്ങൾക്ക് അവരുടെ വിലവർദ്ധനവ് തടഞ്ഞു നിർത്താനും അവർക്ക് സുഖമായി ആഹാരം കഴിക്കുന്നതിനും വേണ്ടിയാണ് ഇത് അനുവദിച്ചിട്ടുള്ളത്. ഇവർ കുറേ സ്റ്റേറ്റുകളിലെങ്കിലും ഭരിക്കുന്നുണ്ടല്ലോ? അങ്ങനെ ഏതെങ്കിലും കാലത്ത് ഇവർ കൊടുത്തിട്ടുണ്ടോ? ഈ കാലഘട്ടത്തിൽ ഭക്ഷ്യധാന്യത്തിന്റെ വിലവർദ്ധനവു മാത്രമല്ല, മണ്ണെണ്ണയ്ക്കും വിറകിനും ഗ്യാസിനുമെല്ലാം വില വർദ്ധിച്ചു. അതുകൊണ്ട് സാധാരണ ജനങ്ങൾക്ക്, ദുർബല ജനവിഭാഗങ്ങൾക്ക് നാലുലക്ഷത്തോളം മണ്ണെണ്ണ പെർമിറ്റ് ഈ ഗവണ്മെന്റ് കൂടുതൽ കൊടുത്തു. ഏതാണ്ട് 10 ലക്ഷത്തിൽപ്പരം ആളുകൾക്ക് പെർമിറ്റുകൊടുക്കാൻ തീർച്ചയാക്കിയിട്ടുണ്ട്. ആ നിലയ്ക്ക് ഈ രാജ്യത്തെ വിലവർദ്ധനവ് തടഞ്ഞുനിർത്താനും സാധാരണ ആളുകൾക്ക് ഗുണകരമായ രീതിയിൽ അത് വിതരണം ചെയ്യാനും തീർച്ചയാക്കിയിട്ടുണ്ട്. റേഷൻ വിതരണത്തിലെ ബുദ്ധിമുട്ടുകൾ കണക്കാക്കി ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ 9 സബ്ഡിപ്പോകൾ സിവിൽസപ്ലൈസ് കോർപ്പറേഷൻ ഏറ്റെടുത്തു. നേരായ വഴിക്ക് റേഷൻ വിതരണം നടത്തുന്നതിനുവേണ്ടിയാണ് കേന്ദ്രഗവണ്മെന്റ് ഡിപ്പോകൾ നിർത്തിയിട്ടുപോലും കേരള ഗവണ്മെന്റ് ഏറ്റെടുത്തത്. എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ തുടങ്ങാനുള്ള പരിപാടി ആസൂത്രണം ചെയ്തു. നീതി സ്റ്റോറുകൾ, അതുപോലെതന്നെ റേഷൻ കടയിൽകൂടി പലവ്യഞ്ജനങ്ങൾ, ഇതെല്ലാം ഈ ഗവണ്മെന്റ് നടപ്പിലാക്കി. അതുപോലെ തന്നെ മരുന്നിന്റെ വിലവിർദ്ധനവ് കണക്കിലെടുത്ത് പ്രധാനപ്പെട്ട നീതി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങാനുള്ള പരിപാടികൾ ഈ ഗവണ്മെന്റ് നടപ്പിലാക്കിയിട്ടുണ്ട്.

<u>ശ്രീ. ജോണി നെല്ലൂർ</u> : സംസാരിക്കാൻ ഒന്നുമില്ലെങ്കിൽ മതിയാക്കണം.

<u>ശ്രീ. വർഗ്ഗീസ് വൈദ്യർ</u> : അത് ഞാനല്ലേ തീരുമാനിക്കേണ്ടത്?

<u>ശ്രീ. ജോണി നെല്ലൂർ</u> : ഞാനൊരു തമാശ പറഞ്ഞതല്ലേ?

<u>ശ്രീ. വർഗ്ഗീസ് വൈദ്യർ</u> : ***.....ബഹളം ..... ഞാൻ ആർക്കും വഴങ്ങുന്നില്ല. ഞാൻ പറഞ്ഞത് അൺപാർലമെന്ററിയാണെങ്കിൽ അത് എടുത്തു കളഞ്ഞോ. നിങ്ങൾ അസംബ്ളിയിൽ വന്ന് ഈ ഒച്ചപ്പാടൊക്കെ ഉണ്ടാക്കുന്നതിന് ഞാനാണോ ഉത്തരവാദി? ..... ബഹളം .....

<u>മി. ചെയർമാൻ (ഡോ. കെ.സി. ജോസഫ്)</u> : അങ്ങ് പ്രസംഗം തുടരൂ ...

<u>ശ്രീ. വർഗ്ഗീസ് വൈദ്യർ</u> : അതുപോലെ ഓണച്ചന്തകളിലും മറ്റുമുള്ള നിത്യോപയോഗസാധനങ്ങൾക്ക് സബ്സിഡി കൊടുത്തുകൊണ്ട് വിലവർദ്ധനവ് തടഞ്ഞുനിർത്താൻവേണ്ടി ശ്രമിക്കുന്നുണ്ട്. അതുപോലെതന്നെയാണ് ടൂറിസം. ഇപ്പോൾ കേരളം ഇന്ത്യയുടെ ഒരു പൂങ്കാവനമാണ്. കാശ്മീർ ആയിരുന്നു അതിനുമുൻപ് ടൂറിസത്തിന്റെ പ്രധാന ദൃശ്യങ്ങൾ. ആ നിലയ്ക്ക് കേരളം ഒരു പൂങ്കാവനമായി ഈ കാലത്ത് മാറിയപ്പോൾ ടൂറിസം ശക്തിപ്പെടു

*** ബഹുമാനപ്പെട്ട ചെയർമാന്റെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ത്തുവാൻ കേരള ഗവണ്മെന്റ് പല പരിപാടികളും ആസൂത്രണം ചെയ്ത് നട ത്തിവരുന്നുണ്ട്. കേരളത്തിലാണ് കായലും കടലും മലയും മലയോരങ്ങളു മെല്ലാം ഉൾക്കൊള്ളുന്ന ദൃശ്യങ്ങളുള്ളത്. ജനങ്ങൾക്ക് സ്വൈരമായി, സമാധാ നപരമായി ജീവിക്കാൻ പറ്റുന്ന ഒരു സംസ്ഥാനമാണ് കേരളം. ആ നിലയ്ക്ക് കേരളത്തിലെ ടൂറിസം വികസനത്തിനുവേണ്ടി ഈ ഗവണ്മെന്റ് പ്ലാൻ തയ്യാ റാക്കിയിട്ടുണ്ട്. ടൂറിസത്തിനുപറ്റിയ കാലാവസ്ഥയും പ്രകൃതിസമ്പത്തും ഇക്കോ ടൂറിസം നടപ്പിലാക്കാൻ പറ്റുന്നതുമായ ഒരു ജില്ലയാണ് വയനാട്. ഇവിടെ അപ്പുറത്ത് ഇരിക്കുന്നവർ 20-ഉം 25-ഉം കൊല്ലം എം.എൽ.എ. ആയി വന്നിട്ടുണ്ട്. ഞാൻ ടൂറിസത്തിനുവേണ്ടി പലപ്രാവശ്യം ഇവിടെ പറഞ്ഞിട്ടുണ്ട്. എന്റെ ആദ്യ പ്രസംഗത്തിൽത്തന്നെ വയനാട് ഇക്കോ ടൂറിസം നടപ്പിലാക്കാൻ സാധിക്കുമെന്നു ഞാൻ പറഞ്ഞു. ഈ അടുത്തകാലത്താണ് ഇക്കോ ടൂറിസ ത്തിന് അംഗീകാരം കിട്ടിയിട്ടുള്ളത്. ഗവണ്മെന്റ് മുൻകൈ എടുക്കുകയാണെ ങ്കിൽ അതിനു പറ്റിയ എല്ലാ കാലാവസ്ഥയും അവിടെയുണ്ട്. വെള്ളച്ചാട്ടം, അതുപോലെ ചില പാറകൾ ഇതൊക്കെ നടപ്പിലാക്കാൻ സഹായിക്കുന്ന കാര്യങ്ങളാണ്. ആ നിലയ്ക്ക് ടൂറിസത്തിനുവേണ്ടിയുള്ള പ്രവർത്തനത്തിന് ഈ ഗവണ്മെന്റ് രൂപരേഖ തയ്യാറാക്കുകയാണെങ്കിൽ അവിടെ വികസനം നട പ്പിലാക്കാൻ സാധിക്കും. ശബരിമലയിലേയ്ക്കുവരുന്ന ആളുകളുടെ സൗക ര്യാർത്ഥം റോഡുകൾ നന്നാക്കണം, അത് ടൂറിസത്തിൽപ്പെടുന്നതാണ്. റോഡ് വികസനവും ചെറിയ ചെറിയ ജലസേചന പദ്ധതികൾ നടപ്പിലാക്കുന്നതും ടൂറിസത്തിൽ വരുന്നതാണ്. അതിനുവേണ്ടി പ്രത്യേക പരിഗണന മലയോര പ്രദേശങ്ങളെന്നുള്ള നിലയ്ക്ക് വയനാടിന് കൊടുക്കണം. വ്യവസായങ്ങളൊ ന്നുമില്ലാത്ത ഒരു ജില്ലയാണ് വയനാട്. ആ നിലയ്ക്ക് ടൂറിസംതന്നെ വലി യൊരു വ്യവസായമായി മാറ്റാനും ആ ജില്ലയ്ക്ക് വളരെയധികം പുരോഗതിവ രുത്താനും സാധിക്കുന്ന ഒരു വ്യവസ്ഥയാണിത്. അതിന് ഗവണ്മെന്റ് പ്രത്യേക പരിഗണന നൽകണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. പൊതുമരാ മത്തു റോഡിനെ സംബന്ധിച്ച് ഈ കാലഘട്ടത്തിൽ വളരെയധികം ഗുണകര മായിട്ടുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഇപ്പോൾ മുൻപത്തെപ്പോലെയല്ല, 25-ഉം 30-ഉം ടൺ ഭാരമുള്ള ലോറികളാണ് വരുന്നത്. ആ നിലയിൽ ലോറി പോയാൽ ഈ റോഡ് തകർന്നുപോകും. അതുകൊണ്ട് പി.ഡബ്ല്യു.ഡി. റോഡുകളുടെ കാര്യത്തിൽ പ്രത്യേകം എഞ്ചിനീയറിംഗ് വിംഗിന് രൂപംകൊ ടുത്ത് ആ റോഡുകൾ പുതിയ രൂപത്തിൽ നടപ്പിലാക്കിയാൽ മാത്രമേ ആ റോഡുകൾക്ക് നിലനിൽപ്പുള്ളൂ. അതുപോലെതന്നെ വയനാടുപോലുള്ള സ്ഥലങ്ങളിൽ ഈർപ്പം കൂടുതലാണ്. അവിടെയുള്ള റോഡുകൾ തകർന്നു കൊണ്ടിരിക്കുന്നു. മലയോര പ്രദേശങ്ങൾ പൊതുവെ പ്രത്യേകം പരിഗണന യിലെടുത്താൽ മാത്രമേ പിന്നോക്കാവസ്ഥ മാറ്റാൻ പറ്റുകയുള്ളൂ. അതു പോലെ പത്തോ പതിനഞ്ചോ കൊല്ലം മുൻപ് വൈരപ്പട്ടപ്പാലത്തിന്റെ പണി തുടങ്ങിയതാണ്. മന്ത്രി വയനാട്ടിൽ വന്നപ്പോൾ ആ പുഴയിൽ പോയി സൈറ്റ് നോക്കിയതാണ്. അന്ന് ശ്രീ. കരുണാകരൻ കല്ലിട്ടതാണ്. ഇപ്പോൾ ബഡ്ജ റ്റിൽ കാശ് ഉണ്ട്. ആ നിലയ്ക്ക് ആ പാലത്തിന്റെ പണി അടിയന്തിരമായി തുട ങ്ങുമെന്ന് മന്ത്രി സ്ഥലത്തുപോയി പറഞ്ഞതാണ്. അതിന്റെ പണി അടിയന്തിര മായി തുടങ്ങണം. അതുപോലെതന്നെ ഒന്നു രണ്ട് കാര്യങ്ങൾ കൂടി പറയുവാ നുള്ളത് വൈരക്കുന്ന് പാലം, മലക്കാട്ട് പാലം, കോട്ടായിപ്പാലം മുതലായ പാലങ്ങളുടെ പണി എട്ട് കൊല്ലത്തിനുമുൻപ് തുടങ്ങിയതാണ്. ബഡ്ജറ്റിൽ കാശ് ഉണ്ട്. അടിയന്തിരമായും ആ പാലങ്ങളുടെ പണി നടത്തുന്നതിന് എഞ്ചി

LIBRARY ARCHIVES Kerala Legislative Assembly

നീയറിംഗ് വിംഗാണ് എസ്റ്റിമേറ്റ് കൊടുക്കാത്തത്. ബഡ്ജറ്റിൽ കാശുണ്ടായിരുന്നിട്ടുപോലും എസ്റ്റിമേറ്റ് കൊടുക്കുന്ന കാര്യത്തിൽ മെല്ലെപ്പോക്ക് നയമാണ് സ്വീകരിച്ചിട്ടുള്ളത്. ഈ ഗവണ്മെന്റ് മുൻകൈയെടുത്ത് മെല്ലെപ്പോക്ക് നയമവസാനിപ്പിക്കാൻ അടിയന്തിരമായി നടപടിയെടുക്കണമെന്നുകൂടി പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ സന്തോഷത്തോടുകൂടി അംഗീകരിക്കുകയാണ്.

മി. ചെയർമാൻ : ബഹുമാനപ്പെട്ട മെമ്പർ പ്രസംഗിച്ചപ്പോൾ**** എന്ന് പറഞ്ഞ ഭാഗം രേഖയിൽ ഉണ്ടായിരിക്കുന്നതല്ല.

ശ്രീ. കെ.പി.എ. മജീദ് : സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രിമാർ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. പൊതുമരാമത്ത് വകുപ്പിനെ സംബന്ധിച്ച് ഒന്നും പറയാനില്ല കാരണം മന്ത്രിതന്നെ ഇല്ല. വേറെ ആളെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും പറയത്തക്കരീതിയിലുള്ള ബഡ്ജറ്റ് പ്രൊവിഷൻ പോലുമില്ല. എനിക്ക് പറയുവാനുള്ളത് ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പുകളെക്കുറിച്ചാണ്. മനസ്സാക്ഷികുത്തില്ലാതെ എങ്ങനെയാണ് ഭക്ഷ്യ-സിവിൽ സപ്ലൈസിന്റെ ഈ ഡിമാന്റിനെ അനുകൂലിക്കുക എന്നെനിക്കറിഞ്ഞുകൂടാ. എനിക്ക് അങ്ങയോട് സ്നേഹമുണ്ട്. പക്ഷെ ഈ രാജ്യത്തെ ലക്ഷക്കണക്കിനുള്ള സഹോദരിമാരേയും നമ്മുടെ നാട്ടുകാരേയും സ്നേഹിക്കണ്ടേ? ആ സ്നേഹത്തെക്കുറിച്ചാലോചിക്കുമ്പോൾ എനിക്ക് അങ്ങനെ സ്നേഹിക്കാൻ പ്രയാസമാണ്. കാരണം ഇത്രമാത്രം വിലക്കയറ്റമുള്ള സമയമുണ്ടായിട്ടുണ്ടോ? അങ്ങ് പരിശോധിക്കണം. അങ്ങ് പറയുന്നത് വിലക്കയറ്റം നിയന്ത്രിക്കാൻ വേണ്ടി ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവെന്നാണ്. കുറഞ്ഞ വിലയ്ക്ക് അവശ്യസാധനങ്ങൾ ലഭ്യമാക്കാനും, നിയന്ത്രിക്കാനുമുള്ള നടപടി സ്വീകരിച്ചുവെന്നാണ് അങ്ങ് പറയുന്നത്. അങ്ങനെ ഫലപ്രദമായ രീതിയിൽ നടപടികൾ സ്വീകരിച്ചുവെങ്കിൽ എന്തുകൊണ്ടാണ് കമ്പോളത്തിൽ ഇത്രമാത്രം വിലക്കയറ്റമുണ്ടാകുന്നത്? 21.6.99-ൽ നൽകിയ ഉത്തരത്തിൽ വളരെ വിശദമായി ഈ വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള നടപടികളെ സംബന്ധിച്ച് ഏഴ് കാര്യങ്ങൾ പറയുന്നുണ്ട്. അത് മാവേലിസ്റ്റോറുകൾ സഞ്ചരിക്കുന്നതും സഞ്ചരിക്കാത്തതും, സഞ്ചരിക്കുന്നുണ്ടോ എന്ന് സംശയിക്കുന്നതും അതുപോലെ സഹകരണ മേഖലയിൽ നടക്കുന്നത്, നീതി സ്റ്റോറുകൾ തുടങ്ങിയ ഒരുപാട് ഒരുപാട് കാര്യങ്ങളുണ്ട്. അവർ എല്ലാപേരും കൂടി പരിശ്രമിച്ചിട്ട് ഇപ്പോഴത്തെ സ്ഥിതി എന്താണ്? എല്ലാപേരും കൂടി നിത്യോപയോഗ സാധനങ്ങളുടെ വില പിടിച്ചുനിർത്താൻ വേണ്ടി ശ്രമിച്ചിട്ട് ഫലം എന്താണ്? ഫലവൃദ്ധിയുണ്ടായിട്ടില്ല. ഫലപ്രദമായ നടപടി സ്വീകരിച്ചതിന്റെ ഭാഗമായി മുഖ്യമന്ത്രി ചെയർമാനും ധനകാര്യ വകുപ്പുമന്ത്രി മെമ്പറുമായിട്ടുള്ള ഒരു സബ്കമ്മിറ്റി ഈ വിലനിലവാരത്തിന്റെ കാര്യങ്ങളെ സംബന്ധിച്ച് അവലോകനം ചെയ്യുന്നുവെന്ന് ഒരു ചോദ്യത്തിനു ഉത്തരമായി അങ്ങ് പറഞ്ഞു. പക്ഷെ എല്ലാ നടപടികളുടേയും ഫലമായി വിലക്കയറ്റം നിയന്ത്രിക്കാൻ എന്തെങ്കിലും ചെയ്യാൻ സാധിച്ചോ? അങ്ങയുടെ കൈയിലുള്ള സാമ്പത്തിക അവലോകന റിപ്പോർട്ടിൽ എന്താണ് പറയുന്നത്? അങ്ങയുടെ പാർട്ടിയിൽപ്പെട്ട ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ ഇവിടെ മെമ്പർമാർ നൽകിയ ഉത്തരത്തിന് മറുപടി പറഞ്ഞു. അദ്ദേഹം വായിച്ച രേഖ ഏതോ ഒരു റിപ്പോർട്ടിന്റെ വെളിച്ചത്തിൽ എഴുതിക്കൊടുത്തത് വായിച്ചുതന്നാണ് അങ്ങയുടേയും സഭയുടേയും മുൻപിൽ രേഖ വച്ചാണ് എനിക്ക് പറയുവാനുള്ളത്. 1998-ലെ സാമ്പത്തിക അവലോകന റിപ്പോർട്ട് എന്റെ കൈയിലുണ്ട്. ഇതിൽ പറ

LIBRARY ARCHIVES Kerala Legislative Assembly

യുന്നത് അത്യാവശ്യ സാധനങ്ങളുടെ ചില്ലറവില പൊതുവെ കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മുൻവർഷത്തെ വിലകളുമായി താരതമ്യം ചെയ്യുമ്പോൾ 1997-ൽ ഏഴ് ഇനങ്ങളുടെമാത്രം വില വർദ്ധിക്കുമ്പോൾ 1998-ൽ പതിനാല് ഇനങ്ങളുടെ വിലവർദ്ധനവുണ്ടായി. അതിൽ ചില ഇനങ്ങളിൽ വളരെ ഉയർന്ന നിരക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതിൽ ഏതാനും കാര്യങ്ങൾ ഞാൻ പറയാം. 1997-ൽ മുളകിന് കിലോഗ്രാമിന് 33.86 രൂപയായിരുന്നത് 1998-ൽ അത് 69.17 രൂപയായി കുത്തനെ ഉയർന്നു. 95.9 ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയത്. ഉരുളക്കിഴങ്ങ് 1997-ൽ ഒരു കിലോഗ്രാമിന് 7.5 രൂപയായിരുന്നത് 1998-ൽ 13.54 രൂപയായി ഉയർന്നു. 80.5 ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതുപോലെതന്നെ 1997-ൽ ഒരു കിലോ പരിപ്പിന് 25.32 രൂപയായിരുന്നത് 1998-ൽ 41.5 രൂപയായി ഉയർന്നു. 63.9 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി. ഉഴുന്ന് 38.1 ശതമാനം വർദ്ധനവ്. പെരുംപയർ 33.3 ശതമാനം വിലവർദ്ധനവ്. ശുദ്ധീകരിച്ച എണ്ണ 20.9 ശതമാനം വിലവർദ്ധനവ്. ബേബി ഫുഡ് 15.9 ശതമാനം വിലവർദ്ധനവ്. നിലക്കടല 15.5 ശതമാനം വിലവർദ്ധനവ്. അരി 14.2 ശതമാനം വിലവർദ്ധനവ്. ചെറുപയർ 10.4 ശതമാനം വിലവർദ്ധനവ്. ഈ ഇനങ്ങളിലെല്ലാം വില വർദ്ധിച്ചുവെന്നാണ് ഈ സാമ്പത്തിക അവലോകന റിപ്പോർട്ടിൽ പറയുന്നത്. ഇത് അങ്ങേയ്ക്ക് നിഷേധിക്കുവാൻ കഴിയുകയില്ലല്ലോ? ഇത്തരം ഫലപ്രദമായ രീതിയിൽ അങ്ങ് നിയന്ത്രിച്ചു കൊണ്ടുപോയി എന്നാണല്ലോ പറയുന്നത്? കമ്പോളത്തിൽ ഫലപ്രദമായി ഇടപെട്ട് ഈ വിലക്കയറ്റം നിയന്ത്രിക്കാൻ എന്തുകൊണ്ട് സാധിച്ചില്ല? അപ്പോൾ ഇതിനർത്ഥം ഫലപ്രദമായ രീതിയിൽ കമ്പോളത്തിലിടപെടാൻ കഴിഞ്ഞിട്ടില്ല എന്നാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പൊതുവിതരണ രംഗത്തുള്ള അപാകതകളെക്കുറിച്ച് നിങ്ങൾ ധാരാളം പറഞ്ഞിട്ടുണ്ട്. പക്ഷെ അങ്ങയുടെ ഈ കണക്കനുസരിച്ച് യു.ഡി.എഫ്.ന്റെ ഭരണകാലത്തുള്ള വിലയെ സംബന്ധിച്ച് പറയുന്നുണ്ട്. അതും ഇപ്പോഴത്തെ വിലയും തമ്മിൽ താരതമ്യപ്പെടുത്തി നോക്കിയാൽ ഈ സമയത്താണ് കൂടുതൽ വിലക്കയറ്റമുണ്ടായതെന്ന് കാണാം. ഇത് 1998-ലെ സാമ്പത്തിക അവലോകന റിപ്പോർട്ടാണ്. എല്ലാപേരുടേയും കൈയ്യിലുള്ളതുകൊണ്ട് ഞാൻ അത് വായിക്കുന്നില്ല. ഞാൻ 6-96-ലേയും 5-99-ലേയും കണക്ക് പറയാം. വെള്ള അരി 6-96-ൽ 9.96 രൂപയായിരുന്നത് 5-99-ൽ 13.27 രൂപയായി, 34.2 ശതമാനം വർദ്ധനവ്. വെള്ള അരി 6-96-ൽ 9.96 രൂപ ആയിരുന്നത് 5-99-ൽ 13.27 രൂപയായി, 34.2 ശതമാനം വർദ്ധനവ്. ഉഴുന്നുപരിപ്പിന് 6-96-ൽ 26.21 രൂപയായിരുന്നത് ഇപ്പോൾ 28 രൂപയായി. ഇതിലുള്ള പത്ത് ഐറ്റത്തിൽ ഏഴ് ഐറ്റത്തിന് വില കൂടുതലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അങ്ങ് തന്ന കണക്ക് ഉണ്ട്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുള്ള വിലയും ഇന്നത്തെ വിലയും തമ്മിൽ നോക്കിയാൽ വലിയ വിലവർദ്ധനവാണുണ്ടായിട്ടുള്ളത്. മാവേലി സ്റ്റോറിൽ സാധനങ്ങൾക്ക് വില കുറവാണ്. അക്കാര്യം ഞാൻ സമ്മതിക്കുന്നു. പക്ഷെ സാധനം കിട്ടുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഏറ്റവും ഇഷ്ടപ്പെട്ട സാധനമാണ് ഉലുവ. കാർഡ് ഒന്നിന് എത്രയാണ് കൊടുക്കുന്നത്? 100 ഗ്രാം ഉലുവ കൊടുക്കും. മാവേലിസ്റ്റോറിൽ പോയി ക്യൂ നിന്നാൽ ഒരാഴ്ചത്തേയ്ക്ക് മുളക് 250 ഗ്രാം കിട്ടും, മല്ലി 250 ഗ്രാം, കടുക് 100 ഗ്രാം, ജീരകം 100 ഗ്രാം, ഉലുവ 100 ഗ്രാം കൊടുക്കും. ഇതാണ് മാവേലിസ്റ്റോറുകളിൽ ഉള്ളത്. ഫലപ്രദമായ രീതിയിൽ സാധനങ്ങൾ കൊടുക്കണം. നീതി സ്റ്റോർ തുടങ്ങി. നീതി സ്റ്റോർ അങ്ങയുടെ

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പിന്റെ ഭാഗം അല്ലെങ്കിലും അങ്ങ് ഇതു സംബന്ധിച്ച് നൽകിയ ഒരു ഉത്തരം ഉണ്ട്. നീതി സ്റ്റോർ സഹകരണ വകുപ്പുമന്ത്രിയുടേതാണ്. ഞാൻ വില നിയന്ത്രിക്കാൻവേണ്ടിയാണ് പറയുന്നത്. നീതി സ്റ്റോറിനെ സംബന്ധിച്ച് ഒരു മറുപടി തരണം. നീതി സ്റ്റോറിൽ എല്ലാ സാധനങ്ങൾക്കും കമ്പോള വിലയേക്കാൾ അധിക വിലയാണ് ഉള്ളത്. പിന്നെ എന്തിനാണ് നീതി സ്റ്റോർ? ആ സംഖ്യകൂടി മാവേലി സ്റ്റോറിൽ കൊടുത്താൽ പോരേ? അവിടെ ഈ തർക്കം വേണോ? നീതി സ്റ്റോർ വന്നപ്പോൾതന്നെ വിവാദം ഉണ്ടായിട്ടുണ്ട്. ഞാൻ അതിലേക്ക് പോകുന്നില്ല. അതുപോലെ എഫ്.സി.ഐ. കൊടുക്കുന്ന അരി വളരെ മോശമായതാണ്. നല്ലയിനം അരി കിട്ടുന്നില്ല. എന്റെ കയ്യിൽ പത്ര റിപ്പോർട്ടുണ്ട്. വായിക്കാൻ സമയമില്ല. 'റേഷൻ കടയിലെ അരി മോശം' ജൂലൈ 10-ാം തീയതിയിലെ ദേശാഭിമാനിയുടെ മലപ്പുറം എഡിഷനിൽ പറയുന്നു. 'അങ്ങാടിപ്പുറം പോലുള്ള ഗോഡൗണുകളിൽ ഏറ്റവും മോശപ്പെട്ട അരി വരുന്നു. അതുകൊണ്ട് അരി എടുക്കാൻ കഴിയുന്നില്ല. റേഷൻ കാർഡ് കൊണ്ടുവരുന്നവർക്ക് കൊടുക്കാൻ കഴിയുന്നില്ല. ബുദ്ധിമുട്ട് ആയിരിക്കുകയാണ്. ഇതു സംബന്ധിച്ച് മൊത്ത വ്യാപാരി സംഘടനകളും അതുപോലെ സൊസൈറ്റികളും പരാതി തന്നിട്ടുള്ളതാണ്. പക്ഷെ തീരുമാനം ആയിട്ടില്ല. ഈ സാഹചര്യത്തിൽ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കാൻ കഴിയാത്തതുകൊണ്ട് ഞാൻ എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. യു.എസ്. ശശി</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായി പിന്താങ്ങുകയാണ്. ഭക്ഷ്യ പൊതുവിതരണരംഗത്ത് ഒരു മാറ്റത്തിന് നാന്ദി കുറിച്ചത് കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്. പ്രത്യേകിച്ച് നമ്മുടെ രാജ്യത്ത് പൊതുവെ ഒരു വിലക്കയറ്റം ഉണ്ടായിട്ടുണ്ടെങ്കിൽപോലും കേരളത്തിൽ പൊതുവിതരണ രംഗത്ത് സർക്കാർ ശക്തമായി ഇടപെട്ടതുകൊണ്ടാണ് വിലക്കയറ്റം ഒരു പരിധിവരെ സംസ്ഥാനത്ത് പിടിച്ചുനിർത്താൻ കഴിഞ്ഞിട്ടുള്ളത് എന്നത് വസ്തുതയാണ്. ബഹുമാനപ്പെട്ട കെ.പി.എ. മജീദും ശ്രീമതി ശോഭനാ ജോർജും പറഞ്ഞത് വസ്തുതാവിരുദ്ധമാണ്. മറ്റു സംസ്ഥാനങ്ങളിലെ വിലനിലവാരം വച്ചുനോക്കുമ്പോൾ ഒരു പരിധിവരെ നിത്യോപയോഗ സാധനങ്ങളുടെ വില പിടിച്ചുനിർത്താൻ കഴിഞ്ഞിട്ടുള്ള ഏക സംസ്ഥാനം കേരളമാണ് എന്നുള്ളത് എല്ലാപേരും സമ്മതിക്കുന്ന ഒരു കാര്യമാണ്. ബഹുമാനപ്പെട്ട ശോഭനാ ജോർജ് വീട്ടമ്മമാർ പ്രാകുന്നു എന്നാണ് പറഞ്ഞത്. കേരളത്തിൽ ഇടതുപക്ഷജനാധിപത്യമുന്നണി ഗവണ്മെന്റ് അധികാരത്തിൽവന്നതിനുശേഷം കേരളത്തിലെ മാവേലി സ്റ്റോറുകളെല്ലാം സജീവമാണ്. നമ്മുടെ വീട്ടമ്മമാർ മാവേലി സ്റ്റോറുകൾക്കു മുന്നിൽ ക്യൂ നിൽക്കുന്ന കാഴ്ച നമുക്ക് എല്ലാപേർക്കും കാണാൻ സാധിക്കും. കേരളത്തിലെ 639 മാവേലിസ്റ്റോറുകൾക്ക് മുമ്പിലും സ്ത്രീകൾ കൂട്ടമായി ക്യൂ നിൽക്കുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവണ്മെന്റിന്റെ ഭരണകാലത്ത് മാവേലി സ്റ്റോറുകളെല്ലാം മാറാല പിടിച്ച് കിടക്കുകയായിരുന്നു. യു.ഡി.എഫ്. ഭരണകാലത്ത് മാവേലി സ്റ്റോറുകളിൽ ആവശ്യത്തിന് സാധനങ്ങൾ കിട്ടാത്ത സ്ഥിതിയാണ് ഉണ്ടായിരുന്നത്. ഇന്ന് കേരളത്തിലെ എല്ലാ മാവേലി സ്റ്റോറുകളിലും ആവശ്യത്തിനുള്ള എല്ലാ നിത്യോപയോഗ സാധനങ്ങളും സുലഭമായി ലഭിക്കുന്നു. അതു മാത്രമല്ല ഇന്ന് മാവേലി സ്റ്റോറുകളിൽകൂടി ഒന്നാംതരം സാധനങ്ങൾ കിട്ടുന്നു. യു.ഡി.എഫിന്റെ ഭരണകാലത്ത് മാവേലിസ്റ്റോറുകളിൽ കൊണ്ടുവന്ന് വിറ്റിരുന്ന സാധനങ്ങളെല്ലാം മോശമായ സാധനങ്ങളാണ്. മാർക്കറ്റിലെ വിലയും

LIBRARY ARCHIVES Kerala Legislative Assembly

മാവേലി സ്റ്റോറിലെ വിലയും തമ്മിൽ പരിശോധിക്കുമ്പോൾ 10% മാത്രമാണ് യു.ഡി.എഫ്-ന്റെ ഭരണകാലത്ത് വിലനിലവാരത്തിൽ വ്യത്യാസം ഉണ്ടായിരുന്നതെങ്കിൽ ഈ കാലഘട്ടത്തിൽ മാവേലി സ്റ്റോറിലെ സാധനങ്ങൾക്കു മാർക്കറ്റ് വിലയേക്കാൾ 30% മുതൽ 50% വരെ വിലക്കുറവ് ഉണ്ട് എന്നുള്ളത് വസ്തുതയാണ്. യു.ഡി.എഫിന് നിഷേധിക്കാൻ പറ്റുകയില്ല. ഇന്ന് സകല മാവേലിസ്റ്റോറുകളിലും 10-26 ഐറ്റം സാധനങ്ങളുണ്ട്. എല്ലാ സാധനങ്ങളും മാവേലി സ്റ്റോറുകളിൽനിന്ന് കിട്ടുന്ന സ്ഥിതിവിശേഷം ഉള്ളത് കേരളത്തിൽ രണ്ടിൽ ചിലാനം വർഷങ്ങൾക്കൊണ്ട് അധികാരത്തിലിരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റ് വന്നതിനുശേഷം മാത്രമാണ്. തൃശ്ശൂരിൽ ശ്രീ. കെ. കരുണാകരൻ മാവേലി സ്റ്റോർ ഉത്ഘാടനം ചെയ്ത കാര്യമെല്ലാം നമുക്ക് എല്ലാപേർക്കും അറിയാവുന്നതാണ്. മാവേലി സ്റ്റോറുകളെ തകർക്കാനുള്ള ശ്രമമാണ് കഴിഞ്ഞ കാലത്ത് യു.ഡി.എഫിന്റെയും കോൺഗ്രസ്സിന്റെയും ഭാഗത്തുനിന്നുമുണ്ടായത് എന്നുള്ള കാര്യത്തിൽ സംശയമില്ല. കേരളത്തിൽ പൊതുവിതരണരംഗം ശക്തമാക്കുന്നതിന്റെ ഫലമായി ഇടതുപക്ഷ ജനാധിപത്യമുന്നണി ജനങ്ങൾക്ക് നൽകിയ വാഗ്ദാനമാണ് ഓരോന്നോരോന്നായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. റേഷൻ അരി വില കുറച്ചു കൊടുക്കുക എന്നുള്ളത് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ വാഗ്ദാനമായിരുന്നു. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാസത്തിൽ 16 കിലോ അരി ഒരു രൂപ വീതം വില കുറച്ച് കൊടുക്കാൻ ഈ സർക്കാർ അധികാരത്തിൽ വന്ന് ഏതാനും മാസങ്ങൾക്കുള്ളിൽതന്നെ തീരുമാനമെടുത്തു. അത് കഴിഞ്ഞ രണ്ടിൽ ചിലാനം വർഷങ്ങളായി തുടരുകയാണ്. അതുപോലെ കേന്ദ്രത്തിൽ ഐക്യജനാധിപത്യ മുന്നണി അധികാരത്തിൽ വന്ന സന്ദർഭത്തിൽ അന്ന് ദേവഗൗഡ സർക്കാർ കൊണ്ടുവന്ന ഒരു തീരുമാനമാണ് പകുതിവിലയ്ക്ക് അരി വിതരണം ചെയ്യുക എന്നുള്ളത്. ഇൻഡ്യയിലെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള മുഴുവൻ ജനങ്ങൾക്കും പകുതി വിലയ്ക്ക് അരി കൊടുക്കണമെന്നുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ 42% ആളുകൾക്ക് ഇന്ന് മാസത്തിൽ 10 കിലോ അരി പകുതി വിലയ്ക്ക് കഴിഞ്ഞ രണ്ടു വർഷങ്ങളായി നൽകിക്കൊണ്ടിരിക്കുകയാണ്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള 42% ജനങ്ങൾക്കും ഇന്ന് പകുതി വിലയ്ക്ക് 10 കിലോ അരി നൽകുന്ന, ഏറ്റവും കൂടുതൽ ആനുകൂല്യം നൽകുന്ന ഒരു സംസ്ഥാനമാണ് കേരളം എന്നുള്ളത് ആർക്കും സംശയമില്ലാതെ പറയാൻ കഴിയും. അരിയുടെ കാര്യത്തിലും നിത്യോപയോഗ സാധനങ്ങളുടെ കാര്യത്തിലും ഇന്ന് കേരളം മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയായി നിൽക്കുകയാണ്. കേരളത്തിൽ പൊതുവിതരണരംഗത്ത് ഈ ഗവണ്മെന്റ് ശക്തമായി ഇടപെട്ടതിന്റെ ഫലമായിട്ടാണ് വിലനിലവാരം ഒരു പരിധിവരെയെങ്കിലും പിടിച്ചുനിർത്താൻ കഴിഞ്ഞിട്ടുള്ളത്. കേരളത്തിൽ 28 ലക്ഷം സ്കൂൾ വിദ്യാർത്ഥികൾക്ക് ഓണത്തിനും റംസാനും ക്രിസ്തുമസ്സിനുമെല്ലാം അഞ്ചു കിലോ അരി വീതം സൗജന്യമായി നൽകുകയാണ്. ഇത് കേരളത്തിൽ മാത്രമാണ്. അങ്ങനെ 15 കിലോ അരി കൊടുക്കുകയാണ്. കേരളത്തിൽ യു.ഡി.എഫ്. ഗവണ്മെന്റ് അധികാരത്തിൽ ഉണ്ടായിരുന്നപ്പോൾ ആലോചിക്കാനോ ചിന്തിക്കാനോ കഴിയാത്ത സാഹചര്യത്തിലാണ് ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നപ്പോൾ 28 ലക്ഷം വിദ്യാർത്ഥികൾക്ക് സൗജന്യമായി അരികൊടുക്കുന്ന സ്ഥിതിവിശേഷം സംജാതമായിരിക്കുന്നത്. ഒരു വീട്ടിൽ പത്തും മുപ്പതും കിലോ അരി സ്കൂൾ വിദ്യാർത്ഥികൾ ചുമന്നുകൊണ്ടുപോകുന്ന കാഴ്ച നമുക്ക് കാണാതിരിക്കാൻ പറ്റുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അടൂർ പ്രകാശ് : സർ, ബഹുമാനപ്പെട്ട അംഗം കുട്ടികൾക്ക് സൗജന്യമായി അരി വിതരണം ചെയ്യുന്ന കാര്യത്തെ സംബന്ധിച്ച് സൂചിപ്പിച്ചു. അങ്ങനെ സൗജന്യമായി വിതരണം ചെയ്യുന്ന അരി പുഴുത്തതാണെന്നുള്ളകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. യു.എസ്. ശശി : അങ്ങനെയുള്ള പരാതി സംസ്ഥാനത്ത് ഒരിടത്തുമില്ല. ഏറ്റവും ഒന്നാംതരം അരിയാണ് കേരളത്തിൽ വിതരണം ചെയ്യുന്നത് എന്നുള്ള കാര്യം എല്ലാവരും സമ്മതിച്ചിട്ടുള്ളതാണ്. മെമ്പർക്ക് തെറ്റുപറ്റിയതാണ്. പൊതുവിതരണ രംഗത്ത് മാറ്റത്തിന് നാന്ദി കുറിച്ച കാലഘട്ടമാണിത്. നമ്മുടെ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ പോകുന്നു എന്നുള്ള മന്ത്രിയുടെ പ്രഖ്യാപനം സ്വാഗതാർഹമാണ്. അതിനുള്ള തുടക്കം കുറിച്ചിരിക്കുകയാണ്. എല്ലാ പഞ്ചായത്തുകളിലും ഒരു മാവേലി സ്റ്റോർ എന്നുള്ളത് പൂർത്തീകരിക്കണം. അതോടൊപ്പംതന്നെ അത് കുറച്ചുകൂടി ശക്തിപ്പെടുത്തുകയും വേണം. എല്ലാ പഞ്ചായത്തുകളിലും രണ്ട് മാവേലി സ്റ്റോർ എന്നുള്ളത് പ്രാവർത്തികമാക്കാൻ ശ്രമിക്കണമെന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതിനുള്ള ഫണ്ട് അനുവദിക്കണം. കഴിഞ്ഞ യു.ഡി.എഫ്-ന്റെ ഭരണകാലത്ത് നിർത്തൽ ചെയ്തിട്ടുള്ള 20 മാവേലി സ്റ്റോറുകൾ തുറന്നു പ്രവർത്തിപ്പിക്കാനുള്ള നടപടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ചിരിക്കുകയാണ്. അക്കൂട്ടത്തിൽ എന്റെ നിയോജകമണ്ഡലത്തിൽ നിറുത്തലാക്കിയ മാവേലി സ്റ്റോർ തുറന്നു പ്രവർത്തിക്കാൻ ആവശ്യമായ നടപടി ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തു നിന്നും ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പൊതുമരാമത്തുവകുപ്പിനെക്കുറിച്ച് ഇവിടെ ചില മെമ്പർമാർ സൂചിപ്പിക്കുകയുണ്ടായി. പൊതുമരാമത്ത് രംഗത്ത് ഇവിടെ പറയുന്ന റോഡുകളൊക്കെത്തന്നെ ഒരു പരിധിവരെ നന്നാക്കാനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്. എങ്കിൽപ്പോലും റോഡുകൾ കുണ്ടുംകുഴിയുമായി കിടക്കുന്ന അവസ്ഥയുണ്ട്. അതെല്ലാം നന്നാക്കുന്നതിനുള്ള നടപടിയുണ്ടാകണം. തൃശ്ശൂർ ജില്ലയിലെ 12 പാലങ്ങൾക്ക് ബലക്ഷയം സംഭവിച്ചിരിക്കുന്നു. ആ ബലക്ഷയം സംഭവിച്ചിട്ടുള്ള പാലങ്ങൾ നന്നാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സൂചിപ്പിക്കുകയുണ്ടായി. പുതുക്കിപ്പണിയാനുള്ള നടപടി ജില്ലാ വികസന സമിതി ഉൾപ്പെടെ പ്രമേയംമൂലം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. അതിന് ആവശ്യമായ നടപടി സ്വീകരിക്കണം. അതോടൊപ്പം തന്നെ തൃശ്ശൂർ ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ചാലക്കുടി പാലത്തിന് ബലക്ഷയം സംഭവിച്ചതിനെത്തുടർന്ന് വാഹന ഗതാഗതം തിരിച്ചുവിടാൻ തീരുമാനിച്ച സാഹചര്യത്തിൽ വളരെ ഗുരുതരമായ ഒരു സ്ഥിതിവിശേഷമാണ് തൃശ്ശൂർ ജില്ലയിലെ പല പ്രദേശങ്ങളിലും ഉണ്ടായിട്ടുള്ളത്. അതിൽ ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുന്നത് മാള നിയോജകമണ്ഡലത്തിലാണ്. എറണാകുളം ജില്ലയിലെ അത്താണി മുതൽ കൊടകര വരെയുള്ള പ്രദേശങ്ങളിൽ വാഹന ഗതാഗതത്തിന്റെ കുരുക്കുകൾ മണിക്കൂറുകളോളം നിൽക്കുന്ന ഒരു സ്ഥിതിയുണ്ട്. അതിന് പരിഹാരം ഉണ്ടാകണം. അതിൽ പ്രധാനമായ റോഡുകൾ, കലിങ്കുകൾ, പാലങ്ങൾ എല്ലാം തകർന്നിരിക്കുന്നു. അത്താണി, അന്നമനട, അഷ്ടമിച്ചിറ തുടങ്ങിയ പ്രദേശങ്ങളിൽ വീതി കുറഞ്ഞ റോഡുകളാണ് ഉള്ളത്. ആ വഴിയിൽ കൂടി വലിയ ഭാരം കൂടിയ വണ്ടികളും കണ്ടെയിനറുകളും പോകുന്നതിന്റെ ഫലമായി ഇലക്ട്രിക് പോസ്റ്റുകൾ, ടെലിഫോൺ പോസ്റ്റുകൾ ഇവ തകരുന്നു. അതുകൊണ്ട് ആ വാഹനങ്ങൾ നിരോധിക്കണം. തകർന്ന റോഡുകൾ നന്നാക്കാൻ ആവശ്യമായ

നടപടികൾ സ്വീകരിക്കണം. ചാലക്കുടി പാലം വഴിയുള്ള ഗതാഗതം സ്തംഭിക്കുമ്പോൾ പ്രധാനമായ റോഡിൽകൂടിയുള്ള വാഹന ഗതാഗതം വലിയ വണ്ടികൾ പോകുന്നതിൽ അപകടം ഉണ്ടാകുന്നു. അതുകൊണ്ട് അത്താണി മുതൽ അന്നമനട വരെയുള്ള പ്രദേശങ്ങൾ ഒരു സമാന്തര ദേശീയ പാതയായി പ്രഖ്യാപിച്ചുകൊണ്ട്, അത് ഒരു ദേശീയ പാതയായി അംഗീകരിക്കേണ്ടതാണ്. ഈ കാലഘട്ടത്തിൽ ഏറ്റവും പ്രധാനമായ ഈ ചാലക്കുടി പാലത്തിലൂടെയുള്ള ഗതാഗതം നിരോധിച്ചപ്പോൾ നമുക്ക് ബുദ്ധിമുട്ട് അനുഭവപ്പെട്ടതാണ്. അതുകൊണ്ട് ഈ പറയുന്ന അത്താണി മുതൽ അന്നമനട വഴി കൊടകരവരെയുള്ള ആ പ്രദേശം ഒരു സമാന്തര ദേശീയ പാതയായി അംഗീകരിക്കാൻ ശ്രദ്ധിക്കണമെന്നാണ് എനിക്ക് ബന്ധപ്പെട്ട മന്ത്രിയോട് സൂചിപ്പിക്കാനുള്ളത്. മറ്റു പ്രദേശങ്ങളെ സംബന്ധിച്ചും ഗുരുതരമായ അവസ്ഥയ്ക്ക് പരിഹാരം ഉണ്ടാക്കാൻ ബന്ധപ്പെട്ട മന്ത്രിയുടേയും സർക്കാരിന്റെയും ഭാഗത്തുനിന്നും താൽപ്പര്യം ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകമായി താൽപ്പര്യം എടുത്തുകൊണ്ട് ആ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബന്ധപ്പെട്ട വകുപ്പുകൾക്കു വേണ്ടി ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്താങ്ങുന്നു.

<u>ശ്രീ. കെ. നാരാണക്കുറുപ്പ്</u> : സർ, നമ്മുടെ സർക്കാരിനെപ്പറ്റിയും സർക്കാരിന്റെ വിഭവസമാഹരണത്തെപ്പറ്റിയുമൊക്കെ എന്തു പറഞ്ഞാലും അത് അനുഭവിക്കുന്ന മനുഷ്യർക്കു മാത്രമേ അതിന്റെ വേദന പറയാൻ കഴിയുകയുള്ളൂ. ഇവിടത്തെ പ്രസംഗങ്ങൾ കേട്ടാൽ ഈ കേരളത്തിൽ രണ്ടു ലോകങ്ങൾ ഉണ്ട് എന്ന് തോന്നും. രോദനങ്ങളുടെ വേദന ഒരു ഭാഗത്ത്. ധാരാളിത്തത്തിന്റെ കൂമ്പാരങ്ങൾ മറ്റൊരു ഭാഗത്ത്. ഇതൊക്കെ പറഞ്ഞ് ഈ നാട്ടിലുള്ള ആളുകളെ കബളിപ്പിക്കാൻ പരിശ്രമിക്കുന്നത് ഇനിയും ശരിയല്ല എന്നു മാത്രമേ പറയുന്നുള്ളൂ. എന്താണ് സത്യം, എന്താണ് പരമാർത്ഥം എന്നുള്ളത് ഇനിയെങ്കിലും തുറന്നു പറയാനുള്ള മാനസികാവസ്ഥ കേരളത്തിലെ വിദ്യാഭ്യാസമുള്ള ആളുകൾക്ക് ഉണ്ടാകേണ്ടതാണ്. ലോകത്തിലെ ഏറ്റവും പ്രശക്തിയാർജ്ജിച്ച സ്ഥലമാണ് കേരളം എന്നാണ് എന്റെ വിശ്വാസം. ഇതിലെ സൗന്ദര്യം ചൂഷണം ചെയ്ത് വിദേശ സഞ്ചാരികളെ ആകർഷിക്കാനുള്ള ധാരാളം കഴിവുകൾ നമുക്കുണ്ട്. പക്ഷേ അത് മുഴുവൻ നമ്മൾ പ്രയോജനപ്പെടുത്തുന്നുണ്ടോ എന്നാണ് സംശയം. ഇവിടെ ടൂറിസ്റ്റുകൾ വന്നാൽ പല ബുദ്ധിമുട്ടുകളും അനുഭവിക്കുന്നു. അവരോടുള്ള പെരുമാറ്റം, അവർക്ക് താമസിക്കുന്നതിനുള്ള ഇടം, അവർക്കുള്ള സൗകര്യങ്ങൾ ഇതൊക്കെ പറയുന്നതിലും പരസ്യത്തിലുമൊക്കെ വളരെ വലുതാണെങ്കിലും അനുഭവത്തിൽ വളരെ മോശമാണ്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു സ്ഥലമാണ് തൈയ്ക്കാട്ടുള്ള ടൂറിസ്റ്റ് ബംഗ്ലാവ്. അവിടെയാണ് ഞാനും താമസിക്കുന്നത്. അവിടുത്തെ ലിഫ്റ്റ് കേടായിട്ട് അഞ്ചു മാസം കഴിഞ്ഞു. ടൂറിസ്റ്റുകൾക്ക് എന്തൊക്കെ സഹായ സഹകരണങ്ങളാണ് ചെയ്യാൻ കഴിയുന്നതെന്ന് ഈ അനുഭവത്തിൽ നിന്നും നമുക്ക് മനസിലാക്കാൻ സാധിക്കും. ഈ കേരളം മുഴുവൻ സുന്ദരമാണ്. ടൂറിസ്റ്റുകളെക്കൊണ്ട് നിറഞ്ഞിരിക്കുന്നു. അതുപോലെ മറ്റൊന്നാണ് ഭക്ഷ്യം. ഈ ഭക്ഷ്യത്തിൽ അദ്ദേഹത്തിന് ചെയ്യാവുന്നതൊക്കെ അദ്ദേഹം ചെയ്യുന്നുണ്ടായിരിക്കും. പലപ്പോഴും അദ്ദേഹം പറയാറുണ്ട്, ഈ മണക്കുന്ന അരി, ഈ നാറുന്ന അരി ഇങ്ങോട്ട് കയറ്റി അയയ്ക്കരുതെന്ന്. പക്ഷേ പലപ്പോഴും നമുക്ക് കിട്ടുന്നത് ആ നാറുന്നതും മണക്കുന്നതുമായ

LIBRARY ARCHIVES Kerala Legislative Assembly

അരിയാണ്. പാവപ്പെട്ട ആളുകൾപോലും ആ നാറുന്നതോ മണക്കുന്നതോ ആയ അരി കോഴിക്കോ പശുവിനോഒക്കെ കൊടുക്കുകയാണ് ചെയ്യുന്നത്. നിർബന്ധമായും അത് തടയേണ്ടതാണ്. കേരളത്തിൽ എന്തുകൊടുത്താലും തിന്നുകൊള്ളും എന്നു മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്തിയിട്ട് കാര്യമില്ല. അതു കൊണ്ട് വയറു വിശക്കുന്ന ആളുകൾക്ക് നാറ്റമില്ലാത്ത അരി കൊടുക്കേണ്ട ബാദ്ധ്യത അങ്ങേയ്ക്കില്ലേ? ഇവിടെ വില കുറവിനെപ്പറ്റിയൊക്കെ പറയുന്നതു കേട്ടു. കേരളത്തിലെ എല്ലാവരും പൊട്ടക്കണ്ണൻമാരാണോ? നാക്കില്ലാത്തവരാണോ? അതോ മൂക്കില്ലാത്തവരാണോ? ഇവിടെ വിലക്കയറ്റം ഉണ്ട്.

<u>ശ്രീ. കെ. ബാബു</u> : ഇവിടെ എല്ലാ സാധനങ്ങൾക്കും വില കൂടിയെന്ന് പറയുന്നത് ശരിയല്ല. സ്വർണ്ണത്തിനു പവന് 80 രൂപ വച്ച് കുറഞ്ഞു. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. കെ. നാരായണക്കുറുപ്പ്</u> : സ്വർണ്ണമാണല്ലോ നമ്മൾ ആദ്യം തിന്നുന്നത്. ഒരു ഓമനക്കുഞ്ഞ് പിറക്കുമ്പോൾ നാക്കിലുരച്ച് ജീവിതത്തിൽ ഒരിക്കൽ കൊടുക്കുന്ന ആ സ്വർണ്ണത്തിന് വില കുറഞ്ഞുവെന്നാണോ ശ്രീ. ബാബു പറയുന്നത്? ഈ വിലക്കയറ്റം സമ്മതിക്കാതിരിക്കാൻ തരമില്ല. പക്ഷേ ഈ വിലക്കയറ്റം ഉള്ള സാഹചര്യത്തിലും അതിനെ മറി കടക്കാനുള്ള സാദ്ധ്യതകളും പ്രവർത്തനങ്ങളും കണ്ടു പിടിക്കേണ്ടത് ഈ ഗവണ്മെന്റിന്റെ ചുമതലയാണ്. അല്ലാതെ ഇവിടെ എല്ലാം ഭദ്രം, എല്ലാം വിലക്കുറവ് എന്നു പറഞ്ഞ് തെരഞ്ഞെടുപ്പുവേദിയിലെ പ്രസംഗം ഇവിടെ നടത്തുന്നത് ശരിയല്ല എന്നു മാത്രമേ പറയുന്നുള്ളൂ. എനിക്ക് മരാമത്തിനെക്കുറിച്ച് രണ്ടു മൂന്നു കാര്യങ്ങളേ പറയാനുള്ളൂ. ഈ മരാമത്ത് എടുക്കുന്നവർക്കും മരാമത്ത്. അത് അനുഭവിക്കുന്നവർക്കും മരാമത്ത്. ആ മരാമത്ത് നമ്മുടെ നാടിന് വളരെ ബുദ്ധിമുട്ട് ആയിരിക്കുകയാണ്. നടന്നുപോകാൻ കൊള്ളാവുന്ന ഒറ്റ റോഡുകൾ ഇല്ല. എന്റെ നിയോജകമണ്ഡലത്തിലെ 14 റോഡുകളിൽ 10 റോഡുകളിൽ പകുതി മാത്രം പണിത് പകുതി വെറുതെയിട്ടിരിക്കുകയാണ്. ഏതായാലും ഇതുപോലൊരു ദുരവസ്ഥ ഈ റോഡുകളുടെ കാര്യത്തിൽ ഇതുവരെ ഉണ്ടായിട്ടില്ല. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ കുറ്റമാണെന്ന് ഞാൻ പറയുന്നില്ല. അതിൽ ബഹുമാനപ്പെട്ട മന്ത്രി കൂടി മനസ്സു വച്ചെങ്കിൽ മാത്രമേ ശരിയായി കാര്യങ്ങൾ നടക്കുകയുള്ളൂ. പക്ഷേ കുറെയൊക്കെ ജാഗ്രതയോടുകൂടി കുറെയൊക്കെ തീവ്രമായ ചിന്തയോടുകൂടി ചെയ്തില്ലെങ്കിൽ ഞങ്ങളെപ്പോലുള്ള ആളുകൾ ബുദ്ധിമുട്ടും. വഴിയിൽ ഇറങ്ങി നടക്കാൻ പാടില്ല. എം.എൽ.എ. യാണ് വഴി കുഴിച്ചതെന്ന് പറയുന്നു. എം.എൽ.എ.ക്ക് വഴി കൊടുക്കുവാൻ പറ്റുമോ? പ്രത്യേകിച്ച് ഇപ്പോഴത്തെ രീതിയനുസരിച്ച് ഭരിക്കുന്ന പാർട്ടിയിലെ എം.എൽ.എ. അല്ലെങ്കിൽ നോക്കുകയും വേണ്ട. ഇവിടത്തെ എഞ്ചിനീയർമാർക്കുപോലും അറിയാം C.E.s L.S-ൽ ആണെങ്കിൽ പണം ഉടനെ കിട്ടുമെന്ന്. പക്ഷെ അതൊക്കെ എവിടെ പോകുന്നു? കേരളത്തിൽ ഇങ്ങനെയൊരു ഏർപ്പാടല്ലേ എന്നൊക്കെ ചോദിക്കേണ്ടിയിരിക്കുന്നു. ഒരൊറ്റ വഴി കിട്ടിയിട്ട് കൊല്ലം മൂന്നായി. ഈ രീതിയിലുള്ള പക്ഷപാതപരമായ പെരുമാറ്റം പി. ഡബ്ല്യു.ഡി. യിൽ ധാരാളം ഉണ്ടാകുന്നുവെന്ന് പറയേണ്ടി വന്നതിൽ ഖേദമുണ്ട്. അതേ നടക്കുന്നുള്ളൂ.

സർ, നമ്മുടെ റോഡുകളുടെ ശോച്യാവസ്ഥ, റോഡുകളിലൂടെ നടന്നു പോകുമ്പോൾ ഇരുവശങ്ങളിലും കാണുന്ന വീടുകൾ ഇത്രയും കാലമായിട്ടും ഇവിടെ ത്രിതല പഞ്ചായത്തുകൾ ഇതൊക്കെ പറയാറുണ്ടെങ്കിലും പാവപ്പെട്ടവന് കൂര പണിത് കൊടുത്ത് ഈ റോഡുകളിൽ നിന്ന് പാവപ്പെട്ട ആളുകളെ

LIBRARY ARCHIVES Kerala Legislative Assembly

മാറ്റി താമസിപ്പിക്കാൻപോലും മൂന്നുവർഷം കിണഞ്ഞു പരിശ്രമിച്ചിട്ടും കഴിഞ്ഞില്ലെങ്കിൽ പിന്നെ എന്ത് ആസൂത്രണമാണ്? ഈ ആസൂത്രണമെന്നു പറഞ്ഞാൽ എന്താണ്? മനുഷ്യനെ കുഴപ്പത്തിൽ ചാടിക്കലാണോ? ഈ ആസൂത്രണം ആദ്യം ചെയ്യേണ്ടത് അവിടെ ആയിരുന്നു. ഈ റോഡരികിലുള്ള താമസക്കാരെ മാറ്റി താമസിപ്പിക്കുവാൻ പണി എടുക്കേണ്ടതായിരുന്നു. എന്റെ നിയോജകമണ്ഡലത്തിൽ ഞാൻ പ്രസിഡന്റായിരുന്ന കാലത്ത് 140 പുറമ്പോക്ക് നിവാസികൾ ഉണ്ടായിരുന്നു. അവരെ മുഴുവൻ മാറ്റി താമസിപ്പിക്കാൻ എനിക്ക് കഴിഞ്ഞു എങ്കിൽ നാലാളും, ബഹുമാനപ്പെട്ട മന്ത്രിക്ക് ഈ വഴിയോരത്ത് താമസിക്കുന്ന ആളുകളെ മാറ്റി താമസിപ്പിച്ച് ഈ ദുരിതങ്ങളിൽ നിന്ന് ബുദ്ധിമുട്ടുകളിൽനിന്ന് വഴിയോര നിവാസികളെ രക്ഷിച്ച് അതിലൂടെ നടക്കുന്നവർക്കും, കാണുന്നവർക്കും ഒക്കെ കുറെക്കൂടി സുന്ദരമായി നിരത്തുകൾ ഉണ്ടാക്കി എടുക്കാൻ അദ്ദേഹം പരിശ്രമിക്കണം എന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ. എല്ലാം ഭദ്രം, എല്ലാം മംഗളം എന്നൊക്കെ പലപ്പോഴും പറയുമ്പോൾ മനസ്സിൽ ഇരുന്നൊരു ഇക്കിളി, ഒരു ചിരിയാണ്. ഇവിടെ എവിടെയാണ് ഭദ്രം, എവിടെയാണ് ശരി, എവിടെയാണ് തെറ്റ് ഒന്നും പറയാൻ പാടില്ലാത്ത ഒരു സ്ഥിതി. കെ.എ. അബ്ബാസ് പണ്ട് ഒരു വാചകം പറഞ്ഞു, അദ്ദേഹം വലിയ സിനിമാ ഡയറക്ടറായിരുന്നു. "I think, if you want to see corruption, you look at the roads in India". ഏതായാലും എല്ലാം ബഹുമാനപ്പെട്ട ശ്രീ. യു.എസ്. ശശി പറഞ്ഞതുപോലെയല്ല. എല്ലാം ഭദ്രമല്ല, എല്ലാം മംഗളമല്ല. ഇവിടെ ഒന്നും ശരിയായി നടക്കുന്നില്ല. ഇവിടെ ഉണ്ടു എന്നുപറഞ്ഞ് വയർ മുറുക്കി ഉടുക്കാം എന്നല്ലാതെ ഉണ്ണാനുള്ള വകകൾ ഈ കേരളത്തിൽ എല്ലാ ആളുകൾക്കും ഉണ്ടെന്ന് പറയാൻ കഴിയില്ല. അതുകൊണ്ട് ആളുകളെ തെറ്റിദ്ധരിപ്പിക്കുന്ന ഈ പലിശ വ്യാപാരമുണ്ടല്ലോ, ഈ പലിശ വ്യാപാരത്തിൽ നിന്ന് ഇവിടത്തെ സാധാരണ ജനങ്ങളെ രക്ഷിക്കണം എന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ. റോഡുകളിലെ ഈ നിശ്ചലാവസ്ഥ, ഈ ദുർഘടാവസ്ഥ മാറ്റിയെടുക്കാൻ മന്ത്രി ശ്രീ. പി.ജെ. ജോസഫ് പരിശ്രമിക്കും എന്ന് ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെ തന്നെ ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ നായരെപ്പറ്റി എന്തു പറയാൻ കഴിയും? അദ്ദേഹത്തിന്റെ വകുപ്പുകൾ രണ്ടും ഭദ്രമാണ്. പക്ഷെ അനുഭവം അത്ര ശരിയല്ല. ആ അനുഭവങ്ങൾ നോക്കിക്കണ്ട് അങ്ങ് തിരുത്താൻ ശ്രമിക്കണം എന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ.പി.എ. മജീദ്)

<u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. ഭക്ഷ്യ, പൊതുമരാമത്ത് വകുപ്പിലും വിനോദ സഞ്ചാര വകുപ്പിലും വളരെ മെച്ചപ്പെട്ട പ്രവർത്തനമാണ് ഈ കാലയളവിൽ നടക്കുന്നത്. ഭക്ഷ്യരംഗത്ത് ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എക്കാലത്തേയും ഒരു റിക്കാർഡാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. കെ.പി.എ. മജീദ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ മാവേലി സ്റ്റോറിൽ വില കുറവാണെന്ന് സമ്മതിക്കുകയുണ്ടായി. പക്ഷെ അവിടെ വാങ്ങാൻ സാധനമില്ല, ലഭിക്കുന്നില്ല എന്നാണ് പറഞ്ഞത്. മാവേലിസ്റ്റോറിൽ 1995-96-ൽ 2.9 കോടി രൂപയാണ് പ്രതിമാസ വിറ്റുവരവ്. 1998-ആയപ്പോൾ വില കുറഞ്ഞു എന്നുപറയുകയും സാധനം വാങ്ങാൻ ഇല്ല എന്നു പറയുകയും ചെയ്തപ്പോൾ '95-96 ൽ 2.9 കോടി രൂപ പ്രതിവർഷ വിറ്റുവരവ് ആയിരുന്നത് '98-ൽ 14.3 കോടി രൂപയായി ഉയർന്നിരിക്കുന്നു. നിങ്ങൾ ഭരിച്ചുകൊണ്ടിരുന്നപ്പോൾ 91-92-ൽ 21.43 കോടി രൂപ ആയിരുന്നത് 97-98-ൽ 93.32 കോടി രൂപയായി വർദ്ധിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

ഈ മാവേലി സ്റ്റോറുകളിൽ അത്യാവശ്യ നിത്യോപയോഗ സാധനങ്ങൾ എല്ലാം ലഭിക്കുന്നു എന്നുള്ളതുകൊണ്ടുതന്നെയാണ് ഈ വർദ്ധനവുണ്ടായത്. വളരെ സാമ്പത്തിക ഞെരുക്കമുള്ള പ്രതികൂല സാഹചര്യത്തിലാണ് ഈ സർക്കാർ അധികാരത്തിൽ എത്തിയത് എന്ന് നമുക്ക് എല്ലാവർക്കും അറിയാം. പൊതുമരാമത്ത് വകുപ്പിലെ കോൺട്രാക്ടർമാർക്ക് 508,74,39,000 രൂപയാണ് ഇപ്പോൾ കൊടുത്തു തീർക്കാനുള്ളത്. ഈ പ്രതികൂല സാഹചര്യത്തിലും മെച്ചപ്പെട്ട നിലയിൽ പ്രവർത്തിച്ചു മുന്നോട്ടുപോകുവാൻ ഈ സർക്കാരിന് കഴിയുന്നു. '95 ലെ പി.ഡബ്ല്യൂ.ഡി. റോഡുകളുടെ ദൈർഘ്യം 22,114 കിലോമീറ്റർ ആയിരുന്നു എങ്കിൽ '98 ആയപ്പോൾ 22,258 ആയി അത് വർദ്ധിക്കുകയുണ്ടായി. ഈ കാലയളവിലും പഞ്ചായത്ത് റോഡുകളുടെ ദൈർഘ്യം 95-ൽ ഇവിടെ 1,06,920 കിലോമീറ്റർ ആയിരുന്നത് '98 ആയപ്പോൾ 2,19,805 ആയിട്ട് വർദ്ധിക്കുകയുണ്ടായി. ഈ സർക്കാർ നടപ്പാക്കിയ ത്രിതല പഞ്ചായത്ത് സംവിധാനത്തിന്റെ ഭാഗമായി സംസ്ഥാന ഹൈവേകളും, മേജർ ഡിസ്ട്രിക്റ്റ് റോഡുകളും മാത്രമാണ് പി.ഡബ്ല്യൂ.ഡി. കൈവശം വച്ച് സംരക്ഷിക്കുന്നത്.

<u>ശ്രീ. കെ. ബാബു</u> : സർ, ശ്രീ. റാവുത്തർ ഉൾപ്പെടുന്ന പി.ഡബ്ല്യൂ.ഡി. യുടെ സബ്ജക്ട് കമ്മിറ്റി നമ്പർ 5-ൽ പി.ഡബ്ല്യൂ.ഡി. ഏറ്റെടുത്ത് ആരംഭിച്ച വില്ലേജ് റോഡുകളും, എം.എൽ.എ. റോഡുകളും ഉൾപ്പെടെയുള്ള വർക്കുകൾ എല്ലാം ചെയ്ത് പൂർത്തിയാക്കും എന്ന് മന്ത്രി ആ സബ്ജക്ട് കമ്മിറ്റിയിൽ രണ്ടുകൊല്ലം മുൻപ് ഉറപ്പു നൽകിയിരുന്നു. ഒറ്റ റോഡിന്റെയും നിർമ്മാണം ആരംഭിച്ചിട്ടില്ല. അത് എന്തുകൊണ്ടാണെന്ന് പറയുമോ? ആ കമ്മിറ്റിയിൽ ശ്രീ. റാവുത്തറും ഉണ്ട്.

<u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : സർ, ആ റോഡുകളിലെല്ലാം നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു എന്നാണ് ഞാൻ പറഞ്ഞത്. അദർ ഡിസ്ട്രിക്ട് റോഡുകളിലും, ഗ്രാമീണ റോഡുകളിലും 5,036 കിലോമീറ്റർ റോഡ് എം.ഡി.ആർ. ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. 98 പുതിയ എം.എൽ.എ. റോഡുകളും, 218 പഴയ എം.എൽ.എ. റോഡുകളും ഈ സർക്കാർ ഈ കാലയളവിൽ പൂർത്തീകരിക്കുകയുണ്ടായി. ഈ കാലയളവിൽ റബ്ബറൈസ്ഡ് റോഡുകളുടെ നിർമ്മാണം വിപുലപ്പെടുത്തുന്നതിനുള്ള നീക്കങ്ങൾ വ്യാപകമായി നടക്കുകയാണ്. ബഡ്ജറ്റ് വിഹിതംകൊണ്ട് കേരളത്തിന്റെ റോഡ് നിർമ്മാണത്തിനാവശ്യമായ പണം കണ്ടെത്താൻ ആവുകയില്ല. ഈ പ്രതിസന്ധി മറികടക്കുന്നതിനാണ് റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ ഉണ്ടാക്കി ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് സമ്പത്ത് കണ്ടെത്തുന്നതിന് സർക്കാർ ശ്രമിക്കുന്നത്. 9,000 കിലോമീറ്റർ റോഡ് പഠനത്തിന് വിധേയമാക്കി അതിൽനിന്ന് 2,810 കിലോമീറ്റർ വേർതിരിച്ചെടുത്ത് അതിന് സാമ്പത്തിക സർവ്വേയും, സാങ്കേതിക സർവ്വേയും നടത്തി 1,000 കിലോമീറ്റർ റോഡ് ഇതിനുവേണ്ടി തെരഞ്ഞെടുക്കുകയുണ്ടായി. ഈ റോഡുകളുടെ നിർമ്മാണത്തിന് ആയിരം കോടി രൂപ ലോകബാങ്കിൽ നിന്ന് സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള തീവ്ര ശ്രമത്തിലാണ് ഈ ഗവണ്മെന്റ് ഏർപ്പെട്ടിട്ടുള്ളത്. ഈ കാര്യങ്ങളെക്കുറിച്ച് സർവ്വേ നടത്തുന്നതിനായി ലോകബാങ്ക് ഇതിനകം 23 കോടി രൂപ നമുക്ക് അനുവദിക്കുകയുണ്ടായി. കേരളത്തിന്റെ തെക്കേ അറ്റം മുതൽ വടക്കേ അറ്റംവരെ എത്തുന്ന എക്സ്പ്രസ് ഹൈവേയുടെ സാദ്ധ്യതകളെക്കുറിച്ച് പഠിക്കുന്നതിനുള്ള ശ്രമമാണ് ഈ ഗവണ്മെന്റ് നടത്തുന്നത്. 544 കിലോമീറ്റർ ദൂരംവരുന്ന ഈ റോഡിന് 6,290 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. എത്രയോ നാളായി വടക്കോട്ട് മാത്രം യാത്ര ചെയ്തിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്ത് വകുപ്പിനെ കേരളത്തിന്റെ മലയോര മേഖലയിലേക്ക് തിരിച്ചു വിട്ടത് ഈ സർക്കാരിന്റെ കാലയളവിലാണ്. റോഡുകളുടെ കാര്യത്തിൽ കേന്ദ്ര സർക്കാർ മറ്റെല്ലാ കാര്യങ്ങളിലുമെന്നപോലെ കേരളത്തെ അവഗണിച്ചിരിക്കുകയാണ്. ഈ രാജ്യത്ത് ആകമാനമുള്ള ദേശീയ പാതാ ദൈർഘ്യത്തിന്റെ 2.04% മാത്രമാണ് കേരളത്തിലുള്ളത്. കേന്ദ്ര സർക്കാർ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള എക്സ്പ്രസ് ഹൈവേ കേരളത്തെ പൂർണ്ണമായി അവഗണിച്ചിരിക്കുകയാണ്. റോഡുകളുടെ കാര്യത്തിൽ ഇടുക്കി പൂർണ്ണമായി അവഗണിക്കപ്പെട്ടു എന്നുള്ള അഭിപ്രായം എനിക്കില്ല. വർഷങ്ങളായി അവഗണിക്കപ്പെട്ടിരുന്ന ആ ജില്ലയുടെ പ്രശ്നങ്ങൾ ഇനിയും ബാക്കി നിൽക്കുകയാണ്. ഇടുക്കി ഡിവിഷനിൽ 194.143 കിലോമീറ്റർ മാത്രമാണ് എം.സി. റോഡുകൾ ഉള്ളത്. ഈ സന്ദർഭത്തിൽ കോട്ടയത്ത് 1,460 കിലോമീറ്ററാണ്, തൃശൂരിൽ 1,608 കിലോമീറ്റർ, ഒ.ഡി.ആർ. ന്റെ കാര്യമെടുക്കുമ്പോൾ ഇടുക്കിയിൽ 267,163 കിലോമീറ്റർ മാത്രം ഒ.ഡി.ആർ. ഉള്ളപ്പോൾ തിരുവനന്തപുരത്ത് 1,331 കിലോമീറ്ററാണ്. ഇത് ശ്രീ. ഇസ്ഹാക് കുരിക്കളുടെ മഞ്ചേരി ഡിവിഷനിൽ 1,088 കിലോമീറ്ററാണ്, കണ്ണൂരിൽ 1,070 കിലോമീറ്ററാണ്. ഈ രംഗത്തുള്ള അവഗണനകൂടി അവസാനിപ്പിക്കണം. ഈ പ്രശ്നം കൂടി പരിഹരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഭക്ഷ്യരംഗത്തും അതുപോലെ എല്ലാ രംഗത്തും വളരെ നല്ല നിലയിൽ മുൻപോട്ടുപോകുന്ന ഈ ഗവണ്മെന്റിന്റെ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്.

<u>ശ്രീ. ജോണി നെല്ലൂർ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. മൂന്ന് പ്രധാനപ്പെട്ട വകുപ്പുകൾ ചർച്ചയ്ക്ക് വന്ന ഈ ദിവസം പൊതുമരാമത്ത് വകുപ്പിലേക്ക് വരുന്നതിന് മുമ്പ് ഇന്ന് നമ്മുടെ സംസ്ഥാനത്ത് എല്ലാവരും ഉറ്റുനോക്കുന്ന ടൂറിസം വകുപ്പിനെക്കുറിച്ച് ഒന്ന് രണ്ട് കാര്യങ്ങൾ പറയാമെന്നാണ് ഞാൻ കരുതുന്നത്. ബഹുമാന്യനായ ടൂറിസം വകുപ്പുമന്ത്രി ഇവിടെ എല്ലാവരും സൂചിപ്പിച്ചതുപോലെ എപ്പോൾ നോക്കിയാലും ചിരിച്ചുകൊണ്ടിരിക്കുകയാണ്. ആ ചിരി മാത്രം കണ്ടാൽ ടൂറിസ്റ്റുകൾ ഇങ്ങോട്ട് വരില്ല. കേരളത്തിന്റെ ടൂറിസം മേഖലയിൽ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യണം. അതാണ് ഞാൻ പറഞ്ഞുവരുന്നത്. ഇവിടെ കുറേയേറെ പ്രോജക്ടുകൾ നമ്മൾ ഉണ്ടാക്കി. ഈ ഗവണ്മെന്റ് വന്നതിനുശേഷം ഞാൻ ഈ പറയുന്ന പ്രോജക്ടുകളിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് അങ്ങ് ഒന്ന് പറയണം. പൊൻമുടി പ്രോജക്ടിന് 100 കോടി രൂപയുടെ ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ട് രണ്ടുവർഷം കഴിഞ്ഞു. എന്തെങ്കിലും ആരംഭിക്കാൻ കഴിഞ്ഞോ? വിഴിഞ്ഞത്ത് 80 കോടി രൂപയുടെ മറ്റൊരു പ്രോജക്ട് ഉണ്ട്. എറണാകുളത്ത് ഒരു അമ്യൂസ്മെന്റ് പാർക്ക് ഉൾപ്പെടെ 200 കോടി രൂപ ചെലവ് വരുന്ന വലിയ ഒരു പ്രോജക്ട്. ഈ പ്രോജക്ട് റിപ്പോർട്ട് മൂന്നും തയ്യാറാക്കി തന്നിട്ട് വർഷങ്ങളായി. എന്തെങ്കിലും നടപടി സ്വീകരിക്കാൻ അങ്ങേയ്ക്ക് കഴിഞ്ഞോ? ടൂറിസം വികസിപ്പിക്കണമെന്ന് പറഞ്ഞുകൊണ്ട് ഒട്ടേറെ കാര്യങ്ങൾ ചെയ്യുന്ന നമുക്ക് ഈ രംഗത്ത് എന്ത് ചെയ്യാൻ കഴിഞ്ഞു? ഒരു പദ്ധതികൂടി പറയട്ടെ. ബേക്കൽ പ്രോജക്ട് 150 കോടി രൂപയുടെ പ്രോജക്ടാണല്ലോ. അതിന്റെ പണി എവിടെ നിൽക്കുന്നു? പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഈ ഇക്കണോമിക് റിവ്യൂ പരിശോധിച്ചപ്പോഴാണ് ഒരു കാര്യം മനസ്സിലായത്. വിദേശ ടൂറിസ്റ്റുകളുടെ എണ്ണം കുറഞ്ഞുവരുന്നു. നമ്മുടെ രാജ്യത്തിനകത്തുള്ള ടൂറിസ്റ്റുകളുടെ എണ്ണം കൂടുതലുണ്ട്. നമ്മുടെ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്കുള്ള വഴിയുടെ അവസ്ഥ എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ആരെങ്കിലും വരുമോ? നട്ടെല്ല് ഒടിയും. ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്ക് പോകുന്ന വഴിയൊക്കെ അത്ര ശോചനീയാവസ്ഥയിലാണ്. തകർന്ന് തരിപ്പണമായിക്കിടക്കുന്നു. മലയാറ്റൂരും കാലടിയും വളരെ പ്രശസ്തമായ രണ്ട് ടൂറിസ്റ്റ് കേന്ദ്രങ്ങളാക്കി ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് പ്രഖ്യാപിച്ചു. എന്താണ് അതിന്റെ സ്ഥിതി? നമുക്ക് പണി ആരംഭിക്കാൻ കഴിഞ്ഞോ? കേരളത്തെ സംബന്ധിച്ചിടത്തോളം കാലടിയിലെ ആ പ്രദേശം എത്രയോ പ്രശസ്തമാണ്. അവിടെ കെ.ടി.ഡി.സി.യുടെ ഒരു കോംപ്ലക്സും ഒരു യാത്രിനിവാസും പണിയാൻവേണ്ടി ഒരേക്കർ സ്ഥലം സംസ്കൃത യൂണിവേഴ്സിറ്റി ഔദാര്യമായി, സംഭാവനയായി, സൗജന്യമായി നമുക്ക് നൽകി. കരാർ ഒപ്പു വച്ചു. യാത്രിനിവാസ് പണിയാൻവേണ്ടി അന്നത്തെ ടൂറിസ്റ്റ് വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് പോയി അതിന്റെ ശിലാസ്ഥാപനവും നടത്തി. എവിടെ നിൽക്കുന്നു അത്? നിങ്ങൾ അധികാരത്തിൽ വന്നിട്ട് ഇത്രയും കാലമായി. യൂണിവേഴ്സിറ്റി സൗജന്യമായി നൽകിയ ആ ഒരേക്കർ സ്ഥലത്തിന്റെ കരാർ സിൻഡിക്കേറ്റ് റദ്ദ് ചെയ്തു. എന്താണ് കാരണം? രണ്ട് വർഷമായിട്ടും അവിടെ പണി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. കോടിക്കണക്കിന് രൂപ ചെലവഴിക്കുമെന്ന് അങ്ങ് പറയുന്നു. കാലടി പോലുള്ള ഇത്ര പ്രശസ്തമായ ഒരു സ്ഥലത്ത് ടൂറിസം വികസിപ്പിക്കാൻ യാതൊന്നും ചെയ്യാതെ, ഒരു ഭാവനയുമില്ലാതെ കാര്യങ്ങൾ പോകുന്നു എന്നല്ലേ അത് സൂചിപ്പിക്കുന്നത്? നമ്മുടെ ഗസ്റ്റ് ഹൗസുകളുടെ സ്ഥിതിയെക്കുറിച്ച് ഇവിടെ പറഞ്ഞു. ഞാൻ അതൊന്നും ആവർത്തിക്കുന്നില്ല. എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്, ഈ മേഖലയിൽ വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കാൻ ഉതകുന്ന കർമ്മപരിപാടികളുമായിട്ട് നാം മുന്നോട്ടു പോകണമെന്നാണ്. പ്രഖ്യാപനങ്ങൾ മാത്രം പോരാ. ആലുവാ ഗസ്റ്റ് ഹൗസ് കുറേയൊക്കെ നന്നാക്കി. അത് എന്തുകൊണ്ടാണെന്നറിയാമോ? അവിടെ രാഷ്ട്രപതി വന്നു. അതുകൊണ്ട് നന്നാക്കി. എല്ലായിടത്തും രാഷ്ട്രപതി വരുമോ? രാഷ്ട്രപതി വന്നാൽ എറണാകുളം ഗസ്റ്റ് ഹൗസും നന്നാക്കും. ഞങ്ങളുടെയൊക്കെ പ്രദേശത്ത് വരുന്നില്ലല്ലോ. അതുകൊണ്ട് എല്ലാ സ്ഥലത്തേയും ഒരുപോലെ കാണണമെന്നാണ് എനിക്ക് പറയാനുള്ളത്.

സർ, ഒരുകാര്യംകൂടി പറഞ്ഞുകൊണ്ട് ടൂറിസം മേഖലയെക്കുറിച്ച് പറയുന്നത് അവസാനിപ്പിക്കാം. ഇവിടെ ടൂറിസം രംഗത്ത് ടൂറിസം കേന്ദ്രങ്ങളിൽ അനധികൃതമായി ഇന്ന് ലഹരിമരുന്ന് വിൽപ്പന വ്യാപകമല്ലേ? അങ്ങയുടെ കുഴപ്പമല്ല. നമുക്ക് അത് നിരോധിക്കണ്ടേ? ഈ അടുത്തദിവസം കോവളത്ത് രണ്ട് വിദേശികളിൽനിന്ന് രണ്ട് ലക്ഷം രൂപയുടെ ലഹരി മരുന്ന് അവിടത്തെ എസ്.ഐ. ബൈജുവിന്റെ നേതൃത്വത്തിൽ പിടിച്ചെടുത്തതായി വാർത്ത കാണുകയുണ്ടായി. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ലഹരി മരുന്ന് വിൽപ്പന സമ്പ്രദായം വലിയ ബുദ്ധിമുട്ടാണ്. പോലീസും ബഹുജനങ്ങളും ഉൾക്കൊള്ളുന്ന ഒരു സമിതിക്ക് രൂപം കൊടുത്തുകൊണ്ട് അത് വളരെ പെട്ടെന്ന് നിരോധിക്കാനും ഇല്ലായ്മ ചെയ്യാനുമുള്ള ഒരു പരിശ്രമം അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

സർ, ഭക്ഷ്യവകുപ്പിനെക്കുറിച്ച് ഒരുകാര്യം പറയട്ടെ. വിലക്കയറ്റം കൊണ്ട് ജനം പൊറുതിമുട്ടുന്നു. 29.6.96-ൽ ബഹുമാനപ്പെട്ട മന്ത്രി നൽകിയ ഉത്തരങ്ങളാണിത്. ഞാൻ ഇത് വായിക്കാൻ തരാം. നിത്യോപയോഗ സാധനങ്ങൾക്കെല്ലാം വില കൂടിയിരിക്കുന്നു. ഒരു സാധനത്തിനും വില കുറഞ്ഞില്ല. വില കുറഞ്ഞില്ലെന്ന് പറയാൻ സാധിക്കുകയില്ല. ഈ ഗവൺമെന്റിന്റെ ഭരണ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൻകീഴിൽ മനുഷ്യന് മാത്രം വില കുറഞ്ഞു എന്നാണ് പറഞ്ഞിരിക്കുന്നത്. ഞാൻ അത് വിടുകയാണ്.

സർ, ഞാൻ പൊതുമരാമത്ത് വകുപ്പിനെക്കുറിച്ച് പറയട്ടെ. പി.ഡബ്ല്യൂ.ഡി. എന്നാണല്ലോ പറയുന്നത്. പി.ഡബ്ല്യൂ.ഡി.യുടെ സ്ഥിതിയെന്താണ്? അക്ഷരാർത്ഥത്തിൽ ഒരു പാച്ച് വർക്ക് ഡിപ്പാർട്ടുമെന്റല്ലേ അത്? അതുപോലും ഉണ്ടോ? കുഴി അടയ്ക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രസ്താവന നടത്തി. ഞങ്ങളൊക്കെ സന്തോഷിച്ചു. പക്ഷേ, കുഴി അടച്ചോ? അപ്പുറത്തുനിന്ന് ബഹുമാനപ്പെട്ട മന്ത്രിയെ അനുമോദിച്ച് പ്രസംഗിച്ച ശ്രീ. ശശി പറഞ്ഞത് എന്താണ്? റോഡ് മുഴുവൻ കുണ്ടും കുഴിയുമെന്നാണ്. അപ്പുറത്തുള്ളവരും രഹസ്യമായി പറയും. പരസ്യമായി പറയാൻ ചില ബുദ്ധിമുട്ടുകളുണ്ടല്ലോ. റോഡുകളുടെ സ്ഥിതി അതാണ്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ഒരു കാര്യമേ പറയാനുള്ളൂ. ഞങ്ങളുമൊക്കെ ജനങ്ങൾ തെരഞ്ഞെടുത്ത് ഇങ്ങോട്ടു പറഞ്ഞയച്ചിരിക്കുന്ന ജനപ്രതിനിധികളാണ്. ഈ കാര്യങ്ങളൊക്കെ ചെയ്യുമ്പോൾ ഞങ്ങളുടെയൊക്കെ നിയോജകമണ്ഡലത്തെക്കൂടി അൽപമൊന്ന് പരിഗണിച്ചാൽ നന്നായിരിക്കുമെന്ന് മാത്രമേ പറയുന്നുള്ളൂ. റോഡുകൾ കൊടുത്ത കാര്യങ്ങളും മറ്റ് നിരവധി കാര്യങ്ങളും പറയാനുണ്ട്. പക്ഷേ, ഞാൻ അതൊന്നും ഇപ്പോൾ പറയുന്നില്ല. രണ്ട് കാര്യങ്ങൾ മാത്രം പറയുകയാണ്. അങ്ങയുടെ ഡിപ്പാർട്ടുമെന്റിൽ എസ്.എൽ.ആർ. ജീവനക്കാരുണ്ട്. നമ്മുടെ സർക്കാരിന്റെ മുഖമുദ്ര എന്താണ്? പാവപ്പെട്ട ജീവനക്കാർക്കും തൊഴിലാളികൾക്കുമൊക്കെ ആനുകൂല്യം കൊടുക്കുന്ന സർക്കാരല്ലേ? 1987 മുതലുള്ള എസ്.എൽ.ആർ. ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനു വേണ്ടി ആ പാവപ്പെട്ട ആളുകൾ എത്രയോ പരാതികളും നിവേദനങ്ങളും നൽകി. ഒരു കമ്മിറ്റിയെ വച്ചു. ആ കമ്മിറ്റിയുടെ റിപ്പോർട്ട് വന്നു. അത് പരിഗണിക്കണമെന്ന് പറഞ്ഞു. അനോമലി മാറ്റണമെന്ന് പറഞ്ഞു. എന്താണുണ്ടായതെന്നറിയാമോ? അനോമലി മാറ്റാൻ തയ്യാറായില്ലെന്ന് മാത്രമല്ല ധനകാര്യ വകുപ്പ് ആ റിപ്പോർട്ട് നിരാകരിച്ചു. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് ആ പാവപ്പെട്ട എസ്.എൽ.ആർ. ജീവനക്കാരോട് അൽപം കരുണ കാണിക്കണമെന്നാണ്. അവർക്ക് രണ്ട് ശമ്പള പരിഷ്ക്കരണം നടപ്പിലാക്കാറായിരിക്കുന്നു. അവരുടെ കാര്യം അനുഭാവപൂർവ്വം പരിഗണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

സർ, ഒരുകാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. എന്ത് പറഞ്ഞാലും പറയും ഒ.ഡി.ആർ. ആണ്. പി.ഡബ്ല്യൂ.ഡി.യ്ക്ക് റോഡില്ല, എല്ലാം പഞ്ചായത്തിന് കൊടുത്തു എന്ന്. അങ്ങ് ഒരു കാര്യം ചെയ്യൂ. ഗ്രാമപഞ്ചായത്തിന് ഏത് റോഡാണ്, ബ്ലോക്ക് പഞ്ചായത്തിന് ഏത് റോഡാണ്, ജില്ലാ പഞ്ചായത്തിന് ഏത് റോഡാണ് എന്ന് നിജപ്പെടുത്തിക്കൊടുക്കൂ. നിജപ്പെടുത്തിക്കൊടുക്കുന്നത് മാത്രം മതിയോ? ഇതൊന്ന് നോട്ടിഫൈ ചെയ്തിട്ട് അവർക്ക് അതിന് പണം കൊടുക്കണ്ടേ? നമ്മുടെ സംസ്ഥാനത്തെ പഞ്ചായത്ത് റോഡുകളുടെ സ്ഥിതിയെന്താണ്? ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യംകൂടിയുണ്ട്. നമ്മുടെ എം.സി. റോഡ്, അങ്ങും ഞാനുമൊക്കെ യാത്ര ചെയ്തു വരുന്ന റോഡാണ്. അങ്കമാലി മുതൽ തിരുവനന്തപുരം വരെയുള്ള ആ റോഡിന്റെ സ്ഥിതിയെന്താണ്? എത്രയോകാലമായി മുറവിളികൂട്ടുന്നു ഇതൊരു ദേശീയപാതയാക്കണമെന്ന്. ഇപ്രാവശ്യം ദേശീയ പാതകൾ പ്രഖ്യാപിച്ചു. നമുക്ക് നിരാശയല്ലേ ഉണ്ടായത്? ഞാൻ ആ പ്രദേശത്ത് കിട്ടിയതിൽ ദുഃഖം രേഖപ്പെടുത്തുകയല്ല. രണ്ട് ദേശീയപാതകൾ പ്രഖ്യാപിച്ചപ്പോൾ ഈ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട ദേശീയ പാതയാക്കേണ്ടത് എം.സി.

LIBRARY ARCHIVES Kerala Legislative Assembly

റോഡ് അല്ലേ? ആ എം.സി. റോഡിന്റെ സ്ഥിതി വളരെ ദയനീയമാണ്. പാലങ്ങളെക്കുറിച്ച് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ചാലക്കുടി പാലത്തിന്റെ സ്ഥിതി പറഞ്ഞു. നമ്മുടെ എം.സി. റോഡിലെ കാലടി പാലം, -ശ്രീ ശങ്കരാ ബ്രിഡ്ജ് എന്നറിയപ്പെടുന്ന ആ വലിയ പാലത്തിന്റെ സ്ഥിതിയെന്താണ്?

സർ, അതുപോലെ പുഴയിൽനിന്ന് അനധികൃതമായി മണൽ വാരുന്നത് നിരോധിക്കാത്തിടത്തോളംകാലം പാലങ്ങൾക്കൊക്കെ ഭീക്ഷണിയാണ്. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് നമ്മുടെ എം.സി. റോഡിലെ പാലങ്ങൾ ഉൾപ്പെടെ എല്ലാ പാലങ്ങളുടെ അടുത്തുനിന്നും മണൽ വാരൽ നിരോധിച്ച് ഈ പാലങ്ങൾ ഒന്ന് നന്നാക്കണമെന്നാണ്.

സർ, എന്റെ നിയോജകമണ്ഡലത്തിലെ ഒരുകാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ടെൻഡർ ചെയ്ത് ഈ ഗവൺമെന്റ് വന്നപ്പോൾ തുടങ്ങിയ ഒരു പാലം-ആരക്കുഴി- മൂഴി പാലം, അങ്ങ്കൂടി വന്ന് ശിലാസ്ഥാപനം നടത്തി പണി ആരംഭിച്ച പാലമാണ്. ആ പാലത്തിന്റെ സ്ഥിതിയെന്താണ്? ആ പാലം ഇന്ന് സ്തംഭനാവസ്ഥയിലാണ്. ഒരുപൈസപോലും കൊടുത്തിട്ടില്ല. വില്ലേജ് റോഡാണെന്നാണ് പറയുന്നത്. ആ പാലത്തിന്റെ പണി പൂർത്തിയാക്കാൻ അങ്ങേയ്ക്ക് കരുണയുണ്ടാകണം. അങ്ങ് കുറേയേറെ പ്രഖ്യാപനങ്ങൾ നടത്തുന്നുണ്ട്. സ്റ്റേറ്റ് ഹൈവേയുടെ പ്രഖ്യാപനം മാത്രം മതിയോ? 4000 കോടി രൂപയുടെ സ്റ്റേറ്റ് ഹൈവേയാണ് പ്രഖ്യാപിച്ചിരിക്കുന്നത്. പണം എവിടെ, സർ? പ്രഖ്യാപനത്തേക്കാൾ ഉപരി പ്രഖ്യാപിക്കുന്ന റോഡുകൾ ഏറ്റെടുത്ത് നിർമ്മിക്കുവാൻ തന്റേടം കാണിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്നും പൊതുമരാമത്ത് രംഗത്തെ പ്രവർത്തനങ്ങളിൽ ഞങ്ങളുടെയൊക്കെ കാര്യംകൂടി പരിഗണിക്കണമെന്നും മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുന്നു.

<u>ശ്രീ. ആന്റണി രാജു</u> : സർ, ഭക്ഷ്യ പൊതുവിതരണരംഗത്ത് ദൈവത്തിന്റെ നാടായ കേരളത്തെ ഒന്നാംസ്ഥാനത്ത് തുടർന്നും നിറുത്തുന്നതിനു വേണ്ടി ഭക്ഷ്യ-വിനോദസഞ്ചാര വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെയും കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ നടുവിൽ നിന്നുകൊണ്ടുപോലും പൊതുമരാമത്ത് വകുപ്പിന് പുത്തൻഉണർവ് പകർന്ന ഭാവനസമ്പന്നനായ പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. പി.ജെ. ജോസഫ് അവതരിപ്പിച്ച ധനാഭ്യർത്ഥനകളെയും ഞാൻ സന്തോഷപൂർവ്വം പിന്താങ്ങുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

[12 . Noon] സർ, കേരളത്തിന്റെ ചരിത്രത്തിൽ ഇത്രയേറെ മരാമത്തു പണികൾ നടന്ന ഒരു കാലഘട്ടം ഇതിനുമുമ്പുണ്ടായിട്ടുണ്ടോ? പ്ലാൻ ഫണ്ടിന്റെ 40 ശതമാനം താഴെത്തട്ടിലേയ്ക്ക് കൈമാറിയിട്ടുപോലും പൊതുമരാമത്ത് പണികളുടെ കാര്യത്തിൽ ഒരു കുതിച്ചുചാട്ടം നമ്മുടെ സംസ്ഥാനത്തുണ്ടായിയെന്ന് പ്രതിപക്ഷത്തിരിക്കുന്ന നിങ്ങൾക്ക് നെഞ്ചത്ത് കൈവച്ചുകൊണ്ടെങ്കിലും പറയാതിരിക്കാൻ കഴിയുമോ? പ്രതിപക്ഷത്തെ ചില അംഗങ്ങൾ പൊതുമരാമത്തു വകുപ്പിനെ വിമർശിച്ചുകൊണ്ട് ഇവിടെ സംസാരിച്ചല്ലോ. ഇവിടെ പ്രസംഗിച്ച ആളുകൾക്ക് സ്വന്തം നിയോജകമണ്ഡലത്തിൽപ്പോയി പൊതുമരാമത്തുപണികൾ നടക്കുന്നില്ലെന്ന് പറയാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുമോ? നിങ്ങളുടെ മണ്ഡലത്തിൽ പൊതുമരാമത്തുവകുപ്പിന്റെ പണികൾ വിശദീകരിച്ചുകൊണ്ടാണ് നിങ്ങൾ ഇന്ന് ഊറ്റം കൊള്ളുന്നത്. അടുത്ത തെരഞ്ഞെടുപ്പിനെ നേരിടാൻ നിങ്ങളുടെ മണ്ഡലത്തിൽ ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന പൊതുമരാമത്തുപണികൾ വിശദീകരിച്ചുകൊണ്ടായിരിക്കും നിങ്ങൾ വോട്ടർമാരെ സമീപിക്കുന്നത്. ഒന്നുമില്ലെങ്കിലും സ്വന്തം മണ്ഡലത്തിൽ നടക്കുന്ന നല്ല പൊതുമരാത്തുപ്രവർത്തനങ്ങളെക്കുറിച്ചെങ്കിലും നിങ്ങൾക്ക് പരാമർശിക്കാമായിരുന്നു. അതിനുള്ള സാമാന്യ മര്യാദപോലും കാണിച്ചില്ല. പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വിലയിരുത്തുമ്പോൾ എന്തിനാണ് ദൂരെ പോകുന്നത്? അപ്പുറത്തുനിന്നും ഇപ്പുറത്തു നിന്നും പ്രസംഗിച്ചയാളുകൾ ഇരിക്കുന്ന ഈ നിയമസഭാ മന്ദിരത്തിന്റെ പണികൾ എത്രയോ വർഷങ്ങളായി ഒച്ച് ഇഴയുന്ന വേഗതയിൽ പോയതാണ്. ഇൻഡ്യയിൽ ഇത്രയും മനോഹരമായ ഒരു നിയമസഭാ മന്ദിരം വേറെയുണ്ടോ? കേരളത്തിന്, ഇൻഡ്യയ്ക്ക് അഭിമാനമായ ഈ നിയമസഭാ മന്ദിരം സമയബന്ധിതമായി പൂർത്തിയാക്കിയപ്പോൾ ഇവിടെ കടന്നുകയറിയ നിങ്ങളെല്ലാം ആദ്യത്തെ ദിവസം പറഞ്ഞത് എന്താണ്? മനോഹരമായിരിക്കുന്നു, അത്യുഗ്രനായിരിക്കുന്നു, അപാരമായിരിക്കുന്നു എന്നൊക്കെയാണ് പറഞ്ഞത്. ബഹുമാനപ്പെട്ട മാണിസാർ പറഞ്ഞത് എക്സെലന്റ് എന്നാണ്. വിദേശ രാജ്യങ്ങളിൽ നിർമ്മിച്ചതാണോയെന്നുപോലും തോന്നത്തക്കവിധത്തിൽ മനോഹരമാണ് ഈ മന്ദിരം. പൊതുമരാമത്തു വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്താൻ ഈ നിയമസഭാ മന്ദിരം മാത്രം മതിയല്ലോ. പൊതുമരാമത്തു വകുപ്പിന്റെ മുഖമുദ്രയാണ് ഈ നിയമസഭാ മന്ദിരം.

<u>ശ്രീ. കെ. ബാബു</u> : ചോർച്ചയുണ്ട്.

<u>ശ്രീ. ആന്റണി രാജു</u> : നിങ്ങളുടെ കാലത്തെ കെട്ടിടത്തിന്റെ ചോർച്ച ഞങ്ങളാണ് അടച്ചത്. 1992-ൽ ബഹുമാനപ്പെട്ട പി.കെ.കെ. ബാവ ആദ്യം പൊതുമരാമത്തുവകുപ്പ് മന്ത്രിയായപ്പോൾ പറഞ്ഞു, 12 മാസംകൊണ്ട് ഈ മന്ദിരം പൂർത്തിയാക്കുമെന്ന്. 12 കൊല്ലംകൊണ്ട് നിങ്ങൾക്ക് പൂർത്തിയാക്കാൻ കഴിഞ്ഞോ? ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിയുടെ 1993-ലെ ബഡ്ജറ്റിൽ അദ്ദേഹം പറഞ്ഞു 20 മാസംകൊണ്ട് നിയമസഭാ മന്ദിരം പൂർത്തിയാക്കുമെന്ന്. നിങ്ങളെക്കൊണ്ട് പൂർത്തിയാക്കാൻ കഴിഞ്ഞോ? ഇത് പൂർത്തിയാക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വേണ്ടിവന്നു. ശ്രീമാൻ പി.ജെ. ജോസഫ് പൊതുമരാമത്തു വകുപ്പിന്റെ ചുമതല ഏറ്റെടുക്കേണ്ടിവന്നു. ഒച്ചിനെപ്പോലെ നീങ്ങിയ പി.ഡബ്ല്യൂ.ഡി. ജോലികൾക്ക് കലമാൻ കുതിക്കുന്നതിന്റെ വേഗത കൈവരിക്കാൻ കഴിഞ്ഞപ്പോൾ അതിനെ അഭിനന്ദിച്ചില്ലെങ്കിലും ആക്ഷേപിക്കാതിരിക്കാനുള്ള സാമാന്യ മര്യാദയെങ്കിലും പ്രതിപക്ഷം കാണിക്കണമായിരുന്നു. നിങ്ങൾക്ക് രാഷ്ട്രീയ തിമിരം ബാധിച്ചതുകൊണ്ട് ഒരുപക്ഷെ ഇതൊക്കെ കാണാതെ പോയിക്കാണും. അതിന് ഞങ്ങൾ നിങ്ങളെ കുറ്റപ്പെടുത്തുന്നില്ല. ഇങ്ങനെ സമയബന്ധിതമായി ജോലികൾ തീർക്കുന്ന ഒരു കാലഘട്ടം ഇതിനുമുമ്പ് ഉണ്ടായിട്ടുണ്ടോ? ഇവിടെ എല്ലാം രാഷ്ട്രീയമായിട്ടാണ് കാണുന്നത്. റാന്നിപ്പാലം, ഏനാത്തുപാലം, ഇതൊക്കെ ആരുടെ കാലത്താണ് പൂർത്തിയാക്കിയത്? ആഴ്ചകൾകൊണ്ട് പാലം പണി പൂർത്തിയാക്കിയ സംഭവം കേരളത്തന്റെ ചരിത്രത്തിലുണ്ടായിട്ടുണ്ടോ? പ്രകടമായ ഈ മാറ്റം കണ്ടില്ലെന്ന് നടിക്കുന്ന നിങ്ങൾക്ക് പൊതുമരാമത്തുവകുപ്പിൽ നടക്കുന്ന ദീർഘവീക്ഷണത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ കാണാൻ കഴിയണം.

LIBRARY ARCHIVES Kerala Legislative Assembly

സർ, റോഡിന്റെ അവസ്ഥയെക്കുറിച്ച് പറഞ്ഞല്ലോ. കാസർഗോഡു മുതൽ തിരുവനന്തപുരം വരെ ടാറ്റാ എസ്റ്റേറ്റ് കാറിൽ 120 കിലോമീറ്റർ സ്പീഡിൽ കേരള യാത്ര നടത്തിയ ബഹുമാനപ്പെട്ട കെ.എം. മാണിസാറിനോട് ചോദിക്കണം. അദ്ദേഹംതന്നെ ഇവിടെ വന്നപ്പോൾ പ്രസ്താവിച്ചു, വളരെ സുഗമമായി ഇവിടെ എത്തിച്ചേർന്നുവെന്ന്. കെ.എം. മണിസാറിന്റെ സർട്ടിഫിക്കറ്റിനേക്കാൾ വലിയ ഒരു സർട്ടിഫിക്കറ്റുണ്ടോ?

<u>ശ്രീ. കെ.എം. മാണി</u> : ഞാൻ ഈ യാത്രയിൽ ജനങ്ങളെ കണ്ടതുകൊണ്ട് റോഡ് നോക്കിയില്ല. ജനങ്ങളുടെകൂടെ പോരുകയാണ് ചെയ്തത്.

<u>ശ്രീ. ആന്റണി രാജു</u> : അദ്ദേഹത്തിന്റെ വാഹനത്തിന്റെ ടയർ പഞ്ചറാകാതെ, കുണ്ടിലും കുഴിയിലും വീഴാതെ, ഒരു ദിവസംപോലും വാഹനം വർക്ക്ഷാപ്പിൽ കയറ്റാതെ തിരുവനന്തപുരംവരെ എത്തിയെങ്കിൽ അതിന്റെ ക്രെഡിറ്റ് പൊതുമരാമത്തുവകുപ്പുമന്ത്രി ശ്രീ. പി.ജെ. ജോസഫിനാണ്.

സർ, ആറുവരി പാത കേരളത്തിന്റെ ചരിത്രത്തിൽ ഒരു ആറുവരിപാതു യുണ്ടായത് ആരുടെ കാലത്താണ്? ശ്രീ. ജി. കാർത്തികേയൻ തിരുവനന്തപുരം പട്ടണത്തിന്റെ വിരിമാറിലൂടെ നടന്നുപോകുന്നയാളാണ്. ആറുവരിപാത നിങ്ങൾ പ്രഖ്യാപിച്ചതാണ്. ഞങ്ങൾ നടപ്പിലാക്കി. സെക്രട്ടേറിയറ്റിന്റെ അനക്സ് കെട്ടിടത്തിന്റെ പണി എത്രയോ വർഷങ്ങളായി പൂർത്തിയാകാതെ കിടന്നു. ഈ ഗവൺമെന്റ് വന്ന് പൂർത്തിയാക്കി. മരുതൂർക്കടവ് പാലം, മരുതൻകുഴിപാലം, ഇരുമ്പപാലം, അണമുഖംപാലം നാല് പാലങ്ങൾ ഈ ഗവൺമെന്റിന്റെ കാലത്ത് തീർത്തു. 9 പാലങ്ങളുടെ പണി തുടങ്ങി പൂർത്തിയായി വരുന്നു. 1996 മുതൽ 1999 വരെയുള്ള മൂന്നുവർഷക്കാലം ചീഫ് എഞ്ചിനീയറുടെ ലാപ്സുമ്മിൽ 339 വർക്കുകളിലായി തിരുവനന്തപുരത്ത് 2121 ലക്ഷം രൂപമുടക്കി. റോഡ് റീസർഫസ്സിംഗിന് 1996 മുതൽ 99 വരെയുള്ള മൂന്നു വർഷക്കാലം 356 കിലോമീറ്റർ റോഡ് ഏഴുകോടി രൂപ മുടക്കി പൂർത്തിയാക്കി. അടുത്ത ഒരു വർഷത്തേയ്ക്ക് 143 കിലോമീറ്റർ റോഡ് 3 കോടി 84 ലക്ഷം രൂപ മുടക്കി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം നഗരത്തിലെ കാര്യം അങ്ങേക്കും അറിയാവുന്നതാണ്. ഉദാഹരണത്തിന് വെള്ളയമ്പലം - തൈക്കാട് റോഡ്. നിങ്ങളുടെ കാലത്ത് പണി നിറുത്തിവച്ചിരുന്ന ആക്കുളംപാലം ഞങ്ങൾ ഏറ്റെടുത്തു പൂർത്തിയാക്കി. സർ, അമരവിള പാലം, ശ്രീ. പി.കെ.കെ. ബാവയുടെ കാലത്ത് 1992-ൽ പണി തുടങ്ങുമെന്ന് പറഞ്ഞു. അത് തുടങ്ങാൻ ശ്രീമാൻ പി. ജെ. ജോസഫ് പൊതുമരാമത്തുവകുപ്പിന്റെ ചുമതല ഏൽക്കേണ്ടിവന്നു. കേശവദാസപുരം-പ്ളാമൂട് നാലുവരിപാതയുടെ പണി ഏതാനും നാൾകഴിയുമ്പോൾ ആരംഭിക്കുകയാണ്. പാളയം- പാറ്റൂർ നാലുവരി പാതയുടെ പണിയും ആരംഭിക്കും.

സർ, ബഹുമാനപ്പെട്ട ജോണി നെല്ലൂർ ഇവിടെ ഇല്ല. കഴിഞ്ഞ ദിവസം അദ്ദേഹം ഇവിടെ പ്രസംഗിച്ചപ്പോൾ ഡി.പി.ഐയിലെ ഏതോ ഒരു ഉദ്യോഗസ്ഥൻ ഏതോ ഒരു ദിവസം ഏതോ ഒരു വഴിവിട്ട കാര്യത്തിന്, തിരുവനന്തപുരം ഡി.ഡി.യെകൊണ്ട് ഒരു കാര്യം നടത്താൻ വിളിച്ചിരുന്ന കാര്യവും അത് നടക്കാതെ വന്നപ്പോൾ എന്നെ പഴിചാരാൻ ശ്രമിച്ചതും പറയുകയുണ്ടായി. അത് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരികയാണ്. അഴിമതിയുടെ ചെളിക്കുണ്ടിൽ വീണ് ശരീരത്തിൽനിന്നും മനസ്സിൽനിന്നും ദുർഗന്ധം വമിക്കുന്ന ആളുകൾക്ക് എന്തും ഇവിടെ പറഞ്ഞ് രക്ഷപ്പെടാമെന്നാണ് വിചാരിക്കുന്നത്. അഴിമതിയുടെ ഭാണ്ഡം പേറി നടക്കുന്നവർ ആലോചിക്കണം, ആ

LIBRARY ARCHIVES Kerala Legislative Assembly

അഴിമതിയുടെ കെട്ടുകൾ ഞങ്ങൾ തുറന്നാൽ ശ്രീ. ജോണി നെല്ലൂരിനും കൂട്ടർക്കും ഇവിടെ അധികനാൾ ഇരിക്കേണ്ടിവരികയില്ല. നിയമസഭയ്ക്കകത്തുനിന്നുകൊണ്ട് ആരെക്കുറിച്ചും എന്തും പറയാമെന്നുള്ള ഒരു ധാരണ ശ്രീ. ജോണി നെല്ലൂരിനും കൂട്ടർക്കും ഉണ്ടെങ്കിൽ ചെകുത്താന്റെ വേദം ഓതലായി മാത്രം അത് പര്യവസാനിക്കുമെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി പിന്താങ്ങുന്നു.

ശ്രീ. ബാബു ദിവാകരൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ പൊതുമരാമത്തു വകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം ഇവിടെ ബഹുമാന്യനായ ആന്റണി രാജു പറഞ്ഞവസാനിപ്പിച്ച ഒരു കാര്യമുണ്ട്. കഴിഞ്ഞ കുറേ വർഷങ്ങളായി നമ്മുടെ സംസ്ഥാനത്ത് പൊതുമരാമത്തുവകുപ്പിന്റെ പ്രവർത്തനങ്ങളിൽ വളരെയേറെ മാന്ദ്യം അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നതിൽനിന്ന് വ്യത്യസ്തമായി അതിന്റെ പ്രവർത്തനങ്ങൾ വളരെ സജീവമാക്കുന്നതിന്, വളരെയേറെ പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് അതിന്റെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന്, ഈ ഗവൺമെന്റിന് കഴിഞ്ഞുവെന്നുള്ളത് എല്ലാവരും സമ്മതിക്കുന്ന കാര്യമാണ്. അതുകൊണ്ട് നമ്മുടെ റോഡുകളുടെയെല്ലാം സ്ഥിതി വളരെ നല്ലതാണെന്ന് അതിന് അർത്ഥമില്ല. നമ്മുടെ ബഡ്ജറ്റ് വിഹിതവും നമ്മുടെ സംസ്ഥാനത്തിന്റെ ആവശ്യങ്ങളും തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ വളരെ വളരെ ഗ്യാപ്പുണ്ട്. മാത്രമല്ല, കഴിഞ്ഞ കുറേ വർഷങ്ങളായിട്ട് കോൺട്രാക്ടർമാർക്ക് കൊടുത്തുതീർക്കാനുള്ള കടം കൊടുത്തു തീർക്കുമ്പോൾ ഓരോ വർഷവും നമുക്ക് പുതിയതായി ഏറ്റെടുക്കാൻ കഴിയുന്ന വർക്കുകളുടെ പരിമിതി വളരെ വളരെ വലുതാണ്. നമ്മുടെ സംസ്ഥാനത്തിന്റെ ആവശ്യകത ഓരോനാൾ കഴിയുന്തോറും വർദ്ധിച്ചുവരികയാണ്. അതിലുപരിയായി നിലവിലുള്ള റോഡുകളുടെ നിർമ്മാണം, അതിനാവശ്യമായ സ്ഥലത്തിന്റെ അക്വിസിഷൻ ഇവയൊക്കെ നമ്മുടെ ബഡ്ജറ്റിന്റെ പരിമിതിക്കുള്ളിൽനിന്ന് നടക്കാത്ത ഒരു സാഹചര്യം വന്നിട്ടുണ്ട്. ഇത് മാറണം. മുമ്പ് ഇവിടെ ബ്രിഡ്ജസ് കോർപ്പറേഷൻ ഉണ്ടാക്കുന്നതിനെകുറിച്ച് പറഞ്ഞു. നമുക്ക് ഇപ്പോൾ മറ്റു ഫണ്ടിംഗ് ഏജൻസികളിൽനിന്ന് രണ്ടായിരത്തോളം കോടി രൂപ കടമെടുത്ത് നമ്മുടെ ബൃഹത്തായ പദ്ധതികൾ നടപ്പിലാക്കണം. ഇപ്പോൾ ഇതിനാവശ്യമായ ഒരു പദ്ധതിക്ക് രൂപം നൽകാൻ കഴിഞ്ഞിട്ടുണ്ട്. അതോടൊപ്പംതന്നെ നമ്മുടെ സംസ്ഥാനത്തിന്റെ കാലാവസ്ഥ, നമ്മുടെ റോഡുകളുടെ സ്ഥിതി എന്നിവയെ സംബന്ധിച്ച് വളരെയേറെ ഗവേഷണം ആവശ്യമാണ്. റോഡ് കോൺഗ്രസ് നടത്തുന്നുണ്ടെങ്കിലും നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേകതകൾമാത്രം കണക്കിലെടുത്തുകൊണ്ട് നമ്മുടെ റോഡുകളുടെ പരിരക്ഷയ്ക്കാവശ്യമായ ഒരു സംവിധാനം വേണം. നമുക്ക് ഒരു വർഷത്തിൽ ഏഴെട്ടുമാസം മഴക്കാലമാണ്. ഇങ്ങനെ നിരന്തരമായി മഴ പെയ്തുകൊണ്ടിരിക്കുമ്പോൾ നമ്മുടെ ഇപ്പോഴത്തെ റോഡിന്റെ ക്വാളിറ്റിയും അതിന്റെ ലൈഫും നമുക്ക് നിലനിറുത്താൻ കഴിയുന്നില്ല. രണ്ടോ മൂന്നോ വർഷത്തിൽ കൂടുതൽ റോഡിന്റെ സർഫസ് നിലനിൽക്കുകയില്ല. അതിന് കഴിയണമെങ്കിൽ ആ രംഗത്ത് നമ്മുടെ സംസ്ഥാനത്തിന്റെ റോഡിന്റേതായ ടെക്നോളജി ഡെവലപ്പ് ചെയ്യണം. ആ ടെക്നോളജി ഡെവലപ്പ് ചെയ്യുന്നതോടൊപ്പംതന്നെ നമ്മുടെ സംസ്ഥാനത്തിലെ റോഡുകളുടെ കോസ്റ്റ് വർദ്ധിച്ചുവരികയാണ്. റോഡ് നിർമ്മാണത്തിനാവശ്യമായ തുക അതിനേക്കാൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ആ രംഗത്ത് സാധനസാമഗ്രികൾക്കുണ്ടായ വില വർധനവ്, സ്ഥലത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

വില വർദ്ധനവ് ഇതൊക്കെ നടക്കുമ്പോൾ നമുക്ക് ലഭ്യമായ തുക വച്ചു കൊണ്ട് പി.ഡബ്ല്യൂ.ഡി റോഡിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുകയെന്നു പറയുന്നത് അസാധ്യമായിത്തീരുകയാണ്. അവിടെയാണ് ബഹുമാനപ്പെട്ട ശ്രീ.പി.ജെ. ജോസഫ് വളരെ ഭാവനാസമ്പന്നമായ, ബൃഹത്തായ പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുള്ളത്. ആ പദ്ധതികൾ നമ്മുടെയെല്ലാം കൂട്ടായ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കണം. ഇവിടെ ആരംഭത്തിലെ പറഞ്ഞു ആലപ്പുഴയിൽനിന്നും ചേർത്തല വരെയുള്ള റോഡ്. അതുപോലെ നമ്മുടെ സംസ്ഥാനത്തെ മുഴുവൻ റോഡുകളും ഹൈവേകളാക്കി മാറ്റാൻ കഴിയണം. അങ്ങനെ കഴിയുമെന്നുണ്ടെങ്കിൽ നമ്മൾ ഇവിടെ വന്നിരുന്ന് ശ്രീ. പി.ജെ. ജോസഫിന്റെ പ്രവർത്തനങ്ങളുടെ കുഴപ്പം കൊണ്ടാണ് ഇതെല്ലാം എന്നുപറഞ്ഞാൽ ആർക്കാണ് ഇതെല്ലാം ബോധ്യമാകാത്തത്. ഇതെല്ലാം രാഷ്ട്രീയമായി കണ്ടുകൊണ്ട് കുറ്റം പറയുന്നതിനുവേണ്ടി കുറ്റം പറയാതെ അതിന്റെ യാഥാർത്ഥ്യബോധം ഉൾക്കൊണ്ടുകൊണ്ട് നമ്മുടെ കൂട്ടായ പരിശ്രമത്തിലൂടെ ഈ സംസ്ഥാനത്തിന്റെ വികസനം സാദ്ധ്യമാക്കാനാകണം. ടൂറിസം വികസനത്തിന് അനുപേക്ഷണമായിട്ടുള്ളതാണ് റോഡുകൾ. നമ്മുടെ സംസ്ഥാനത്ത് ടൂറിസം വികസിക്കണമെങ്കിൽ നമ്മുടെ റോഡുകൾ നന്നാകണം. റോഡുകൾ നന്നായാലേ നമ്മുടെ സംസ്ഥാനത്ത് ടൂറിസം നന്നാകുകയുള്ളൂ. റോഡുകൾ നന്നാകാതെ നമ്മുടെ സംസ്ഥാനത്ത് ടൂറിസം വളരാൻ പോകുന്നില്ല. ഇവിടെ ശ്രീ. ജോണി നെല്ലൂർ സംസാരിച്ചപ്പോൾ ചോദിച്ചു പദ്ധതികൾ എന്ത് പ്രഖ്യാപിച്ചുവെന്ന്. ഒരു മാജിക് വടികൊണ്ട് വീശുമ്പോൾ ഉണ്ടാകുന്നതല്ല ഈ പദ്ധതികളൊക്കെ. ഇവിടെ അതിന്റേതായ സമയമെടുക്കും. ടൂറിസത്തിന് നമുക്ക് കുറച്ചുകൂടി പണം ലഭ്യമാക്കണം. ആ രംഗത്തുള്ള നമ്മുടെ എല്ലാ ഉദ്യോഗസ്ഥന്മാരുടെയും പ്രവർത്തനം ക്രോഡീകരിച്ചുകൊണ്ട് രണ്ടോ മൂന്നോ വർഷം കഴിയുമ്പോൾ നമ്മുടെ സംസ്ഥാനത്തെ ടൂറിസം വികസനരംഗത്ത് ഉണ്ടാകാൻ പോകുന്ന വമ്പിച്ച മാറ്റങ്ങൾക്ക് നാന്ദി കുറിക്കാൻ കഴിയാനുതകുന്ന പ്രവർത്തനങ്ങളുമായാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. എല്ലാം പൂർത്തിയായിയെന്നൊന്നും ഈ ഗവൺമെന്റ് അവകാശപ്പെടുന്നില്ല. വളരെ ദീർഘവീക്ഷണത്തോടുകൂടി, വളരെയേറെ അവഗണിച്ചിരുന്ന ആ മേഖലയുടെ വികസന സാധ്യതയെ സംബന്ധിച്ച് പരിശോധിച്ച് ആ രംഗത്ത് പുതിയ ഉന്മേഷവും ഉണർവും നൽകി വ്യക്തമായ കാഴ്ചപ്പാടോടുകൂടി ഒരു പുതിയ കാൽവയ്പ് നടത്താൻ നമുക്കു കഴിഞ്ഞു. അത് നമ്മുടെയെല്ലാം സഹകരണത്തോടുകൂടി പൂർത്തിയാക്കാൻ കഴിയണം. ആ രംഗത്ത് ബഹുമാനപ്പെട്ട മന്ത്രിയോട് ഒന്ന് രണ്ട് കാര്യങ്ങൾ എനിക്ക് ചൂണ്ടികാണിക്കാനുണ്ട്. നമ്മുടെ അഷ്ടമുടികായൽ ലോകത്ത് തന്നെ അപൂർവ്വമായി ലഭ്യമാകുന്ന ഒരു വലിയ ജലാശയമാണ്. വാട്ടർ സ്പോർട്സ് വികസനം ഏറ്റവും കൂടുതൽ സാധ്യതകളുള്ള ഒരു പ്രദേശമാണ്. അങ്ങ് ഇക്കാര്യത്തിൽ വളരെ കൂടുതൽ അറിയാവുന്ന ആളാണ്. ഇതിനെക്കുറിച്ച് മനസ്സിലാക്കിയിട്ടുള്ള ആളാണ്. അക്കാര്യത്തിൽ ഊന്നൽ നൽകാൻ തീർച്ചയായിട്ടും ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം. അതുപോലെ നമ്മുടെ ആയുർവേദവുമായിട്ട് ബന്ധപ്പെട്ട് അതിനുള്ള സാധ്യതകൾ, ലോകത്തെ ഏതു രാജ്യത്തെയും ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയുന്ന ഒന്നാണ് ആയുർവേദവുമായിട്ട് ബന്ധപ്പെട്ടുള്ള ഹെൽത്ത് ടൂറിസം. അതിന് നമുക്കുള്ള സാധ്യതകൾ, അത് ഇന്ന് പലരും വികൃതമാക്കി, നമ്മുടെ ആ മേഖലയിലുള്ള സാധ്യതകൾക്ക് മങ്ങൽ ഏൽപ്പിക്കത്തക്കനിലയിൽ ചില പ്രവർത്തനങ്ങൾ വന്നിട്ടുണ്ട്. പക്ഷെ ഗവൺമെന്റുതന്നെ നേരിട്ട് ഇക്കാര്യ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ ശ്രദ്ധ പതിപ്പിക്കാനും നമ്മുടെ ഹെൽത്ത് ടൂറിസത്തിനുള്ള സാധ്യതകൾ, വാട്ടർ സ്പോർട്ട്സിനുള്ള സാധ്യതകൾ പരിശോധിച്ച് നമ്മൾ ഇപ്പോൾ തയാറാക്കിയിട്ടുള്ള നമ്മുടെ സംസ്ഥാനത്തെ എല്ലാ ഭാഗത്തേയും ടൂറിസ്റ്റുക്കളെ ആകർഷിക്കാൻ കഴിയുന്ന നിലയിൽ, അന്താരാഷ്ട്ര ടൂറിസ്റ്റുകളെയും ദേശീയ ടൂറിസ്റ്റുകളെയും സംസ്ഥാനത്തെ ടൂറിസ്റ്റുകളെയും ആകർഷിക്കാൻ കഴിയുന്ന രീതിയിലുള്ള ഒരു പ്രത്യേകമായ പദ്ധതി ആസൂത്രിതമായി നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. ഒന്നുരണ്ടു വർഷം കൊണ്ട് അതിന്റെ ഫലം നമ്മുടെ സംസ്ഥാനത്ത് അനുഭവപ്പെട്ടുതുടങ്ങും. അങ്ങനെ ഭാവനാപൂർണ്ണമായ പരിപാടികളുമായിട്ട് മുന്നോട്ടുപോകുന്ന ഈ വകുപ്പിന്റെ ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽകൂടി പിന്താങ്ങുന്നു.

<u>ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്</u> : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്, പൊതുമരാമത്തുവകുപ്പ് കഴിഞ്ഞ 3 വർഷത്തിനിടയിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പിലാക്കിവരികയാണ്. ഹൈവേകൾ വിപുലപ്പെടുത്താനും പുതിയത് നിർമ്മിക്കാനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. പൊതുമരാമത്തുവകുപ്പിനെക്കാൾ കൂടുതൽ റോഡുകൾ ഇപ്പോൾ ത്രിതല പഞ്ചായത്തുകൾക്കാണ് ഉള്ളത്. വളരെ ദൈർഘ്യമുള്ള റോഡുകൾ ജില്ലാ പഞ്ചായത്തുകളുടെ കീഴിലാണ് ഇപ്പോഴുള്ളത്. എന്നാൽ പശ്ചാത്തലമേഖലയിൽനിന്നും 30% മാത്രം റോഡുകൾക്ക് നൽകാൻ പാടുള്ളൂവെന്ന ഒരു നിബന്ധന ത്രിതല പഞ്ചായത്തുകൾക്ക് ഗവൺമെന്റ് നൽകിയതിന്റെ ഫലമായി ദീർഘദൂരമുള്ള റോഡുകൾ നിർമ്മിക്കാൻ അവർക്ക് സാധിക്കുന്നില്ല. കേരളത്തിലെ ഒ.ഡി. റോഡുകൾ എം.ഡി. ആർ. ആക്കി മാറ്റണം. അതിവേഗം വർദ്ധിച്ചുവരുന്ന വാഹനഗതാഗതത്തിനാവശ്യമായ രീതിയിൽ നമ്മുടെ ഹൈവേകളുടെ വീതി കൂട്ടുകയും റോഡുകൾ ശക്തിപ്പെടുത്തുകയും വേണം, കൂടുതൽ എക്സ്പ്രസ് റോഡുകൾ നമുക്കുണ്ടാക്കണം. റോഡുകളുടെ സംരക്ഷണത്തിനുവേണ്ടി പഴയ കാലത്തുണ്ടായിരുന്ന എൻ.എം. ആർ. സമ്പ്രദായം ഉണ്ടാക്കുകയാണെങ്കിൽ റോഡുകളെ സംരക്ഷിക്കാൻ സാധിക്കും. അതിന് മുൻകൈ എടുക്കണം. അതുപോലെ തലശ്ശേരി- സുൽത്താൻബത്തേരി പുതിയ സ്റ്റേറ്റ് ഹൈവേ ആയിട്ട് പ്രഖ്യാപിക്കണം. അതുപോലെ എന്റെ നിയോജകമണ്ഡലത്തിലുള്ള ചൊവ്വ- മട്ടന്നൂർ ചെറിയ പ്രദേശം ഹൈവേയായിട്ട് അംഗീകരിക്കുന്നില്ല. അവിടെ രണ്ട് അറ്റവും കണ്ണൂർ ഹൈവേയും അതുപോലെ മട്ടന്നൂർ ഭാഗവും ഹൈവേയാണ്. ബാക്കിയുള്ള ഭാഗം ഹൈവേയായിട്ട് ഗവൺമെന്റ് പ്രഖ്യാപിക്കണം. അതുപോലെ ഭരണാനുമതി ലഭിച്ച പല വർക്കുകൾക്കും ബഡ്ജറ്റിൽ 20% തുകയില്ലാത്തതുകൊണ്ട് അതിന്റെ വർക്കുകൾ നടക്കുന്നില്ല, ടെണ്ടർ ചെയ്യപ്പെടുന്നില്ല. അതുകൊണ്ട് ഒന്നുകിൽ ഈ 20% എന്ന നിർദ്ദേശം പിൻവലിക്കുകയോ അല്ലെങ്കിൽ ധനകാര്യവകുപ്പ് കൂടുതൽ തുക പി.ഡബ്ല്യു.ഡി.ക്ക് മാറ്റുകയോ ചെയ്ത് ഇങ്ങനെ എസ്റ്റിമേറ്റിന്റെ 20% തുകയില്ലാത്ത ഭരണാനുമതി ലഭിച്ചിട്ടുള്ള റോഡുകൾ ടെൻഡർ ചെയ്യാനുള്ള സംവിധാനമുണ്ടാക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ കേരളത്തിലെ വിനോദസഞ്ചാരമേഖല അതിവേഗം വികസിച്ചുകൊണ്ടിരിക്കുകയാണ്. അന്താരാഷ്ട്ര ടൂറിസ്റ്റ് ഭൂപടത്തിൽ കേരളത്തിന് നിർണായകമായ പങ്കാണ് ഇപ്പോഴുള്ളത്. അതിന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. എന്നാൽ കേരളത്തിന്റെ സാംസ്കാരിക തനിമ അപകടത്തിലാക്കുന്ന ടൂറിസം വികസനം നമുക്ക് അഭികാമ്യമല്ല. ഹോം സ്റ്റേ അക്കോമഡേ

LIBRARY ARCHIVES Kerala Legislative Assembly

ഷൻ പോലുള്ള ടൂറിസം പദ്ധതികൾ നമ്മുടെ സംസ്കാരം തകർക്കുമെന്നുമാത്രമല്ല പാശ്ചാത്യസംസ്കാരത്തിന്റെ വൈകൃതങ്ങൾ നമ്മുടെ കേരളത്തിൽ കടന്നുവരും. അതുകൊണ്ട് അത്തരത്തിലുള്ള ടൂറിസം പദ്ധതികൾ കേരളത്തിനാവശ്യമില്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുപോലെ തകർന്നുപോയ നമ്മുടെ പൊതുവിതരണ ശൃംഖല. കഴിഞ്ഞഗവൺമെന്റിന്റെ കാലത്ത് പൊതുവിതരണശൃംഖല തകർന്ന അവസ്ഥയിൽ ആയിരുന്നു. ഈ സർക്കാരിന് അത് ശക്തിപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. റേഷൻ സാധനങ്ങളുടെ ഉപയോഗത്തിൽ ഗണ്യമായ വർധനവുണ്ട്. മാവേലിസ്റ്റോറുകളുടെ കീഴിലുള്ള വിറ്റുവരവ് മുൻവർഷത്തെ അപേക്ഷിച്ച് ഇവിടെ ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. അതുപോലെതന്നെ എല്ലാ പഞ്ചായത്തുകളിലും മാവേലിസ്റ്റോറുകൾ തുടങ്ങാൻ ഗവൺമെന്റ് തീരുമാനിച്ചുവെങ്കിലും ഇപ്പോൾ ഒരു പഞ്ചായത്തിൽ മാത്രമാണ് മാവേലി സ്റ്റോർ അനുവദിച്ചിട്ടുള്ളത്. അതുകൊണ്ട് എല്ലാ പഞ്ചായത്തുകളിലേക്കും മാവേലി സ്റ്റോറുകൾ അനുവദിച്ചുകൊണ്ട് പൊതുവിതരണശൃംഖല ശക്തിപ്പെടുത്താൻ ഗവൺമെന്റ് നടപടികളെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പൊതുമരാമത്തും, ഭക്ഷ്യവകുപ്പും ടൂറിസവുമെല്ലാം ബഹുമാനപ്പെട്ട രണ്ടുമന്ത്രിമാർ അവരുടെ കഴിവുകൾ വിനിയോഗിച്ചുകൊണ്ട് കേരളത്തിൽ നൂതനമായ പദ്ധതികളും പ്രവർത്തനങ്ങളും കാഴ്ചവച്ചുകൊണ്ട് മുന്നോട്ടുപോവുകയാണ്. ഈ കാര്യങ്ങൾ കണ്ടില്ലെന്നുനടിക്കാൻ നമുക്കാർക്കും സാധ്യമല്ല. കൂടുതൽ പദ്ധതികളാവിഷ്കരിച്ചുകൊണ്ട് ഈ രംഗത്ത് വിജയം വരിക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽകൂടി പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. ടി. നാണുമാസ്റ്റർ</u> : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. നമ്മുടെ സംസ്ഥാനത്ത് ജനങ്ങളെ വിലക്കയറ്റത്തിന്റെ കെടുതിയിൽനിന്ന് രക്ഷിക്കാനുള്ള നടപടികളുമായിട്ടാണ് നമ്മുടെ ഗവൺമെന്റും സിവിൽ സപ്ലൈസ് വകുപ്പുമൊക്കെ മുന്നേറുന്നത്. മാത്രമല്ല അഖിലേന്ത്യാടിസ്ഥാനത്തിൽ കേരളത്തിലെ സിവിൽ സപ്ലൈസ് കോർപ്പറേഷനെ മറ്റു സംസ്ഥാന ഗവൺമെന്റുകൾ പ്രശംസിച്ചിട്ടുള്ള ചരിത്രം ഓർക്കുന്നില്ലേ? വിലക്കയറ്റംകൊണ്ട് പൊറുതിമുട്ടുന്ന ആളുകൾ അപ്പുറത്ത് ഇപ്പോഴുമുണ്ട്. അത് പരിശോധിക്കേണ്ടതാണ്. ഇന്ത്യയിലെ മുഴുവൻ സംസ്ഥാനങ്ങളും കേന്ദ്ര ഗവൺമെന്റും കേരളത്തിലെ ഇടതുപക്ഷ മുന്നണിയും അതിന്റെ ഭക്ഷ്യവകുപ്പു മന്ത്രിയെ പ്രശംസിച്ച പച്ചയായ അനുഭവം നമ്മുടെ കൺമുമ്പിലുള്ളപ്പോൾ വിലകയറ്റംകൊണ്ട് പൊറുതിമുട്ടുന്നുവെന്നുപറഞ്ഞാൽ അത് പരിശോധിക്കേണ്ടതാണ്. ഞാൻ കൂടുതലായി ആ കാര്യത്തെക്കുറിച്ച് പറയുന്നില്ല. പക്ഷെ, ഈ ഓണക്കാലത്തിനു മുമ്പുതന്നെ അവശേഷിക്കുന്ന പഞ്ചായത്തുകളിൽകൂടി മാവേലിസ്റ്റോറുകൾ നമ്മൾ തുടങ്ങേണ്ടേ സാർ? തുടങ്ങുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതുപോലെ ടൂറിസം വകുപ്പിനെ സംബന്ധിച്ച്. ടൂറിസം നമ്മുടെ പ്രധാനപ്പെട്ട ഒരു വകുപ്പും വരുമാനമാർഗ്ഗവുമാണ്. അനവധി വിദേശികളെ ആകർഷിക്കുന്നു. ആരംഗത്ത് ടൂറിസം നാം വികസിപ്പിച്ചെടുക്കുമ്പോൾ അവികസിത മാർഗ്ഗങ്ങൾ കണ്ടെത്തി സർവ്വേ നടത്തി പുതിയ സെന്ററുകൾ കണ്ടുപിടിക്കുന്നതിന് നമ്മുടെ ഉദ്യോഗസ്ഥന്മാർ തയാറാകണം. ഏഷ്യയിൽത്തന്നെ ശുദ്ധജലതടാകമായിട്ടുള്ള ശാസ്താംകോട്ട കായൽ അങ്ങനെ തുടങ്ങിയിട്ടുണ്ട്. എന്തുചെയ്യും? ഗവൺമെന്റിനുവേണ്ടി ഈ കാര്യങ്ങൾ നടപ്പാക്കുന്ന ഉദ്യോഗസ്ഥന്മാരുടെ ജോലി എന്താണ്? പുതിയ പുതിയ ടൂറിസം സെന്ററുകൾ ആവിഷ്കരിച്ച് പുതുമയുണ്ടാക്കാൻ നാം കുറച്ചുകൂടി വേഗത

LIBRARY ARCHIVES Kerala Legislative Assembly

യിൽ നീങ്ങണമെന്നാണ് അതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്. ആ രംഗത്ത് നമ്മൾ നടപ്പാക്കുന്ന പരിപാടികളെപറ്റി പ്രശംസകളല്ലാതെ ആർക്കും ആക്ഷേപം പറയാൻ ഒന്നുമില്ല. അതുപോലെ പൊതുമരാമത്തുവകുപ്പിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ പൊതുമരാമത്ത് വകുപ്പിൽ പുതുമകലർന്ന പ്രവർത്തനങ്ങളുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നുണ്ടെന്ന് അപ്പുറത്തെ സ്നേഹിതന്മാരുടെ ചർച്ചയിൽനിന്നും വ്യക്തമായില്ലേ. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തൊക്കെ പൊതുമരാമത്തുവകുപ്പിനെപ്പറ്റി നിയമസഭയിൽ ചർച്ച വരുന്ന അവസരത്തിലുള്ള സ്വരവും ശൈലിയുമൊക്കെ ഇപ്പോഴുണ്ടോ? ഇല്ല. വളരെ പ്രധാനപ്പെട്ട വർക്കുകൾ പ്രയോറിറ്റി നിശ്ചയിച്ച് സമയബന്ധിതമായി നടപ്പാക്കി ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നു ഇവിടെ വകുപ്പുമന്ത്രി ഭാവനാസമ്പന്നനാണ്. ആശയനിപുണനാണ്. ഇതൊക്കെ പറയുമ്പോൾതന്നെ സദാസമയവും നർമ്മരസവും പാട്ടുംപാടി അങ്ങനെ നടക്കുമ്പോൾപോലും കരിങ്കല്ല്, കമ്പി, മണൽ, സിമന്റ് തുടങ്ങിയ കടുകട്ടിയായ പദാർത്ഥങ്ങളുപയോഗിച്ചുകൊണ്ട് പൊതുമരാമത്തുവകുപ്പ് ലാളിത്യത്തിലൂടെ മുന്നോട്ടുനീങ്ങുന്നുണ്ട്. അതിനെ നാം കാണേണ്ടതാണ്. കലാസാംസ്കാരിക രംഗംപോലെതന്നെ കടുകട്ടിയായ പൊതുമരാമത്ത് മെറ്റീരിയൽസ് ഉപയോഗിച്ച് കലാപരമായി നീങ്ങാൻ കഴിയുന്ന ഒരനുഭവം എത്ര സന്തോഷകരമാണ്. പക്ഷെ നമുക്ക് ഈ രംഗത്ത് കുറച്ചുകൂടി പുതുമ കലർന്ന ചില ശൈലികൾ നടപ്പാക്കേണ്ടതുണ്ട്. ഉദാഹരണം റോഡിനെ സംബന്ധിച്ച് പരിശോധിക്കുമ്പോൾ സ്വാഭാവികമായും പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ പഴയകാലത്തെപ്പോലെ കാളിറ്റി നിലനിർത്താൻ കഴിയുന്നില്ല. റോഡിൽകൂടി സഞ്ചരിക്കുമ്പോൾ നമുക്കറിയാം പഴയകാലത്തിൽനിന്നും വ്യത്യസ്തമായി സമീപപുരയിടത്തിലുള്ള ആളുകൾ, വസ്തു ഉടമസ്ഥർ മതിൽകെട്ടി അവരുടെ കോമ്പൗണ്ട് സംരക്ഷിക്കുമ്പോൾ റോഡിൽ വെള്ളം കെട്ടിനിൽക്കുന്നു. കേരളത്തിലുള്ള ഇപ്പോഴത്തെ പ്രത്യേകത, അസ്ഥാനത്തുപോലും മഴവരുന്നു. ഏപ്രിൽ മാസംതന്നെ മഴ അപ്രതീക്ഷിതമായി വരികയാണ്. അതിന്റെ ജോലി തീർത്തുപോകാൻ. അതിന്റെ ഫലമായി അനവധി റോഡുകൾ നഷ്ടപെടുന്നുണ്ട്. വെള്ളം കെട്ടിനിൽക്കുന്നു. ഒഴുകിപോകാൻ ഇടമില്ല. അതിന് എന്താണ് മാർഗ്ഗം? പുതിയ ടെക്നോളജി സ്വീകരിക്കണമെന്നൊക്കെ ഇവിടെ ചിലർ അഭിപ്രായം പറഞ്ഞുവെങ്കിലും അതുകൊണ്ട് പരിഹാരമാകുമെന്ന് തോന്നുന്നില്ല. ഈ കാര്യങ്ങൾ നമ്മുടെ സംസ്ഥാനത്തുടനീളം കാണുന്നതാണ്. ഒരു പുതിയ നിയമനിർമ്മാണം ഈ രംഗത്ത് ആവശ്യമില്ലേ? അതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കേണ്ടതാണ് എന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ എനിക്ക് കൊണ്ടുവരാനുള്ളത്. ആവശ്യമെങ്കിൽ ഒരു നിയമനിർമ്മാണനടപടി പുതുതായി കൊണ്ടുവന്ന് റോഡുസംരക്ഷണ നടപടികൾ കുറേകൂടി ശക്തിപ്പെടുത്താൻ നമുക്ക് കഴിയണം. ആ കാര്യത്തിൽ വീഴ്ച വരുത്തരുത്. അടിയന്തിരമായി പരിഹരിക്കേണ്ടതാണ്. അതുപോലെതന്നെ റോഡ് നിർമ്മിക്കുമ്പോൾ ഇന്നുകണ്ടുവരുന്ന വലിയ ന്യൂനത ഇവിടെ നിരവധി നിയമങ്ങളുണ്ട്, നിയമവിധേയമായിതന്നെ ടെൻഡർ ചെയ്യുന്നു. കരാറുകളെടുക്കുന്നു, മെറ്റീരിയൽസ് സപ്ളൈ ചെയ്യുന്നു. അതിന്റെ സൈറ്റ് കൈമാറ്റം മുതൽ എഗ്രിമെന്റ് വയ്ക്കുന്നിടംവരെ അതിന്റെ ഫോം പിരീഡ് പോകുന്നു. അപ്പോൾ ആ തുകയ്ക്ക് വർക്ക് തീരാതെ പോകുന്നു. തുടർന്ന് ധാരാളം കുഴപ്പങ്ങളുണ്ടാകുന്നു. അതുകൊണ്ട് എടുക്കുന്ന വർക്കുകൾ സമയബന്ധിതമായി, ക്വാളിറ്റേറ്റീവായി ചെയ്യാനുള്ള നിർബന്ധപൂർണ്ണമായ മേൽനോട്ടം നമ്മുടെ ഉദ്യോഗസ്ഥ

LIBRARY ARCHIVES Kerala Legislative Assembly

ത്രാ നടത്തണം ഇക്കാര്യം നാം ഗൗരവമായി കണക്കിലെടുക്കണം. റോഡുകളുടെ കാര്യത്തിൽ ഈ വിധത്തിലുള്ള കാഴ്ചപ്പാട് സ്വീകരിക്കുന്നത് നല്ലതാണ്. കരാറുകാരെ സംബന്ധിച്ചിടത്തോളം ചില പാലങ്ങൾക്കൊക്കെ പ്രശ്നങ്ങൾവരുമ്പോൾ ആ സ്ഥലത്തെ എം.എൽ.എ.യെ കുറ്റപ്പെടുത്താറുണ്ട്. ഗവൺമെന്റിനെ ആവശ്യമില്ലാതെ വിമർശിക്കാറുണ്ട്. ഗവൺമെന്റ് ആവശ്യത്തിന് പണം കൊടുക്കുന്നു. പക്ഷെ ഈ കാര്യങ്ങളൊക്കെ വരുമ്പോൾ കരാറുകാരുടെ പ്രശ്നങ്ങൾ ഉണ്ട്. അവരുടെ പ്രശ്നങ്ങൾ ഗൗരവമേറിയതുതന്നെയാണ്. അത് മനസ്സിലാക്കിതന്നെ കഴിഞ്ഞ മുന്നുവർഷകാലത്തിനിടയിൽ അവ പരിഹരിക്കുന്നതിന് ഈ ഗവൺമെന്റ് മുന്നോട്ടുവന്നിട്ടുണ്ട്. കുറേയൊക്കെ പരിഹരിച്ചിട്ടുമുണ്ട്. അപ്പോൾ കരാറുകാരുടെ അവശതകൾ പരിഹരിക്കാനും യഥാസമയം വർക്ക് പൂർത്തികരിക്കാനുമുള്ള നടപടികൾ ശക്തിപ്പെടുത്തണം പാലങ്ങളെ സംബന്ധിച്ച് പറയുകയാണെങ്കിൽ നൂറ്റാണ്ടുകൾ പഴക്കമുള്ള പാലങ്ങൾ കേരളത്തിലുണ്ട്. 200- ലേറെ വർഷം പഴക്കമുള്ള പാലങ്ങളുണ്ട് ബ്രിട്ടീഷുകാർ പണിത 200- ലേറെ വർഷം പഴക്കമുള്ള പാലങ്ങളുമുണ്ട്. അതെല്ലാം പുതുക്കി പണിതുകൊണ്ടിരിക്കുകയാണ്. സാമ്പത്തികമായി വളരെ ഞെരുക്കമുണ്ടെങ്കിലും ഈ പാലങ്ങളുടെ പണിയെല്ലാം സമയബന്ധിതമായി പൂർത്തികരിക്കാൻ ശ്രദ്ധിക്കണം. അതുപോലെ പഴയതും ജീർണിച്ചതും വിപുലപ്പെടുത്തുവാനും ശക്തിപ്പെടുത്താനും അറ്റകുറ്റപണികൾ തീർക്കുവാനും എല്ലാംകൂടി പുതിയ സ്കീം തയാറാക്കുന്നകാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. അതിനു മുമ്പ് പഴയ പാലങ്ങളുടെതന്നെ ഒരു ലിസ്റ്റ് തയാറാക്കി അവയെല്ലാം മുൻഗണനാക്രമത്തിൽ തരംതിരിച്ച് വളരെ വേഗം സമയബന്ധിതമായി പൂർത്തീകരിക്കാൻ കൂടിയുള്ള ഒരു സ്കീം തയ്യാറാക്കി മുന്നോട്ടുപോകണം. ഈ രംഗത്തെ പ്രത്യേകത കോർപ്പറേഷനെ ഏൽപ്പിച്ചുവെന്നുള്ളതാണ്. അതൊരു നല്ല നടപടിയാണ്. എന്തായാലും മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായ അനുഭവമുള്ള ഈ നാട്ടിലെ, ഈ സംസ്ഥാനത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകുന്ന പൊതുമരാമത്തു വകുപ്പുമന്ത്രിയെയും സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയെയും അഭിനന്ദിച്ചുകൊണ്ട് ഈ ഗവൺമെന്റിനുവേണ്ടി ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. പൊതുമരാമത്ത് വകുപ്പ് ചാലക്കുടി മേഖലയെ കാർഗിൽ മേഖലയാക്കി മാറ്റിയിരിക്കുകയാണ്. നാഷണൽ ഹൈവേയിലെ ചാലക്കുടി പാലത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയതോടെ ബദൽ റൂട്ടുകളിൽ നിരവധി കണ്ടെയിനറുകളും ട്രെയ്ലറുകളും ടാങ്കർ ലോറികളും നിരന്നുകിടക്കുകയാണ്. നൂറുകണക്കിന് വാഹനങ്ങളാണ് വഴിയിൽ കിടക്കുന്നത്. 5 നിയോജകമണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റോഡുകൾ തകർന്നിരിക്കുകയാണ്. വാഹനതിരക്കുമൂലം കാൽനടയാത്രക്കാർക്ക് വഴിനടക്കാൻപോലും സാധിക്കുന്നില്ല. സ്കൂൾ കുട്ടികളാണ് ഏറ്റവും കൂടുതൽ കഷ്ടപ്പെടുന്നത്. ഇരുചക്രവാഹനങ്ങൾ നിരത്തിലിറങ്ങുന്നില്ല. ബസ്സുകൾ സമയത്തിന് ഓടുന്നില്ല. നൂറു കണക്കിന് ഇലക്ട്രിക് പോസ്റ്റുകളും ടെലഫോൺ പോസ്റ്റുകളും ഒടിഞ്ഞുവീണതുമൂലം വൈദ്യുതിയും വാർത്താവിനിമയവും സ്തംഭിച്ചിരിക്കുകയാണ്. ഇരുനൂറിലേറെ പോലീസുകാരാണ് വെയിലും മഴയുംകൊണ്ട് രാത്രിയും പകലും പെരുവഴിയിൽ കഷ്ടപ്പെടുന്നത്. സർ, കോടിക്കണക്കിന് രൂപയുടെ ദേശീയ നഷ്ടമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. കൊച്ചി തുറമു

LIBRARY ARCHIVES Kerala Legislative Assembly

ഖത്തേയ്ക്കു വരേണ്ടതായ കണ്ടെയിനറെല്ലാം തൃത്തുക്കുടിക്ക് വഴിമാറിത്തു ടങ്ങി. ഇനിയൊരിക്കലും അവ തിരിച്ചു വരുകയില്ല. ഇതുമൂലം തുറമുഖത്തിന് കോടിക്കണക്കിന് രൂപയുടെ നഷ്ടമാണുണ്ടായിട്ടുള്ളത്. ആയിരക്കണക്കിന് തൊഴിലാളികൾ പട്ടിണിയിലാണ്. നാട്ടിൽ പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് ക്ഷാമം അനുഭവപ്പെട്ടുതുടങ്ങി. കേന്ദ്രത്തിന്റെ അനുവാദം കൂടാതെയാണ് ചാലക്കുടി പാലത്തിലൂടെയുള്ള ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയെന്ന ആക്ഷേപമുണ്ട്. ആരുടെയോ കറുത്ത കൈകൾ ഇതിന്റെ പുറകിലുണ്ട്. ****

ചാലക്കുടി പാലത്തിന്റെ ബലക്കുറവിനെ സംബന്ധിച്ച് വർഷങ്ങൾക്കു മുൻപ് റിപ്പോർട്ട് ലഭിച്ചിട്ടും പൊതുമരാമത്തുവകുപ്പ് മുൻകരുതലുകളൊന്നും എടു ക്കാതിരിക്കുന്നതിനെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തണം. വകുപ്പു മന്ത്രിയെ തെറ്റിദ്ധരിപ്പിച്ച എൻജിനീയർമാരുടെ പേരിൽ ശിക്ഷാ നടപടികൾ സ്വീകരിക്കണം. ബദൽ റൂട്ടുകളിലെ അറ്റകുറ്റപ്പണികൾ നടത്താൻപോലും മുൻപു പൊതുമരാമത്തു വകുപ്പു ശ്രമിച്ചില്ല. ഇരിങ്ങാലക്കുട നിയോജകമ ണ്ഡലത്തിലെ കരുവന്നൂർ, കരാഞ്ചിറ, കോന്നിപുരം പാലങ്ങൾ അപകടത്തി ലാണ്. രാത്രികാലങ്ങളിൽ പോലീസിന്റെ കണ്ണുവെട്ടിച്ച് മദ്യം കയറ്റിയ ലോറി കൾ ഇതുവഴി കടന്നുപോകുന്നുണ്ട്. ദേശീയപാത 47-ഉം 17-ഉം തമ്മിൽ ബന്ധിപ്പിക്കുന്ന പോട്ട-മൂന്നുപീടിക സ്റ്റേറ്റ് ഹൈവേയുടെയും മതിലകം പാല ത്തിന്റെയും പണി ഉടനെ തുടങ്ങണം. രണ്ടു താലൂക്കുകളെ തമ്മിൽ ബന്ധിപ്പി ക്കുന്ന ശാസ്താംകടവു പാലത്തിന്റെ പണിയും വേഗത്തിൽ നടത്തണം. കല്ലേ റ്റിൻകരയിൽ റെയിൽവേ ഓവർബ്രിഡ്ജ് പണിയുന്നതിന് സർക്കാർ സത്വര നടപടി സ്വീകരിക്കണം. സംസ്ഥാനത്തെ റെസ്റ്റ് ഹൗസുകൾക്കുവേണ്ടി ഈ ബഡ്ജറ്റിൽ നീക്കിവച്ച തുക മുഴുവൻ നിയമസഭാ കോംപ്ലക്സിനുവേണ്ടി ഇപ്പോൾ വകമാറ്റി ചെലവഴിക്കുകയാണ്. നിയമസഭാ മന്ദിരം മോടി പിടിപ്പിക്കു ന്നതിനുവേണ്ടി 100 കോടി രൂപ കൂടി അടിയന്തിരമായി അനുവദിക്കണം. ഇരി ങ്ങാലക്കുട മിനി സിവിൽ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് ടെൻഡർ ക്ഷണിച്ച് കാലാവധി കഴിഞ്ഞിട്ടും ഇതുവരെ പണി തുടങ്ങിയിട്ടില്ല. പുതിയ റെസ്റ്റ് ഹൗസിന്റെ പണി പകുതിയായിട്ടും പണം കൊടുത്തിട്ടില്ല. ബഹുമാന പ്പെട്ട മന്ത്രിക്ക് അധ്വാനഭാരം വളരെ കൂടുതലാണ്. മുൻപു മൂന്നു മന്ത്രിമാർ കൈകാര്യം ചെയ്തിരുന്ന വകുപ്പുകളാണ് ഇപ്പോൾ അദ്ദേഹം ഒറ്റയ്ക്ക് കൈകാര്യം ചെയ്യുന്നത്. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാർ ചെയ്യുന്ന കൊള്ളരുതായ്മകൾ ബഹുമാനപ്പെട്ട മന്ത്രി അറിയുന്നില്ല. 1996-ൽ സ്റ്റേറ്റ് ഹൈവേയിലെ റാന്നി പാലം തകർന്നപ്പോൾ ബഹുമാനപ്പെട്ട മന്ത്രിയും പൊതുമരാമത്തുവകുപ്പുമന്ത്രിയുംകൂടി ഡെൽഹിയിൽ പോയി ഹിരങ്കിപോലും കൊണ്ടുപോകാവുന്ന വിധത്തിലുള്ള പട്ടാളത്തിന്റെ ബെയ്ലി പാലം റാന്നി യിൽ കൊണ്ടുവന്ന് മൂന്നുദിവസം കൊണ്ട് സ്ഥാപിച്ചു. പിന്നീട് 132 മീറ്റർ നീള മുള്ള പുതിയ പാലം യുദ്ധകാലാടിസ്ഥാനത്തിൽ ഒന്നേകാൽ വർഷംകൊണ്ട് പൂർത്തിയാക്കി. ചാലക്കുടി പാലത്തിന്റെ കാര്യത്തിലും ഇത്തരം അടിയന്തിര നടപടി സ്വീകരിക്കണമെന്നു അഭ്യർത്ഥിക്കുന്നു. ഇപ്പോൾ പാലത്തിന്റെ യാതൊരു പണിയും നടക്കുന്നില്ല. പൊതുമരാമത്തുവകുപ്പിന്റെ പിടിപ്പുകേ ടിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ചാലക്കുടി പാലം. തൃശ്ശൂർ ജില്ലയിലെ വാഴച്ചാലിലും അതിരപ്പള്ളിയിലും ദിനംപ്രതി ആയിരക്കണക്കിന് വിനോദ സഞ്ചാരികൾ വരുന്നുണ്ട്. അവിടെ അപകട മരണങ്ങൾ നിത്യസംഭവമാണ്.

**** ബഹു.സഭാധ്യക്ഷന്റെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

വ്യാജമദ്യവും മയക്കുമരുന്നും ഇവിടെ സുലഭമായി കിട്ടും. കൂടുതൽ വിനോദ സഞ്ചാരികളെ അവിടേയ്ക്ക് ആകർഷിക്കാനും അവർക്ക് സംരക്ഷണം നൽകാനും സർക്കാർ തയ്യാറാകണം. പ്രതിമാസം 16 കിലോ അരി ഒരു രൂപാ വിലക്കുറവിൽ നൽകുന്നതിന് സർക്കാരിന് പ്രതിവർഷം 87 കോടി രൂപയും പ്രതിമാസം 10 കിലോ അരി പകുതി വിലയ്ക്ക് നൽകുന്നതിന് പ്രതിവർഷം 33 കോടി രൂപയും ചെലവാകുന്നുണ്ട്. ഈ സർക്കാർ മൂന്നു വർഷത്തിനകം 281 കോടി രൂപ റേഷൻ സബ്സിഡി നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ 28 ലക്ഷം കുട്ടികൾക്ക് ഓണത്തിനും ക്രിസ്തുമസ്സിനും റംസാനും അഞ്ചുകിലോ അരി വീതം സൗജന്യമായി നൽകുന്നുണ്ട്. നാലഞ്ചു കുട്ടികളുള്ള ഒരു വീട്ടിൽ വർഷത്തിൽ 75 കിലോ അരി വെറുതെ കിട്ടും. ഇന്ത്യയിൽ ഒരിടത്തും ഇതു പോലെ സൗജന്യം നൽകുന്നില്ല. ഈ സർക്കാർ പത്തര ലക്ഷം കുടുംബങ്ങൾക്ക് മണ്ണെണ്ണ പെർമിറ്റ് നൽകുന്നതിന്റെ ഭാഗമായി നാലു ലക്ഷം പെർമിറ്റുകൾ ഇതിനകം നൽകിക്കഴിഞ്ഞു. ബാക്കിയുള്ളവർക്കെല്ലാം അടുത്തുതന്നെ പെർമിറ്റി കൊടുത്തു തീർക്കും. നാലു ലക്ഷം പാവപ്പെട്ട കുടുംബങ്ങൾക്ക് ഇപ്പോൾ പ്രതിമാസം രണ്ടുകോടി രൂപ ആനുകൂല്യം ലഭിക്കുന്നുണ്ട്. ലിറ്ററിന് 11 രൂപാ വിലയുള്ള മണ്ണെണ്ണയാണ് 2 രൂപാ 90 പൈസയ്ക്ക് നൽകുന്നത്. മുൻപ് മണ്ണെണ്ണ പെർമിറ്റ് പണക്കാർക്ക് മാത്രമായിരുന്നു. റേഷനു പുറമേ ഓണത്തിന് ഒന്നര കിലോയും ക്രിസ്തുമസ്സിനും റംസാനും ഓരോ കിലോ വീതവും പഞ്ചസാര എല്ലാ റേഷൻ കാർഡുടമകൾക്കും നൽകുന്നുണ്ട്. ന്യായ വില ഷോപ്പുകൾ, സൂപ്പർ മാവേലി സ്റ്റോറുകൾ, മൊബൈൽ മാവേലി സ്റ്റോറുകൾ, മാവേലി മെഡിക്കൽ സ്റ്റോറുകൾ, നീതി സ്റ്റോറുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ, ത്രിവേണി സ്റ്റോറുകൾ, ഉത്സവ ചന്തകൾ, പച്ചക്കറി ചന്തകൾ എന്നിങ്ങനെ സംസ്ഥാനത്ത് ചന്തകളോട് ചന്തകളാണ്. ഇതിന്റെ ഫലമായി വിലക്കയറ്റം പരമാവധി നിയന്ത്രിക്കാൻ ഇടതുപക്ഷ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. അടിയന്തിരമായി എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ ആരംഭിച്ച് വിലക്കയറ്റം പൂർണ്ണമായി നിയന്ത്രിക്കുന്നതിന് സർക്കാർ മുന്നോട്ടുവരണം. ബഹുമാനപ്പെട്ട മന്ത്രിമാർ ഇവിടെ അവതരിപ്പിച്ച എല്ലാ ധനാഭ്യർത്ഥനകളേയും ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ബഹുമാനപ്പെട്ട ലോനപ്പൻ നമ്പാടൻ, അങ്ങയുടെ പ്രസംഗത്തിൽ പി.ഡബ്ല്യൂ.ഡി. വകുപ്പിലെ എൻജിനീയർമാരെല്ലാവരും രാജ്യദ്രോഹികളാണെന്ന് അർത്ഥം വരത്തക്കരീതിയിൽ പ്രസംഗിച്ചിട്ടുണ്ട്. അതു രേഖയിൽനിന്നും നീക്കം ചെയ്യും.

<u>ശ്രീ. ലോനപ്പൻ നമ്പാടൻ</u> : അതു രേഖയിൽ നിന്ന് നീക്കം ചെയ്യാം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : അതു രേഖയിൽനിന്ന് നീക്കം ചെയ്തു. പത്രങ്ങളിൽ വരാൻ പാടുള്ളതല്ല.

<u>ശ്രീ. പി.പി. തങ്കച്ചൻ</u> : സർ, രണ്ടു മന്ത്രിമാരുടെ ഡിമാന്റുകളിൽ ഒരു മന്ത്രിയുടെ ഡിമാന്റിനെ നിശിതമായി വിമർശിക്കുകയും മറ്റൊരു മന്ത്രിയുടെ ഡിമാന്റിനെ സപ്പോർട്ട് ചെയ്യുകയും ചെയ്തു. എന്നിട്ട് രണ്ടു ധനാഭ്യർത്ഥനകളേയും അനുകൂലിക്കുന്നു എന്നുപറഞ്ഞത് ശരിയാണോ? പൊതുമരാമത്തുവകുപ്പിന്റെ ധനാഭ്യർത്ഥനയെ എതിർക്കുന്നു എന്നും ഭക്ഷ്യം എന്ന ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നുവെന്നും പറയണം. അദ്ദേഹം ആദ്യം മുതൽ അവസാനംവരെ നിശിതമായി വിമർശിക്കുകയാണ് ചെയ്തത്. പിന്നെ ഇങ്ങനെ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നത് ശരിയല്ല. അതു തിരുത്തണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർമാർക്കുള്ള സ്വാതന്ത്ര്യത്തെ ചെയർ തടയാനുദ്ദേശിക്കുന്നില്ല.

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : സർ, പൊതുമരാമത്തു വകുപ്പുമന്ത്രിയും ഭക്ഷ്യ വകുപ്പുമന്ത്രിയും അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ സന്തോഷപൂർവ്വം ഞാൻ പിൻതാങ്ങുകയാണ്. ഈ ഗവൺമെന്റ് കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് ജനങ്ങൾക്കു നൽകിയ വാഗ്ദാനങ്ങൾ ഒന്നൊന്നായി കഴിഞ്ഞ മൂന്നു വർഷമായി കേരളത്തിൽ ഭക്ഷ്യവകുപ്പും പൊതു മരാമത്തുവകുപ്പും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് ജനങ്ങളോട് പറഞ്ഞത് ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിൽ വന്നാൽ വിലക്കയറ്റം നിയന്ത്രിക്കാൻ ഫലപ്രദമായ നടപടി സ്വീകരിക്കുമെന്നാണ്. അത് അക്ഷരാർത്ഥത്തിൽ പാലിച്ച ഒരു ഗവൺമെന്റാണിത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ആദ്യം ക്യാബിനറ്റ് യോഗത്തിലെടുത്ത തീരുമാനം റേഷനരിയുടെ വില കുറയ്ക്കുന്നതുമായി ബന്ധപ്പെട്ടാണ്. മൂന്നു മാസത്തിനുള്ളിൽ ആ തീരുമാനം കൈക്കൊണ്ടു. ഒരു കാർഡുടമയ്ക്ക് പ്രതിമാസം 16 കിലോ അരി നിലവിലുള്ള വിലയിൽനിന്ന് ഒരു രൂപ കുറച്ചു നൽകുന്നതിന് ഈ ഗവൺമെന്റ് മൂന്നു മാസത്തിനുള്ളിൽ തീരുമാനമെടുത്തു. മൂന്നു വർഷത്തിനുള്ളിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് റേഷനരിയുടെ സബ്സിഡി ഇനത്തിൽ മാത്രം 280.96 കോടി രൂപ ചെലവഴിച്ചു. നേരത്തെ സംസാരിച്ച ശ്രീ. കെ.പി.എ. മജീദ് മനസാക്ഷിക്കുത്ത് എന്നൊക്കെ പറയുകയുണ്ടായി. അതെന്താണെന്ന് എനിക്കു മനസ്സിലായില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ നയവും ഈ ഗവൺമെന്റിന്റെ നയവും തമ്മിൽ പരിശോധിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ 1992 ജനുവരിയിൽ ഒരു കിലോ അരിക്ക് 88 പൈസ സബ്സിഡി പ്രഖ്യാപിച്ചു. ഒക്ടോബറിൽ അത് 44 പൈസയായി കുറച്ചു. 1993 ഏപ്രിലായപ്പോൾ അതു പൂർണ്ണമായി നിർത്തലാക്കി. ആകെ ഒൻപതു മാസമാണ് 88 പൈസ സബ്സിഡി നൽകിയത്. ആറു മാസക്കാലമാണ് 44 പൈസയുടെ സബ്സിഡി നൽകിയത്. അതു പിന്നീട് നിർത്തലാക്കി. അരിയുടെ വില വർദ്ധിച്ചപ്പോൾ സബ്സിഡി പാടില്ല എന്നതാണ് യു.ഡി.എഫിന്റെ നയം. ഇവിടെയിന്നു പ്രസക്തമായ പോദ്യം, രണ്ടു നയങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലാണ്. സബ്സിഡി കൊടുക്കുന്നത് രാജ്യദ്രോഹമാണ്, രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയെ തകർക്കുന്നതാണെന്ന് യു.ഡി.എഫ്. പറയുന്നത്. മറിച്ച് ജനങ്ങളെ സംരക്ഷിക്കാൻ സബ്സിഡി കൊടുക്കേണ്ടതുണ്ട്, സബ്സിഡി കൊടുത്തുകൊണ്ടുമാത്രമേ രാജ്യത്തെ ജനങ്ങളുടെ താൽപ്പര്യം സംരക്ഷിക്കാൻ കഴിയൂ എന്നതാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നയം. രണ്ടു നയങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലാണ്. മൂന്നുവർഷക്കാലംകൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി എടുത്ത നടപടികളും കഴിഞ്ഞ യു.ഡി.എഫിന്റെ കാലത്തെ നടപടികളും തമ്മിൽ താരതമ്യപ്പെടുത്തി നോക്കിയാൽ പകൽപോലെ വ്യക്തമാകുന്ന കാര്യങ്ങളാണുള്ളത്. ശ്രീ. കെ.പി.എ. മജീദ് ഇവിടെ വസ്തുതകളുടെ പിൻബലത്തിലല്ല പറഞ്ഞത്. ആകെ വില വർദ്ധിച്ചു എന്ന ചില കണക്കുകളുദ്ധരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞത് രാഷ്ട്രീയമായി ഞാൻ അംഗീകരിക്കാം. അദ്ദേഹം രാഷ്ട്രീയമാണു പറഞ്ഞത്. വസ്തുതകളുടെ പിൻബലത്തിലാണെങ്കിൽ അതു അടിസ്ഥാനരഹിതമായ വാദഗതിയാണ്. ഞാൻ കണക്കുകൾതന്നെ ഇവിടെ ഉദ്ധരിക്കാൻ ആഗ്രഹിക്കുകയാണ്. 1995-96 കാലയളവിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിറ്റഴിക്ക

പ്പെട്ട സാധനങ്ങൾ കേവലം 226 കോടി രൂപയുടേതാണ്. 1998-99-ൽ ഗവൺമെന്റിന്റെ കാലത്ത് കൊടുത്തത് 597.83 കോടി രൂപയുടേതാണ്. 164.52% വർദ്ധനവ്. അതുപോലെതന്നെ മാവേലി സ്റ്റോറുകളുടെ കാര്യത്തിലായാലും 1995-96 കാലയളവിൽ 34.36 കോടി രൂപയുടെ സാധനം മാത്രമാണ് യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് മാവേലി സ്റ്റോറുകൾവഴി കൊടുത്തത്. ഈ ഗവൺമെന്റിന്റെ കാലത്ത് 1998-99-ൽ മാത്രം 136.27 കോടി രൂപയുടെ സാധനങ്ങൾ കൊടുത്തു, 297% വർദ്ധനവ്. കാണ്ടമെടുത്തുനോക്കിയാൽ 1995-96-ൽ 7244 ടൺ സാധനങ്ങൾ മാത്രമാണ് വിതരണം ചെയ്തിരുന്നത്. ഈ ഗവൺമെന്റ് 1998-99-ൽ മാത്രം 29,345 ടൺ സാധനമാണ് വിതരണം ചെയ്തത്. 205% വർദ്ധനവ്. വിലക്കയറ്റത്തിൽ എങ്ങനെ ഫലപ്രദമായി ഇടപെടുന്നു. വിലനിയന്ത്രിക്കുവാനുള്ള നടപടികളെന്താണ് എന്നതിന്റെ വ്യക്തമായ തെളിവുകളാണിത്. സംസ്ഥാനത്തെ 31 നിത്യോപയോഗ സാധനങ്ങളുടെ മൊത്തം വിലവർദ്ധനവ്, അതിന്റെ പ്രൈസ് ഇൻഡക്സ് എടുത്തു പരിശോധിച്ചുനോക്കിയാൽ 1991 മുതൽ 1994 വരെയുള്ള കാലയളവിൽ 24.6% ആണ് വിലവർദ്ധനവ്. 1996 മുതൽ 1999 വരെയുള്ള കാലത്ത് 14.5% മാത്രമാണ് വിലവർദ്ധനവ്. അവിടെ യു.ഡി.എഫ്. ഗവൺമെന്റും ഇടതുപക്ഷ ഗവൺമെന്റും തമ്മിലുള്ള വ്യത്യാസം പ്രകടമാണ്. ഇത് നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുമോ? രാഷ്ട്രീയം പറയാൻവേണ്ടി വെറുതെ അസംബ്ലിയിൽ വന്ന് വർത്തമാനം പറയുന്നതിനെ ഞാൻ എതിർക്കുന്നില്ല. വസ്തുകളുടെ പിൻബലത്തിലാണ് പറയുന്നതെങ്കിൽ പൊള്ളയായ വാദഗതികളാണ് നിങ്ങൾ ഉന്നയിക്കുന്നത്. ഈ ഗവൺമെന്റ് കടുത്ത വിലക്കയറ്റത്തിന് ഇടയാക്കി എന്ന വാദഗതി അടിസ്ഥാനരഹിതമാണ്. അതുകൊണ്ട് വില വർദ്ധിച്ചില്ല എന്നൊന്നും ഞങ്ങൾ പറയുന്നില്ല. വില കൂടിയിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനേക്കാൾ 14% വില വർദ്ധിച്ചു. പക്ഷേ കേന്ദ്രത്തിലിരിക്കുന്ന ഗവൺമെന്റ് സബ്സിഡികൾ വെട്ടിക്കുറച്ചുകൊണ്ട് അനിയന്ത്രിതമായ വിലക്കയറ്റത്തിലേയ്ക്ക് കാര്യങ്ങളെ കൊണ്ടുചെന്ന് എത്തിക്കുമ്പോൾ അതിൽ ഇടപെട്ടുകൊണ്ട് വിലനിയന്ത്രിക്കുന്ന ഗവൺമെന്റാണിത്. അരിയുടെ വിലയെടുത്തുനോക്കിയാൽ 1991-96 കാലയളവിൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അരിയുടെ വിലക്കയറ്റം 78% മുതൽ 94% വരെയായിരുന്നു. ഈ ഗവൺമെന്റിന്റെ കാലത്ത് 1996 മുതൽ 99 വരെയുള്ള കാലയളവെടുത്തു പരിശോധിച്ചാൽ 13% മുതൽ 26% വരെ മാത്രമേ വിലക്കയറ്റമുണ്ടായിട്ടുള്ളു. വിലക്കയറ്റം ഉണ്ടായിട്ടുണ്ട്, പക്ഷേ ആനയും ആടും തമ്മിലുള്ള വ്യത്യാസമുണ്ട് ഈ കാര്യത്തിൽ. പയറിന്റെയും ഉഴുന്നിന്റെയും കാര്യമെടുത്തുനോക്കിയാലോ? 1991-96-ൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 141% ആണ് പയറിന്റെ വിലക്കയറ്റം. ഈ ഗവൺമെന്റിന്റെ കാലയളവിൽ അത് 30% ആയി കുറഞ്ഞു. ഉഴുന്ന് നിങ്ങളുടെ കാലയളവിൽ 79% ആയിരുന്നു വിലക്കയറ്റം. എന്നാൽ ഈ ഗവൺമെന്റിന്റെ കാലത്ത് അത് 32%-ൽ തുടങ്ങി 24%-ലാണ് എത്തിനിൽക്കുന്നത്. ഇത് നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുമോ? ആകെയുള്ള ഓൾ ഇന്ത്യാ പ്രൈസസ് ഇൻഡക്സ് നോക്കാം. 1991 മുതൽ 1994 വരെ കേരളത്തിലെ വിലക്കയറ്റം മൊത്തത്തിലെടുത്താൽ 35.6% ആയിരുന്നുവെങ്കിൽ അന്ന് ഓൾ ഇന്ത്യാ പ്രൈസ് 32 ശതമാനമേയുള്ളൂ. ഓൾ ഇന്ത്യാ പ്രൈസസിനേക്കാൾ കൂടുതലായിരുന്നു യു.ഡി.എഫ്. ഭരിച്ചിരുന്നകാലത്ത് കേരളത്തിലെ വിലക്കയറ്റത്തിന്റെ തോത്. മറിച്ച് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്ത് ഓൾ ഇന്ത്യാ പ്രൈസ് ഇൻഡക്സ് 29.7% ആയിരുന്നപ്പോൾ കേരളത്തിലേത് 22.6 % ആണ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ കണക്കുകളിൽനിന്നും എന്താണ് വ്യക്തമാകുന്നത്? ആ കണക്കുകളുടെ പിൻബലത്തോടുകൂടി ഞങ്ങൾ അഭിമാനപൂർവ്വം പറയുകയാണ് ഈ ഗവൺമെന്റ് നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കാൻ ഫലപ്രദ മായി ശ്രമിച്ച ഗവൺമെന്റാണ്. വെറുതെ വർത്തമാനം പറയുകയല്ല, കണക്കു കൾ ഉദ്ധരിച്ചു പറയുകയാണ്. എന്നിട്ടാണ് കേരളത്തിലെ സ്ത്രീകളുട ദുഃഖത്തെപ്പറ്റി ശ്രീമതി ശോഭനാ ജോർജ്ജിന്റെ വർത്തമാനം. ശ്രീമതി ശോഭനാ ജോർജ്ജിന്റെ വർത്തമാനം കേട്ടാൽതോന്നും സ്ത്രീകളെല്ലാം ശ്രീമതി ശോഭനയുടെ പിന്നിലാണെന്ന്. കേരളത്തിൽ കഴിഞ്ഞകാലത്തുനടന്ന ഉപതെരഞ്ഞെടുപ്പുകൾ കണ്ടില്ലേ? കേരളത്തിൽ നടന്ന ഉപതെരഞ്ഞെടുപ്പു കാലയളവിൽ ശ്രീ. എ.കെ. ആന്റണി മുതൽ ശ്രീമതി ശോഭനാ ജോർജ്ജ് വരെയുള്ളവർ പ്രസംഗിച്ചു. പക്ഷേ ജനങ്ങളത് തള്ളിക്കളഞ്ഞു. ജനങ്ങൾ അത് തള്ളിക്കളഞ്ഞത് അവരുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ്. കേരളത്തിലെ ജനങ്ങൾക്ക് വസ്തുതകൾ തിരിച്ചറിയാൻ കഴിയുന്നവരാണെ ന്ന്, വിവേകമുള്ളവരാണെന്ന് ഇനിയെങ്കിലും നിങ്ങൾ മനസ്സിലാക്കണം. അതു കൊണ്ട് ഗവൺമെന്റിനെ വിമർശിക്കുന്നുവെങ്കിൽ വസ്തുതാപരമായി വിമർശി ക്കുക, വസ്തുതയില്ലാതെ ഇരുട്ടുകൊണ്ട് ഓട്ട അടച്ചുകൊണ്ട് ആകെ കുഴപ്പെ മെന്ന മട്ടിൽ വാചകമടിക്കാൻ പോകുന്നത് ആപത്ത് വിളിച്ചുവരുത്തുകയുള്ളൂ വെന്ന് തിരിച്ചറിയാൻ നിങ്ങൾക്ക് കഴിയണം. അതുപോലെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നാലുലക്ഷം ആളുകൾക്കാണ് മണ്ണെണ്ണ യുടെ പുതിയ പെർമിറ്റുകൾ നൽകിയത്. ഒരാൾക്ക് 6 ലിറ്റർ മണ്ണെണ്ണ വർദ്ധി പ്പിച്ചു. ഓപ്പൺ മാർക്കറ്റിൽ ഒരു ലിറ്റർ മണ്ണെണ്ണയ്ക്ക് 11 രൂപ വിലയുണ്ട്. ഗവൺമെന്റ് കൊടുത്തത് 2 രൂപ 90 പൈസ വച്ചാണ്. ഒരാൾക്ക് 6 ലിറ്റർ വച്ച് നാലുലക്ഷം ആളുകൾക്ക് കൊടുത്തു. രണ്ടുലക്ഷം ആളുകൾക്ക് ഉടനെ കൊടുക്കും. നാലുലക്ഷം ആളുകൾക്ക് കൊടുത്തതുവച്ചുതന്നെ ഒരുമാസം കേരളത്തിലെ നാലുലക്ഷം കുടുംബങ്ങൾക്ക് രണ്ടുകോടിയോളം രൂപയുടെ ലാഭമാണ് ഉണ്ടായിട്ടുള്ളത്. അതൊരു ചെറിയ കാര്യമാണോ? ചെയ്യാൻ കഴി യുന്നത് പരമാവധി ചെയ്യുകയും ജനങ്ങളുടെ പൊതുതാൽപ്പര്യം എങ്ങനെ സംരക്ഷിക്കാമെന്ന് പരിശോധിച്ച് അതിന് ആത്മാർത്ഥമായി നടപടി സ്വീകരി ക്കുകയും ചെയ്യുന്ന ഒരു ഗവൺമെന്റാണിത്. ഗാർഹിക ഉപഭോക്താക്കൾക്ക് മണ്ണെണ്ണ പെർമിറ്റ് കൊടുക്കുന്നതുപോലെ മത്സ്യത്തൊഴിലാളികൾക്കുകൂടി മണ്ണെണ്ണ പെർമിറ്റ് ആവശ്യത്തിനനുസരിച്ച് കൊടുക്കുവാൻ ബഹുമാനപ്പെട്ട മന്ത്രി നടപടി സ്വീകരിക്കുമെന്നുതന്നെയാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഗാർഹികോപഭോക്താക്കൾക്കു കൊടുത്തതുപോലെ ഒരു നടപടി സ്വീകരിക്ക ണമെന്ന അപേക്ഷകൂടിയുണ്ട്. അതുപോലെതന്നെ ടൂറിസം അനന്തമായ സാധ്യതകളുള്ള വകുപ്പാണ്. തൊഴിലില്ലായ്മ പരിഹരിക്കുവാൻ കേരളത്തിലെ സാധ്യതകൾ ഫലപ്രദമായി വിനിയോഗിക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്. ആ കണക്കെടുത്തുനോക്കിയാൽ കേരളത്തിൽ ആകെവരുന്ന വിനോദ സഞ്ചാരി കൾ 51.36 ലക്ഷമാണ്. അതിൽ സ്വദേശികളായ വിനോദസഞ്ചാരികൾ 49.51 ലക്ഷമാണെന്നാണ് ഈ സാമ്പത്തികാവലോകനം സൂചിപ്പിക്കുന്നത്. 12%-ത്തിന്റെ വർദ്ധനവ് ആ കാര്യത്തിലുണ്ട്. എന്നാൽ വിദേശത്തുനിന്നും വരുന്ന ടൂറിസ്റ്റുകളുടെ എണ്ണം ഒരു ലക്ഷത്തിൽ ചില്വാനം മാത്രമേയുള്ളൂ. അപ്പോൾ അവരുടെ വരവ് കുറയുകയാണ്. എനിക്ക് പറയാനുള്ളത് ഇന്ന് ടൂറിസം ഡിപ്പാർട്ടുമെന്റ് ഒട്ടേറെ സൗകര്യങ്ങൾ ഒരുക്കുന്നുണ്ട്. ഈ സൗകര്യ ങ്ങൾ ഒരുക്കുമ്പോൾ സ്വദേശികളായ വിനോദസഞ്ചാരികൾ കൂടുതൽ വരുന്നു

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളതുകൊണ്ട് അവരെ അക്കോമഡേറ്റു ചെയ്യാൻ കഴിയുന്നതരത്തിൽ ചാർജ്ജിന്റെ കാര്യത്തിൽ മിതമായ ഒരു പാറ്റേൺ കൂടി കണ്ടുകൊണ്ട് ടൂറിസം വികസനത്തിനാവശ്യമായ നടപടി സ്വീകരിക്കണം. കെ.ടി.ഡി.സി.യുടെതന്നെ സ്ഥാപനങ്ങളിൽ വിദേശ വിനോദസഞ്ചാരികൾ വരാത്ത കാലയളവിൽ സ്വദേശികളായ ആളുകൾക്ക് ഈ സൗകര്യം പരമാവധി വിനിയോഗിക്കാൻ കഴിയുമാറ് ലാഭകരമായി കെ.ടി.ഡി.സി.യെ കൊണ്ടുപോകാൻ കഴിയുമോ എന്ന് നോക്കണം. കഴിഞ്ഞ കാലത്ത് നഷ്ടത്തിലായിരുന്ന കെ.ടി.ഡി.സി. ഇന്ന് മൂന്നുകോടിയിലേറെ ലാഭമുണ്ടാക്കി വളരെ ഭംഗിയായി അതിന്റെ പ്രവർത്തനങ്ങൾ കൊണ്ടുപോകുന്നു എന്നുള്ള കാര്യത്തിൽ സംശയമില്ല. കൂറേക്കൂടി അതിനെ മെച്ചപ്പെടുത്തുവാൻ, നമ്മുടെ നാട്ടിലെ തൊഴിൽ സൗകര്യങ്ങൾ കൂടുതൽ കണ്ടെത്തുവാൻ കഴിയുന്ന തരത്തിലേയ്ക്ക് അത് കൊണ്ടുപോകണം. അഷ്ടമുടിയെക്കുറിച്ച് ഇവിടെ ശ്രീ. കെ. ബാബു സൂചിപ്പിച്ചു. അഷ്ടമുടി വളരെ വികസന സാധ്യതയുള്ളതാണ്, അതെ മണ്ഡലത്തിലാണ്. വളരെ വിശാലമായി ഇപ്പോൾ അഷ്ടമുടി റിസോർട്ട് എന്നുപറഞ്ഞുകൊണ്ട് ചില സ്വകാര്യ വ്യക്തികൾ അവിടെ തുടങ്ങിയിട്ടുണ്ട്. ടൂറിസം ഡിപ്പാർട്ടുമെന്റും ഇപ്പോൾ ഔപചാരികമായ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. കുറച്ചധികം പ്രവർത്തനങ്ങളിലൂടെ അത് വിപുലീകരിക്കുവാനും സമയബന്ധിതമായി പൂർത്തീകരിക്കുവാനും കഴിയണം. പൊതുമരാമത്തുവകുപ്പിന്റെ ഒരു കാര്യം സത്യമാണ്. കഴിഞ്ഞ കുറെ നാളുകളെടുത്തുനോക്കിയാൽ ഇപ്പോൾ കേരളത്തിൽ ഒരു പൊതു മരാമത്തുവർക്കും നടക്കുന്നില്ലായെന്ന് ആർക്കെങ്കിലും പറയാൻ കഴിയുമോ? കണ്ണടച്ച് ഇരുട്ടാക്കുന്നവർക്കുമാത്രമേ അത്തരം വർത്തമാനങ്ങൾ പറയാൻ കഴിയുകയുള്ളൂ. കേരളത്തിന്റെ സ്റ്റേറ്റ് ഹൈവേകളെടുത്തു നോക്കിയാൽ ഏത് സ്റ്റേറ്റ് ഹൈവേകളാണ് കുണ്ടും കുഴിയുമായിട്ടുള്ളത്? കേരളത്തിലുടനീളം സഞ്ചരിക്കുന്നവരല്ലേ നമ്മൾ? കാസർഗോഡുമുതൽ തിരുവനന്തപുരം വരെ എടുത്തുനോക്കിയാൽ സ്റ്റേറ്റ് ഹൈവേകൾ മുഴുവൻ നിലവാരമുള്ള തരത്തിൽ നിർമ്മിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എവിടെയാണ് സ്റ്റേറ്റ് ഹൈവേകളിൽ കുണ്ടും കുഴിയുമുള്ളത്? വടക്കോട്ടു നോക്കിയാലും തെക്കോട്ടു നോക്കിയാലും സ്റ്റേറ്റ് ഹൈവേകൾ നിലവാരമുള്ളതാക്കിമാറ്റുവാൻ, അതിന്റെ കുണ്ടും കുഴിയുമില്ലാതാക്കി ഇന്ന് നല്ല നിലവാരത്തിലേയ്ക്ക് കൊണ്ടുപോകാൻ കഴിഞ്ഞിട്ടുണ്ട് എന്നത് ഒരു വസ്തുതയാണ്. അതുപോലെ നാഷണൽ ഹൈവേയുടെ പ്രവർത്തനങ്ങൾ കഴിഞ്ഞകൊല്ലത്തെപ്പോലെയാണോ ഇപ്പോൾ നടക്കുന്നത്? വളരെയേറെ സമയബന്ധിതമായി, വളരെ സ്പീഡിൽ, ഇവിടെ തമ്പാനൂർ ഭാഗത്ത് തന്നെ റിക്കാർഡ് വേഗതയിലല്ലേ തീർത്തത്? അതുപോലെ എത്രയോ വർഷങ്ങളായി മുടങ്ങിക്കിടന്നതാണ് കൊല്ലം ബൈപാസ്. അതിന്റെ രണ്ടാംഘട്ടം പണി ഇപ്പോൾ വേഗം പൂർത്തീകരിക്കുകയാണ്. മൂന്നാംഘട്ടത്തിന്റെ പണിയും അതിവേഗം തുടങ്ങണം. അതുപോലതന്നെ ജില്ലാ റോഡുകളെടുത്തുനോക്കിയാൽ മുൻകാലങ്ങളെക്കാൾ വ്യത്യസ്തമായി പി.ഡബ്ല്യൂ.ഡി.യുടെ റോഡുകൾ വളരെ ഭംഗിയായി പോകുന്നു എന്നത് ഒരു സത്യം മാത്രമാണ്. പാലങ്ങളുടെ കാര്യമെടുത്താലോ? ഞങ്ങളുടെ ജില്ലയിൽ ചാത്തന്നൂർ മണ്ഡലത്തിൽ മണിയംകുളം പാലം സാക്ഷാൽ ശ്രീ. സി.വി. പത്മരാജൻ ധനകാര്യവകുപ്പുമന്ത്രിയായിരുന്ന സമയത്ത് അദ്ദേഹം ശ്രമിച്ചിട്ടുപോലും നടക്കാതിരുന്നത് പൂർത്തീകരിച്ചത് ഈ ഗവൺമെന്റിന്റെ കാലത്താണ്. അത് കൊല്ലം ജില്ലയിലെ ജനങ്ങൾക്കറിയാം. റാന്നി പാലം മുതൽ ഏനാത്ത് പാലം വരെ സ്റ്റേറ്റിലുടനീളം ഈ കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

വർഷംമാത്രം 40 പാലങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത്. അത് നിഷേധിക്കാൻ കഴിയുമോ? ..... (ബഹളം) ..... നിങ്ങൾ തുടങ്ങി കുളമാക്കിയതാണ് ഞങ്ങൾ പൂർത്തീകരിച്ചത്. ഇത് ഗവൺമെന്റുകളുടെ തുടർച്ചയാണ്. നിങ്ങൾ തുടങ്ങിയത് ചെയ്തില്ല, മണിയംകുളം പാലം നിങ്ങളുടെ കാലത്ത് തുടങ്ങിവച്ചതാണ്. ഞാനതല്ല പറഞ്ഞത്, ശ്രീ. സി.വി. പത്മരാജൻ ധനകാര്യവകുപ്പു മന്ത്രിയായിരുന്നപ്പോൾപ്പോലും കഴിയാതിരുന്നത് ഈ ഗവൺമെന്റ് വന്നിട്ടാണ് കഴിഞ്ഞത്. കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് ജനങ്ങൾ അവിടെ എന്തൊരു കലാപമായിരുന്നു. നിങ്ങളുടെ കാലത്ത് ചെയ്തില്ല എന്നാണ് ഞാൻ പറഞ്ഞത്. ഈ ഗവൺമെന്റിന്റെ കാലത്താണ് മണിയംകുളം പാലം പൂർത്തീകരിച്ചത് എന്ന് കോൺഗ്രസ്സുകാർപോലും തലകുലുക്കി സമ്മതിക്കുന്നതാണ്. റാന്നിപാലം യുദ്ധകാലാടിസ്ഥാനത്തിലല്ലേ പൂർത്തീകരിച്ചത്? ഏനാത്തുപാലം എന്തുവേഗതയിലാണ് പൂർത്തീകരിച്ചത്?

<u>ശ്രീ. കെ. ബാബു</u> : ഈ വേഗതയെന്താണ് ചാലക്കുടിപ്പാലത്തിന്റെ കാര്യത്തിലില്ലാത്തത്?

<u>ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ</u> : ചാലക്കുടിപ്പാലത്തിന്റെ കാര്യത്തിലും നടപടികൾ സ്വീകരിക്കുന്നു. ആ കാര്യത്തിൽ ആർക്കും സംശയം വേണ്ട. ഒരു കാര്യം ഞങ്ങൾ ഉറപ്പുതരുകയാണ്. ചാലക്കുടി പാലവും ഈ ഗവൺമെന്റിന്റെകാലത്ത് സമയബന്ധിതമായി പൂർത്തീകരിക്കും. കക്ഷിരാഷ്ട്രീയം നോക്കിയല്ല ഈ ഗവൺമെന്റും പൊതുമരാമത്തും വർക്കു ചെയ്യുന്നത്. കേരളത്തിന്റെ പൊതുതാൽപ്പര്യം സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധമാണെന്നുള്ളതുകൊണ്ട് സമയബന്ധിതമായി പൂർത്തീകരിക്കുമെന്ന കാര്യത്തിൽ സംശയമൊന്നും വേണ്ട. അതിന്റെ പേരിൽ വിവാദത്തിന്റെ ആവശ്യമില്ല. മറ്റു പാലങ്ങളുടെ പേര് ഞാൻ പറയുന്നില്ല. ചെറുപുഴപ്പാലം, വള്ളിക്കടവ് പാലം എന്നിങ്ങനെ നാൽപ്പതോളം പാലങ്ങളാണ് ഗവൺമെന്റ് ഒരു വർഷംകൊണ്ട് പൂർത്തീകരിച്ചത്. എന്റെ മണ്ഡലത്തിൽ കഴിഞ്ഞ അര നൂറ്റാണ്ടായി പി.ഡബ്ല്യൂ.ഡി.ക്ക് ഒരിഞ്ച് റോഡില്ലാത്ത പ്രദേശമായിരുന്നു മൺട്രോതുരുത്ത്. നിങ്ങൾക്കെല്ലാപേർക്കും അറിയാമായിരിക്കും ട്രെയിൻ കടന്നുവരുന്നത് അതു വഴിയാണല്ലോ. കണ്ണൂർ വഴി വരുന്ന ട്രെയിനുകളെല്ലാം ഇതുവഴിയാണ് കടന്നു വരുന്നത്. ഒരു ഇഞ്ച് റോഡ് പി.ഡബ്ലിയൂ.ഡി.ക്ക് ഇല്ലാത്ത പഞ്ചായത്താണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നാലര കിലോമീറ്റർ വരുന്ന രണ്ട് റോഡിന്റെ പണി അതിവേഗതയിലാണ് നടത്തിയത്. മൂന്നുമാസംകൊണ്ട് ആ റോഡിൽ ഒരു പാലത്തിന്റെ പണിയും ഇപ്പോൾ പൂർത്തീകരിച്ചു. അങ്ങനെ ഓരോരുത്തരുടെയും മണ്ഡലങ്ങളിൽ അനുഭവങ്ങൾ കാണും. ഇത് ആർക്കെങ്കിലും നിഷേധിക്കുവാൻ കഴിയുമോ? ഓരോ സ്ഥലത്തും സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് ആത്മാർത്ഥമായ സമീപനമാണ് സ്വീകരിക്കുന്നത് എന്നുള്ള കാര്യത്തിൽ സംശയിക്കേണ്ട കാര്യമില്ല. എനിക്ക് പറയുവാനുള്ളത് കേരളത്തിൽ ആകെ 1872 പാലങ്ങളാണുള്ളത്. അതിൽ 116 പാലങ്ങൾ പുനർനിർമ്മിക്കേണ്ടതാണ് എന്നാണ് കണക്കുകൾ. ഈ 116 പാലവും ഒരു രണ്ട് വർഷംകൊണ്ട് പൂർത്തിയാക്കാൻ കഴിയുന്നതാണോ? ഈ ഗവൺമെന്റിന്റെ കാലാവധി പൂർത്തിയാക്കാനുള്ള ഇനിയുള്ള രണ്ട് വർഷത്തിലും ഈ 116 പാലവും പൂർത്തീകരിക്കപ്പെടും എന്നുപറയാൻ കഴിയുമോ? കാരണം ഈ പ്രവർത്തികളെ യാഥാർത്ഥ്യ ബോധത്തോടുകൂടി കാണുന്ന ഒരു ഗവൺമെന്റിനും അഞ്ചുവർഷക്കാലംകൊണ്ട് മുഴുവൻ പാലങ്ങളും പൂർത്തിയാക്കാൻ കഴിയു

LIBRARY ARCHIVES Kerala Legislative Assembly

മെന്ന് ആർക്കെങ്കിലും കരുതാൻ കഴിയുമോ? പല പാലങ്ങളും പൂർത്തീക രിച്ചു, അതിലൊന്നാണ് ചാലക്കുടിപ്പാലം. ഇനിയും 116 പാലങ്ങളുണ്ട്. യാത്രയ്ക്ക് അയോഗ്യമായത് മുൻഗണനാക്രമത്തിൽ ചെയ്യുമെന്നുള്ള കാര്യ ത്തിൽ യാതൊരു സംശയവുമില്ല. നിയമസഭാ കോംപ്ലക്സ് തുടങ്ങിയുള്ള ഓരോ പ്രവർത്തികളെക്കുറിച്ച് ഇവിടെ പറഞ്ഞു. എനിക്കൊന്ന് പറയുവാനു ള്ളത് നമ്മുടെ ജില്ലാ റോഡുകളും അദർ ഡിസ്ട്രിക്ട് റോഡുകളും നാല് മീറ്റ റിൽ ടാർ ചെയ്യുന്നത് ഏഴ് മീറ്ററാക്കണം. വാഹനങ്ങൾ ധാരാളം കടന്നുപോ കുമ്പോൾ സൈഡുകൾ ഇടിഞ്ഞുപോകുന്നത് വീതി കുറഞ്ഞ റോഡാക്കുന്ന തുകൊണ്ടാണ്. അതുകൊണ്ട് റോഡുകൾ ടാർ ചെയ്യുന്നത് ഏഴ് മീറ്ററെങ്കിലും വീതിയാക്കി നിലനിർത്തിയാൽ വേഗം പൊളിഞ്ഞുപോകുകയില്ല. റോഡിന്റെ ടാർ പോർഷൻ മാത്രം ഏഴ് മീറ്ററായി നിജപ്പെടുത്തണം. ടാർപോർഷൻ ഏഴ് മീറ്ററാക്കിയിട്ടുള്ള ചില റോഡുകൾ ഇപ്പോൾ ഉണ്ട്. ഏഴ് മീറ്ററാക്കിയിരിക്കു ന്നതുകൊണ്ട് മൂന്ന് നാല് വർഷമായിട്ടും അവിടെ ഒരു മെറ്റൽപോലും ഇളകി യിട്ടില്ല. റോഡ് വീതിയിൽ ടാർ ചെയ്യുക എന്നുള്ളത് ഇന്ന് ആവശ്യമാണ്. ആ രൂപത്തിലാണ് കഴക്കൂട്ടം മുതൽ തിരുവനന്തപുരം വരെയുള്ള ബൈപാസ് റോഡ്. ആ റോഡ് ചെയ്തിട്ടുള്ള മാതൃകയിൽ സ്റ്റേറ്റ് ഹൈവേ റോഡുകളും അതുപോലെ മറ്റ് ജില്ലാ റോഡുകളും ടാർ ചെയ്യണമെന്നുകൂടി ഒരഭ്യർത്ഥന യുണ്ട്. അതുപോലെ സ്റ്റേറ്റ് ഹൈവേയ്ക്ക് ഇപ്പോൾ പുതുതായി കുറെ റോഡുകൾ എടുത്തിട്ടുണ്ട്, ചില റോഡുകൾകൂടി അത്യാവശ്യമുള്ളത് ഏതൊ ക്കെയാണെന്നുള്ളതു ചില ജില്ലാ റോഡുകളെയും എം.സി. റോഡുകളെയും ബന്ധിപ്പിക്കുന്ന റോഡുകൾകൂടി അടിയന്തിരമായി സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിക്കാൻ നടപടിയുണ്ടാകണമെന്നാണ് എനിക്ക് പറയുവാനുള്ളത്. മറ്റൊരു കാര്യം എനിക്ക് ശ്രദ്ധയിൽപ്പെടുത്തുവാനുള്ളത് താഴ്ന്ന പ്രദേശങ്ങൾ കുട്ടനാട്, മൺട്രോതുരുത്ത് പ്രദേശങ്ങളിൽ വെള്ളക്കെട്ടുള്ള ഇത്തരം റോഡു കൾ നിർമ്മിക്കുന്നതിന് കയറിന്റെ ജിയോടെക്സ്റ്റെയിൽസ് ഉപയോഗിക്കണം. ഇപ്പോൾ റബ്ബറധിഷ്ഠിതമായി ചില നടപടികൾ നീങ്ങുന്നുണ്ട്. ആ റബ്ബറധി ഷ്ഠിതംപോലെ കയർ അധിഷ്ഠിതമായ റോഡുകൾ നിർമ്മിക്കണം. കയർഫെ ഡിൽത്തന്നെ 20 കോടിയിലധികം കയറാണ് കെട്ടിക്കിടക്കുന്നത്. കേരള ത്തിലെ നാലുലക്ഷത്തോളം വരുന്ന ജീവനക്കാരുടെ ജീവന്റെ പ്രശ്നമാണ്. ഇപ്പോൾ കോഴിക്കോട് സോപ്സ് ആന്റ് ഓയിൽസ് എന്ന പൊതുമേഖലാ സ്ഥാപനത്തിൽ 20 ലക്ഷം രൂപയുടെ മാവേലി സോപ്പാണ് വിറ്റഴിച്ചത്. പൊതു മേഖലാ സ്ഥാപനങ്ങളെ നിലനിർത്തുക, കൂടുതൽ തൊഴിൽ ഉറപ്പുവരുത്തുക, അതിന് ന്യായമായ വില ഉറപ്പുവരുത്തുക എന്നത് ഏത് ഗവൺമെന്റിന്റേയും ഒരു പ്രത്യേക നയംതന്നെയാണ്. അതുപോലെതന്നെ പൊതുമരാമത്ത് വകുപ്പ് പരമ്പരാഗത വ്യവസായത്തെ സംരക്ഷിക്കാൻ ആ മേഖലയിൽ പണിയെടു ക്കുന്ന തൊഴിലാളികൾക്ക് അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ കഴിയുന്ന വിധത്തിൽ കയറിന് പുതിയ മാർക്കറ്റ് കണ്ടെത്തുവാൻ ഇത്തരം slum ആയിട്ടുള്ള ഏരിയകളിൽ നിർമ്മിക്കുന്ന പുതിയ റോഡുകളിൽ ജിയോ ടെക്സ്റ്റെയിൽസ് പരിരക്ഷിക്കാൻ കഴിയണം. എന്റെ മണ്ഡലത്തിലെ ഇടിക്ക ടവ്-പട്ടം തുരുത്ത് റോഡ് slum ഏരിയായിൽക്കൂടിയാണ് ആ റോഡ് പോകു ന്നത്, ആ റോഡിന് ഒരു കോടി രൂപയാണ് എസ്റ്റിമേറ്റ്. അതിന് ഏതാനും ലക്ഷങ്ങൾകൂടി മാറ്റിവെച്ച് കയർപിരിച്ച് നിർമ്മിക്കുന്ന റോഡുണ്ടാക്കണം. ഞങ്ങൾ മനസ്സിലാക്കുന്നത് എട്ട് വർഷംവരെ യാതൊരു കുഴപ്പവും കൂടാതെ അത്തരം റോഡുകൾ നിലനിൽക്കുമെന്നാണ്. വീണ്ടും ടാർ ചെയ്താൽ മതി

LIBRARY ARCHIVES Kerala Legislative Assembly

യാകും. അങ്ങനെ എട്ട് വർഷം വരെ നിലനിൽക്കാൻ കഴിയുന്ന വിധത്തിൽ ജിയോടെക്സ്റ്റൈയിൽസ് ഉപയോഗിച്ച് പുതിയ റോഡുകൾ നിർമ്മിച്ച് റോഡിന്റെ കാലദൈർഘ്യം നീട്ടിക്കൊണ്ടുപോകാൻ കഴിയുന്ന തരത്തിലുള്ള നടപടി സ്വീകരിക്കണം. ഏറ്റവും നല്ലതായ പ്രവർത്തനങ്ങൾ ഭംഗിയായി മുന്നോട്ടുകൊണ്ടുപോകുന്നതിന് ഈ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ള പണം ഫലപ്രദമായി വിനിയോഗിക്കുമെന്നതുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥന കളെ പിൻതാങ്ങുന്നു.

<u>ശ്രീ. അടൂർ പ്രകാശ്</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സ്വജനപക്ഷപാതവും രാഷ്ട്രീയ പക്ഷപാതവും മാത്രം കൈമുതലായി പ്രവർത്തിക്കുന്ന മന്ത്രിമാരുടെ വകുപ്പുകൾക്കുവേണ്ടി അവത രിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. വിനോദസഞ്ചാര രംഗത്ത് ധാരാളം നേട്ടങ്ങൾ കൈവരിക്കാൻ കഴിയുന്ന സംസ്ഥാനമാണ് കേരളം. എന്നാൽ ഇത് മുതലാക്കാൻ ഈ ഗവൺമെന്റിന് കഴിയാതെ പോകു ന്നു. ഇക്കണോമിക് റിവ്യൂ പേജ് 126 - ടൂറിസത്തിൽ ആദ്യത്തെ പാരഗ്രാഫിൽ പറഞ്ഞിരിക്കുന്നത് 1997-ൽ മൊത്തം അൻപത്തിയൊന്ന് ലക്ഷത്തി മുപ്പത്തി യാറായിരം വിനോദസഞ്ചാരികൾ കേരളം സന്ദർശിച്ചു എന്നാണ്. ഇതിൽ നാൽപ്പത്തിയൊൻപത് ലക്ഷത്തി അൻപത്തിമൂവായിരം പേർ സ്വദേശ വിനോദ സഞ്ചാരികളും ഒരു ലക്ഷത്തി എൺപത്തിരണ്ടായിരം പേർ വിദേശ വിനോദ സഞ്ചാരികളുമാണ് എന്നാണ്. അതിൽ 12.25 ശതമാനം സ്വദേശ വിനോദസ ഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടെങ്കിൽ വിദേശ വിനോദസ ഞ്ചാരികളുടെ എണ്ണത്തിൽ 3.15 ശതമാനം വളർച്ചാനിരക്ക് മാത്രമേ രേഖപ്പെടു ത്തിയിട്ടുള്ളൂ. ഈ രംഗത്ത് എന്തുകൊണ്ട് കാര്യമായ വളർച്ചയുണ്ടാക്കുവാൻ കഴിയുന്നില്ല? ഇതിനൊരു പഠനംതന്നെ നടത്തേണ്ടതായിട്ടുണ്ട്. നമ്മുടെ വിനോദസഞ്ചാര രംഗത്ത് ഏകോപിച്ച ഒരു പ്രവർത്തനം നടത്താൻ കഴിയു ന്നുണ്ടോ? നമ്മുടെ നാടിന്റെ പ്രകൃതി രമണീയത ചൂഷണം ചെയ്യുവാൻ കഴി യുന്നുണ്ടോ? ഇതിനുവേണ്ടി എല്ലാ ജില്ലകളിലും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ പ്രവർത്തനം ആരംഭിക്കാൻ മുൻമന്ത്രി പി.എസ്. ശ്രീനിവാ സൻ നടപടികൾ സ്വീകരിച്ചിരുന്നു. എനിക്ക് തോന്നുന്നത് അതിന് ആദ്യം തുടക്കം കുറിച്ചത് കൊല്ലത്താണ്. അന്ന് ശ്രീ. ആനന്ദബോസ് ജില്ലാകളക്ടർ ആയിരുന്നപ്പോഴാണ് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ എന്ന ആശയം കൊണ്ടുവന്നത്. ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും ഉണ്ടാകുന്നതുകൊണ്ട് ഉദ്ദേശിച്ചത് പ്രാദേശികമായ വികസനമായിരുന്നു. കക്ഷിരാഷ്ട്രീയത്തിനതീതമായ പ്രവർത്തനങ്ങളും നിർദ്ദേശങ്ങളും ഉണ്ടാകണമെന്ന ലക്ഷ്യത്തോടെയാണ് ഉണ്ടായത്. ഇന്ന് ഇതിന് ചില മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ബഹുമാ ന്യനായ ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ ഡി.റ്റി.പി.സി.യുടെ നിയന്ത്രണങ്ങൾ, ഇതിലൂടെ നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങൾ രാഷ്ട്രീയ ലക്ഷ്യത്തോടെ നീക്കുന്നതിനുവേണ്ടി നിയന്ത്രണങ്ങൾ കൊണ്ടുവന്നിരിക്കുന്നു. നിങ്ങളുടെ കൈകളിൽ ഇത് ഒതുക്കുവാൻ വേണ്ടിയുള്ള നിയമഭേദഗതികളും കൊണ്ടുവ ന്നില്ലേ? ഇവിടെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ 5.3.97-ലെ ഒരു ഗവൺമെന്റ് ഉത്തരവുണ്ട്. നിയമഭേദഗതികൾ കൊണ്ടുവരുന്നതിനുവേണ്ടി യാണ്. നിയമഭേദഗതികൾകൊണ്ടുവരുന്നതിനുവേണ്ടി ഗവൺമെന്റിന്റെ ഉത്തര വനുസരിച്ച് നിർദ്ദേശിച്ചിരുന്നത് അങ്ങ് മനസ്സിലാക്കണം. സർക്കാർ നാമ നിർദ്ദേശം ചെയ്യുന്ന അഞ്ച് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരെ ഉൾപ്പെടു

LIBRARY ARCHIVES Kerala Legislative Assembly

ത്തുക, രണ്ട്, സർക്കാർ നിർദ്ദേശിക്കുന്നതും ടൂറിസം രംഗത്ത് പ്രവർത്തിക്കുന്നതുമായ പ്രഗൽഭരായ അഞ്ച് വ്യക്തികളുടെ പേരുകൾ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, എക്സിക്യൂട്ടീവ് കമ്മിറ്റി നിങ്ങളുടെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനുവേണ്ടി നിങ്ങൾക്ക് ഇഷ്ടമുള്ള ആളുകളെമാത്രം ഇതിൽ തിരുകി കയറ്റുന്നതിനുവേണ്ടിയുള്ള നിർദ്ദേശമാണ് ഈ നിയമഭേദഗതികളിലൂടെ അങ്ങ് കൊണ്ടുവന്നത്. ഞാൻ ഒരു കാര്യം ചോദിക്കട്ടെ. ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ അതിലൂടെ ഈ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഇതിന്റേതായ വികസന പ്രവർത്തനങ്ങൾ എത്തിക്കണ്ടേ? ഇതിന്റെ അന്തസത്തയെ തകർക്കുന്ന തരത്തിൽ കൊണ്ടുപോകുകയല്ലേ, അതുകൊണ്ട് ചെയ്യുന്നത്. ഞങ്ങളുടെയൊക്കെ നിയോജകമണ്ഡലങ്ങളിലെ വികസന സാധ്യതകൾ മുരടിപ്പിക്കാൻ ഇതിലൂടെ സാധിക്കുന്നു. പൂച്ച കണ്ണുമടച്ച് പാൽ കുടിക്കും, അതിന്റെ വിചാരം ആരും കാണുന്നില്ല എന്നാണ്. അതുപോലെ അങ്ങയുടെ പുഞ്ചിരി കണ്ടാൽ അങ്ങ് പരമയോഗ്യനാണെന്നും എല്ലാപേരേയും ഒരുപോലെയാണ് കാണുന്നതെന്ന് തോന്നിപ്പോകും. ഡി.റ്റി.പി.സി.യുടെ കാര്യത്തിൽ എല്ലാ ജില്ലകളിലും എം.എൽ.എ. മാരെ ഒഴിവാക്കിക്കൊണ്ട് അങ്ങ് നടത്തുന്ന ഈ രഹസ്യ വിപ്ലവം ഗുണം ചെയ്യുകയില്ല എന്ന് ഓർമ്മിപ്പിക്കട്ടെ. എല്ലാ ജില്ലകളിലും ഡി.റ്റി.പി.സിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ എല്ലാ എം.എൽ.എ. മാരേയും എം.പി. മാരേയും ഉൾപ്പെടുത്തണം. എങ്കിൽ മാത്രമേ അതത് പ്രദേശങ്ങളിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ അവർക്കുകൂടി കൊടുക്കാൻ കഴിയൂ. മാത്രമല്ല ഡി.റ്റി.പി.സി.യുടെ കാര്യത്തിൽ അപ്പെക്സ് ബോഡിതന്നെ ഉണ്ടാകണം. ഒരു അപ്പെക്സ് ബോഡി ഉണ്ടെങ്കിൽ ഇതിന്റെ പ്രവർത്തനം ഏകോപിപ്പിക്കാൻ കഴിയും. പല ജില്ലകളിലുമുള്ള അനാരോഗ്യകരമായ മത്സരം ഇതിലൂടെ ഒഴിവാക്കാൻ കഴിയും. കേരളത്തിനുവെളിയിലും വിദേശത്തും മാർക്കറ്റിംഗ് സംവിധാനം ഫലപ്രദമായി നടപ്പിലാക്കാൻ അപ്പെക്സ് ബോഡിക്കു മാത്രമേ കഴിയുകയുള്ളൂ. അതുപോലെതന്നെ എക്സ്റ്റേണൽ ഏജൻസികളിൽനിന്നും സാമ്പത്തിക സഹായം നേടിയെടുത്തുകൊണ്ട് അപ്പെക്സ് ബോഡിക്ക് മാത്രമേ ഇതിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ഒരു അപ്പെക്സ് ബോഡി ഉണ്ടാക്കുകയും കിട്ടുന്ന സാമ്പത്തിക സഹായങ്ങൾ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾക്ക് കൊടുക്കുകയും അതിലൂടെ അതിന്റെ പ്രവർത്തനങ്ങൾ നടപ്പാക്കുകയും ചെയ്യണം. അതുകൊണ്ട് രാഷ്ട്രീയത്തിന് അതീതമായി ഒരു മില്ലെനിയം വിഷൻ ഉണ്ടാകണം. ഒരു ആഗോള ഗ്രാമത്തിലാണ് നാം ജീവിക്കുന്നത്. വിനോദസഞ്ചാരം, ഭക്ഷ്യം. പി.ഡബ്ലിയു.ഡി. ഇവയെ മൂന്നായി കാണാൻ പറ്റുകയില്ല. ഇവയെല്ലാംകൂടി ക്രോഡീകരിക്കണം. നമുക്ക് കൂടുതൽ വിനോദസഞ്ചാരികളെ നമ്മുടെ നാട്ടിലേയ്ക്ക് ആകർഷിക്കാൻ കഴിയണം. അതിന് ഗവൺമെന്റ് ടൂറിസം മേഖലയിൽ ഒരു പ്രൊവൈഡർ എന്ന നിലയിൽനിന്നും ഫെസിലിറ്റേറ്ററായി മാറണം. വിദേശ സഞ്ചാരികൾക്ക് തിരുവനന്തപുരത്തോ കൊച്ചിയിലോ എത്താൻ എടുക്കുന്ന സമയത്തേക്കാൾ കൂടുതൽ സമയം തേക്കടിയിൽ എത്താൻ എടുക്കുന്നു. എന്തുകൊണ്ടാണ്?

[1.00 PM] നമ്മുടെ പി.ഡബ്ല്യൂ.ഡി. റോഡുകളെല്ലാം കുണ്ടുംകുഴിയുമായി മാറിയിരിക്കുന്നു. അതുകൊണ്ട് വളരെ ദുർഘടം പിടിച്ച റോഡുകളിലൂടെ സഞ്ചരിക്കേണ്ട ഒരു സാഹചര്യം നമ്മുടെ നാട്ടിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു. നമ്മുടെ നാടിനെക്കുറിച്ച് നമ്മൾ കൊടുത്തിരിക്കുന്ന പ്രചരണം

LIBRARY ARCHIVES Kerala Legislative Assembly

എന്താണ്. Gods own country. ദൈവത്തിന്റെ സ്വന്തം നാട്, ഈ നാട്ടിൽ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കാൻ തയ്യാറുണ്ടോ? നമ്മുടെ നാട്ടിലെത്തുന്ന വിദേശ വിനോദ സഞ്ചാരികൾക്ക് മാവേലിയെ വരവേൽക്കാൻ നിൽക്കുന്ന വാമനൻമാരുടെ ആദ്യ ചവിട്ട് ഏൽക്കുന്നത് എയർപോർട്ടിൽ എത്തുമ്പോൾ കസ്റ്റംസ്കാരിൽ നിന്നുമാണ്. രണ്ടാമത്തെ ചവിട്ട് ടാക്സിക്കാരിൽനിന്നും കിട്ടും. മൂന്നാമത്തെ ചവിട്ട് ഹോട്ടലിൽ എത്തുമ്പോൾ കിട്ടുന്നു. മുറിയെടുത്ത് അകത്ത് കടന്നുകഴിഞ്ഞാൽ നമ്മുടെ ബഹുമാന്യനായ വിദ്യുച്ഛക്തി വകുപ്പുമന്ത്രി ശ്രീ. എസ്. ശർമ്മയുടെ വകയായി ഒരു ഇരുട്ടടികൂടി കിട്ടും. ഇവിടെവന്ന് ആസ്വദിക്കാൻവരുന്ന വിനോദസഞ്ചാരികൾ പിന്നീട് കൊതുകുകടി കൊണ്ട് ഇവിടംവിട്ടുപോകുന്ന ഒരു ഗതികേട് ഈ സംസ്ഥാനത്ത് നിലവിലുണ്ട്. എല്ലാ സൗകര്യങ്ങളും ഒരുക്കിക്കൊടുക്കുമെന്നുള്ള പ്രഖ്യാപനങ്ങൾ മാത്രം പോരാ, നല്ല രീതിയിൽ കാര്യങ്ങൾ നടപ്പിലാക്കാനുള്ള ആത്മാർത്ഥതകൂടി കാണിക്കണം. നമ്മുടെ നാടിന്റെ മനോഹരമായ പൂന്തോട്ടം തുറന്നുകൊടുക്കാൻ അങ്ങ് തയ്യാറാകണം. ഒരു രാക്ഷസന്റെ കഥയാണ് എനിക്ക് ഓർമ്മ വരുന്നത്. രാക്ഷസന്റെ പൂന്തോട്ടത്തിൽ മനോഹരമായ പൂക്കൾ എപ്പോഴും ഉണ്ടാകും. ഒരിക്കൽ കുറേ കുട്ടികൾ രാക്ഷസന്റെ പൂന്തോട്ടത്തിൽ ഒളിഞ്ഞുകയറി. അവരെ കണ്ട രാക്ഷസൻ അട്ടഹസിച്ചുകൊണ്ട് കുട്ടികളുടെ നേരെ ചാടി. കുട്ടികൾ ജീവനുംകൊണ്ട് ഓടി. ഇനിയും ആരും പൂന്തോട്ടത്തിൽ കയറാതിരിക്കാൻ രാക്ഷസൻ ഒരു വൻമതിൽ കെട്ടി. ഋതുക്കളുടെ മാറ്റം ഉണ്ടായപ്പോൾ രാക്ഷസന്റെ പൂന്തോട്ടത്തിലൊഴിച്ച് എല്ലായിടത്തും മനോഹരമായ പൂക്കൾ ഉണ്ടായി. രാക്ഷസന് വലിയ സങ്കടമായി. അങ്ങനെയിരിക്കെ ഒരു ദിവസം തന്റെ പൂന്തോട്ടത്തിൽ ഒരു മരച്ചില്ലയിൽ നല്ല പൂക്കൾ നിൽക്കുന്നതു കണ്ടു. അതു കാണാൻവേണ്ടി രാക്ഷസൻ ഇറങ്ങി താഴേക്കു വരുമ്പോൾ ആ മരച്ചില്ലകളിൽ കുറെ കുട്ടികൾ ഇരിക്കുന്നു. രാക്ഷസനെ കണ്ട മാത്രയിൽ കുട്ടികൾ ഇറങ്ങിയോടി. മരച്ചില്ലയിലെ പൂക്കളെല്ലാം അടർന്നുവീണു. കാര്യം മനസ്സിലാക്കിയ രാക്ഷസൻ ഒരു വലിയ മഴുവെടുത്ത് വൻമതിലുകൾ ഇടിച്ച് തോട്ടം കുഞ്ഞുങ്ങൾക്കായി തുറന്നുകൊടുത്തു. അതുപോലെ നമ്മുടെ നാട്ടിലെ മനോഹരമായ ഈ പൂന്തോട്ടത്തിന്റെ വൻമതിലുകൾ മഴു ഉപയോഗിച്ച് ഇടിച്ചുനിരത്തി തുറന്നുകൊടുക്കാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിയണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. പല വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ട് നമ്മുടെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോയെങ്കിൽ മാത്രമേ ഈ രംഗത്ത് നമുക്ക് മുന്നോട്ടു ചലിക്കാൻ കഴിയുകയുള്ളൂ. ഇവിടെ എത്തിച്ചേരുന്നവർക്ക് സമാധാനപരമായ അന്തരീക്ഷം ഉണ്ടാക്കിക്കൊടുക്കാൻ കഴിയണം. ഇന്ന് നമ്മുടെ ഗസ്റ്റ് ഹൗസുകളുടെ സ്ഥിതി എന്താണ്? ഇന്ന് നമ്മുടെ ഗസ്റ്റ് ഹൗസുകളിൽ ആരെങ്കിലും താമസിക്കാൻ വന്നാൽ നല്ല മുറികൾ കിട്ടുന്നുണ്ടോ? ഒരുപക്ഷെ അങ്ങേയ്ക്ക് മനസ്സിലാകുകയില്ല. അങ്ങ് ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രി എന്നുള്ള നിലയ്ക്ക് അങ്ങ് ഗസ്റ്റ് ഹൗസുകളിൽ ചെന്നാൽ ഏറ്റവും നല്ല മുറികൾ അങ്ങേയ്ക്കുവേണ്ടി തുറന്നുതരും. തൊട്ടടുത്ത മുറികൾ അങ്ങ് കാണാറില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ പാർട്ടിയിൽപ്പെട്ടവരൊഴിച്ച് അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്ന മറ്റുള്ളവർക്കുള്ള ഗതികേടാണ് ഞാൻ പറഞ്ഞത്. അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവർ ചെന്നാൽ ആ മുറികളിൽ താമസിക്കുവാൻ കഴിയാത്ത ഒരു സാഹചര്യമാണ് നിലവിൽ ഉള്ളത്. കോവളം ഗസ്റ്റ് ഹൗസിൽ അടുത്ത കാലത്ത് ഒരു സംഭവം നടക്കുകയുണ്ടായി. ചെറുപ്പക്കാരായ ഭാര്യയും ഭർത്താവും മധുവിധു

LIBRARY ARCHIVES Kerala Legislative Assembly

ആഘോഷിക്കാൻവേണ്ടി എത്തിയതായിരുന്നു. ഗസ്റ്റ് ഹൗസിലായിരുന്നു താമസം. അയാളുടെ കയ്യിൽനിന്നും 25,000 രൂപ മോഷണം പോയി. കേസ്സ് എടുത്തിട്ടുണ്ട്. ഇവിടത്തെ സ്ഥിതി എന്താണ്? ഇവിടെ വരുന്ന വിനോദസഞ്ചാരികൾക്ക് ഏതെങ്കിലും തരത്തിൽ സംരക്ഷണം കൊടുക്കാൻ കഴിയുന്നുണ്ടോ? ടൂറിസം മേഖലയിൽ പോലീസിനെ ഏർപ്പെടുത്തുന്നുണ്ട് അല്ലെങ്കിൽ നിയന്ത്രണം ഏർപ്പെടുത്തുന്നുണ്ട് എന്നൊക്കെ അങ്ങ് പലപ്പോഴും പ്രഖ്യാപിച്ചിട്ടുണ്ട്. കോവളം ഗസ്റ്റ് ഹൗസിൽനിന്നും കാശ് മാത്രമേ മോഷണം പോയിട്ടുള്ളൂ എന്നായിരിക്കാം അങ്ങ് പറയാൻ പോകുന്ന മറുപടി. ഇന്ന് അത്തരത്തിൽ എത്തുന്നവർക്ക് സംരക്ഷണം കൊടുക്കാൻ നമുക്ക് കഴിയണം. എങ്കിൽ മാത്രമേ നമുക്ക് ഈ രംഗത്ത് പുരോഗതി കൈവരിക്കാൻ കഴിയുകയുള്ളൂ വെന്ന് അങ്ങ് മനസ്സിലാക്കണം. അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. ഇന്ന് വേൾഡ് ടൂറിസം രംഗത്ത് ഒട്ടനവധി വ്യതിയാനങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതിനെ നമുക്ക് നേരിടണ്ടേ? നമ്മുടെ നാടിന്റെ സാംസ്ക്കാരിക പൈതൃകം ഊട്ടിവളർത്തിക്കൊണ്ട് അത് നിലനിർത്തിക്കൊണ്ട് ഈ ടൂറിസം മേഖലയിൽ നമുക്ക് ഒരു മുന്നേറ്റത്തിനുവേണ്ടിയുള്ള കാഴ്ചപ്പാടുകൾ ഉണ്ടാകണം. അതിന് നമുക്ക് എത്ത്നിക് ടൂറിസവും ഹാബിറ്റാറ്റ് ടൂറിസവും പ്രൊമോട്ട് ചെയ്യാൻ കഴിയണം. നമുക്ക് നാലുകെട്ടുകളും അതുപോലെ കോവിലകങ്ങളും ഒരുപാടുണ്ട്. ഇതെല്ലാം കോർത്തിണക്കി ഒരു നെറ്റ്വർക്ക്തന്നെ ഉണ്ടാക്കി ഒരു Township village ഡവലപ്പ് ചെയ്തെടുക്കണം. കേരളത്തിന്റെ സാംസ്ക്കാരിക പൈതൃകം, സാമൂഹിക ചരിത്രം, വസ്ത്രധാരണശൈലി, പഴയ വീടുകൾ, ഗ്രാമീണ പ്രദേശങ്ങളിലുള്ള ആനകൾ, ചായക്കടകൾ തുടങ്ങിയവയെല്ലാം കോർത്തിണക്കിക്കൊണ്ട് ഒരു മോണുമെന്റൽ ആക്കി മാറ്റിയെടുത്ത് നമുക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുവാൻ കഴിയുന്ന ഒരു സാഹചര്യം നമ്മുടെ സംസ്ഥാനത്ത് ഉണ്ടാക്കിയെടുക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. നമ്മുടെ പാരമ്പര്യം കാത്തുസൂക്ഷിക്കാൻ കഴിയുന്ന ടൂറിസം പോളിസി നമുക്ക് ഉണ്ടാക്കിയെടുക്കാൻ കഴിയണം. ഇന്ന് ഈ രംഗത്തുള്ള തകർച്ചയ്ക്ക് മാറ്റം ഉണ്ടാകണം. ആ മാറ്റം ഉണ്ടാകണമെങ്കിൽ ഇന്ന് നമ്മുടെ ടൂറിസം മേഖലയായി നമ്മൾ പറയാൻ പോകുന്ന സ്ഥലങ്ങൾ ഐഡന്റിഫൈ ചെയ്യണം. കോവളംതന്നെ ഉദാഹരണത്തിന് എടുത്താൽ, ആ പ്രദേശത്ത് ഏതൊക്കെ തരത്തിലുള്ള വികസന പ്രവർത്തനങ്ങൾ നടപ്പാക്കാൻ കഴിയും; ഇന്ന് അതിന്റെ ചുറ്റുപാടുകൾ മോശമായി കിടക്കുകയാണ്. നമുക്ക് ആ പ്രദേശത്ത് എന്തൊക്കെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കാൻ കഴിയും എന്നതിനെ സംബന്ധിച്ച് നമുക്ക് ഒരു കാഴ്ചപ്പാട് ഉണ്ടാകണം. ആ കാഴ്ചപ്പാട് ഉണ്ടാകണമെങ്കിൽ ഒരു ഹെറിറ്റേജ് ലെജിസ്ലേഷൻതന്നെ കൊണ്ടുവരുന്നതിന് ബഹുമാന്യനായ മന്ത്രി മുൻകൈ എടുക്കണം.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : ഹെറിറ്റേജ് ലെജിസ്ലേഷൻ എന്നുപറഞ്ഞാൽ എന്താണ്? അത് കോവളത്ത് എങ്ങനെ വരും?

ശ്രീ. അടൂർ പ്രകാശ് : അത് ഞാൻ പറയാം. ഈ സംസ്ഥാനത്ത് വിനോദസഞ്ചാര രംഗത്ത് മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിനുവേണ്ടി, ഈ സംസ്ഥാനത്തിന്റെ എല്ലാ മേഖലയിലുമുള്ള വികസന സാധ്യതകൾ പഠിച്ചുകൊണ്ട്, അതിനനുസൃതമായി ഈ സംസ്ഥാനത്ത് ഒരു നിയമം ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനു

LIBRARY ARCHIVES Kerala Legislative Assembly

ള്ളത്. ടൂറിസത്തിന്റെ ഒരു മാസ്റ്റർ പ്ലാൻതന്നെ ഉണ്ടാകണം. ആ മാസ്റ്റർ പ്ലാനിനെ സംബന്ധിച്ച് എനിക്ക് ഒരു നിർദ്ദേശം വയ്ക്കാനുണ്ട്. ഞങ്ങളുടേത് മലയോര പ്രദേശമാണ്. ടൂറിസം രംഗത്ത് വളരെയേറെ സാധ്യതകൾ നില നിൽക്കുന്ന പ്രദേശമാണ്. അതുകൊണ്ട് എന്റെ നിയോജക മണ്ഡലമായ കോന്നി കൂടി ഈ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തുന്നതിന് അങ്ങ് തയാറാകണമെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. നമ്മുടെ പി.ഡബ്ല്യൂ.ഡി. യുടെ കാര്യത്തെക്കുറിച്ചൊന്നും ഞാൻ അധികമായി കടന്നുപോകാൻ ആഗ്രഹിക്കുന്നില്ല. കാരണം ഇവിടെ ഒട്ടനവധി ആളുകൾ, ശ്രീ. നമ്പാടൻ മാഷ് തുടങ്ങിയ എല്ലാവരും പറഞ്ഞതാണ്. അപ്പുറത്തിരിക്കുന്ന ആളുകളും ഇതിനെക്കുറിച്ച് വളരെ നിശിതമായി വിമർശിച്ചുകൊണ്ട് പറഞ്ഞതാണ്. അതുകൊണ്ട് മന്ത്രി അക്കാര്യത്തിൽ ശ്രദ്ധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇന്ന് നമ്മുടെ റോഡുകളെല്ലാം തകർന്നിരിക്കുകയാണ്. അതിനു കാരണം നമ്മുടെ റോഡുകൾക്ക് ആവശ്യത്തിന് ഓടകൾ ഉണ്ടാക്കുവാൻ തയ്യാറാകുന്നില്ല. പല പ്പോഴും ഉദ്യോഗസ്ഥൻമാർ പറയുന്നത് ഓടകൾ ഉണ്ടാക്കാൻ അത് പണി ചെയ്യിക്കുന്നതിന് ചില തടസ്സങ്ങൾ ഉണ്ടായിരിക്കുന്നുവെന്നാണ്. തടസ്സങ്ങൾ ഉണ്ടായിരിക്കുന്നതിൽ ഗവൺമെന്റിൽനിന്നും ചില നിർദ്ദേശങ്ങൾ കിട്ടിയിരിക്കുന്നു. ഓടകൾ തൽക്കാലം ഉണ്ടാക്കുന്നതിനുവേണ്ടി അനുമതി കൊടുക്കണ്ടയെന്ന്. നമ്മുടെ റേഡുകളുടെ സംരക്ഷണത്തിനുവേണ്ടി ആവശ്യമായ ഓടകൾ എല്ലാ മേഖലയിലും ഉണ്ടാക്കുന്നതിനുള്ള നിർദ്ദേശം കൊടുക്കണമെന്നാണ് എനിക്ക് ഇത് സംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്. ബഹുമാന്യനായ മന്ത്രി രണ്ടുമൂന്നു വർഷക്കാലമായി തുടർച്ചയായി പറയുന്ന ഒരു കാര്യമുണ്ട്. ഇവിടെ റോഡ് ആക്ട് കൊണ്ടുവരാൻ പോകുന്നു. ഈ അടുത്ത ദിവസം അദ്ദേഹം ഈ നിയമസഭയിൽ പറഞ്ഞു. എത്രയും പെട്ടെന്ന് ആ നിയമം ഇവിടെ കൊണ്ടുവരാൻ പോകുന്നുവെന്ന്. കഴിഞ്ഞ 96-ൽ അദ്ദേഹം പ്രഖ്യാപിച്ചതാണ്. അന്നുമുതൽ ഇങ്ങോട്ട് തുടർച്ചയായി ആവർത്തിച്ചാവർത്തിച്ച് ഒരു റോഡ് ആക്ട് ഇവിടെ കൊണ്ടുവരുമെന്ന് ഇവിടെ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽപോലും അതിനുവേണ്ട നടപടികൾ ഉണ്ടായിട്ടില്ല. ഇത്തരത്തിൽ നിരുത്തരവാദപരമായി പെരുമാറുന്ന, പ്രവർത്തനം നടത്തുന്ന ഒരു ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. സി.പി. ബാലൻ വൈദ്യർ)

<u>ശ്രീ. കെ. പ്രകാശ് ബാബു</u> : സർ, ഞാൻ മരാമത്ത് വകുപ്പിനുവേണ്ടിയും ഭക്ഷ്യ-ടൂറിസം വകുപ്പിനുവേണ്ടിയും ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഈ ധനാഭ്യർത്ഥനകളെ സർവ്വാത്മനാ അനുകൂലിക്കുന്നു. ഇന്നത്തെ ചർച്ചയിൽ വളരെ പ്രകടമായ ഒരു വ്യത്യാസം ഉണ്ടെന്ന് എനിക്ക് തോന്നി. അത് എന്തെന്നുവച്ചാൽ കേരളം എപ്പോഴും കത്തിപ്പടർന്നുനിൽക്കുന്ന വിലക്കയറ്റത്തിൽ നിന്നും ചർച്ച പോയി ടൂറിസവും മറ്റു വിഷയങ്ങളിലുമാണ് പ്രധാനമായിട്ടും ചർച്ച വന്നത്. അതുകൊണ്ടു തന്നെ വിലക്കയറ്റം ഈ കേരളത്തിൽ ഒരു ചർച്ചാവിഷയം അല്ല എന്നുള്ളനിലയിൽ കേരളാ ഗവൺമെന്റിനും, ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കും കൊണ്ടുവരാൻ കഴിഞ്ഞത് ഒരു വലിയ നേട്ടമാണെന്നാണ് എനിക്ക് പറയാനുള്ളത്. ശ്രീ. അടൂർ പ്രകാശ് ടൂറിസം വകുപ്പിനെക്കുറിച്ച് മാത്രമായിട്ടാണ് ചർച്ച നടത്തിയത്. അദ്ദേഹത്തിന്റെ സ്വന്തം ജില്ലയായ പത്തനംതിട്ടയിൽ ആദ്യമായി ഒരു ഗവൺമെന്റ് ഗസ്റ്റ്ഹൗസ് ഉണ്ടായത് ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് എന്ന കാര്യം ശ്രീ. പ്രകാശ് ഓർക്കുന്നത് നന്നായിരിക്കും. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വളരെ ശക്തമായ, മെച്ചപ്പെട്ട വ്യാപകമായ ഒരു പൊതുവിതരണശൃംഖല കെട്ടിപ്പെടുക്കാൻ കഴിഞ്ഞുവെന്ന് ഈ ഗവൺമെന്റിന് എന്നും അഭിമാനിക്കാൻ കഴിയുന്ന ഒരു നേട്ടമാണ്. അതിനെ സംബന്ധിച്ച് നേരത്തെ നിരവധി അംഗങ്ങൾ പറഞ്ഞതുകൊണ്ട് ഞാൻ അത് ആവർത്തിക്കുന്നില്ല. ഇന്ത്യയിലെമ്പാടും ഉണ്ടാകുന്ന അതിഭീകരമായ വിലക്കയറ്റത്തിൽനിന്നും ഈ കൊച്ചു സംസ്ഥാനത്തിലെ പാവപ്പെട്ട ആളുകളെ സംരക്ഷിച്ച് നിർത്താൻ കഴിയുന്നത് അത്രയും ശക്തമായ ഒരു പൊതുവിതരണ ശൃംഖല നമുക്കുണ്ടായതുകൊണ്ടു മാത്രമാണ് വിലക്കയറ്റം കൊണ്ട് പൊറുതിമുട്ടിയെന്ന് വെറുതെയാണെങ്കിൽപോലും ശ്രീ. ജോണി നെല്ലൂർ ഇവിടെ സംസാരിച്ചപ്പോൾ, എക്കണോമിക് റെവ്യൂവിൽ നമ്മുടെ അഖിലേന്ത്യാ നിലവാരത്തിലുള്ള വിലക്കയറ്റത്തെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. അത് യു.ഡി.എഫിന്റെ അംഗങ്ങൾ ഒന്ന് വായിക്കുന്നത് നന്നായിരിക്കും എന്നാണ് എനിക്ക് തോന്നുന്നത്. അതിൽ പറയുന്നത് The All India Consumer Price Index for Industrial workers rose by 15.3% and that for Agriculture labourer by 15.1% during 1998. 1998-ലെ അഖിലേന്ത്യാ നിലവാരം 15.3 ഉം 15.1 ഉം ആയിട്ട് നിൽക്കുമ്പോൾ കേരളത്തിലേത് which was 12.4% in 1995. ശ്രീ. ആര്യാടൻ മന്ത്രിയായിരുന്നപ്പോൾ. ശ്രീ. പി. പി. തങ്കച്ചൻ മന്ത്രിയായിരുന്നപ്പോൾ 12.4%. Then declined to 10.1% in 1996, 9% in 1997 and further to 6.4% in 1998. It is noteworthy that the inflation rate in the State had swept drastically below the two digit figure in 1998 whereas for the whole country the consumer prices were rising much faster. അതാണ് ഈ ഗവൺമെന്റിന്റെ നേട്ടം. അതു മാത്രം വായിച്ചാൽ മതി. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഈ കേരളത്തിൽ ഭരണം നടത്തുമ്പോൾ പൊതുവിതരണരംഗത്ത് വളരെ ശക്തമായ Market intervention വഴി അഖിലേന്ത്യാ തലത്തിൽ ഉണ്ടാക്കുന്ന ഈ വിലക്കയറ്റത്തിൽ നിന്നുപോലും പിടിച്ചുമാറ്റാൻ കഴിയുന്നു എന്ന ആ നേട്ടം കാണാൻ ബഹുമാനപ്പെട്ട യു.ഡി.എഫിന്റെ അംഗങ്ങൾ തയ്യാറാകാത്തത് കഷ്ടം തന്നെയാണ്. എനിക്ക് പറയാനുള്ളത്, കോൺഗ്രസ്സ് ഈ രാജ്യത്തെ ജനങ്ങളെ എങ്ങനെ കാണുന്നുവെന്നതിന്റെ ഒരു ഉദാഹരണത്തിന് മാത്രമായി കോൺഗ്രസ്സിന്റെ പച്ച്മാടി പ്രഖ്യാപനം 1998 സെപ്റ്റംബർ മാസത്തേത് എന്റെ കൈവശമുണ്ട്. അവരുടെ ഡിക്ലറേഷൻ, അത് വായിച്ച് സമയം കളയുന്നില്ല. അതിന്റെ ഗോൾഡൻ ജൂബിലി റെസല്യൂഷനിലെ അതിന്റെ 59-ാമത്തെ ഐറ്റം, കോൺഗ്രസ്സ് ഇന്ത്യാരാജ്യത്ത് പാവപ്പെട്ട ജനങ്ങളെയും പൊതുവിതരണ രംഗത്തെയും എങ്ങനെ കാണുന്നു എന്നതിന്റെ ഏറ്റവും പ്രകടമായ ഒരു തെളിവാണ്. അതിൽ Rationalising the Scope of Public Distribution System:

The Congress reiterates its commitment to a revamped public distribution system. Further it does not make sense for the state to provide subsidised foodgrains and other items through the public distribution system. The scope of the public distribution system needs to be rationalised to exclude those who do not need to be subsidised by the state. അതാണ് കോൺഗ്രസ്സിന്റെ കാഴ്ചപ്പാട്. അതു തന്നെയാണ് ബി.ജെ.പി.യുടേയും കാഴ്ചപ്പാട്. ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് 61 ലക്ഷം റേഷൻ കാർഡ് ഉടമസ്ഥർ ഉണ്ട്. റേഷൻ സിസ്റ്റം എന്നു പറഞ്ഞാൽ തന്നെ സബ്സിഡിയോടുകൂടിയ foodgrains. അതാണ് റേഷൻ കടകളിൽ കൂടി വിതരണം ചെയ്യുന്നത്. എന്നാൽ ഗ്രാമ വികസന വകുപ്പുമന്ത്രി ഒരു ചോദ്യത്തിന് ഉത്തരമായി പറഞ്ഞത് ദാരിദ്ര്യരേഖയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

താഴെ കഴിയുന്ന കുടുംബങ്ങളുടെ എണ്ണം 23 ലക്ഷം എന്നാണ്. ആ 23 ലക്ഷം എന്നത് റൂറൽ ഡെവലപ്പ്മെന്റ് ഡിപ്പാർട്ടുമെന്റ് പറയുന്നതെങ്കിലും പ്ലാനിംഗ് ബോർഡ് അംഗീകരിച്ചുള്ളത് 15 ലക്ഷമേയുള്ളൂ. കോൺഗ്രസ്സിന്റെ ഈ പ്രമേയത്തിന്റെ അർത്ഥം 15 ലക്ഷത്തിന് മാത്രമായി ഈ റേഷൻ സമ്പ്രദായം ചുരുക്കണമെന്നാണ്. ആർക്കെങ്കിലും കോൺഗ്രസ്സിന്റെ ആ പ്രമേയത്തിൽ പറഞ്ഞിരിക്കുന്നകാര്യം തർക്കിക്കാൻ കഴിയുമോ? ഇന്ന് കേരളത്തിലെ 42 ലക്ഷം കുടുംബങ്ങളെ റേഷൻ സമ്പ്രദായത്തിൽനിന്നും ഒഴിവാക്കണമെന്ന ആ പ്രമേയം പാസ്സാക്കിയവരാണ് കോൺഗ്രസ്സ് പ്രവർത്തകർ.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ഇടതുപക്ഷ ഗവൺമെന്റിന്റെ ഇലക്ഷൻ മാനിഫെസ്റ്റോയിൽ പറഞ്ഞിരുന്നത് നിത്യോപയോഗ സാധനങ്ങൾ പാവപ്പെട്ടവർക്ക് വിതരണം ചെയ്യും എന്നാണ്. അങ്ങയുടെ കക്ഷികൂടി ദേവഗൗഡ ഗവൺമെന്റിലും ഗുജറാൾ ഗവൺമെന്റിലും പങ്കാളികളായപ്പോൾ ഉണ്ടാക്കിയ സി.എം.പി.യിലും ഇതുതന്നെയാണ് പറഞ്ഞത്.

<u>ശ്രീ. കെ. പ്രകാശ് ബാബു</u> : ആ ഗവൺമെന്റാണ് റേഷൻ കടകളിലൂടെ പകുതി വിലയ്ക്ക് 10 കിലോ അരി കൊടുക്കുന്നതിന് തീരുമാനമെടുത്തത്. ആ ദേവഗൗഡ ഗവൺമെന്റാണ് രാജ്യത്ത് വളത്തിനും ഭക്ഷ്യ ധാന്യങ്ങൾക്കും ഏറ്റവും കൂടുതൽ സബ്സിഡി ഏർപ്പെടുത്തിയത്. കോൺഗ്രസ്സ് പാർട്ടിയും ബി.ജെ.പി.യും രണ്ടുപേരും ഒരു കാര്യത്തിൽ ഒരുമിച്ച് നിൽക്കുന്നു. റേഷൻ സമ്പ്രദായം (പൊതുവിതരണരംഗം) ബി.പി.എൽ.-ൽ വരുന്ന ആളുകൾക്ക് മാത്രമായി പരിമിതപ്പെടുത്തുന്നതുമൂലം അതിന്റെ ഫലം ലഭിക്കുന്നത് പരിമിതമായ ആളുകൾക്കുമാത്രമാണ്. കോൺഗ്രസ്സ് പ്രമേയം പാസ്സാക്കിയതിനു ശേഷം ആ പ്രമേയത്തിന്റെയടിസ്ഥാനത്തിൽ ഈ രാജ്യം തുടർന്നുഭരിക്കുകയാണെങ്കിൽ കേരളത്തിൽ 46 ലക്ഷം കുടുംബങ്ങൾ റേഷൻ സമ്പ്രദായത്തിൽനിന്നും പുറത്തു പോകുമായിരുന്നു. കോൺഗ്രസ്സ് പാർട്ടിയുടെ റെസല്യൂഷന്റെ ഫലമായി ഇതാണ് ഇവിടെയുണ്ടാകാമായിരുന്ന ഏറ്റവും വലിയ അപകടം. വിലക്കയറ്റം കൊണ്ട് നമ്മുടെ രാജ്യത്തെ പൊറുതിമുട്ടിച്ച കോൺഗ്രസ്സ് എടുത്ത ആ റസൊല്യൂഷനാണ് ബി.ജെ.പി.യുടെ ഗവൺമെന്റ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അവർ നടപ്പിലാക്കാൻ ശ്രമിക്കുന്നതും അതുതന്നെയാണ്. പക്ഷെ ഇന്നത്തെ മുന്നണി രാഷ്ട്രീയത്തിൽ ചിലത് നടക്കുന്നില്ല എന്നുമാത്രം. അങ്ങനെ ഒരവസ്ഥയിൽക്കൂടി നമ്മുടെ സംസ്ഥാനത്തെ കൊണ്ടുപോകാൻ കോൺഗ്രസ്സ് പാർട്ടിക്ക് കഴിഞ്ഞു. അര നൂറ്റാണ്ടുകാലത്തെ അവരുടെ അരാചക ഭരണത്തിന്റെ ഫലമായി അങ്ങനെ ഒരു അരക്ഷിതാവസ്ഥയിൽ നമ്മുടെ സംസ്ഥാനത്തെ, നമ്മുടെ രാജ്യത്തെ കൊണ്ടുചെന്നെത്തിച്ചു. യു.ഡി.എഫ്. ഗവൺമെന്റ് കഴിഞ്ഞ തവണ സബ്സിഡി കൊടുത്തു എന്ന് അവകാശപ്പെട്ടു. അവർ ഇപ്പോഴും പറയുന്നത് കേന്ദ്രം ഇങ്ങനെ കൂടെക്കൂടെ വില കൂട്ടട്ടെ, എന്തുകൊണ്ട് കേരളാ ഗവൺമെന്റിന് പണം കൊടുത്തുകൂടാ. എന്തുകൊണ്ട് കേരളാ ഗവൺമെന്റിന് സബ്സിഡി കൊടുത്തുകൂടാ എന്നാണ്. അവർ സബ്സിഡി കൊടുത്തതിനു ശേഷം പിന്നെ പിൻവലിച്ചവരാണ്, കഷ്ടിച്ച് ചുരുങ്ങിയ നാളുകൾ മാത്രമേ ആ സബ്സിഡി നിലനിർത്താൻ അവർക്ക് കഴിഞ്ഞുള്ളൂ. കേന്ദ്ര ഗവൺമെന്റ് തീരുമാനമെടുക്കുന്നതിനുമുമ്പ് തന്നെ ഈ ഗവൺമെന്റ് 8 രൂപാ 60 പൈസാ വച്ച് നിലവിലുള്ള വിലയിൽ നിന്ന് ഒരു രൂപ കുറച്ച് 16 കിലോ റേഷനരി കൊടുക്കുന്നു. 10 കിലോ അരി വേറെ പകുതി വിലയ്ക്ക്, 3 രൂപ 90 പൈസയ്ക്കു കൊടുക്കുന്നു. അങ്ങനെ 26 കിലോ അരി 176.60 രൂപയ്ക്ക് കേരള

LIBRARY ARCHIVES Kerala Legislative Assembly

ത്തിലെ റേഷൻ കാർഡ് ഉടമസ്ഥർക്ക് ഇന്ന് ലഭിക്കുന്നു. അതേ സമയം 94-ലും, 95-ലും യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ ഇരുന്നപ്പോൾ, ഞാൻ അന്നത്തെ വില വച്ചുനോക്കി, അന്നത്തെ വിലവച്ച് 26 കിലോ അരിക്ക് കിലോയ്ക്ക് 7 രൂപവച്ച് നോക്കിയാൽ 182 രൂപ വേണം. റേഷൻ അരിയുടെ വില കൂട്ടിയതിനുശേഷവും ഈ ഗവൺമെന്റിന് നിലവിലുള്ള സംവിധാനമനുസരിച്ച് 176 രൂപ 60 പൈസയ്ക്ക് 26 കിലോ അരി കൊടുക്കാൻ കഴിയുന്നു എങ്കിൽ, അന്ന് 94-95-ൽ 26 കിലോ അരിക്ക് 182 രൂപ കൊടുത്തെങ്കിലേ ആ സമയത്ത് വാങ്ങിക്കാൻ കഴിയുമായിരുന്നുള്ളൂ. എന്തുകൊണ്ടാണ് അങ്ങനെ കഴിയുന്നത്? ഈ ഗവൺമെന്റ് പാവപ്പെട്ടവന്റെ നൊമ്പരങ്ങൾ അറിയുന്ന ഗവൺമെന്റാണ്. പാവപ്പെട്ടവന്റെ നൊമ്പരങ്ങൾ അറിയുന്ന ഒരു രാഷ്ട്രീയ മുന്നണിയാണ് ഈ ഗവൺമെന്റിനെ നയിക്കുന്നത്. അതുകൊണ്ടുതന്നെയാണ് ഈ കാര്യത്തിൽ വിലക്കയറ്റത്തിന്റെ തീവ്രത കേരളത്തിലെ ജനങ്ങൾക്ക് അനുഭവപ്പെടാതെ കൊണ്ടുപോകാൻ നമുക്ക് കഴിയുന്നത്. 6 ലക്ഷം മണ്ണെണ്ണ പെർമിറ്റ് കൊടുക്കാൻ നമ്മുടെ സംസ്ഥാനത്തിന് കഴിഞ്ഞു. ഇനിയും 4 ലക്ഷം മണ്ണെണ്ണ പെർമിറ്റുകൂടി കൊടുക്കാനുള്ള തീരുമാനമുണ്ട്. അതുകൂടി ഘട്ടം ഘട്ടമായി കൊടുത്തു തീർക്കുമെന്ന് ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പലപ്പോഴും പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് അടച്ചുപൂട്ടിയ 23 മാവേലിസ്റ്റോറുകളിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മൂന്നു വർഷംകൊണ്ട് 10 എണ്ണം തുറന്നു കഴിഞ്ഞു. ബാക്കിയുള്ളതും തുറക്കും, ശ്രീ. കാർത്തികേയന് സംശയം വേണ്ട, ബാക്കിയുള്ള മാവേലിസ്റ്റോറുകളും പൂർണ്ണമായിട്ടും തുറക്കും. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ നമ്മുടെ എല്ലാ പഞ്ചായത്തിലും മാവേലിസ്റ്റോർ തുടങ്ങുകയും ചെയ്യും. ദിവസം 2,000 രൂപയിൽ താഴെ വിറ്റുവരവുള്ള മാവേലിസ്റ്റോറുകൾ അടച്ചുപൂട്ടാൻ യു.ഡി.എഫ്. ഗവൺമെന്റ് തീരുമാനിച്ചു. അങ്ങനെ അടച്ചുപൂട്ടാൻ തീരുമാനിച്ചത് നൂറോളം മാവേലിസ്റ്റോറുകളാണ്. ആ മാവേലിസ്റ്റോറുകൾ അടച്ചുപൂട്ടാൻ തീരുമാനിച്ച സ്ഥലത്താണ് ഈ ഗവൺമെന്റ് വളരെ വ്യക്തമായി ആ മാവേലിസ്റ്റോർ സംവിധാനത്തിൽക്കൂടി, റേഷൻ കടകളിൽക്കൂടി പലചരക്കുകൾ കൊടുക്കുന്ന സംവിധാനവുമായി മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് തന്നെ വിലക്കയറ്റം നല്ലനിലയിൽ പിടിച്ചുനിർത്തുന്നതിന് ഈ ഗവൺമെന്റിന് കഴിയുകയും ചെയ്തിട്ടുണ്ട്. ടൂറിസവുമായി ബന്ധപ്പെട്ട് ഒന്നു രണ്ടു കാര്യങ്ങൾകൂടി ഞാൻ സൂചിപ്പിച്ചുകൊള്ളട്ടെ. ശ്രീ. അടൂർ പ്രകാശ് ഇവിടെ സംസാരിച്ചപ്പോൾ വിദേശ ടൂറിസ്റ്റുകളുടെ എണ്ണം കുറയുന്ന കാര്യം ഇവിടെ സൂചിപ്പിച്ചു. ഞാൻ അപ്പോൾ തന്നെ അദ്ദേഹം ഉദ്ധരിച്ച ആ എക്കണോമിക് റിവ്യൂ നോക്കുകയായിരുന്നു. അതിൽ ശ്രീ. പ്രകാശ് ഉൾപ്പെടെയുള്ള പ്രകാശിന്റെ പാർട്ടി, അവരാണല്ലോ അര നൂറ്റാണ്ടുകാലം നമ്മുടെ രാജ്യത്തെ ഭരിച്ച് ഇങ്ങനെ ഒരു അരാചകാവസ്ഥയിൽ കൊണ്ടുവന്ന് എത്തിച്ചത്. അതുകൊണ്ട് ഇങ്ങനെ നടക്കുന്നു എന്നുപറഞ്ഞിട്ട് കാര്യമില്ല. ശ്രീ. കാർത്തികേയൻ പറഞ്ഞ ഒരു ഭാഗം ശരിയാണ്, അതുകൊണ്ടാണ് ഈ അവസ്ഥയിൽ നമ്മൾ എത്തിയത്. പൂർണ്ണമായും യോജിക്കുന്നു. ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത് ആൾ ഇന്ത്യാ നാഷണൽ ലവൽ ഇതിലുണ്ട്. ആ നാഷണൽ ലവൽ ഫോറിൻ ടൂറിസ്റ്റുകളുടെ ഡിക്ലൈനിനെപ്പറ്റി പറഞ്ഞിരിക്കുന്നത് 3.77% ആണ്, അത്രയും വരെ എത്തി. നാഷണൽ ലവൽ 3.77% ആയപ്പോൾ കേരളത്തെയും അതിനനുസരിച്ച് തന്നെ തത്തുല്യമായി ബാധിച്ചു 3.15 ആയി. അതിന്റെ കാരണവും ഇതിൽ പറഞ്ഞിട്ടുണ്ട്. ഫ്ലൈറ്റ്

LIBRARY ARCHIVES Kerala Legislative Assembly

ചാർജ്ജിലെ വേരിയേഷൻസ്, പൊളിറ്റിക്കൽ ഇൻസ്റ്റബിലിറ്റി, സൗത്ത് ഈസ്റ്റ് ഏഷ്യൻ ക്രൈസിസ് തുടങ്ങിയ കാരണങ്ങളും അതോടൊപ്പം തന്നെ പറയുന്നുണ്ട്. പക്ഷെ കേരളത്തിലെ ആ വ്യത്യാസത്തിൽ എക്കണോമിക് റിവ്യൂ പറയുന്നതെന്താ? The inadequacy in data collection related to the tourist statistics are the reasons for such a depressed trend in tourism in Kerala last year. At present tourist statistics are being collected only from 11 established centres which do not include the new destinations. പുതിയ പുതിയ സ്ഥലങ്ങളിലേക്ക് ടൂറിസ്റ്റുകൾ പോകുന്നു. അവിടെ അതിന്റെ ഇൻഫർമേഷൻ ഡേറ്റാ കളക്ട് ചെയ്യുന്നതിന് കഴിയാതെ പോകുന്നു. അങ്ങനെയുള്ള ചില പ്രശ്നങ്ങൾ കൊണ്ടും, കേരളത്തിൽ അടിക്കടിയുണ്ടാകുന്ന മഴ, അതുപോലെ കാലാവസ്ഥയിലുണ്ടാകുന്ന മാറ്റം ഇതൊക്കെ കൊണ്ടും ഈ വിദേശ ടൂറിസ്റ്റുകളുടെ എണ്ണം കുറയുന്നു, പക്ഷെ തദ്ദേശ ടൂറിസ്റ്റുകളുടെ എണ്ണം കൂടുന്നു. ശ്രീ. പ്രകാശ് ഉൾപ്പെടെയുള്ള ആളുകൾ ടൂറിസത്തെ കാണുന്നത് ഒരു പ്രത്യേക തരത്തിലാണ്. ഗസ്റ്റ് ഹൗസുകളെയും ടൂറിസം സെന്ററുകളെയുമൊക്കെ കാണുന്നത് വേറെ തരത്തിലാണ്. ഈ ഗവൺമെന്റ് അങ്ങനെയല്ല കാണുന്നത്. കെ.ടി.ഡി.സി.ക്ക് റെക്കറിംഗായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ഏതാണ്ട് 9 കോടിയോളം രൂപയുടെ നഷ്ടം പൂർണ്ണമായിട്ടും ഒഴിവാക്കി. ഇപ്പോൾ 96 മുതൽ 98 വരെയുള്ള കാലയളവിൽ 6 കോടി രൂപയുടെ ലാഭത്തിലേയ്ക്ക് കെ.ടി.ഡി.സി.യെ എത്തിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു എന്നുള്ളത് ഒരു വലിയ നേട്ടമാണ്. അവിടെയും മാറ്റങ്ങൾ വേണ്ടതായിട്ടുണ്ട്. കെ.ടി.ഡി.സി.യിലെ ജീവനക്കാർക്ക് പ്രശ്നങ്ങളുണ്ട്. അവരുമായി നല്ല തൊഴിൽ ബന്ധം നിലനിർത്തുന്നതിന് കെ.ടി.ഡി.സി.യുടെ മാനേജ്മെന്റ് ശ്രമിക്കുന്നുണ്ട്. കുറച്ചു കൂടി മെച്ചപ്പെട്ട തൊഴിൽബന്ധം നിലനിറുത്താൻ വേണ്ടി ശ്രമിക്കണം. പുതിയ പേ കമ്മീഷന്റെ ശുപാർശ വന്നപ്പോൾ അവിടെ 15 മാസത്തെ കുടിശ്ശിക ജീവനക്കാർക്ക് കിട്ടാനുണ്ട്. അത് കിട്ടുന്നതുൾപ്പെടെയുള്ള നടപടികൾ എടുക്കേണ്ടതായിട്ടുണ്ട്. ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമായതുകൊണ്ട് ഒരുപാട് ബോണസ് കൊടുക്കണമെന്നോ, ആനുകൂല്യങ്ങൾ കൂട്ടിക്കൊടുക്കണമെന്നോ അല്ല. പക്ഷെ കെ.ടി.ഡി.സി. നിലനിൽക്കുന്നതിനുവേണ്ടി മെച്ചപ്പെട്ട തൊഴിൽബന്ധം നിലനിർത്താൻ ശ്രമിക്കണം. ഞാൻ ഒരു കാര്യംകൂടി ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. ടൂറിസ്റ്റു സെന്ററിലേക്കുള്ള റോഡുകൾ പലപ്പോഴും ഇവിടെ ചർച്ചചെയ്തിട്ടുള്ളതാണ്. ടൂറിസ്റ്റു സെന്ററുകളിലേയ്ക്കുള്ള റോഡുകൾ മെച്ചപ്പെട്ട നിലയിലാക്കുന്നതിന് ഒരു പ്രത്യേക സംവിധാനത്തെ കുറിച്ചുകൂടി ഈ സന്ദർഭത്തിൽ ഗവൺമെന്റ് കൂട്ടായി ആലോചിക്കുന്നത് നന്നായിരിക്കും എന്നുമാത്രം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചിട്ടുള്ള ബ്രിഡ്ജസ് കോർപ്പറേഷൻ അത് എത്രയുംപെട്ടെന്ന് നിലവിൽ വരണം എന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ആ ബ്രിഡ്ജസ് കോർപ്പറേഷൻ നിലവിൽ വന്ന് ആവശ്യമായ ഫൈനാൻസിംഗിനുള്ള സംവിധാനവും ഉണ്ടാക്കിക്കൊണ്ട് നമ്മുടെ നാട്ടിലെ പാലങ്ങളുടെ പണികൾ ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായിട്ടുള്ള ഒരു പരിശ്രമവും ഉണ്ടാകണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് ഇവിടെ സൂചിപ്പിച്ച റാന്നി പാലം, ഏനാത്തു പാലം ഇതിന്റെയൊക്കെ പണി പൂർത്തിയാക്കിയത്. പുനലൂർ വെട്ടിപ്പുഴ പാലം, റാന്നി പാലം തുടങ്ങിയതും പൂർത്തീകരിച്ചത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്. തിരുവനന്തപുരം ഓവർബ്രിഡ്ജ് ഇവിടത്തെ നാലുവരി

LIBRARY ARCHIVES Kerala Legislative Assembly

പാത, ചേർത്തല മുതൽ ആലുവ വരെയുള്ള നാഷണൽ ഹൈവേയുടെ പണി പൂർത്തിയാക്കിയത് ഇതൊക്കെയും ഈ ഗവൺമെന്റ് വന്നതിനുശേഷമുള്ള നേട്ടമാണ്. സാമ്പത്തിക ഞെരുക്കങ്ങളൊക്കെ ഉണ്ടെങ്കിൽപ്പോലും ആ പ്രതിസന്ധികളിലും കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഒരു ഭാവന യോടുകൂടി പ്രവർത്തിക്കുന്ന ഈ ഗവൺമെന്റിനുവേണ്ടി അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. എം.കെ. മുനീർ</u> : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. കേരളം ദൈവത്തിന്റെ സ്വന്തം നാടാണ്. അതുകൊണ്ടു തന്നെ മാവേലി മന്നന്റെ ആവാസസ്ഥലമായ പാതാളത്തിലേയ്ക്ക് പോകാൻ ധാരാളം എളുപ്പമാർഗ്ഗങ്ങൾ നമ്മുടെ നാട്ടിലുണ്ട്. പക്ഷെ അവ മുഴുവൻ കേരള ത്തിന്റെ പൊതുമരാമത്ത് റോഡുകളിലാണെന്നു മാത്രം. പെട്ടെന്ന് കാണു മ്പോൾ മഴ പെയ്ത് കുഴികളായതാണ് എന്ന് തെറ്റിദ്ധരിക്കാൻ സാദ്ധ്യതയുണ്ട്. എന്നാൽ അതിലേയ്ക്ക് ഇറങ്ങി നോക്കിയാൽ നമുക്ക് യാഥാർത്ഥ്യം മനസി ലാകും, അത് പാതാളത്തിലേക്കുള്ള വഴിയാണ്. ഇവിടെ എന്റെ പ്രിയസു ഹൃത്ത് ശ്രീ. ആന്റണി രാജു പറയുകയുണ്ടായി, ശ്രീ. കെ.എം. മാണി വളരെ സുഖമായി ടാറ്റാ സുമോയിൽ കാസർഗോഡുനിന്നും തിരുവനന്തപുരത്ത് എത്തി എന്ന്. പക്ഷെ നിങ്ങൾ മനസിലാക്കേണ്ടത് ഏപ്രിൽ 11-ന് അദ്ദേഹം പുറപ്പെട്ടിട്ടും മേയ് 11-നാണ് അദ്ദേഹം തിരുവനന്തപുരത്ത് എത്തിയ്ത്. ഒരു മാസം കാസർഗോഡുനിന്നും തിരുവനന്തപുരത്ത് എത്താൻ എടുത്തിട്ടുണ്ടെ ങ്കിൽ നമ്മുടെ റോഡുകളുടെ അവസ്ഥ എന്താണെന്ന് ബോദ്ധ്യമാകും. മനോര മയിൽ തന്നെ പലപ്പോഴും മുഖപ്രസംഗം വരാറുണ്ട്, ഇത്തവണ കാലവർഷ ത്തിലും, തുടർന്ന് ന്യൂനമർദ്ദം കൊണ്ടുവന്ന മഴയിലും സംസ്ഥാനത്തെ റോഡു കളെല്ലാം താറുമാറായിരിക്കുകയാണ്. വലിയ വാഹനങ്ങൾക്കുപോലും അടി തെറ്റുന്ന വിധത്തിലായിട്ടുണ്ട് റോഡിന്റെ കുഴികൾ. നാഷണൽ ഹൈവേയിൽ പോലും ഇതാണ് സ്ഥിതി. കുണ്ടും കുഴിയും ഒഴിവാക്കാനുള്ള തത്രപ്പാടിൽ അപകടങ്ങൾ ഉണ്ടാകുന്നു. സമയനഷ്ടവും ഇന്ധന നഷ്ടവും സംസ്ഥാന ത്തിനും ജനങ്ങൾക്കും ഉണ്ടാകുന്ന ദുർവ്യയം ഭാരിച്ചതാണ്. ഇത് പത്രങ്ങളിൽ വന്നിട്ടുള്ള കാര്യങ്ങളാണ്. മാത്രമല്ല റോഡിൽ കുഴികളുണ്ടായാൽ ഉടൻതന്നെ അത് നികത്താനുള്ള നിർമ്മാണശൈലി പൊതുമരാമത്തു വകുപ്പിന് വികസി പ്പിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല എന്നും ഇതിൽ കുറ്റപ്പെടുത്തുന്നുണ്ട്.

സർ, ഇവിടെ എന്ത് അവകാശവാദം ഉന്നയിച്ചാലും ആത്മാർത്ഥമായി ബഹുമാനപ്പെട്ട മന്ത്രിക്ക് തന്റെ ഹൃദയത്തിൽ കൈവച്ചുകൊണ്ട് മറുപടി പറ യാമോ അദ്ദേഹത്തിന് ലഭിച്ചിട്ടുള്ള തുക പര്യാപ്തമാണെന്ന്. മാത്രമല്ല, ഇപ്പോൾ തന്നെ ബഡ്ജറ്റിൽ ലഭിച്ചിട്ടുള്ള പണം തീർന്നുകഴിഞ്ഞില്ലേ? ഇനി അങ്ങോട്ടുള്ള നാളുകളിൽ ഉപയോഗിക്കാനുള്ള പണം അങ്ങയുടെ കയ്യിലു ണ്ടോയെന്ന് അങ്ങ് വ്യക്തമാക്കണം. ഇവിടെ നബാർഡ്വഴി ലഭിച്ചിട്ടുള്ള 80 കോടിയോളം രൂപ ലാപ്സായി എന്ന് കേൾക്കുന്നു. എന്തുകൊണ്ട് ചെലവഴി ക്കുന്ന സെക്ടറിൽ, പ്രത്യേകിച്ച് പി.ഡബ്ല്യൂ.ഡി.യിൽ ഈ പണം ഉപയോഗ പ്പെടുത്താൻ സാധിക്കുന്നില്ല? ഞാൻ ഒന്നും പറയുന്നില്ല. ഇവിടെ സബ്ജക്ട് കമ്മിറ്റിയിൽ പറഞ്ഞിട്ടുള്ള കാര്യം മാത്രം എടുത്ത് പരിശോധിച്ചുനോക്കി യാൽ പണം മതിയാകുകയില്ലെന്ന് ബോദ്ധ്യമാകും. പൊതുമരാമത്ത് വകു പ്പിന്റെ കീഴിലുള്ള റോഡുകളുടെ സാധാരണ അറ്റകുറ്റപ്പണികൾക്കുള്ള തുകയും റോഡുകളുടെ നിർമ്മാണത്തിനാവശ്യമായ ബിറ്റുമിൻ. വാങ്ങുന്നതി നാവശ്യമായ തുകയും ഈ ഹെഡ്ഡിൽ വകയിരുത്തുന്നു എന്നതിനുശേഷമുള്ള

LIBRARY ARCHIVES Kerala Legislative Assembly

ശുപാർശയിൽ പറയുന്ന ഈ ഹെഡ്ഡിൽ 31.3.99-ൽ 41.42 കോടി രൂപ കരാറുകാരുടെ കുടിശ്ശിക ഇനത്തിൽ നൽകാനുണ്ട്. കൂടാതെ നടപ്പു സാമ്പത്തിക വർഷം ബിറ്റുമിൻ വാങ്ങുന്നതിന് അധികമായി 45 കോടി രൂപ ഈ ഹെഡ്ഡിൽ ആവശ്യമുണ്ട്. ഇത് കണക്കിലെടുക്കുമ്പോൾ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക തീരെ അപര്യാപ്തമാണ്. ഈ കണക്കിനത്തിൽ 80 കോടി രൂപ കൂടുതലായി അനുവദിക്കേണ്ടതാണെന്ന് പറയുന്നു. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ ഉപരിതലം പുതുക്കുന്നതിനാവശ്യമായ തുക ഈ ഹെഡ്ഡിൽ വകയിരുത്തുന്നു. അതിലേക്കുള്ള ശുപാർശ ഈ ഹെഡ്ഡിൽ 31.3.99-ൽ 136.34 കോടി രൂപ കുടിശ്ശികയിനത്തിൽ കരാറുകാർക്ക് കൊടുത്തു തീർക്കാനുണ്ട്. കുടിശ്ശികയുമായി തട്ടിച്ചുനോക്കുമ്പോൾ ഈ തുക തീരെ അപര്യാപ്തമാണ്. ആയതിനാൽ 100 കോടി രൂപ എങ്കിലും ഉപധനാഭ്യർത്ഥന വഴി അനുവദിക്കേണ്ടതാണ്. ഇത്രയും കാര്യങ്ങൾ ആവശ്യപ്പെട്ടതിനുശേഷം നമ്മുടെ വകുപ്പുമന്ത്രിയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഇവിടെ എല്ലാം സുഗമമായി നടക്കുന്നുവെന്ന് പറഞ്ഞാൽ അത് അദ്ദേഹത്തെക്കൂടി നിങ്ങൾ ചതിക്കുഴിയിൽ വീഴ്ത്തുകയല്ലേയെന്നാണ് ഞാൻ ചോദിക്കുന്നത്. ഞാൻ പറഞ്ഞുവരുന്നത് ഇവിടെ ഒന്നും നടക്കാൻ പോകുന്നില്ലെന്നാണ്. ഇപ്പോൾത്തന്നെ റോഡുകളുടെ സ്ഥിതി ഇതാണെങ്കിൽ ഇതിനെക്കുറിച്ച് വേറെ പല അഭിപ്രായങ്ങളും പത്രങ്ങളിൽ വന്നിട്ടുണ്ട്. ദേശീയ പാതയ്ക്ക് 5 കൊല്ലമെങ്കിലും ആയുസ് ഉണ്ടാകണമെങ്കിൽ Bituminus Macadam and Asphaltic concrete എന്ന സങ്കേതം ഉപയോഗിക്കേണ്ടതാണ്. പക്ഷേ, ഇതിന് സാധാരണ ടാറിംഗ് ഇടുന്നതിന്റെ 10 ഇരട്ടി ചെലവ് വരും. മാത്രമല്ല, അടിക്കടി അറ്റകുറ്റപ്പണി നടക്കാത്ത ഒരു സാങ്കേതിക വിദ്യയിലും പൊതുമരാമത്ത് വകുപ്പിനും കരാറുകാർക്കും താൽപ്പര്യവുമില്ല. ഇങ്ങനെ വരുന്ന സമയത്ത് ഈ പറഞ്ഞ തുക വച്ചുകൊണ്ട് നിങ്ങൾ എങ്ങനെയാണ്. മുന്നോട്ടുപോകുന്നത്? താൽക്കാലികമായി കുഴി നികത്തുന്നതിനുവേണ്ടി ടാറും കുറച്ച് മണലും ഒക്കെ കുഴച്ചിടുന്ന ഈ സംവിധാനം വഴി കേരളത്തിലെ റോഡുകൾ രക്ഷപ്പെടുമോയെന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല. പൊതുമരാമത്ത് വകുപ്പിനെക്കുറിച്ച് പറയുമ്പോൾ ഈ മേഖലയിൽ നടന്നുകൊണ്ടിരിക്കുന്ന അഴിമതിയെക്കുറിച്ച് ഞാൻ പറയുന്നില്ല. അഴിമതി എന്ന് പറയുമ്പോൾ ഉദ്യോഗസ്ഥ തലത്തിൽ നടക്കുന്ന കാര്യങ്ങളാണ് ഞാൻ ഉദ്ദേശിക്കുന്നത്. അതിനെക്കുറിച്ച് ഞാൻ പറയുന്നില്ല. പക്ഷേ, അങ്ങയോട് എനിക്ക് ചോദിക്കാനുള്ളത് എ.എക്സ്.ഇ.യ്ക്ക് നൽകിയിരുന്ന തുകയിൽ അൽപ്പം ഹൈക്ക് കൊടുത്തിരുന്നു. അവർക്ക് സ്വന്തമായി ചെയ്യാനുള്ള ജോലിക്കുവേണ്ടി കുറച്ച് ഹൈക്ക് കൊടുത്തിരുന്നു. എ.ഇ.ക്ക് ഒന്നുമില്ലാത്ത സ്ഥലത്ത് 40,000 രൂപ കൊടുത്തു. എ.എക്സ്.ഇ.യ്ക്ക് 40,000 രൂപയുള്ളത് 6 ലക്ഷം രൂപയാക്കി കൊടുത്തു. ഇ.ഇ.ക്ക് 4 ലക്ഷം രൂപയുള്ളത് 15 ലക്ഷം രൂപയാക്കിക്കൊടുത്തു. പിന്നെ ഈ ഉത്തരവ് പിൻവലിച്ചു. അങ്ങനെ പിൻവലിക്കാൻ എന്താണ് കാരണം? അപ്പോൾ എന്തോ അപാകത ഇവിടെ സംഭവിച്ചിട്ടില്ലേ? സംഭവിച്ചിട്ടുണ്ടെങ്കിൽ അതിനെക്കുറിച്ച് അന്വേഷണം നടത്താൻ തയ്യാറാകുമോ?

സർ, ഞാൻ ഇനി ടൂറിസത്തിലേയ്ക്ക് വരികയാണ്. ടൂറിസം ഒരു നല്ല വ്യവസായമാണ്. ഹോസ്പിറ്റാലിറ്റി ഇൻഡസ്ട്രി എന്നാണ് ടൂറിസത്തിന്റെ അപരനാമം. എന്നാൽ, ഇന്ന് ടൂറിസത്തിന്റെ ഹോസ്പിറ്റാലിറ്റി ആരോടാണ് നടത്തിക്കൊണ്ടിരിക്കുന്നത്? ടൂറിസം ഡയറക്ടർ ആരെയൊക്കെയാണ് ഈ ഹോസ്പിറ്റാലിറ്റിയുടെ പേരിൽ സഹായിക്കേണ്ടത്? കേരളത്തിൽ ഈ

LIBRARY ARCHIVES Kerala Legislative Assembly

ടൂറിസം ഡയറക്ടർ തന്നെ ഗസ്റ്റ് ഹൗസുകൾ നോക്കണം. ഗസ്റ്റ് ഹൗസുകളിൽ മന്ത്രിമാർക്കുവേണ്ട മത്സ്യക്കറിക്ക് ഉപ്പ് കുറഞ്ഞിട്ടുണ്ടെങ്കിൽ അത് പരിശോധിക്കണം. ഗസ്റ്റ് ഹൗസുകളിലെ ഫ്ളഷ് വർക്കുചെയ്യുന്നുണ്ടോയെന്ന് നോക്കണം. വിദേശ നിർമ്മിതമായ കാറുകൾ പഞ്ചറായിട്ടുണ്ടോയെന്ന് നോക്കേണ്ടതും അദ്ദേഹമാണ്. കുപ്രസിദ്ധ സാമ്പാർ ട്രാജഡിയെക്കുറിച്ച് അന്വേഷിക്കേണ്ടത് ടൂറിസം ഡയറക്ടറാണ്. ഇതിനിടയിലാണ് വിദേശത്തുനിന്ന് വരുന്ന അല്ലെങ്കിൽ ഇതിനകത്തെ തദ്ദേശവാസികളായ ടൂറിസ്റ്റുകൾ ഇങ്ങോട്ട് വരുന്നുണ്ടോയെന്നുള്ള കാര്യംകൂടി അദ്ദേഹം നോക്കണം. ഞാൻ പറയുന്നത് ഒരു ബൈഫർക്കേഷൻ നടത്തിയതിനുശേഷം നമ്മുടെ തദ്ദേശീയമായിട്ടുള്ള ഹോസ്പിറ്റാലിറ്റി പരിശോധിക്കുന്നതിനുവേണ്ടി ഒരു ഡയറക്ടറും ടൂറിസ്റ്റുകളെക്കുറിച്ച് നോക്കാൻ, അത് വിദേശികളായാലും തദ്ദേശ ടൂറിസ്റ്റുകളായാലും അവരുടെ വരവിനെ നോക്കുന്നതിനുവേണ്ടി മാത്രം മറ്റൊരു ഡയറക്ടറും ഉണ്ടാവണം.

<u>ശ്രീ. രാജു എബ്രഹാം</u> : സർ, ബഹുമാനപ്പെട്ട കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് കോഴിക്കോട് ഗസ്റ്റ് ഹൗസിൽ എത്തിയപ്പോൾ അവിടത്തെ ചമ്മന്തിക്ക് തേങ്ങാപീര കുറഞ്ഞുപോയി എന്ന് പറഞ്ഞ് ഒരു പ്യൂണിനെ സസ്പെന്റ് ചെയ്ത കാര്യം അങ്ങേയ്ക്ക് അറിയാമോ?

<u>ശ്രീ. എം.കെ. മുനീർ</u> : സർ, അത് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഞാൻ അത് പരിശോധിച്ച് പറയാം. 40 കോടിയോളം ഗ്ലോബൽ ടൂറിസ്റ്റുകളുണ്ട്, അതിന്റെ 0.5 ശതമാനം മാത്രമാണ് ഇന്ത്യയിലേക്ക് എത്തുന്നത്. അതിൽ തന്നെ 10 ശതമാനം മാത്രമേ കേരളത്തിൽ എത്തുന്നുള്ളൂ. അതായത് .05 ശതമാനം. ഇവരെ ആശ്രയിച്ചാണ് കേരളത്തിലെ ടൂറിസം വികസിപ്പിച്ചെടുക്കേണ്ടത്. അപ്പോൾ നമുക്ക് ഈ മേഖലയിൽ എന്തൊക്കെ ചെയ്യാനുണ്ട്? ഇന്ന് ഡൽഹിയിൽ എത്തുന്ന ഒരു ടൂറിസ്റ്റ് എന്തായാലും കേരളത്തിലേയ്ക്ക് വരില്ല. കാരണം, ആ പൈസകൊണ്ട് അദ്ദേഹത്തിന് വേറെ ഒരു വിദേശ രാജ്യത്ത് പോകാം. അപ്പോൾ ബോംബെയിൽ എത്തുന്നവരെയാണ് നമ്മൾ കേന്ദ്രീകരിക്കേണ്ടത്. ബോംബെയിൽ എത്തുന്നവരെ കേന്ദ്രീകരിച്ച് ഇങ്ങോട്ട് കൊണ്ടുവരുന്നതിനുവേണ്ടി അവിടെ ഒരു ഇൻഫർമേഷൻ സെന്റർ നമ്മൾ ആരംഭിച്ചിട്ടുണ്ട്. ആ ഇൻഫർമേഷൻ സെന്ററിലെ ഇൻഫർമേഷൻ അസിസ്റ്റന്റ് ആരാണ്? ഇവിടെ നമ്മുടെ ടൂറിസം ഡിപ്പാർട്ടുമെന്റിൽ വാച്ച്മാനായി കയറി പിന്നെ അദ്ദേഹത്തിന് പ്രൊമേഷൻ ലഭിച്ചിട്ട് അദ്ദേഹം ഇപ്പോൾ ബോംബെയിലാണ്. അദ്ദേഹത്തിന് മലയാളം മാത്രമേ അറിയാവൂ. ബോംബെയിൽ ചെന്നപ്പോൾ ആ ഭാഷയും അദ്ദേഹം മറന്നുപോയിക്കാണും. രണ്ടായിരം രൂപയാണ് അദ്ദേഹത്തിന് ശമ്പളം കൊടുക്കുന്നത്. അദ്ദേഹത്തിന് ബോംബെ നഗരിയിൽ നിന്ന് ടൂറിസ്റ്റുകളെ ഇങ്ങോട്ട് കൊണ്ടുവരാൻ സാധിക്കുമോയെന്നുള്ളത് അങ്ങ് ദയവായി ഞങ്ങൾക്ക് ഒന്ന് പറഞ്ഞുതരണം. ഇക്കാര്യങ്ങളിലൊക്കെ ശക്തമായ ഒരു നിലപാട് എടുത്തുകൊണ്ട് ടൂറിസ്റ്റുകളെ ഇങ്ങോട്ട് ആകർഷിക്കാനുള്ള നടപടികളെടുക്കണം. നരിമാൻ പോയിന്റിലെ കൈരളിയുടെ ഒരു സ്ഥാപനത്തിന്റെ ഒരു മൂലയിൽ ഒരു കൊച്ചുമുറിയിൽ, ഒരു കൊച്ച് കസേരയിലാണ് അദ്ദേഹം ഇരിക്കുന്നതെന്നാണ് അറിയുന്നത്. മാത്രമല്ല, ഈ 2000 രൂപകൊണ്ട് അദ്ദേഹത്തിന് അവിടെ ജീവിക്കാൻ കഴിയാത്തതുകൊണ്ട് അദ്ദേഹം താമസിക്കുന്നത് അവിടെനിന്ന് മൂന്നോ നാലോ മണിക്കൂർ യാത്രചെയ്യേണ്ട ദൂരമുള്ള സ്ഥലത്താണ് എന്ന് കേൾക്കാൻ സാധിച്ചു. അതുകൊണ്ട് അത് അദ്ദേഹത്തിനും ബുദ്ധിമുട്ടാണ്, നമ്മുടെ ടൂറിസം ഡിപ്പാർട്ടുമെന്റിനും ബുദ്ധിമുട്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ഇക്കാര്യങ്ങളൊക്കെ വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്ന അൽപ്പം വിദ്യാഭ്യാസവും ചുറുചുറുക്കുമുള്ള യുവാക്കളേയും യുവതികളേയുമൊക്കെ ഇതിനുവേണ്ടി നിയോഗിക്കണം.

സോഫ്റ്റ്വെയർ ടെക്നോളജി വളർത്തിയെടുത്ത് ടൂറിസത്തെ പരിചയപ്പെടുത്തിക്കൊടുക്കുന്നതിനുവേണ്ടി, പ്രത്യേകിച്ച് ട്രക്കിംഗ് ചയ്യാൻ പറ്റുന്ന സ്ഥലങ്ങൾ, നമ്മുടെ ബാക്ക്വാട്ടേഴ്സിനെക്കുറിച്ചൊക്കെ വ്യക്തമായി ലോകത്തിന് മനസ്സിലാക്കിക്കൊടുക്കാൻ കഴിയുന്ന സോഫ്റ്റ്വെയർ ഡെവലപ്പ് ചെയ്തെടുക്കണം. അതിനുവേണ്ടി എത്ര തുക ചെലവഴിക്കേണ്ടിവന്നാലും നമ്മൾ അതിന് തയ്യാറാകണം. ഭാവിയിൽ നമ്മുടെ ടൂറിസ്റ്റ് വ്യവസായത്തെ പരിപോഷിപ്പിക്കുന്നതിന് ഇത് സഹായകരമാകുമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. മലബാർ മേഖലയോട് വികസനോൻമുഖമായ സമീപനം സ്വീകരിച്ച ഒരു ഗവൺമെന്റാണ് കേരളത്തിലെ ഇന്നത്തെ എൽ.ഡി.എഫ്. ഗവൺമെന്റ്. ടൂറിസത്തിന്റെ മേഖലയിലും റോഡ്, പാലം, കെട്ടിടം ഉൾപ്പെടെയുള്ള നിർമ്മാണകാര്യത്തിലും വൈദ്യുതിമേഖലയിലും മലബാറിനോട് വികസനോന്മുഖമായ ഒരു സമീപനമാണ് ഈ ഗവൺമെന്റ് എടുത്തിട്ടുള്ളത്. ടൂറിസം ഒരു വ്യവസായമായി വളർത്തി ലോക ടൂറിസത്തിന്റെ ഒരു പറുദീസയായി കേരളത്തെ മാറ്റുന്നതിന് മുൻകൈയെടുത്ത ബഹുമാനപ്പെട്ട മന്ത്രിയേയും എൽ.ഡി.എഫ്. ഗവൺമെന്റിനേയും ഞാൻ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. വിഭവസമൃദ്ധമായ ഒരു ടൂറിസ്റ്റ് കേന്ദ്രം തന്നെയാണ് ഈ കേരളമാകെ. കേരളത്തിലേയ്ക്ക് ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന്റെ പ്രധാന കാര്യവും അതുതന്നെയാണ്. ഇന്ത്യയിലേയ്ക്ക് ടൂറിസ്റ്റുകളുടെ വരവ്, പ്രത്യേകിച്ച് സാർവ്വദേശീയ പശ്ചാത്തലത്തിൽ മാന്ദ്യം ഉൾപ്പെടെയുള്ള സാമ്പത്തിക പരിസ്ഥിതി കൂടി കണക്കിലെടുത്താൽ പൊതുവേ കുറവായിരുന്നുവെന്നുള്ളതാണ് കഴിഞ്ഞ ഒന്ന്, രണ്ട് വർഷക്കാലത്തെ ചിത്രം.

വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികളാണ് ടൂറിസത്തിന്റെ വളർച്ചയുടെ ഭാഗമായി നമ്മൾ എടുത്തുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ വർഷത്തെ കണക്കനുസരിച്ച് വിദേശ സഞ്ചാരികളുടെ കേരളത്തിലേയ്ക്കുള്ള പ്രവാഹത്തിന്റെ വർദ്ധനവ് 3.15 ശതമാനമാണ്. ഇത് ഇന്ത്യയിലെ ശരാശരി വർദ്ധനവിനോടൊപ്പം എത്തുന്നില്ല. ശരാശരി വർദ്ധനവ് ഇന്ത്യയിൽ 3.77 ശതമാനമാണ്. അതിനോടൊപ്പം കേരളംപോലുള്ള ഒരു സംസ്ഥാനത്തിന് ഇപ്പോഴും എത്താൻ സാധിക്കുന്നില്ലെന്നുള്ളത് ഗൗരവപൂർവ്വംതന്നെ നമ്മൾ കണേണ്ട ഒരു വസ്തുതയാണ്.

രണ്ടാമത്തെ കാര്യം, ആഭ്യന്തരമേഖലയിൽ കൂടുതൽ വിദേശികൾ ടൂറിസ്റ്റുകളായി വരുന്നില്ലെങ്കിലും തദ്ദേശീയ ടൂറിസ്റ്റുകൾ വിനോദസഞ്ചാരത്തിന്റെ പാതയിൽ നല്ലതുപോലെ ഒഴുകിവരുന്ന സംസ്ഥാനമായിട്ട് കേരളം മാറിയിട്ടുണ്ട്. 1990 കളുടെ ആദ്യം 9,48,991 ആളുകളായിരുന്നു നമ്മുടെ രാജ്യത്തിനകത്ത് ടൂറിസ്റ്റുകളായി എത്തിച്ചേർന്നിട്ടുള്ളതെങ്കിൽ ഇപ്പോൾ 12.25 ശതമാനം വർദ്ധനവ് ചൂണ്ടിക്കാണിച്ചുകൊണ്ട് 49,53,401 പേർ കേരളത്തിൽ ടൂറിസ്റ്റുകളായി വന്നുകഴിഞ്ഞിട്ടുണ്ടെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, കണ്ണൂർ ജില്ലയെ ടൂറിസ്റ്റുകേന്ദ്രങ്ങളുടെ പട്ടികയിൽ ശരിയായ രീതിയിൽ ഉൾപ്പെടുത്തിയിട്ടില്ലായിരുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ മൂന്നുവർഷക്കാലത്തെ ഭരണത്തിനിടയിൽ കേരളത്തിലെ പ്രധാനപ്പെട്ട ടൂറിസ്റ്റുകേന്ദ്രങ്ങളിൽ ഒന്നായി അല്ലെങ്കിൽ ജില്ലയായി കണ്ണൂർ ജില്ലയും വളർന്നു കഴിഞ്ഞിരിക്കുകയാണ്. ടൂറിസ്റ്റുകൾക്ക് ആകർഷണ കേന്ദ്ര മായിട്ട് ലോകത്തുതന്നെ അത്യപൂർവ്വമായ ഒരു ബീച്ച് അവിടെ വളർന്നുവരിക യാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്ന്, മീൻകുന്ന് മുതൽ പയ്യാമ്പലം വഴി മുഴുപ്പിലങ്ങാട് ബീച്ച് ഉൾപ്പെടുത്തി ധർമ്മടം തുരുത്തിലേയ്ക്ക് നീങ്ങുന്ന പത്തിരുപത്തിയഞ്ച് കിലോമീറ്റർ നീളത്തിലുള്ള അതിമനോഹരമായ ബീച്ചിന്റെ ഓരോ പണിയും ഇപ്പോൾ ഘട്ടംഘട്ടമായി പൂർത്തിയായി ഉദ്ഘാട നത്തിന് കാത്തുനിൽക്കുകയാണ്. ഈ ഇലക്ഷൻ പ്രഖ്യാപിച്ചില്ലായിരുന്നുവെ ങ്കിൽ ടൂറിസം കൈകാര്യം ചെയ്യുന്ന വകുപ്പുമന്ത്രിയും നമ്മുടെ കേരളത്തിലെ ബഹുമാന്യനായ മുഖ്യമന്ത്രിയും ഉൾപ്പെടെ പങ്കെടുത്തുകൊണ്ട് ഒരു ആഘോ ഷമെന്ന നിലയിൽത്തന്നെ ജനപങ്കാളിത്തത്തോടുകൂടി ആ പരിപാടി വിജയക രമായി നടത്താൻ, ഉദ്ഘാടനം നടത്താൻ സാധിക്കുമായിരുന്നു. ഡ്രൈവ്-ഇൻ ബീച്ച് എന്നുപറയുന്ന അത്യപൂർവ്വമായ ഒരു ബീച്ചാണ് ഇതിന്റെ ഭാഗമാ യിട്ട് മുഴപ്പിലങ്ങാട് ഉള്ളത്. മുഴപ്പിലങ്ങാട് ബീച്ചിലെ നാല് കിലോമീറ്റർ ദൂരം വാഹനങ്ങൾക്ക് ഓടിച്ചുപോകാൻ സാധിക്കുന്ന അത്യപൂർവ്വമായിട്ടുള്ള ലോക ത്തുള്ള ബീച്ചുകളിൽ ഒന്നാണ്. നാലുകിലോമീറ്റർ ദൂരം പൂർണ്ണമായിട്ട് വാഹന ങ്ങൾക്ക് ബീച്ചിലൂടെതന്നെ ഓടിച്ചുപോകാൻ സാധിക്കും. അതുപോലെതന്നെ കണ്ണൂർ ജില്ലയുടെ വിവിധ മേഖലകൾ, ഞാൻ നേരത്തെ സൂചിപ്പിച്ച ധർമ്മടം തുരുത്ത് ഉൾപ്പെടെയുള്ള മേഖല, കുടിയാൻമലയുടെ മേലേ പൈതൽമല, ചരിത്രപ്രസിദ്ധമായ ഏഴിമല, പഴശ്ശി, പറശ്ശിനി, ബാലുവാച്ചിമല തുടങ്ങിയ മേഖലകളൊക്കെ നല്ലനിലയിൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന കേന്ദ്രങ്ങളാക്കി ഉയർത്തിയെടുക്കാൻ കഴിയും. പറശ്ശിനിക്കടവിൽ ഇപ്പോൾത്തന്നെ അമ്യൂ സ്മെന്റ് പാർക്ക് നിർമ്മിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചി ട്ടുണ്ട്. അതെല്ലാം ഈ മേഖലയെ ശക്തിപ്പെടുത്തുന്ന നിലയിലാണ് വരുന്ന തെന്നുള്ളതാണ് അതിനെ സംബന്ധിച്ച് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. കെ.ടി.ഡി.സി.യുടെ ശ്രദ്ധ കുറെക്കൂടി മലബാർ മേഖലയിലേയ്ക്ക്, പ്രത്യേ കിച്ച് കണ്ണൂർ, കാസർഗോഡ് മേഖലയിലേക്ക് വ്യാപിപ്പിക്കേണ്ടതായിട്ടുണ്ട്. ആ കാര്യംകൂടി ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം ശ്രദ്ധിക്കണം. തൊഴിലുൾപ്പെടെ യുള്ള മേഖലയിൽ ഇപ്പോൾ നല്ലതുപോലെ സ്വാധീനിക്കാൻ സാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വ്യവസായമായി വളർന്നുകൊണ്ടിരിക്കുന്ന ഈ ടൂറി സത്തെ ശക്തിപ്പെടുത്താൻ ഇനിയും നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നതിനോടൊപ്പംതന്നെ മറ്റൊരു കാര്യംകൂടെ പറയാനുണ്ട്. ജീവിതവുമായി ഏറ്റവും കൂടുതൽ ബന്ധപ്പെട്ടുനിൽക്കുന്ന ഒന്നാണ് പൊതുമ രാമത്തുവകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ. പ്രത്യേകിച്ച് റോഡുൾപ്പെടെ യുള്ള കാര്യങ്ങൾ ജീവിതവുമായി ബന്ധപ്പെട്ട് കിടക്കുകയാണ്. നമ്മുടെ പല യാളുകൾക്കും വികസനമെന്ന് പറഞ്ഞാൽ റോഡാണെന്ന പരിഹാസ്യമായ ഒരു ചൊല്ലുണ്ട്. മലയോരമേഖലയുൾപ്പെടെയുള്ള ഞങ്ങളുടേതുപോലെ പിന്ന ണിയിൽ കിടക്കുന്ന മണ്ഡലത്തിൽ റോഡ് വേണ്ടത്രയില്ലാത്ത ഒരു സാഹചര്യ ത്തിൽ ആ റോഡ് വികസന പ്രവർത്തനത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യംതന്നെയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ : വികസനം എന്നാൽ റോഡാണോയെന്ന് അങ്ങ് ചോദിച്ചല്ലോ. കേരളത്തിലെ പല റോഡുകളും മുടങ്ങിക്കിടക്കുന്നതു കൊണ്ടും ഏറ്റെടുക്കാൻ പണമില്ലാത്തതുകൊണ്ടും പ്രശ്നങ്ങളുണ്ട്. ഈ സഭയിലുള്ള ധനകാര്യമന്ത്രി ശ്രീ. ശിവദാസമേനോൻ "വികസനം" എന്നാൽ റോഡും പാലവും നിർമ്മിക്കലല്ലെന്ന് പരസ്യമായി പ്രഖ്യാപിച്ചത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : റോഡും പാലവും നിർമ്മിക്കുന്നതു കൊണ്ടുമാത്രം വികസനം പൂർത്തിയാകുകയില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്.

ശ്രീ. എ. കണാരൻ : കണ്ണൂർ ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. കേരളം മുഴുവൻതന്നെ ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റിക്കൂടെ? തെങ്ങിൻതോപ്പുകൾ, കായലുകൾ കനാലുകളെല്ലാംകൊണ്ട് ഈ പ്രദേശം മനോഹരമാണ്. ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിൽനിന്നും ഇവിടേയ്ക്ക് വരാനുള്ള സാദ്ധ്യതയുണ്ട്. ഇതിനുവേണ്ടി ഒരു പരിശ്രമം നടത്തേണ്ടതുണ്ടെന്ന് അങ്ങേയ്ക്ക് അഭിപ്രായമില്ലേ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഞാൻ ഉള്ളപ്പോൾ എന്നെ കാട്ട് ചെയ്താൽ ഞാൻ എന്താണ് പറഞ്ഞതെന്ന് പറയണമല്ലോ? പാലങ്ങളും റോഡുകളും നിർമ്മിക്കൽ മാത്രമല്ല വികസനം. വികസനമെന്ന് പറഞ്ഞാൽ കാർഷിക-വ്യാവസായിക മേഖലയിലെ സമ്പത്ത് വർദ്ധിക്കലാണ്. വികസനത്തെ സംബന്ധിച്ച് ആ കൺസെപ്റ്റ് ഉണ്ടെങ്കിലേ നിത്യജീവിതത്തിൽ വികസനം പ്രതിഫലിക്കുകയുള്ളൂ. ജപ്പാൻ ഒരു വികസിത രാജ്യമാണെന്ന് പറഞ്ഞാൽ അതിന്റെ അർത്ഥം അവിടെ കുറെ റോഡുകളും പാലങ്ങളുമുണ്ടെന്നല്ല. അതാണ് ഞാൻ പറഞ്ഞതിന്റെ അർത്ഥം. ജപ്പാൻ വികസനം അത്ഭുതകരമാണെന്ന് പറഞ്ഞാൽ അതിന്റെ അർത്ഥം ധാരാളം പാലങ്ങളുണ്ടെന്നാണോ? അല്ല. അവിടെ സമ്പത്ത് ഉൽപ്പാദന പ്രക്രിയ അമ്പരപ്പിക്കുന്ന സ്പീഡിൽ മുന്നോട്ടുപോയിയെന്നാണ്.

ശ്രീ. ജി. കാർത്തികേയൻ : മലയാളഭാഷ ഒരുമാതിരി എനിക്കും മനസ്സിലാകും. റോഡും പാലവും നിർമ്മിക്കൽ അല്ല എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. "മാത്രമല്ല" എന്നുള്ളത് ഇപ്പോൾ സഭയിൽവച്ച് കൂട്ടിച്ചേർത്തതാണ്. ഞാൻ വായിച്ച ഒരു പത്രത്തിലും "മാത്രമല്ല" ഇല്ലായിരുന്നു.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : ആ കാര്യത്തെ സംബന്ധിച്ച് ശ്രീ. ശിവദാസമേനോൻ കാര്യങ്ങൾ വിശദീകരിച്ചതുകൊണ്ട് അതിനെക്കുറിച്ച് ഞാൻ വിശദീകരിക്കുന്നില്ല. കേരളത്തിലെ വികസനപ്രവർത്തനവുമായി ബന്ധപ്പെട്ട് കിടക്കുന്ന മേഖലയിലെ, പ്രത്യേകിച്ച് പിന്നണിയിൽ കിടക്കുന്ന മേഖലയിലെ ജനങ്ങളുടെ മനസ്സിൽ ഇന്ന് നിൽക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വികസന പ്രവർത്തനങ്ങളിൽ ഒന്ന് ഈ റോഡുകളും പാലങ്ങളുംതന്നെയാണ്. പക്ഷെ ആപേക്ഷികമായി കേരളത്തിലുടനീളം അതുതന്നെയാണെന്ന് പറയാൻ സാധിക്കുകയില്ല. ആപേക്ഷികമായി വ്യത്യാസമുണ്ട്. അതുകൊണ്ട് ഊന്നൽ കൊടുക്കേണ്ട സ്ഥലത്ത് ഊന്നൽ കൊടുക്കാൻ നമുക്ക് സാധിക്കണം. അങ്ങനെ സാധിക്കാതെ വരുമ്പോഴാണ് ബഹുമാനപ്പെട്ട കണാരൻ ചോദിക്കുന്നതുപോലുള്ള ചോദ്യങ്ങൾ ഉന്നയിക്കപ്പെടുന്നത്. കേരളമാകെത്തന്നെ ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയുന്ന ഒരു വലിയ ടൂറിസ്റ്റു കേന്ദ്രമായി നിലനിൽക്കുന്നു.

സർ, ഇന്ത്യയിൽ ഒരു സംസ്ഥാനത്തും ഇല്ലാത്തത്ര പ്രാദേശിക റോഡുകളുള്ള ഒരു സംസ്ഥാനമാണ് കേരളം. ഇന്ത്യയിലെ മറ്റൊരു സ്ഥലത്തും ഇല്ലാത്തത്ര പ്രാദേശിക റോഡുകൾ കേരളത്തിലുണ്ട്. ഏകദേശം 1,51,521 കിലോമീറ്റർ ദൂരം ഈ കേരളത്തിൽ ഗ്രാമീണ മേഖലയിൽ റോഡുകളുണ്ടാക്കിയിട്ടുണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. അതുപോലെതന്നെ കോർപ്പറേഷന്റെ ഭാഗമായി 2867 കിലോമീറ്റർ റോഡുണ്ടാക്കിയിട്ടുണ്ട്. മുനിസിപ്പാലിറ്റികളിൽ 6497 കിലോമീറ്റർ റോഡുണ്ടാക്കിയിട്ടുണ്ട്. ഒരു ലക്ഷത്തി തൊണ്ണൂറായിരത്തി എണ്ണൂറ്റി എൺപത്തി അഞ്ചു കിലോമീറ്റർ പി.ഡബ്ല്യൂ.ഡി. റോഡിനു പുറമെയുള്ളതാണ് ഇത്. മറ്റൊരു സംസ്ഥാനത്തും ഇതുപോലെ ഇത്രയും റോഡുകൾ കാണാൻ സാധിക്കയില്ല. അതിനും പുറമെ ദേശീയ പാത 1011 കിലോമീറ്ററും സ്റ്റേറ്റ് ഹൈവേ ആയി തെരഞ്ഞെടുക്കപ്പെട്ട 3558 കിലോമീറ്ററും എം.ഡി.ആർ. 11319 കിലോമീറ്ററും ഉൾപ്പെടെ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള 22,258 കിലോമീറ്റർ റോഡാണ്. ആ റോഡിനെ സംബന്ധിച്ച് പറയുമ്പോൾ അവിടെയും ഇവിടെയുമുണ്ടാകുന്ന മഴയെ സംബന്ധിച്ചും അതിന്റെ ഭാഗമായിട്ടുണ്ടാകുന്ന മറ്റു പ്രശ്നങ്ങളുമൊക്കെ ചൂണ്ടിക്കാണിച്ച് പി.ഡബ്ല്യൂ.ഡി. കൈകാര്യം ചെയ്യുന്ന വകുപ്പിനെ ആകെ എന്തോ കുഴപ്പമുണ്ടെന്നു പറയുന്നതിൽ യാതൊരു അടിസ്ഥാനവുമില്ല. കേരളത്തിന്റെ റോഡുകൾ എത്രമാത്രം പ്രധാനപ്പെട്ടതാണെന്ന് ജനങ്ങൾക്കറിയാം. ഇവിടെ പ്രധാനപ്പെട്ട നാലു പാലങ്ങളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ എത്രയോ കാലമായി ആഗ്രഹിച്ചിരുന്ന വിത്തിലോട്ട് പാലത്തിന് നമ്മുടെ പൊതുമരാമത്ത് വകുപ്പുമന്ത്രി തറക്കല്ലിട്ട് എ.എസും, എസ്.എസും കൊടുത്ത് 18 മാസംകൊണ്ട് ആ പാലത്തിന്റെ ഉദ്ഘാടനവും കഴിഞ്ഞു. ഇങ്ങനെയുള്ള അത്യപൂർവ്വം സംഭവങ്ങളാണ് നടന്നിട്ടുള്ളത്. നിങ്ങളുടെ ഭരണകാലത്ത് അഞ്ചുകൊല്ലം കൊണ്ട് സാധിച്ചിട്ടില്ല. 18 മാസംകൊണ്ട് വിത്തിലോട്ട് പാലത്തിന്റെ പണി പൂർത്തിയാക്കാൻ കഴിഞ്ഞിരിക്കുന്നു. കണ്ണൂർ ജില്ലയിലും മലബാറിന്റെ വിവിധ ഭാഗങ്ങളിലും ഇത്തരത്തിലുള്ള പാലങ്ങൾ കാണാം. വിത്തിലോട്ടുപാലവും ചെറുപുഴ പാലവും ഈ ഗവൺമെന്റ് വന്നതിനുശേഷം ബഹുമാനപ്പെട്ട മന്ത്രി തന്നെ തറക്കല്ലിട്ട് ബഹുമാനപ്പെട്ട മന്ത്രിതന്നെ ഉദ്ഘാടനവും ചെയ്തു. അവിടെ നിന്നും ആരോ പറഞ്ഞു അതു ഞങ്ങളുടെ കാലത്ത് ആരംഭിച്ചതാണെന്ന്. അതുപോലെതന്നെ റോഡുകളെപ്പറ്റിയും പറയാൻ സാധിക്കും. അതുപോലെതന്നെ ചൊവ്വനടാൽ ബൈപ്പാസ് എന്ന പുതിയ ആശയം ഇടതുപക്ഷമുന്നണി സർക്കാർ മുന്നോട്ടു വച്ചു. അതിന്റെ ഭാഗമായി രണ്ടു റെയിൽവേ ഗേറ്റുകൾ ഒഴിവാക്കാൻ സാധിക്കുന്നതാണ്. അതിനാവശ്യമായ ഏറ്റവും പ്രധാനപ്പെട്ട റോഡിന്റെ പണി നടന്നുകൊണ്ടിരിക്കുകയാണ്. അതുപോലെ പ്രധാനപ്പെട്ട കെട്ടിടങ്ങൾ. കണ്ണൂർ എഞ്ചിനീയറിംഗ് കോളേജ് കെട്ടിട സമുച്ചയം ബഹുമാനപ്പെട്ട മന്ത്രിതന്നെയാണ് ഉദ്ഘാടനം ചെയ്തത്. ഇതുവളരെ പ്രധാനപ്പെട്ട കെട്ടിടമാണെന്ന് ഹൈവേയിലൂടെ സഞ്ചരിക്കുന്നവർക്ക് കാണാൻ കഴിയും. അതു ചെറിയ കെട്ടിടമല്ല. ഈ ഗവൺമെന്റ് വളരെ പ്രധാനപ്പെട്ട അഞ്ചു കെട്ടിടങ്ങളുടെ സമുച്ചയം ഉദ്ഘാടനം ചെയ്തിട്ടുണ്ട്. അതുപോലെതന്നെ പോളിടെക്നിക്കുകൾ, കോളേജ് കെട്ടിടങ്ങൾ ഗവൺമെന്റ് ഓഫീസുകൾക്കുള്ള കെട്ടിടങ്ങൾ തുടങ്ങി മുപ്പതോളം കെട്ടിടങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. എ.എസ്. കൊടുത്ത ഒരുപാട് കെട്ടിടങ്ങളുണ്ട്. മിനി സിവിൽസ്റ്റേഷനുകളുണ്ട്. ചിറ്റൂർ, പീരുമേട്, ഇരിങ്ങാലക്കുട, മാനന്തവാടി, കുണ്ടറ തുടങ്ങിയ സ്ഥലങ്ങളിൽ ഒക്കെ മിനി സിവിൽ സ്റ്റേഷനുകൾക്ക് എ.എസ്. കൊടുത്തിട്ടുണ്ട്. അതെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

ടെണ്ടർ നടപടികളുമായി മുന്നോട്ടു പോകുകയാണ്. അതുപോലെ തന്നെ ഏറ്റവും പ്രധാനപ്പെട്ട വികസന മേഖലയിൽ ഊന്നൽ കൊടുത്തുകൊണ്ട് മല ബാറിന്റെ വികസനത്തിനുള്ള പ്രവർത്തനങ്ങൾ സജീവമായി പരിഗണിച്ചി ട്ടുണ്ട്. അതിനെ അടിസ്ഥാനപ്പെടുത്തിയാണ് കാര്യങ്ങൾ മുന്നോട്ടു പോകുന്ന ത്. നബാർഡിന്റെ സാമ്പത്തിക സഹായത്തോടുകൂടി 128 കോടി 58 ലക്ഷം രൂപ ചെലവാക്കി 97 പാലങ്ങൾക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. അതിൽ 23 പാലങ്ങളുടെ പണി പൂർത്തി യായിക്കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ പുതിയ റോഡ് നിർമ്മാണ പ്രവർത്തന ങ്ങൾക്കു കൂടി നബാർഡിന്റെ സാമ്പത്തികസഹായം കൊടുക്കാൻ തീരുമാനി ച്ചിരിക്കുകയാണ്. മഴ ആരംഭിക്കുന്നതിനുമുമ്പ് തന്നെ റോഡിന്റെ ടാറിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ പൂർത്തിയാക്കണമെന്നാണ് എനിക്ക് നിർദ്ദേ ശിക്കാനുള്ളത്. ഏപ്രിൽ, മേയ് മാസങ്ങൾക്കുള്ളിൽത്തന്നെ റീ ടാറിംഗും നട ത്തണം. ഇപ്പോൾ ടാറിംഗ് കഴിഞ്ഞ് ഒരാഴ്ചയ്ക്കുള്ളിൽത്തന്നെ മഴ പെയ്യു കയും രണ്ടോ മൂന്നോ ആഴ്ച കൊണ്ടുതന്നെ റോഡുമുഴുവനും മോശമാകു കയും ചെയ്യുന്ന ചിത്രമാണ് നമ്മൾ കാണുന്നത്. അതിനാൽ ഡിസംബർ മാസ മാകുമ്പോൾത്തന്നെ യുദ്ധകാലാടിസ്ഥാനത്തിൽ റോഡിന്റെ കേടുപാടുകൾ തീർക്കാനും റീ ടാറിംഗ് നടത്താനും നിർദ്ദേശം കൊടുക്കാൻ സർക്കാർ തയ്യാ റാകണം. കോൺക്രീറ്റു റോഡുകളെ സംബന്ധിച്ചിടത്തോളം എക്കണോമിക് സർവ്വേ ചൂണ്ടിക്കാണിക്കുന്നത് പത്തു കിലോമീറ്റർ നീളത്തിലാണ് ഇവിടെ കോൺക്രീറ്റ് റോഡുള്ളതെന്നാണ്. തലശ്ശേരിയിൽ അൻപതു കൊല്ലം മുമ്പ് നിർമ്മിച്ച ഏറ്റവും പ്രധാനപ്പെട്ട റോഡ് ടാർ റോഡല്ല കോൺക്രീറ്റ് റോഡാ ണെന്ന് കണ്ണൂരിൽനിന്നും വരുന്ന എം.എൽ.എ.മാർക്കൊക്കെ അറിയാം. അവിടെ പ്രസംഗിക്കാൻ പോകുന്ന ശ്രീ. കെ.സി. ജോസഫിനുവരെ അറിയാം. ആ തലശ്ശേരിയിലെ കോൺക്രീറ്റു റോഡ് ആ രീതിയിൽത്തന്നെ കിടക്കുന്ന തിനെ സംബന്ധിച്ച് ഒരുപാട് കെട്ടുകഥകളുണ്ട്. ആ റോഡുണ്ടാക്കിയ കോൺട്രാക്ടർ ഭ്രാന്തുപിടിച്ചു നടക്കുകയാണ്. മരിച്ചുപോയി എന്നുവരെ പറ യുന്നുണ്ട്. അതുകൊണ്ട് ആ മാതിരി റോഡ് നിർമ്മിക്കരുത് എന്ന് ചില ആളു കൾ പ്രചരിപ്പിച്ചുകൊണ്ട് കോൺക്രീറ്റ് റോഡു നിർമ്മാണം നിരുത്സാഹപ്പെടു ത്തുകയാണ് എന്നാണ് എനിക്കു തോന്നുന്നത്. ഏതായാലും അൻപതു കൊല്ലക്കാലമായി ഈ റോഡ് യാതൊരു കേടുപാടുമില്ലാതെ കിടക്കുകയാണ്. തലശ്ശേരിയിൽ ഇന്ന് വർത്തമാന കാലത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട അടയാള മായി കാണാൻ സാധിക്കും. അതുകൊണ്ട് നമുക്ക് പരീക്ഷിച്ചുനോക്കാൻ സാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് കോൺക്രീറ്റു റോഡുകൾ. പത്തു നാൽപ്പതു കൊല്ലക്കാലം മെയിന്റനൻസ് ഇല്ലാതെ മുന്നോട്ടു കൊണ്ടു പോകാൻ സധിക്കുന്ന `റോഡുകളാണ് കോൺക്രീറ്റു റോഡുകൾ. അതു പോലെ റബ്ബൈസ്ഡ് റോഡുകൾ നിർമ്മിക്കാൻ ആവശ്യമായ തീരുമാനമെടു ക്കണം. കയറുൽപ്പന്നങ്ങൾ ഉപയോഗിച്ചുകൊണ്ട് ഈ കാലാവസ്ഥയെ അതി ജീവിക്കുന്നതിനുള്ള ഒരു പരീക്ഷണം നടന്നുകഴിഞ്ഞിട്ടുള്ളതാണ്. അതുകൂടി ഉപയോഗപ്പെടുത്താൻ നമുക്കു സാധിക്കണം. റോഡുകളുടെ പണി കൃത്യമായി നടത്തുന്നതിന് ഒരുപാട് സാങ്കേതിക പ്രശ്നങ്ങളുണ്ട്. എ.എസ്., എസ്.എസ്., ടി.എസ്. തുടങ്ങിയ ഒരുപാട് പ്രശ്നങ്ങളുണ്ട്. അതെല്ലാം ലഘൂകരിക്കാൻ നമുക്കു കഴിയണം. ഇന്ന് റോഡ് വീതികൂട്ടുക വളരെ പ്രയാസമായിരിക്കുന്നു. റോഡു വീതികൂട്ടാൻ ഭൂമി എടുക്കുക എന്നുള്ളത് എത്രയോ കാലം നീണ്ടു നിൽക്കുന്ന ഒരു പ്രോസസ്സാണ്. അതുകൊണ്ട് വളരെ പ്രധാനപ്പെട്ട പട്ടണങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളിൽ മേൽപ്പാലങ്ങൾ പോലെ മേൽ റോഡുകളുണ്ടാക്കുക. ഇതു വളരെ ചെലവുള്ള നടപടിയാണെങ്കിലും ഭൂമി എടുക്കേണ്ട പ്രശ്നം ഒഴിവാക്കാം. അതിനാവശ്യമായ പദ്ധതികളുണ്ടാക്കണം. മറ്റൊരു കാര്യം ഭക്ഷ്യ വകുപ്പുമായി ബന്ധപ്പെടുത്തി ചൂണ്ടിക്കാണിക്കാനുണ്ട്. പ്രതിപക്ഷത്തുള്ള ആളുകൾ മന്ത്രിയുടെ ചിരിയെപ്പറ്റിയാണ് പറഞ്ഞത്. നിങ്ങൾക്ക് മറ്റൊന്നും വിമർശിക്കാനില്ല. കെ.പി.സി.സി. തീരുമാനിച്ചു യു.ഡി.എഫ്. യോഗം ചേർന്ന് ശക്തമായി ഈ ഗവൺമെന്റിനെ വിമർശിക്കാൻ തീരുമാനിച്ചു. പക്ഷെ വിമർശനപരമായി നിങ്ങൾക്ക് ഉന്നയിക്കാൻ പ്രശ്നങ്ങളില്ല. വിലക്കയറ്റം ഈ രാജ്യം മുഴുവൻ ഉണ്ടായിക്കൊണ്ടിരിക്കുമ്പോൾ കേരളത്തിൽ മാത്രം വിലക്കയറ്റമില്ല, ബാക്കി എല്ലാ സ്ഥലത്തും വിലക്കയറ്റമുണ്ട് എന്നു ഞാൻ പറയുകയില്ല. കേരളം ഉൾപ്പെടെയുള്ള എല്ലാ സംസ്ഥാനങ്ങളിലും വിലക്കയറ്റമുണ്ട്. വിലക്കയറ്റത്തിന് അടിസ്ഥാനപരമായ ചില നിലപാടുകളുണ്ട്. ആ നിലപാടുകൾ കേരളത്തിൽ തെരഞ്ഞെടുക്കപ്പെട്ടുവന്ന ഈ ഗവൺമെന്റിനെക്കൊണ്ടു മാത്രം അവസാനിപ്പിക്കുന്നതിന് സാധിക്കുന്നതല്ല. ഇന്ത്യയിലാകെയുള്ള നിലപാടുമായി ബന്ധപ്പെടുത്തി മാത്രമെ അതിനു പരിഹാരം കാണാൻ കഴിയൂ. നിങ്ങളുടെ നിലപാട് എന്താണ്? ഞങ്ങൾ ഗാട്ട് കരാറിനെപ്പറ്റി പറഞ്ഞാൽ ശ്രീ. ബാബുവിന് ഉൾപ്പെടെ ചിരിയാണ്. ഈ ഗാട്ട് കരാറിനു പിന്നിൽ ഒരു അർത്ഥശാസ്ത്രമുണ്ട്. അതു മനസ്സിലാകാത്തതുകൊണ്ടാണ് ചിരിക്കുന്നത്.

<u>ശ്രീ. കെ. ബാബു</u> : വിലക്കയറ്റം ഒരു ദേശീയ പ്രശ്നമാണെന്ന് പറയുകയും ഒരു ആഗോള പ്രശ്നമാണെന്ന് പറയാതിരിക്കുകയും ചെയ്തല്ലോ എന്നോർത്താണ് ഞാൻ ചിരിച്ചത്

<u>ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ</u> : കേരളത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നാൽ ഉടനെ പറഞ്ഞുകൊണ്ടിരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ് ആഗോളപ്രശ്നം. അതുവരെ കേരളത്തിലെ പ്രശ്നം ശ്രീ. നായനാരുടെ തകരാറുകൊണ്ട്, ഇടതുപക്ഷ ഗവൺമെന്റിന്റെ തകരാറുകൊണ്ട് അല്ലെങ്കിൽ വകുപ്പുമന്ത്രിയുടെ തകരാറുകൊണ്ട് എന്നുപറയും അതുകഴിഞ്ഞ് നിങ്ങൾ അധികാരത്തിൽ വരികയാണെങ്കിൽ അത് ദേശീയപ്രശ്നം അല്ലെങ്കിൽ ആഗോളപ്രശ്നമാകും. ആ നിലപാടാണ് കോൺഗ്രസ്സുകാർ ഇതിനുമുമ്പ് എടുത്തിട്ടുള്ളത്.

<u>ശ്രീ. എ. കണാരൻ</u> : കേരളത്തിലെ വിലക്കയറ്റം പിടിച്ചുനിറുത്താനായി മാവേലി സ്റ്റോറുകളിലൂടെ അരി കുറഞ്ഞ വിലയ്ക്കു കൊടുക്കാനായി 115 കോടി രൂപ മുടക്കുകയും അൻപതു കോടി രൂപ നീതിസ്റ്റോറുകൾ മുഖേന കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ കൊടുക്കാനായും അഞ്ചു കോടി രൂപ പൊതുവിതരണരംഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായും ഈ ഗവൺമെന്റ് ചെലവഴിച്ചില്ലേ?

<u>ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ</u> : സർ, ഞാൻ അത് പറയാൻ തന്നെയാണ് പോകുന്നത്. നിത്യോപയോഗ സാധനത്തിന്റെ വിലവർദ്ധനവിന് അടിസ്ഥാനപരമായ കാരണങ്ങളുണ്ടെന്ന് പറഞ്ഞതിൽ ഞാൻ ഉറച്ചുനിൽക്കുകയാണ്. അടിസ്ഥാനപരമായ കാരണങ്ങളിൽ ഏറ്റവും അവസാനത്തെ കൂട്ടിച്ചേർക്കപ്പെട്ട പ്രശ്നമാണ് ഗാട്ടിന്റെ തീരുമാനങ്ങളനുസരിച്ച്, വേൾഡ് ട്രേഡ് ഓർഗനൈസേഷൻ അതിന്റെ തിട്ടൂരങ്ങൾക്കനുസരിച്ച് എല്ലാ കാര്യങ്ങളും നടത്തിക്കൊള്ളാമെന്ന് എഗ്രിമെന്റിൽ ഒപ്പിട്ടുകൊടുത്തവരാണ് കോൺഗ്രസ്സ് (ഐ). അത് അംഗീകരിച്ച് നടപ്പിലാക്കിയവരാണ് ബി.ജെ.പി. ആ രണ്ടിന്റേയും

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിലാണ് കേരളത്തിലുൾപ്പെടെ, ഇന്ത്യയിലുൾപ്പെടെ, കാർഷിക മേഖലയിലുൾപ്പെടെ വ്യത്യസ്തങ്ങളായ, ഇൻഡിവിഡ്വൽസ് ഉൽപ്പാദിപ്പിക്കുന്ന ചരക്കുകളുൾപ്പെടെ ഇവിടെ ഇറക്കുമതി ചെയ്യുന്നത്. അങ്ങനെ ഇറക്കുമതി ചെയ്യുമ്പോൾ ധരിച്ചിരുന്നത് കയറ്റുമതി ശക്തിപ്പെടുമെന്നാണ്. കയറ്റുമതി ശക്തിപ്പെട്ടിട്ടുമില്ല. ഇറക്കുമതി ശക്തമായ രീതിയിൽ കൂടുകയും ചെയ്തു. ഇതിന്റെയെല്ലാം ഫലമായി നിത്യോപയോഗ സാധനങ്ങളുടെ, നമ്മൾ ഉൽപ്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങളുടെയെല്ലാം വില വർദ്ധിപ്പിക്കുന്ന അവസ്ഥ ഇവിടെയുണ്ടാവുകയും ചെയ്തു. കാർഷികോൽപ്പന്നങ്ങളുടെ വിലയിടിക്കുന്ന ഒരവസ്ഥ ഇവിടെയുണ്ടാവുകയും ചെയ്തു. അതിന്റെ പിന്നിലുള്ള പ്രധാനപ്പെട്ട കാര്യം വേൾഡ് ട്രേഡ് ഓർഗനൈസേഷനുൾപ്പെടെയുള്ള തീരുമാനത്തിന്റെ ഭാഗമായിട്ടാണ്. മാത്രമല്ല സബ്സിഡിയുൾപ്പെടെയുള്ള കാര്യങ്ങൾ. അത് മാർക്കറ്റിൽ ഇടപെടലാണ്. ഗവൺമെന്റ് മാർക്കറ്റിൽ ഇടപെടാൻ പാടില്ലെന്നുള്ളതാണ് നിങ്ങളുടെ ബൂർഷ്വാ അർത്ഥശാസ്ത്രത്തിന്റെ അടിസ്ഥാനം. അതാണ് അപ്പുറത്തുള്ള മുഴുവൻ ആളുകളും പറഞ്ഞുകൊണ്ടിരിക്കുന്നത്. അതാണ് നിങ്ങൾ കെയിൻസിന്റെ സിദ്ധാന്തത്തിന്റെ ഭാഗമായി ഒരു വർഷത്തിൽ മാർക്കറ്റിൽ ഇടപെടണമെന്നുള്ള തീരുമാനമെടുത്തത്. എന്നാൽ പുത്തൻ സാമ്പത്തിക നയത്തിന്റെ ഭാഗമായി നിങ്ങൾ പറഞ്ഞു, ആരും മാർക്കറ്റിൽ ഇടപെടാൻ പാടില്ല. മാർക്കറ്റ് സ്വതന്ത്രമാണ്. ആ സ്വതന്ത്രമായ മാർക്കറ്റിനുവേണ്ടി വാദിച്ചവരാണ് കോൺഗ്രസ്സ് (ഐ), അതിന്റെ പൂർണ്ണമായ അപ്പം തിന്നവരാണ് ബി.ജെ.പി.ക്കാർ. നിങ്ങളുടെ വർഗ്ഗ നിലപാടിന്റെ ഭാഗമായിട്ടാണ് നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് വന്നിട്ടുള്ളത്. അപ്പോൾ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ പറഞ്ഞു, അത് പാടില്ല, മാർക്കറ്റിൽ ഇടപെടണം. കേരളത്തിന്റെ ഭാഗമായിട്ടെങ്കിലും മാർക്കറ്റിൽ ഇടപെടാൻ തീരുമാനിച്ചതിന്റെ ഒപ്പം ഈ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിച്ചുകൊണ്ടുപോയതിന്റെ ഭാഗമായിട്ടാണ് നിത്യോപയോഗസാധനങ്ങളുടെ വില വർദ്ധനവിൽ ദേശീയ ശരാശരിയെക്കാളും കുറഞ്ഞരീതിയിൽ, അതിന്റെ പകുതി മാത്രമായി നില നിറുത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞത്. ഞാൻ ആദ്യമേ പറഞ്ഞുവന്നത് ദേശീയ അടിസ്ഥാനത്തിൽ വിലക്കയറ്റമുണ്ട്. അതിന്റെ ഒപ്പം നിൽക്കാതെ, അതിന്റെ പകുതിയോളം ഭാഗം മാത്രമായി നിൽക്കാൻ കഴിയുന്ന ഒരു സംസ്ഥാനമായി കേരളത്തെ കൊണ്ടുവന്നത് ഇടതുപക്ഷ മുന്നണിയുടെ നിലപാടിന്റെ ഫലമായിട്ടാണ്.

<u>ശ്രീ. കെ സുധാകരൻ</u> : സർ, ബഹുമാനപ്പെട്ട ഗോവിന്ദൻ മാസ്റ്റർ പറഞ്ഞല്ലോ ഗാട്ട് കരാർ വന്നതോടുകൂടി നാണ്യവിളകളുടെ വില ഇടിഞ്ഞു. അപ്പോൾ റബ്ബറിന്റെ വില കുറഞ്ഞുവെന്ന്. റബ്ബറിന്റെ ബൈ പ്രോഡക്ട് ആയ ടയറിന്റെ വില കുറയണ്ടേ? അത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ?

<u>ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ</u> : സർ, ഞാൻ അതുകൂടി പറയാം. അത് വേറൊന്നുമല്ല. മുതലാളിത്ത പ്രത്യുൽപ്പാദന വിതരണത്തിന്റെ ഭാഗമായി അതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം മുതലാളിത്ത ഉൽപ്പാദനരീതി ഇന്ത്യ അവലംബിക്കുന്നുവെന്നുള്ളതാണ്. കുത്തകമുതലാളിത്തത്തിന്റെ താൽപ്പര്യം സംരക്ഷിക്കാൻ വേണ്ടിയായിരുന്നു ശ്രീ. സുധാകരാ, കഴിഞ്ഞ 45 വർഷക്കാലം കേന്ദ്രം ഭരിച്ചിട്ടുള്ള കോൺഗ്രസ്സിന്റെ നിലപാട്. അതുപോലെതന്നെയാണ് ബഹുമാനപ്പെട്ട കാർത്തികേയന്റേയും ആര്യാടൻ മുഹമ്മദിന്റേയും നിലപാട്. അവർക്കുവേണ്ടിയാണ്. മുതലാളിമാർക്കുവേണ്ടിയാണ്, കൃഷിക്കാർക്കുവേണ്ടിയല്ല. കർഷകത്തൊഴിലാളിക്ക് വേണ്ടിയല്ല. ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാ

LIBRARY ARCHIVES Kerala Legislative Assembly

നങ്ങൾ വളരെ പ്രധാനപ്പെട്ട ഒരു കാര്യം ചൂണ്ടിക്കാണിച്ചു. അത് മറ്റൊന്നുമല്ല ഞങ്ങൾ വ്യക്തതയോടുകൂടി പറഞ്ഞത് സബ്സിഡി കൊടുക്കണമെന്നാണ്. മാർക്കറ്റിൽ ഞങ്ങൾ ഇടപെടുന്നുവെന്ന് പറഞ്ഞാൽ പോരാ, മാർക്കറ്റിന്റെ സാമ്പത്തിക മേഖലയിൽ എങ്ങനെ ഇടപെടണമെന്ന് പഠിക്കണം. അങ്ങനെ പഠിച്ച് മനസ്സിലാക്കിയിട്ടാണ് ഞങ്ങൾ സബ്സിഡിയുമായി ബന്ധപ്പെട്ട് നടക്കുന്നത്. സബ്സിഡിയുടെ കാര്യത്തിൽ കോൺഗ്രസ്സിന്റെ പരിപാടിയെന്താണ്? സബ്സിഡി കൊടുക്കണമെന്നാണോ കോൺഗ്രസ്സ് തീരുമാനിച്ചത്? നിങ്ങൾ കൊടുക്കണ്ടെന്ന് തീരുമാനിച്ചു. ഞാൻ പറഞ്ഞത് കോൺഗ്രസ്സ് (ഐ)യുടെ 1998-ലെ പ്രകടന പത്രിക പേജ് 43-ൽ പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം എന്നുള്ള സൈഡ് ഹെഡ്ഡിംഗിൽ എഴുതിയിട്ടുള്ളത്, The congress will ensure that only the poor and the needy have access to the PDS. 1998-ലെ കോൺഗ്രസ്സ് (ഐ)യുടെ പ്രകടന പത്രിക പേജ് 43-ൽ എഴുതിവച്ചിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. അതിന്റെ അർത്ഥമെന്താണ്? സബ്സിഡി, റേഷനുൾപ്പെടെയുള്ള മുഴുവൻ കാര്യങ്ങളും പാവപ്പെട്ടവർക്ക് മാത്രമായി ചുരുക്കുകയെന്നുള്ളതാണ് നിങ്ങളുടെ പരിപാടി. അത് കേരളത്തിൽ പറയാൻ കഴിയുമോ? അതുകഴിഞ്ഞ് 1998 സെപ്റ്റംബർ 6-ന് പചർമഡിയിൽ ചേർന്ന നിങ്ങളുടെ എ.ഐ.സി.സി.യുടെ സമ്മേളനത്തിന്റെ ഭാഗമായി ഒരു തീരുമാനമെടുത്തിട്ടുണ്ട്.

The Pachmarhi Declaration (6th September 1998: page 9) Assures the better targetting of subsidies for the poor, the needy and the disadvantaged, which will be continued and strengthened. എന്താണ് അതിന്റെ അർത്ഥം? അത് വ്യക്തമായി ഞാൻ പറയേണ്ട കാര്യമില്ല. നിങ്ങൾ സബ്സിഡി കൊടുക്കുന്നതിനും റേഷൻ സംവിധാനം ആകെ തുടരുന്നതിനും എതിരാണ്. ആ തുടരുന്ന നിലപാടിനെ ശക്തമായി എതിർക്കുന്നവരാണ് ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനം. ബി.ജെ.പി.ക്കാരുടെ പ്രകടന പത്രികയിലും ചൂണ്ടിക്കാണിച്ചത് അതുതന്നെയാണ്. Page 21 – Use the PDS effectively to help the poorest of the poor എന്നാണ്. ചുരുക്കിപ്പറഞ്ഞാൽ നിങ്ങൾ ഇന്ത്യാരാജ്യത്ത് ഭരണം നടത്തിയിട്ടുള്ള ഭരണവർഗ്ഗ പാർട്ടിയുടെ പൊതുവായ നിലപാട്, സാമ്പത്തികമായ നിലപാടിന്റെ ഭാഗമായിട്ടുണ്ടാക്കുന്ന വിലക്കയറ്റമുൾപ്പെടെയുള്ള കാര്യങ്ങൾ മുഴുവൻ ജനങ്ങൾ അനുഭവിക്കുകയെന്നുള്ളതാണ്. അതിനകത്ത് ഇടപെടുകയെന്നുള്ള നിലപാട് നിങ്ങൾ അംഗീകരിച്ചിട്ടില്ല. അതുപോലെ സബ്സിഡി കൊടുക്കുകയെന്നുള്ള നിലപാട് നിങ്ങൾ അംഗീകരിച്ചിട്ടില്ല. നേരത്തെ ബഹുമാനപ്പെട്ട സുധാകരൻ ചൂണ്ടിക്കാണിച്ചതുപോലെ ടയർ കമ്പനിക്കാർക്കു വേണ്ടിയുള്ള നിലപാടാണ് നിങ്ങൾ സ്വീകരിക്കുന്നത്. അങ്ങനെ കുത്തക മുതലാളിത്തത്തിന്റേയും ഭൂ പ്രഭുത്വത്തിന്റേയും സാമ്രാജ്യത്വത്തിന്റേയും വർഗ്ഗ നിലപാട് സ്വീകരിച്ച് 45 വർഷക്കാലം ഈ രാജ്യം ഭരിച്ച് മുടിച്ച്, ഈ രാജ്യത്തിലെ ജനങ്ങളെ നിരന്തരമായ സാമ്പത്തിക പ്രതിസന്ധിയിലേക്കും കുഴപ്പത്തിലേക്കും നീക്കിയിട്ടുള്ള കോൺഗ്രസ്സിന്റെ വക്താക്കളായി മാറിനിന്നിട്ട് ഇപ്പോൾ ഞങ്ങൾക്കെതിരായി വിലക്കയറ്റം നിങ്ങളാണ് ഉണ്ടാക്കിയതെന്നുള്ള പ്രസംഗം നടത്തുകയാണ്. ഞങ്ങൾ മാർക്കറ്റിൽ ഇടപെടുകയാണ്. റേഷനുൾപ്പെടെയുള്ള മേഖലകളിൽ പൂർണ്ണമായിട്ട് പാവപ്പെട്ട ജനങ്ങൾക്ക് അനുകൂലമായ നിലപാട് സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകുകയാണ്. അതിനാവശ്യമായ നിലപാടാണ് ഈ ഗവൺമെന്റ് അംഗീകരിക്കുന്നതെന്നുള്ളതുകൊണ്ട് ഈ ഗവൺമെന്റ് അതിന്റെ ഭാഗമായി കൊണ്ടുവന്ന

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥനകളെ പൂർണ്ണമായി അംഗീകരിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം നിർത്തുന്നു.

[2.00 P.M.]

ശ്രീ. കെ.സി. ജോസഫ് : സർ, ഞാൻ ഈ ഡിമാന്റുകളെ എതിർക്കുകയാണ്. ഇവിടെ പാർലമെന്റ് ഇലക്ഷന് മുന്നോടിയായിട്ടുള്ള ഒരു മൈതാനപ്രസംഗംപോലെയാണ് ശ്രീ. ഗോവിന്ദൻ മാസ്റ്റർ തന്റെ പ്രസംഗം അവസാനിപ്പിച്ചത്. ഇവിടെ മുതലാളിത്ത സാർവ്വദേശീയ പ്രശ്നങ്ങളെല്ലാം വിശദീകരിച്ചു. ഇന്നത്തെ ഡിമാന്റിന് ഒരു പ്രത്യേകതയുണ്ട്. ഈ ഡിമാന്റ് അവതരിപ്പിക്കുന്നത് രണ്ട് ചിരിക്കുന്ന മന്ത്രിമാരാണ്. രണ്ടുപേരും എപ്പോഴും ചിരിച്ചുകൊണ്ടിരിക്കും. അവർ രണ്ടുപേരും കൂടി ഈ നാട്ടിലെ ജനങ്ങളെ കരയിക്കുകയാണ്. അതാണ് വ്യത്യാസം. ഈ സംസ്ഥാനത്തിന്റെ വികസനത്തിൽ നിർണ്ണായകമായ പങ്കുവഹിക്കേണ്ട പി. ഡബ്ല്യു.ഡി. വകുപ്പ് ഇന്ന് സ്വജനപക്ഷപാതത്തിന്റേയും ഭരണകക്ഷിക്കാരുടെ താൽപ്പര്യത്തിന്റേയും മാത്രം വക്താക്കളായി മാറിക്കഴിഞ്ഞിരിക്കുകയാണ്. ഇന്ന് ഭരണകക്ഷി എം.എൽ.എ. മാരുടെ പ്രത്യേകിച്ച് ഭരണകക്ഷിയിലെ ആറ് എം.എൽ.എ. മാരുടെ മണ്ഡലത്തിലേക്ക് വികസനം ഒതുങ്ങിയിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് മന്ത്രിയായി ചാർജ്ജെടുത്തപ്പോൾ ഒരു വാചകം സത്യപ്രതിജ്ഞ ചെയ്തു. ഭീതിയോ പ്രീതിയോ കൂടാതെ without fear or favour, affection or ill-will - അങ്ങയുടെ ജോലി നിർവ്വഹിക്കുമെന്ന് പറഞ്ഞു. പരിശോധിച്ചുനോക്കിയാൽ അങ്ങ് നടത്തുന്നത് ആ സത്യപ്രതിജ്ഞയുടെ ലംഘനമല്ലേ? ഇവിടെ എന്തെല്ലാം പറഞ്ഞാലും കഴിഞ്ഞ മൂന്നു വർഷമായി അങ്ങ് നടത്തിയ വർക്കുകളുടെ പട്ടിക നോക്കിയാൽ ഈ പ്രവർത്തനം വളരെ ഏകപക്ഷീയമായി മന്ത്രിമാരുടെയും അങ്ങയുടെ പാർട്ടി എം.എൽ.എ. മാരുടെയും മണ്ഡലങ്ങളിൽ ഒതുങ്ങിയിരിക്കുന്നു. ഇവിടെ എല്ലാം വികസിക്കണം. എനിക്ക് ഒരു പരാതിയുണ്ട്. *(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)* അങ്ങ് ഒരു കൊല്ലത്തിനുമുമ്പ് കേരളത്തിലെ 6000 കി.മി. റോഡ് എം.ഡി.ആർ. ആയി പ്രഖ്യാപിച്ചു. കണ്ണൂർ ജില്ലയിലെ 107 റോഡുകൾ, 793 കി.മീ. അങ്ങ് എം.ഡി. ആർ. ആക്കി മാറ്റി. എന്നാൽ എന്റെ മണ്ഡലത്തിൽ ഒരൊറ്റ റോഡുപോലും ആ പട്ടികയിൽ ഉണ്ടായില്ല. ഞാൻ ഈ സഭയിൽ സബ്മിഷൻ ഉന്നയിച്ചു സബ്ജക്ട് കമ്മിറ്റിയിൽ ഉന്നയിച്ചു. അങ്ങ് സഭയിൽ പറഞ്ഞതും സബ്ജക്ട് കമ്മിറ്റിയിൽ പറഞ്ഞതും പരിശോധിക്കാം, പരിഹരിക്കാമെന്നാണ്. അത് റിപ്പോർട്ടിന് അയച്ചു. അങ്ങയുടെ വകുപ്പുദ്യോഗസ്ഥന്മാർ വിവേചനമുണ്ടായി, അത് പരിഹരിക്കണമെന്നു റിപ്പോർട്ടു ചെയ്തു. ഒരു കൊല്ലമായല്ലോ വല്ല പരിഹാരവുമുണ്ടായോ? ഇന്ന് വികസനമാകെ ഇത്തരത്തിൽ രാഷ്ട്രീയ പക്ഷപാതമാർഗ്ഗത്തിലേയ്ക്ക് അങ്ങ് തിരിച്ചു വിട്ടിരിക്കുകയാണ്. ഇവിടെ നേരത്തെ പറഞ്ഞു Chief Engineers' Lump sum-ന്റെ കാര്യം അങ്ങ് പരിശോധിക്കണം. ബഡ്ജറ്റ് അലോക്കേഷൻ ഏതാണ്ട് 18 കോടി രൂപയുണ്ട്. ഈ 18 കോടി രൂപ ഇങ്ങനെ അറേഞ്ച് ചെയ്തു കഴിഞ്ഞിരിക്കുന്നു. ഞാൻ പറയുമ്പോൾ അങ്ങ് തെറ്റിദ്ധരിക്കരുത്. ഇടുക്കി സബ്ഡിവിഷനിൽ ആറേമുക്കാൽ കോടി രൂപ. ഇരിക്കൂർ സബ്ഡിവിഷനിൽ ഒരു പൈസ പോലുമില്ല. എന്റെ മാത്രം പരാതിയല്ല. നിങ്ങൾ ഭരണകക്ഷിയിലെ എം.എൽ.എ. മാർ പരിശോധിച്ചു നോക്കു. ഇക്കാര്യത്തിൽ ഗുരുതരമായ രാഷ്ട്രീയ വിവേചനം കാണിക്കുകയല്ലേ? ഇവിടെ ഒരു കാര്യം മാത്രം അങ്ങ് മനസ്സിലാക്കണം. രാഷ്ട്രീയം എല്ലാവർക്കുമുണ്ടാകാം. പക്ഷെ വികസന കാര്യത്തിൽ ഈ പക്ഷപാതത്വം അഭിലഷണീയമായ കാര്യമാണോ? ഞങ്ങളാരും രണ്ടാം കെട്ടിലെ മക്കളല്ല. നിങ്ങളെപ്പോലെ

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങളും ജനങ്ങൾ തെരഞ്ഞെടുത്തു വന്നവരാണ്. ഞങ്ങൾ പ്രതിപക്ഷ ബഞ്ചിലായിപ്പോയതുകൊണ്ട് ഞങ്ങളോട് കാണിക്കുന്ന സമീപനം ശരിയാണോ? കുറഞ്ഞപക്ഷം യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് ഡോ. കെ. സി. ജോസഫിനോടും ശ്രീ. സത്യൻ മൊകേരിയോടും കാണിച്ച പരിഗണനയെങ്കിലും ഞങ്ങൾക്കു ലഭിക്കണ്ടേ? ഇത്തരത്തിൽ രാഷ്ട്രീയ വിവേചനം കാണിക്കുന്നതിനെക്കുറിച്ച് അങ്ങ് ആലോചിക്കണം. ഇവിടെ പി.ഡബ്ല്യൂ.ഡി. വകുപ്പ് സാമ്പത്തികമായി തകർച്ചയിലല്ലേ?

ഡോ. കെ.സി. ജോസഫ് : യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് താഴെനിന്ന് എഴുതി വാങ്ങുന്നതിന് വ്യത്യസ്തമായി പ്രത്യേക പരിഗണന എന്ന നിലയിൽ കെ.സി. ജോസഫിന് എന്തെങ്കിലും ആനുകൂല്യം നൽകിയതായിട്ട് പറയാൻ പറ്റുമോ?

ശ്രീ. കെ.സി. ജോസഫ് : ഞങ്ങളുടെ 5 കൊല്ലക്കാലത്ത് കുട്ടനാട് മണ്ഡലത്തിലും നാദാപുരത്തും ലഭിച്ച പരിഗണന ..... ഇപ്പോൾ എഴുതിയാൽ കാര്യമുണ്ടോ? ഇപ്പോൾ എഴുതാൻ ആളുണ്ടോ? ഇപ്പോൾ എഴുതിയാൽ വല്ല വിശേഷവുമുണ്ടോ? അന്ന് ഞങ്ങളുടെ ഗവണ്മെന്റ് അധികാരം ഒഴിയുമ്പോൾ കുടിശ്ശിക 250 കോടി രൂപയായിരുന്നു. ഇപ്പോൾ എവിടെ എത്തി? 96-97ൽ പി.ഡബ്ല്യൂ.ഡി. യുടെ പെൻഡിംഗ് ബിൽസ് 250 കോടി രൂപ. ഇപ്പോഴോ നിങ്ങളുടെ മൂന്നുകൊല്ലത്തെ ഭരണം കൊണ്ട് കുടിശ്ശിക 508 കോടി രൂപയായി. പ്ളാൻ വിഭാഗത്തിൽ 200 കോടി രൂപ, നോൺ പ്ളാൻ വിഭാഗത്തിൽ 308 കോടി, എങ്ങനെ കുടിശ്ശിക ഉണ്ടായി. ഞങ്ങളുടെ കാലത്ത് അധികാര വികേന്ദ്രീകരണം ഉണ്ടായില്ല. ത്രിതല പഞ്ചായത്തുകളില്ല. ഇന്ന് അധികാരവികേന്ദ്രീകരണമുണ്ടായി. പഞ്ചായത്തിന് അധികാരം കൈമാറിയിട്ടും കുടിശ്ശിക വർദ്ധിച്ചിരിക്കുന്നു. അന്ന് 250 കോടി, ഇന്ന് 508 കോടി. ഞങ്ങളുടെ വില്ലേജ് റോഡുകൾ, സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്ത 590 വില്ലേജ് റോഡുകൾക്കും 150 പാലങ്ങൾക്കും പക്ഷെ ഒരു പൈസ പോലുമില്ല. എത്ര വട്ടം ആവർത്തിച്ചു പറഞ്ഞു. വല്ല പരിഗണനയും കാണിച്ചിട്ടുണ്ടോ? എന്താണ് ബഡ്ജറ്റ് സ്ക്രൂട്ടിണി? ഒരു exercise in futile. ഒരു കാര്യവുമില്ല. ഇക്കാര്യത്തിൽ കമ്മിറ്റികളുടെ ശുപാർശകൾ മുഴുവൻ ഗവണ്മെന്റ് അവഗണിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങ് ഇവിടെ വലിയ പ്രഖ്യാപനം നടത്താറുണ്ട്. നോർത്ത് സൗത്ത് എക്സ്പ്രസ് ഹൈവേ എവിടെ എത്തി? 6000 കോടി രൂപയുടെ സമഗ്രമായ പദ്ധതിയെക്കുറിച്ച് പറയുന്നു. അതുപോലെ 2000 കോടി രൂപയുടെ മറ്റൊരു റോഡ് ശൃംഖല പ്രഖ്യാപനത്തിനപ്പുറം കാര്യങ്ങൾ എങ്ങോട്ടു പോകുന്നു. എന്ത് പറഞ്ഞാലും ശരി, ഈ രാജ്യത്തെ റോഡുകളുടെ ഇന്നത്തെ അവസ്ഥ നിങ്ങൾക്കാർക്കെങ്കിലും ന്യായീകരിക്കാൻ സാധിക്കുമോ? കാലാവസ്ഥ ഉണ്ടാകാം. കാലാവസ്ഥയുടെ പ്രത്യേകത ഉണ്ടാകാം. പക്ഷെ അങ്ങ് മുൻകൈ എടുത്തുകൊണ്ട് കേരളത്തിന്റെ കാലാവസ്ഥയ്ക്കനുസരിച്ച് ..... ഇവിടെ പലരും റബറൈസ്ഡ് റോഡിന്റെ കാര്യം പറഞ്ഞു. കയർ റോഡിന്റെ കാര്യം പറഞ്ഞു. എന്ത് പ്രത്യേകതയാണെങ്കിലും കേരളത്തിന്റെ കാലാവസ്ഥയും കാലവർഷവും, ഇടവപ്പാതിയുമെല്ലാം കണക്കിലെടുത്തുകൊണ്ട് അതിന് അനുഗുണമായ ഒരു ടെക്നോളജി ഡെവലപ്പ് ചെയ്യണം. ഇന്ന് റോഡുകൾ ടാർ ചെയ്ത് ഒരു മാസം കഴിഞ്ഞാൽ തകർച്ച ഉണ്ടാകുന്നു. ഇവിടെ മറ്റൊരു പ്രധാനപ്പെട്ട കാര്യം നമ്മുടെ ഭക്ഷണരംഗത്തെ കാര്യമാണ്. ഈ ബഡ്ജറ്റിൽ പറയുന്നത് ..... ഇവിടെ ശ്രീ. കെ. പ്രകാശ് ബാബുവും ശ്രീ. ഗോവിന്ദൻ മാസ്റ്ററും പറഞ്ഞു, എല്ലാ പഞ്ചായത്തിലും ഓരോ മാവേലി സ്റ്റോർ പ്രഖ്യാപിച്ചു എന്ന്. ഇപ്പോഴുള്ളത് 636 മാവേലി സ്റ്റോറുകളാണ്. മാവേലി സ്റ്റോറുകൾ വേണം, പക്ഷെ അതിനുള്ള ബഡ്ജറ്റ് അലോക്കേഷൻ ഉണ്ടോ? കഴിഞ്ഞ കൊല്ലത്തെ 98-99 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ശ്രീ. ശിവദാസമേനോൻ പറ

LIBRARY ARCHIVES Kerala Legislative Assembly

ഞ്ഞിരിക്കുന്നു An amount of Rs.111 crores and Rs.50 crores have been provided in the current year's budget for the two schemes. മാർക്കറ്റ് ഇന്റർവെൻഷനും എസെൻഷ്യൽ കമോഡിറ്റീസിന്റെ വിതരണവും. ഈ കൊല്ലവും അതേ വാക്ക് ആവർത്തിക്കുന്നു ഒരു പൈസപോലും ഇപ്പോൾ കൂടുതലായിട്ടില്ല. ഇത്തവണയും പറയുന്നു We have set apart Rs.111 crores for subsidy programme and Rs.50 crores for the Market Intervention Programme. ഒരു പൈസപോലും കൂടുതലായിട്ടില്ലാത്ത പുതിയ മാവേലിസ്റ്റോറുകൾ ആരംഭിക്കണമെങ്കിൽ അങ്ങേയ്ക്ക് വല്ല അത്ഭുതവിദ്യയും വശമുണ്ടോ? ഒന്നുകിൽ നിങ്ങൾ ഇപ്പോഴത്തെ അലോക്കേഷൻകൊണ്ട് അത് വലിച്ചുനീട്ടി ആ സമ്പ്രദായത്തെ തകർക്കാൻ പോകുന്നു. അല്ലെങ്കിൽ വെറും പ്രഖ്യാപനമായിട്ട് അവശേഷിക്കാൻ പോകുന്നു. എന്താണ് വസ്തുത? അങ്ങ് വിശദീകരിക്കണം. ഇവിടെ വില നിലവാരത്തെകുറിച്ച് എല്ലാവരും പറഞ്ഞു. ഈ പറഞ്ഞ ആളുകളൊക്കെ വീട്ടിൽ പോയി ഭാര്യമാരോട് ചോദിക്കണം. ഇത്രയും വലിയ വിലത്തകർച്ച ഉണ്ടായിട്ട് ഇവിടെ പറയാൻ നിങ്ങൾക്ക് സാധിക്കുന്നുണ്ടല്ലോ? ഞാൻ ഇവിടെ അസംബ്ളിയിൽ തന്ന കണക്കുകൾ മാത്രം പറയാം. വിലക്കയറ്റം: വറ്റൽമുളക് 96-ൽ ഒരു കിലോഗ്രാം-48 രൂപ, 99 ആയപ്പോൾ 55 രൂപ, മൂന്നുകൊല്ലം കൊണ്ട് 7 രൂപ കൂടി. പുഴുക്കലരി 96-ൽ 9.50 രൂപ. '99 ആയപ്പോൾ 14.50 രൂപ, വൻപയർ 96-ൽ 22 രൂപ 99-ൽ 22 രൂപ, ചെറുപയർ 96ൽ-24 രൂപ 99-ൽ 27 രൂപ. പഞ്ചസാര 96-ൽ 13.50 രൂപ 99-ൽ 15.50 രൂപ, പച്ചരി 96-ൽ 8.50 രൂപ 99 ആയപ്പോൾ 12 രൂപ, വെളിച്ചെണ്ണ 96-ൽ 41 രൂപ 99-ൽ 62 രൂപ. ഇത് വിലവർദ്ധനവല്ലേ? ഇവിടെ ആരോ 3 കൊല്ലംകൊണ്ട് ഞങ്ങളുടെ 5 കൊല്ലം കൊണ്ടുണ്ടായ വർദ്ധനവിന്റെ ആപേക്ഷികനാശം ഉണ്ടായിയെന്നു പറഞ്ഞു. ശരിയാണോ സർ ഇത്? ഈ സഭയിൽ നൽകിയ ഉത്തരമാണ് ഞാൻ വായിച്ചത്. ഞാൻ ഇവിടെ കള്ളക്കണക്കൊന്നും പറഞ്ഞില്ല. ഇന്നലെ പാളയം മാർക്കറ്റിലെ വിലയും 96-ൽ ഈ സഭയിൽ അങ്ങ് നൽകിയ ഉത്തരവുമാണ് ഇവിടെ വായിച്ചത്. ഇവിടെ വിലക്കയറ്റമുണ്ടായി എന്നു പറഞ്ഞു. ശ്രീ. എം.വി. ഗോവിന്ദൻമാസ്റ്റർ കേരളം ഒരു തുരുത്തല്ലായെന്നു പറഞ്ഞു. കേരളം തുരുത്തല്ല. പക്ഷെ എന്താണ് ഈ സംസ്ഥാനത്തെ നിലവാരം? എക്കണോമിക് റിവ്യൂവിൽ പറയുന്നു അതിലെ റീട്ടെയിൽ പ്രൈസ് അങ്ങ് വായിച്ചുനോക്കണം. പേജ് 19 - It was still a matter of concern that in 1998, the retail prices of essential commodities witnessed an uptrend in general. Out of twenty two important items, fourteen witnessed increases in their prices over the previous year as against only seven items in 1997. In some cases the rise was rather steep. അതുപോലെ The prices of chillies increased by Rs.33.86 per kg. skyrocketing to Rs.69.17 per kg. in 1998, compared to Rs.35.31 per kg. in 1997. വിലവർദ്ധനവല്ലേ? ഞങ്ങളുടെ കാലത്ത് കാർഷികോൽപ്പന്നങ്ങൾക്ക് ന്യായമായി വിലയുണ്ടായിരുന്നു. അന്നത്തെ പ്രൈസ് പാരിറ്റി ഇൻഡക്സ് നോക്കിയാൽ റബ്ബർ ഉൾപ്പെടെ whole time high price ആയിരുന്നു. നിങ്ങളുടെ കാലത്ത് പർച്ചേസിംഗ് പവർ ഇല്ല. കേരളത്തിലെ കുടുംബങ്ങൾ ആകെ തകർന്നിരിക്കുന്നു. ഒരു ഭാഗത്ത് വാങ്ങാൻ ശേഷിയില്ല. ഒരു ഭാഗത്ത് കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ച. മറുഭാഗത്ത് വർദ്ധനവ്. Economic Review – Parity index for the State is being constructed to see how the price situation is affecting the farmers of the State. Compared to the corresponding period in 1997, during the year 1998 the prices received by the farmers declined by 2.3% and the prices paid by the farmers went up by 7.9% witnessing a very unfavourable situation to the farming community. ഒരു ഭാഗത്ത് വിൽക്കുന്ന സാധനങ്ങൾക്ക് വിലയില്ല. വാങ്ങാൻ പോകുമ്പോഴേ വൻപിച്ച വിലക്കയറ്റം. എല്ലാ സംസ്ഥാനങ്ങളിലും ബാധകമാണെന്നാണ് ഇവിടെ പറഞ്ഞത്. ശരിയാണോ? എല്ലാ സംസ്ഥാനങ്ങളിലേയും

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിതി ഇതാണോ? എന്റെ കൈയിലിരിക്കുന്നത് 1999 മേയ് മാസത്തിലെ റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ബുള്ളറ്റിൻ ആണ്. ഇവിടെ പറയുന്നത്, S.486 No.38 – Consumer price index numbers for urban non manual employees – All India and selected centres – എന്താണ് സ്ഥിതി? നിങ്ങൾ അധികാരത്തിലിരിക്കുമ്പോൾ കോഴിക്കോട് 1996-97-ൽ പ്രൈസ് ഇൻഡക്സ് 294. 1999 ഫെബ്രുവരി മാസത്തിൽ അത് 342. ഇതേ കാലഘട്ടത്തിൽ, 1996-97-ൽ പ്രൈസ് ഇൻഡക്സ് 284. റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ബുള്ളറ്റിൻ നമ്പർ 39. അടുത്ത പേജിൽ Consumer price index numbers for agricultural (Rural Labourers) 1998 ഡിസംബറിൽ 310. ഈ കാലഘട്ടത്തിൽ മറ്റ് സംസ്ഥാനങ്ങളിൽ ഇതുപോലെ വർദ്ധനവ് ഉണ്ടായില്ല. കേരളത്തിൽ 284-ൽ നിന്നും 310 ആയപ്പോൾ ബീഹാറിൽ 250-ൽ നിന്നും 293-ന്നേ ആയുള്ളൂ. കേരളത്തിലെ കൺസ്യൂമർ പ്രൈസ് ഇൻഡക്സിൽ കേരളം 310. ആ കാലഘട്ടത്തിൽ ബീഹാറിൽ 293. മദ്ധ്യപ്രദേശിൽ 304. ഒറീസയിൽ 293. മറ്റ് സംസ്ഥാനങ്ങളിൽ ഉണ്ടാകുന്ന വർദ്ധനവിനെക്കാൾ കൂടിയ വർദ്ധനവ് കേരളത്തിൽ ഉണ്ടായി എന്നാണ് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ഔദ്യോഗികമായ രേഖകൾ വിളിച്ചറിയിക്കുന്നത്. നിങ്ങൾ പറയുന്നത് ഇതെല്ലാം ആഗോള പ്രതിഭാസമാണെന്നാണ്. കേരളത്തിൽ വിലക്കയറ്റം പിടിച്ചുനിർത്തി എന്ന് നിങ്ങൾ പറയുന്നു.

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : സർ, കേരളത്തിലാണ് വിലവർദ്ധനവ് കൂടുതലായിരിക്കുന്നത് എന്ന് സമർത്ഥിക്കാനാണ് ബഹുമാനപ്പെട്ട മെമ്പർ ഇത്രയും സമയം എടുത്തത്. പക്ഷെ എക്കണോമിക് റിവ്യൂവിൽ പറയുന്നത്, ഇൻഡ്യയൊട്ടാകെ ശരാശരി 18 പോയിന്റ് വിലസൂചിക ഉയർന്നപ്പോൾ കേരളത്തിൽ 8 പോയിന്റ് വിലസൂചിക ഉയർന്നുള്ളൂ. മറ്റ് സംസ്ഥാനങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ ആയിരക്കണക്കിന് കിലോമീറ്റർ ഇപ്പുറത്തുകിടക്കുന്ന ഈ സംസ്ഥാനത്ത് ട്രാൻസ്പോർട്ടിംഗ് ചാർജ്ജും കൊടുത്ത് കൊണ്ടുവന്ന് വിതരണം നടത്തുന്ന ഇവിടെ 8 പോയിന്റും മറ്റ് വടക്കേ ഇൻഡ്യൻ സംസ്ഥാനങ്ങളിൽ ആവറേജ് 18-ഉം എന്നു പറയുന്നു. അപ്പോൾ എങ്ങനെയാണ് കേരളത്തിൽ വിലവർദ്ധിച്ചത് എന്നുപറയാമോ? മറ്റൊരു കാര്യംകൂടി ബഹുമാനപ്പെട്ട കെ.സി. ജോസഫ് പ്രസംഗത്തിൽ പറഞ്ഞു, ഈ ഗവണ്മെന്റ് വന്നതിനുശേഷം കോൺട്രാക്ടർമാർക്ക് കൂടുതൽ കുടിശ്ശിക കൊടുക്കാനുണ്ട് എന്ന്. അതെന്താണ് തെളിയിക്കുന്നത്? ഈ ഗവണ്മെന്റ് വന്നതിനുശേഷം കൂടുതൽ വികസനപ്രവർത്തനങ്ങൾ നടന്നു എന്നല്ലേ കൂടുതൽ കാശ് കുടിശ്ശികയായി കൊടുക്കാനുണ്ട് എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം?

<u>ശ്രീ. കെ.സി. ജോസഫ്</u> : കഴിഞ്ഞ എല്ലാ കാലഘട്ടത്തിലും കേരളം ഒരു കൺസ്യൂമർ സ്റ്റേറ്റാണ്. എൽ.ഡി.എഫ്. ഭരണകാലത്ത് മാത്രമല്ല സാധനങ്ങൾ പുറത്തുനിന്നും കൊണ്ടുവരുന്നത്. എല്ലാ കാലത്തും കേരളം ആശ്രയിക്കുന്നത് ആന്ധ്രയേയും കർണ്ണാടകത്തേയും തമിഴ്നാടിനേയുമാണ്. പച്ചക്കറിക്കാണെങ്കിലും അരിക്കാണെങ്കിലും. നിങ്ങൾ ഭരിക്കുമ്പോൾ മാത്രം എന്താണ് ഈ പ്രശ്നം ഉണ്ടാകുന്നത്? 3 കൊല്ലംകൊണ്ട് അഖിലേന്ത്യാ ആവറേജിൽ കേരളം മറ്റ് സംസ്ഥാനങ്ങളെ കടത്തിവെട്ടിയിരിക്കുന്നു. ഇവിടെ ശ്രീ. കെ. പ്രകാശ് ബാബു പറഞ്ഞു, എൽ.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് റേഷൻ വിതരണത്തിൽ ഒരു ഏകതാനയം ഏർപ്പെടുത്തി എന്ന്, വേർതിരിവ് ഉണ്ടായില്ല എന്ന്. എന്റെ കൈയിലിരിക്കുന്നത് എൽ.ഡി.എഫിന്റെ മാനിഫെസ്റ്റോയാണ്. ഒരു കാര്യം മനസ്സിലാക്കണം. ഇൻഡ്യയിൽ ആദ്യമായി റേഷൻ സമ്പ്രദായത്തിൽ രണ്ടു സമ്പ്രദായം ഏർപ്പെടുത്തിയത് ശ്രീ. കെ. പ്രകാശ് ബാബുവിന്റെ നേതാവായ ഇന്ദ്രജിത് ഗുപ്തയുടേയും ദേവഗൗഡയുടേയും ഗുജ്റാളിന്റേയും ഗവണ്മെന്റാണ്. കോൺഗ്രസ്സ് ഗവണ്മെന്റല്ല. ആ ഗവണ്മെന്റിൽ നിങ്ങളുടെ ഇന്ദ്രജിത് ഗുപ്ത ഉണ്ടായിരുന്നു. ചതുരാനന്ദമിശ്ര ഉണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ ഏർപ്പെടുത്തിയ നിങ്ങൾ ഇപ്പോൾ ഞങ്ങളെ കുറ്റം പറയുന്നു. എൽ. ഡി.എഫിന്റെ മാനിഫെസ്റ്റോ എന്താണു പറയുന്നത്? ഞാൻ വായിക്കാം. വില ക്കയറ്റംകൊണ്ട് പൊറുതിമുട്ടുന്ന "പാവപ്പെട്ട ജനവിഭാഗങ്ങൾക്ക്" ഞാൻ അത് അണ്ടർലൈൻ ചെയ്യുന്നു. "പാവപ്പെട്ട ജനവിഭാഗങ്ങൾക്ക്" എല്ലാവർക്കും അല്ല. പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് സഹായകമാകത്തക്കവിധം എൽ.ഡി.എ ഫ്. പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതാണ്. നിങ്ങളും പറയു ന്നത് പാവപ്പെട്ടവർക്ക് എന്ന്. ഞങ്ങൾ പറയുന്നു "നീഡി" അതായത് "ആവ ശ്യമുള്ളവർക്ക്". എൽ.ഡി.എഫ്. മാനിഫെസ്റ്റോ-പേജ് 19. എന്താണ് പറയു ന്നത്? ഏറ്റവും പാവപ്പെട്ട കുടുംബങ്ങൾക്ക് റേഷൻ അരിയുടെ വിലയിൽ ഇളവ് അനുവദിക്കും. നിങ്ങളും പറയുന്നത് ഏറ്റവും പാവപ്പെട്ടവർക്ക് എന്ന്. ഞാൻ വായിക്കുന്നത് എൽ.ഡി.എഫ്. മാനിഫെസ്റ്റോയാണ്. ഇവിടെ പറയു ന്നത് ഏറ്റവും പാവപ്പെട്ടവർക്ക് എന്താണ് അർത്ഥം? നിങ്ങൾ ദയവായി കണ്ണ ടച്ച് ഇരുട്ടാക്കരുത്.

ശ്രീ. കെ. പ്രകാശ് ബാബു : സർ, കേരളത്തിൽ 25 ശതമാനം എന്നുള്ള നിർദ്ദേശത്തിന് അപ്പുറം പോയി 42 ശതമാനം ആളുകൾക്ക് പകുതിവിലയ്ക്ക് റേഷൻ കൊടുക്കാൻ എൽ.ഡി.എഫ്. ഗവണ്മെന്റ് അല്ലേ തീരുമാനിച്ചത്? ആ വസ്തുത മറന്നുകൊണ്ട് എന്തിനാണ് സംസാരിക്കുന്നത്?

ശ്രീ. കെ.സി. ജോസഫ് : ശ്രീ. പ്രകാശ് ബാബു, അങ്ങ് പാർമാഫി കോൺഗ്രസ്സിന്റെ, റെസൊലൂഷൻ വായിച്ചു. ഞങ്ങൾ പറഞ്ഞു poor and needy. നിങ്ങൾ പറയുന്നു 'ഏറ്റവും പാവപ്പെട്ടവർക്ക്, എന്ന്. എന്താണ് വ്യത്യാസം? ഒരു ഭാഗത്ത്, കേന്ദ്രത്തിൽ ഭരണത്തിലിരിക്കുമ്പോൾ റേഷൻ സമ്പ്രദായം തകർക്കുക മറുഭാഗത്ത് മറിച്ചു പറയുന്നത് ശരിയായ കാര്യമല്ല. ഇവിടെ മൂന്നു കൊല്ലക്കാലം കൊണ്ട് ഈ പൊതുവിതരണസമ്പ്രദായം തകർന്നില്ലേ. ഇന്ന് ആവശ്യമായ ബഡ്ജറ്ററി അലോക്കേഷൻ ഈ വകുപ്പിലില്ല. എല്ലാം പ്രഖ്യാപ നങ്ങളാണ്. ജനങ്ങളെ സംബന്ധിച്ചിടത്തോളം ദുസ്സഹമായ ഒരു കാലഘട്ടം. ഇവിടെ ഒരുകാര്യം മനസ്സിലാക്കണം. കാർഷികോൽപ്പന്നങ്ങളുടെ വില ഇത്ര യേറെ തകർന്ന ഒരു കാലഘട്ടം ഉണ്ടായിട്ടുണ്ടോ? റബ്ബറിന്റെ വില നിങ്ങൾ അധികാരത്തിലിരിക്കുമ്പോൾ ഉള്ളതിനേക്കാൾ മൂന്നിലൊന്നായി ചുരുങ്ങിയി രിക്കുന്നു. നിങ്ങൾക്ക് ഉത്തരവാദിത്വമില്ലേ? ഇന്നലെ ആരോ പറഞ്ഞു ഞങ്ങൾ നിവേദനം കൊടുത്തുവെന്ന്. കത്തുമയച്ചു, ഫാക്സുമയച്ചു, അതുകൊണ്ട് അവസാനിക്കുമോ? ഈ ഗവണ്മെന്റിന്റെ ഭാഗത്തുനിന്ന് വില പിടിച്ചു നിർത്താൻ നടപടിയുണ്ടായിട്ടില്ല. അതിന്റെ ഫലമായി കേരളത്തിലെ ജന ങ്ങൾക്ക് പർച്ചേസിംഗ് പവർ നഷ്ടപ്പെട്ടു. ഒരു ഭാഗത്ത് കാർഷികനിലവാര ത്തിൽ അപ്‌വേഡ് ട്രെന്റ്. അങ്ങനെ ഒരു ഭാഗത്ത് ജനങ്ങൾ വിലക്കയറ്റം കൊണ്ട് പൊറുതിമുട്ടുന്നു. മറുഭാഗത്ത് വാങ്ങാൻ നിവൃത്തിയില്ല. ഈ സാഹ ചര്യമുണ്ടാക്കിയത് നിങ്ങളുടെ മൂന്നുവർഷത്തെ ഭരണമാണ്. ഇവിടെ മാവേലി സ്റ്റോറുകളിലൂടെ നടത്താൻ പോകുന്ന പൊതുവിതരണ സമ്പ്രദായത്തിന്റെ മഹത്വം നിങ്ങൾ പറയുന്നു. ആയിരം പഞ്ചായത്തിൽ ഇതാരംഭിക്കണമെങ്കിൽ അതിനുള്ള സാമ്പത്തികമായ പ്രൊവിഷൻ വേണ്ടേ? ഈ ബഡ്ജറ്റിൽ എവിടെ യാണ് പ്രൊവിഷൻ? അങ്ങയുടെ ഡിമാന്റിലുമില്ല. ഈ തരത്തിൽ ജനങ്ങളെ കബളിപ്പിച്ചു അവർ പൊറുതിമുട്ടുമ്പോൾ രാഷ്ട്രീയമായ പ്രചരണത്തിനപ്പുറം ആത്മാർത്ഥത കാണിക്കാത്ത കേരളത്തിലെ ജനങ്ങളുടെ ജീവിതം ദുസ്സഹമാ ക്കിയ ഈ ഗവണ്മെന്റിന്റെ ഡിമാന്റുകളെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

VI. വ്യക്തിപരമായ വിശദീകരണം

കേരള സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിലെ നിയമനം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : രണ്ടുമൂന്നു ദിവസം അസുഖം കാരണം എനിക്ക് സഭയിൽ വരാൻ കഴിഞ്ഞില്ല. 7-ാം തീയതി അതായത് 7.7.1999-ൽ വിദ്യാഭ്യാസവകുപ്പിന്റെ ധനാഭ്യർത്ഥനകളുടെ ചർച്ചയുടെയിടയിൽ ശ്രീ. മാമ്മൻ മത്തായി Audio Visual and Reprographic Centre-നെപ്പറ്റി സംസാരിക്കുകയും അവിടത്തെ നിയമനങ്ങളിൽ അഴിമതി ആരോപിക്കുകയും അവയെല്ലാം അവിഹിതമായി നടന്നുവെന്ന് പറയുകയും ഒരു ലിസ്റ്റ് വായിക്കുകയും ചെയ്തു. ലിസ്റ്റ് വായിക്കുന്ന സമയത്ത് ഞാൻ സഭയിൽ ഉണ്ടായിരുന്നു. അദ്ദേഹം വായിച്ച ലിസ്റ്റിൽ, ഇവിടെ പറഞ്ഞ ലിസ്റ്റിൽ എന്റെ പേര് ഉൾപ്പെട്ടതായി വായിച്ചുകേട്ടില്ല. ആ ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ഉച്ചയ്ക്കുശേഷം അസുഖം ബാധിച്ച് ഞാൻ പോയി. പിറ്റേദിവസം രാവിലെ പത്രമെടുത്തപ്പോൾ 'കേരള കൗമുദി' പത്രത്തിൽ 54-ാമത്തെ നമ്പരായി ഒരു രഘുനാഥന്റെ പേരും അതിനോട് ചേർന്ന് എന്റെ പേരും കടകംപള്ളി സുരേന്ദ്രന്റെ സഹോദരി പുത്രൻ എന്നോമറ്റോ പറഞ്ഞ് കണ്ടു. തൊട്ടടുത്തദിവസം തന്നെ ഞാൻ സഭയിൽ സമർപ്പിച്ച ലിസ്റ്റിൽ എന്താണ് ഉണ്ടായിരുന്നതെന്ന് പരിശോധിച്ചു. അതിൽ 54-ാമത്തെ പേര് ഒരു അജിതയുടെ പേരാണ്. റിപ്രോഗ്രാഫിക് അസിസ്റ്റന്റ് കടകംപള്ളി സുരേന്ദ്രന്റെ സഹോദരീ പുത്രി എന്നാണ് കാണുന്നത്. എനിക്ക് ഒരു സഹോദരിയാണുള്ളത്. അവൾക്ക് രണ്ടു ചെറിയ കുഞ്ഞുങ്ങളാണുള്ളത്. ഇങ്ങനെ അജിത എന്നു പേരുകാരിയായ ഒരു സഹോദരീപുത്രി എനിക്കില്ല. എന്റെ നേരിട്ടുള്ള സഹോദരിയല്ലാതെ വകയിൽ സഹോദരിയുടെ മക്കൾ ഇങ്ങനെ പേരുകാരിയുണ്ടോ എന്നുനോക്കി. അങ്ങനെയുമില്ല. അന്ന് ഒരു വെള്ളച്ചാട്ടം പോലെ ശ്രീ. മാമ്മൻ മത്തായി കുറേ പേരുകൾ പറഞ്ഞപ്പോൾ ഇതെല്ലാം വാസ്തവമായിരിക്കും എന്നുള്ള ധാരണയിലിരുന്ന ആളാണ് ഞാൻ. എന്റെ കാര്യത്തിലെങ്കിലും ഇത് അവാസ്തവമാണ്. ദുഷ്പ്രചരണമാണ്. സഭയെ തെറ്റിദ്ധരിപ്പിക്കലാണ്. നാട്ടിൽ പൊതുപ്രവർത്തകരായിട്ടുള്ള എന്നെപ്പോലെയുള്ള ആളുകളുടെ മുഖത്ത് കരിവാരി തേയ്ക്കുന്നതിനുവേണ്ടി ബോധപൂർവമുള്ള പരിശ്രമമാണ് നടന്നിട്ടുള്ളതെന്ന കാര്യം ഇവിടെ വിശദീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ധനകാര്യം (തുടർച്ച)

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ഏതുതരത്തിൽ പരിമിതപ്പെടുത്തണമെങ്കിലും ഞാൻ പരിമിതപ്പെടുത്താം. അപ്പോൾ ഉന്നയിച്ച എല്ലാ പ്രശ്നങ്ങൾക്കും മറുപടി പറയാൻ ഒത്തുവെന്ന് വരികയില്ല. ഇവിടെ ഒരു വിമർശനം പറഞ്ഞത് എനിക്ക് പരിഹരിക്കാൻ ഒക്കുമെന്ന് തോന്നുന്നില്ല. ഞാൻ ചിരിക്കുന്നുവെന്നുള്ളത്. എന്റെ ഒരു സ്നേഹിതന്റെ മകനും എനിക്ക് വളരെ സ്നേഹമുള്ള ആളുമാണ് അത് പറഞ്ഞത്. അദ്ദേഹം പൂച്ച പാലുകുടിക്കുന്നതുപോലെ ..... ഇതെന്റെ ജന്മസിദ്ധമായ ശൈലിയാണ്. ഒരു ദിവസം എന്റെ സ്വഭാവം മാറ്റാൻ വളരെ വിഷമമാണ്. അതുകൊണ്ട് ആ വിമർശനം അവസാനം വരെ തുടരുകയല്ലാതെ മാർഗ്ഗമില്ലായെന്നാണ് എനിക്ക് പറയാനുള്ളത്. ആദ്യമായി ടൂറിസ്റ്റത്തിന്റെ കാര്യം

LIBRARY ARCHIVES Kerala Legislative Assembly

പറയാം. ടൂറിസത്തിന്റെ പ്രശ്നം സംബന്ധിച്ച് ഇവിടെ എല്ലാവരും പറഞ്ഞു. ഏതായാലും കഴിഞ്ഞ രണ്ടുവർഷങ്ങൾക്കിടയിൽ.....ഞാൻ ആരെയും കുറ്റ പ്പെടുത്തുന്നില്ല, എങ്കിലും അണുബോംബ് പൊട്ടിച്ചതോടുകൂടി ഇൻഡ്യയിലേ യ്ക്കുള്ള ടൂറിസ്റ്റുകളുടെ വരവ് താൽക്കാലികമായി പ്രതിസന്ധിയിലാണ്. ഇപ്പോൾതന്നെ കാർഗിൽ സംഭവം ഇൻഡ്യയിലേയ്ക്കുള്ള ടൂറിസ്റ്റുകളുടെ വര വിനെ കാര്യമായി ബാധിച്ചിട്ടുണ്ട്. കേരളത്തിലെ വിദേശ ടൂറിസ്റ്റുകളുടെ വരവ് വർദ്ധിപ്പിക്കണമെങ്കിൽ വലിയ പ്രതിബന്ധമായി നിൽക്കുന്നത്, ബഹുമാന പ്പെട്ട എല്ലാ മെമ്പർമാരും അറിഞ്ഞിരിക്കേണ്ട കാര്യമാണ്, നമ്മുടെ എയർവേ യ്സിന്റെ ഇടപാടാണ് അതിന് കാരണം. തിരുവനന്തപുരത്തുനിന്ന് ഡെൽഹി വരെ പോകണമെങ്കിൽ എക്സിക്യൂട്ടീവ് ക്ളാസ്സിൽ 36,000 രൂപ വേണം. യു.എസ്.എ. വരെ പോയി തിരിച്ചുവരുന്നതിന് 56,000 രൂപ. എന്നോട് ഇന്റർനാ ഷണൽ ടൂറിസ്റ്റ് വന്ന് പരാതിപ്പെടുന്ന ഒരു കാര്യം ഇന്റർനാഷണൽ ഡയറക്ട് ഫ്ളൈറ്റ് ഇവിടേയ്ക്ക് വരാമെങ്കിൽ അവർക്ക് വളരെയധികം പ്രയോജനപ്രദ മായിരിക്കുമെന്നാണ്. തിരുവനന്തപുരത്ത് ഇന്റർനാഷണൽ എയർപോർട്ടുണ്ട്. പക്ഷെ ഇന്റർനാഷണൽ ഫ്ളൈറ്റ്സ് വരുന്നതിന് നമുക്ക് പകരം കൊടുക്കാൻ വിമാനമില്ലായെന്ന കാരണം പറഞ്ഞുകൊണ്ട് അനുവദിക്കാതിരിക്കുന്നതു കൊണ്ട് വിദേശങ്ങളിൽ നിന്ന് ടൂറിസ്റ്റുകൾ വരുന്നില്ല. ഗൾഫിൽ നിന്ന് ടൂറിസ്റ്റു കൾ വരുന്നില്ല. ഗൾഫിൽ നിന്നും വരുന്നവർക്ക് കയറാനുള്ള സീറ്റേയുള്ളൂ. അതുകൊണ്ട് വിദേശങ്ങളിൽ നിന്ന് ടൂറിസ്റ്റുകൾ വരണമെന്നുണ്ടെങ്കിൽ ഇപ്പോൾ ബോംബെയിൽ വരുന്നു. ഒരു ദിവസം അവിടെ തങ്ങുന്നതിന് 300 ഡോളർ 400 ഡോളർ അവർക്കവിടെ ചെലവാകുന്നു. അതുകഴിഞ്ഞ് തിരുവന ന്തപുരത്തേക്ക് വരികയാണ്. ലോകത്തെങ്ങുമില്ലാത്ത ചാർജ്ജുവാങ്ങും. അതു കൊണ്ട് കേരളത്തിലേയ്ക്കുള്ള ടൂറിസ്റ്റുകളുടെ വരവിന് ഏറ്റവും പ്രതിബന്ധ മായി നിൽക്കുന്ന ഒരു കാര്യം ഇതാണ്. ഇന്റർനാഷണൽ എയർപോർട്ട് എന്ന പേരുണ്ടെങ്കിൽപ്പോലും ഇന്റർനാഷണലായിട്ടുള്ള ഫ്ളൈറ്റ്സ് വരുന്നതിനുള്ള തടസ്സം നിലനിൽക്കുന്നു. എനിക്കറിയാം. സിംഗപ്പൂർ എയർവെയ്സ് ഇവിടെ വരാൻ അവർ രണ്ടുവർഷം ശ്രമിച്ചിട്ട് ഇപ്പോഴാണ് അതനുവദിച്ചത്. ഞാനൊരു ബാക്ക്ഗ്രൗണ്ട് പറഞ്ഞുവെന്നേയുള്ളൂ. ബഡ്ജറ്റ് തുകയെപ്പറ്റി പറയുമ്പോൾ ആദ്യം പറയേണ്ടത് കഴിഞ്ഞവർഷം എത്രതുക ചെലവാക്കിയെന്നുള്ളതാണ്. കഴിഞ്ഞ വർഷം 36 കോടി രൂപ അനുവദിച്ചു. 37.2 കോടി രൂപ ചെലവാക്കിയ തിനുനേരെയാണോ എന്നുള്ളത് വേറെ പ്രശ്നം. കേന്ദ്രസഹായം വാസ്തവ ത്തിൽ 1995-ൽ 2.10 കോടി രൂപയായിരുന്നു. 1996-97-ൽ 2.36 കോടി. കഴിഞ്ഞ വർഷം 7 കോടിരൂപയായിരുന്നു. ഈ വർഷം പ്രയോറിറ്റൈസേഷൻ നടത്തി ക്കഴിഞ്ഞ് 17 കോടി രൂപയാണ്. ഓർഡേഴ്സ് വന്നിട്ടുണ്ട്. കേന്ദ്രസഹായം കൂടു തൽ വാങ്ങുന്നതിനുള്ള ശ്രമവും നടത്തുന്നുണ്ട്. അതിൽ ടൂറിസം വികസന ത്തിൽ ആരോ പറഞ്ഞതുപോലെ കേരളത്തിന്റെ ഏതു ഭാഗവും ഒരു ടൂറിസ്റ്റ് അട്രാക്ഷനുള്ള സെന്ററാക്കി ഡെവലപ്പ് ചെയ്യാം. അതാണ് ഡി.ടി.പി.സി. കളെ ക്കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. ഡി.ടി.പി.സി. കളെ സംബന്ധിച്ച് ഏതോ ഒരു നിയ മമുണ്ടാക്കി എന്നൊക്കെ പറഞ്ഞു. ഒരു നിയമവും ഉണ്ടാക്കിയിട്ടില്ല. നേരത്തെ യുണ്ടായിരുന്നത് എക്സിക്യൂട്ടീവ് ഓർഡേഴ്സാണ്. ആ എക്സിക്യൂട്ടീവ് ഓർഡേഴ്സ് തന്നെയാണ് ഇപ്പോഴും ഇഷ്യൂ ചെയ്തിരിക്കുന്നത്. ആ എക്സി ക്യൂട്ടീവ് ഓർഡേഴ്സിൽ ആളുകളുടെ എണ്ണത്തിൽ ചില ചെയിഞ്ച് വരുത്തി എന്നുള്ളതേയുള്ളൂ. അതിൽ എല്ലാ എം.എൽ.എ. മാരും ഇപ്പോൾ ജനറൽ കൗൺസിലിലുണ്ട്. എക്സിക്യൂട്ടീവിലേയ്ക്ക് ഒരു എം.എൽ.എ. മാത്രമേ

LIBRARY ARCHIVES Kerala Legislative Assembly

യുള്ളൂ. ബാക്കിയെല്ലാം മുൻപും നോമിനേറ്റഡായിരുന്നു. മുൻപ് കളക്ടർ നോമിനേറ്റു ചെയ്യുമായിരുന്നു. ഇപ്പോൾ ഗവണ്മെന്റാണ് നോമിനേറ്റു ചെയ്യുന്നത്. ഇപ്പോൾ ഡിസ്ട്രിക്റ്റ് പഞ്ചായത്ത് പ്രസിഡന്റിനെക്കൂടി ആഡ് ചെയ്തിട്ടുണ്ട്. അതിൽ എം.എൽ.എ. മാരുടെ എണ്ണം എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ കൂട്ടണോ വേണ്ടയോ എന്നുള്ളതൊക്കെ പോസിറ്റീവായിട്ടുള്ള നിർദ്ദേശം വന്നാൽ തീർച്ചയായും ഗവണ്മെന്റിന് പരിഹരിക്കുന്നതിൽ വിഷമമില്ല. പക്ഷെ ഡി.റ്റി.പി.സി.കളിൽ ഞാൻ കണ്ടിരിക്കുന്ന പ്രമുഖമായ ഒരു കാര്യം കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇന്ന് മിക്ക ഡി.ടി.പി.സി.കൾക്കും സ്ഥിരമായി പ്രവർത്തിക്കുന്ന ഒരു സാഹചര്യമില്ല. ഒരു എം.ഡി.എം.-ന് ഡ്യൂട്ടികൊടുക്കും. അതുകൊണ്ട് ധാരാളം തുക അലോട്ടു ചെയ്തിട്ടുണ്ടെങ്കിൽപ്പോലും പല ഡി.ടി.പി.സി. കൾക്കും അത് ഫലപ്രദമായി ഉപയോഗിക്കാൻ സാധിച്ചിട്ടില്ല. അതുകൊണ്ട് അവരോട് ഗവണ്മെന്റ് നിർദ്ദേശിച്ചിരിക്കുന്നത് ഒന്നുകിൽ ഒരു സർക്കാർ ഉദ്യോഗസ്ഥനെ സെക്രട്ടറിയായി മൂന്നുവർഷത്തേയ്ക്ക് സ്ഥിരമായി വയ്ക്കണം. ഫുൾ ടൈം അല്ലെങ്കിൽ കോൺട്രാക്ട് അപ്പോയിന്റ്മെന്റിൽ വയ്ക്കണം. ടൂറിസത്തിലൊക്കെ കാളിഫൈഡായ ആളെ നിയമിക്കണമെന്നുള്ളതാണ് എനിക്ക് പറയാനുള്ളത്.

സർ, 1997-98-ൽ ഡി.ടി.പി.സി.കൾക്ക് 2.52 കോടി രൂപയും 1998-99-ൽ 2.89 കോടി രൂപയും കൊടുത്തു. ഈ വർഷം മൂന്നുകോടി രൂപ ഡി.ടി.പി.സി. കൾക്ക് കൊടുക്കാനായി നീക്കിവച്ചിട്ടുണ്ട്. ഈ മേഖലയുടെ ഗൗരവം അല്ലെങ്കിൽ അതിന്റെ പ്രാധാന്യം നമ്മൾ മനസ്സിലാക്കുന്നതിനേക്കാൾ കൂടുതൽ വ്യവസായ സംരംഭകർ മനസ്സിലാക്കുന്നുവെന്നുള്ളതുകൊണ്ട് കഴിഞ്ഞ മൂന്നു വർഷമായിട്ട് കെ.എസ്.ഐ.ഡി.സി. യും കെ.എഫ്.സി.യും 400 കോടി രൂപ വായ്പയായി കൊടുത്തു. അതിൽ എംപ്ലോയ്മെന്റ് ജനറേഷൻ തരുന്ന കണക്കനുസരിച്ചാണെങ്കിൽ ഒരു ലക്ഷം പേർക്ക് പ്രത്യക്ഷമായും 2.5 ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ കൊടുക്കത്തക്കവണ്ണമുള്ളതാണ് ഇത്രയും ഇൻവെസ്റ്റുമെന്റ് എന്നാണ് പറഞ്ഞത്. കഴിഞ്ഞവർഷം പൂർത്തിയാക്കിയത് ആലപ്പുഴ എറണാകുളം യാത്രി നിവാസുകളുമാണ്. കുറ്റിപ്പുറം മോട്ടലിന്റെ പണി പൂർത്തിയാക്കി. നെല്ലിയാംപതി, ഗുരുവായൂർ യാത്രിനിവാസ്, പാലക്കാട് ഗസ്റ്റ്ഹൗസ് തുടങ്ങിയവയുടെ പണി ആരംഭിച്ചു. പാലക്കാട് ഗസ്റ്റ്ഹൗസിന്റെകൂടി പണി ആരംഭിച്ചപ്പോൾ കേരളത്തിലെ എല്ലാ ഡിസ്ട്രിക്ടിലും ഗസ്റ്റ് ഹൗസുകളാകും. പത്തനംതിട്ട ഗസ്റ്റ് ഹൗസിന്റെ പണി പൂർത്തിയായി. ഉദ്ഘാടനത്തിനുള്ള സമയമായിരിക്കുന്നു. ആലപ്പുഴ ഗസ്റ്റ്ഹൗസിന്റേയും പണി വളരെ വേഗതയിൽ നടന്നുകൊണ്ടിരിക്കുകയാണ്. എല്ലാ ഡിസ്ട്രിക്ടുകളിലും ഗസ്റ്റ് ഹൗസുകളുടെ പണി പൂർത്തിയാക്കി. ഗസ്റ്റ്ഹൗസുകൾ മോശമാണെന്ന് പറയുന്നവർ ഒരു കാര്യം വിസ്മരിക്കുന്നു. ഈ ഗവണ്മെന്റ് അധികാരത്തിൽ വരുമ്പോൾ ഇവിടത്തെ ഗസ്റ്റ് ഹൗസിൽ പോയിട്ടുണ്ടോ? ആലുവയിൽ അല്ലെങ്കിൽ കൊല്ലത്ത്, ഇതെല്ലാം ഗസ്റ്റ് ഹൗസുകളെന്നുള്ളത് മാത്രമല്ല, ഇതൊക്കെ വളരെ പുരാതനമായ കെട്ടിടങ്ങളായിരുന്നു. കൊട്ടാരങ്ങളൊക്കെയായിരുന്നു. അത് മുഴുവൻ നശിച്ച് നാമാവശേഷമായി. നമ്മുടെ ജീവനക്കാരുടെ ശ്രദ്ധക്കുറവുകൊണ്ടോ എന്തുകൊണ്ടായിരുന്നാലും. അത് മുഴുവൻ പുതുക്കി പണിതുകൊണ്ടിരിക്കുകയാണ്. തിരുവനന്തപുരം ഗസ്റ്റ് ഹൗസിന്റെ അറ്റകുറ്റപ്പണികൾ നടത്തി മുഴുവൻ ശരിയാക്കി. അതിന്റെ ഒറിജിനൽ കൺസ്ട്രക്ഷനിൽതന്നെ അപാകതകളുണ്ടായിരുന്നു. ലിഫ്റ്റ് വർക്കുചെയ്യുകയില്ല. എയർ കണ്ടീഷനും മോശമാണ്. അതു മുഴുവൻ റീകൺസ്ട്രക്ട്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തുകൊണ്ടിരിക്കുകയാണ്. അതുപോലെ കോവളം ഗസ്റ്റ്ഹൗസിൽ ആരോ എന്തോ മോഷ്ടിച്ചുവെന്ന് പറഞ്ഞു. അത് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചിലപ്പോൾ മോഷണം നടന്നിട്ടുണ്ടായിരിക്കാം. കോവളം ഗസ്റ്റ്ഹൗസ് വളരെ ഭംഗിയായിട്ട് ഇട്ടിരിക്കുകയാണ്. ഗസ്റ്റ് ഹൗസുകളുടെ പണി പൂർത്തിയായി ക്കൊണ്ടിരിക്കുകയാണ്. ഡി.ടി.പി.സി.കൾ കൂടാതെ സ്റ്റേറ്റ് ലെവലിൽ തന്നെ ശ്രദ്ധിക്കുന്ന ചില പദ്ധതികളുണ്ട്. അതിലൊന്നാണ് തെന്മല ഇക്കോ ടൂറിസം. അതിന് ഒരു അതോറിറ്റി കോൺസ്റ്റിറ്റ്യൂട്ട് ചെയ്ത് പണം കൊടുത്തുകഴിഞ്ഞു. അതിന്റെ ഉദ്യാനം, Muscial Fountain ഇവയുടെയൊക്കെ കമ്മീഷൻ ഇന്റർനാ ഷണൽ ലെവലിൽ ഇൻവൈറ്റ് ചെയ്ത് സ്ഥലം നന്നാക്കുന്നതിന്റെയൊക്കെ പണി ഈവർഷംതന്നെ ആരംഭിക്കും. അതുപോലെതന്നെ ഇടുക്കിയിൽ ഒരു അന്താരാഷ്ട്ര ടൂറിസം സെന്റർ ബോട്ട് ക്ലബ് ഹൗസും മറ്റ് ഫെസിലിറ്റീസുമു ള്ളത് ഉണ്ടാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. വേളിയിൽ നാലര കോടി രൂപ ചെലവാക്കി 25 ഏക്കർ സ്ഥലം അക്വയർ ചെയ്യാനുള്ള നടപടി പൂർത്തിയായി കഴിഞ്ഞു. അതിൽ 15 ഏക്കർ സ്ഥലം കൈയിൽ കിട്ടിക്കഴിഞ്ഞു. അവിടെ അമ്യൂസ്മെന്റ് പാർക്ക്, ഓഷനേറിയം, മിനിട്രെയിനുൾപ്പെടെ അത് ഒരു പ്രധാ നപ്പെട്ട ടൂറിസ്റ്റ് സെന്ററായി ഡെവലപ്പ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. കായൽ ടൂറിസത്തിന്റെ കാര്യത്തിൽ കുട്ടനാട് പമ്പ ജല ശൃംഖല വികസിപ്പിക്കാനായി നാട്പാക് ഒരു പഠനം നടത്തി റിപ്പോർട്ട് തന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാന ത്തിൽ സ്ഥലം അക്വയർ ചെയ്തുകൊണ്ടിരിക്കുകയാണ്. ജെട്ടിയുണ്ടാക്കാനു മൊക്കെയായി. അതിന്റെകൂടെ Signage System-വും നടപ്പിലാക്കുന്നുണ്ട്. തീർത്ഥാടന കേന്ദ്രങ്ങളുടെ കാര്യത്തിൽ ഗുരുവായൂർ വഴക്കായിട്ട് കിടന്ന സ്ഥലം കിട്ടി. പണി ആരംഭിച്ചു. കാലടിയിലെ പ്രശ്നം വന്നത് അവിടെ ആദ്യം യൂണിവേഴ്സിറ്റി സ്ഥലം കൊടുത്തുവെന്നുള്ളത് ശരിയാണ്. അതു കഴിഞ്ഞ് വിദ്യാർത്ഥികളുടെ സമരമായി. അതുകൊണ്ട് ആ സ്ഥലത്തോട്ട് കയ റാൻ വയ്യ എന്നുള്ള ഒരു സ്ഥിതിയായി. അത് ടെണ്ടറായി. സി.പി.ഡബ്ല്യൂ.ഡി. ടെണ്ടർ കൺഫേം ചെയ്തുകഴിഞ്ഞു. വിദ്യാർത്ഥികളുടെ എതിർപ്പ് കാരണം പഞ്ചായത്ത് 50 സെന്റ് സ്ഥലം തരാമെന്ന് പറഞ്ഞിട്ടുണ്ട്. 50 ലക്ഷം രൂപ കേന്ദ്രസഹായവും വാങ്ങിക്കഴിഞ്ഞു. പണി തുടങ്ങുന്നതിന് അതായിരുന്നു തടസ്സം. വിദ്യാർത്ഥികളുമായി വലിയ യുദ്ധം ചെയ്തിട്ട് അവിടെ നമുക്ക് പണി യാൻ കഴിയുകയില്ല. അതുകൊണ്ട് പഞ്ചായത്ത് തരാമെന്നുപറഞ്ഞ ആ സ്ഥലത്ത് വരികയാണ്. ഇപ്പോഴത്തെ ബി.ജെ.പി. ഗവണ്മെന്റിന് കാലടി ഡെവ ലപ്പ് ചെയ്യുന്നതിൽ വലിയ താൽപര്യമുള്ളതുകൊണ്ട് അവർ കുറച്ചുകൂടി ഫണ്ട്സ് തരാമെന്ന് പറഞ്ഞിട്ടുണ്ട്. ബേക്കലിന്റെ കാര്യം അങ്ങ് ചോദിച്ച താണ്. അതിന്റെ കാര്യത്തിൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് മുഴുവൻ ചെയ്തു. റോഡായി, കുടിവെള്ളത്തിനുവേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കി ക്കൊണ്ടിരിക്കുകയാണ്. ആറ് റിസോർട്ട് സൈറ്റുകൾ, എന്നുവച്ചാൽ ആറ് വലിയ ഹോട്ടലുകൾ നടത്താനുള്ള കോപ്ലക്സിനുള്ള സ്ഥലം മുഴുവൻ ശരി യാക്കി. അതിൽ ഒരെണ്ണം കെ.ടി.ഡി.സി. ക്ക് കൈമാറി. അവർ ഡിസൈൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. മലയാറ്റൂരിലെ കാര്യം ഇവിടെ ചോദിച്ചു. അതും മൂന്നു മാസത്തിനകം പണി പൂർത്തിയാകും. പൊന്മുടിയിൽ വലിയ പദ്ധതികൾ ഗവണ്മെന്റിന്റെ പക്കൽ ഇല്ല. പൊന്മുടി വികസിപ്പിക്കുന്നതിനായി ബഹുമാനപ്പെട്ട കാർത്തികേയനും ഞങ്ങളുമെല്ലാവരുംകൂടിയുള്ള അഡ്വൈ സറി കമ്മിറ്റി അവിടെ പോയി, പരിശോധിച്ച് ഒരു പ്രൊപ്പോസൽ തന്നിട്ടുണ്ട്. അതനുസരിച്ചുള്ള കാര്യങ്ങൾ നടക്കുകയാണ്. അവിടെ വരുന്ന ഒരു പ്രശ്നം

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യാ ഗവണ്മെന്റിനോട് നാലു സ്ഥലത്ത് ടൂറിസം സെന്ററുകളിലേയ്ക്കുള്ള റോഡുകൾ ആവശ്യപ്പെട്ടിട്ടുണ്ട്. അവർ എഗ്രീ ചെയ്തു. പണവും തരാമെന്ന് പറഞ്ഞിട്ടുണ്ട്. ഓർഡർ തന്നിട്ടില്ല. ഒരു കോടി രൂപ അവിടേയ്ക്കുള്ള റോഡ് ഡെവലപ്പ് ചെയ്യുന്നതിന് തരുന്നുണ്ട്. വരുന്ന രണ്ടു വർഷംകൊണ്ട് കംപ്ലീറ്റു ചെയ്യാനുദ്ദേശിക്കുന്നു. ടൂറിസത്തിന്റെ പ്രോഗ്രാമുകൾ ഞാൻ പറയാം. Tourist Resort at Aathirappalli, Yathri Nivas at Peerumedu, Waterside Amenity at Alumkadavu പണി നടന്നുകൊണ്ടിരിക്കുകയാണ്. Water side Amenity at Aranmula, Tourist resort at Changanassery, Water side Amenity at Kayamkulam, Tourist Lodge at Guruvayoor, Yathri Nivas at Kozhikkode and Yathri Nivas at Nelliampathy. ഈ വർഷം തുടങ്ങുന്നത്:

Boat Terminal at Alappuzha

Boat Terminal at Thanneermukkom

Boat Terminal at Kumarakom

Nehru Centenary Pavilion at Alappuzha

Tourist Complex at Kalady

Tourist Resort at Kallar

Yathri Nivas at Kondotty

Yathri Nivas at Kumily

Wayside Amenity at Aluva

Yathri Nivas at Thirunelli

Flood Lighting of Secretariat Building

പിന്നെ ഫ്ളഡ് ലൈറ്റിംഗ് ഓഫ് സെക്രട്ടേറിയറ്റ് ജൂലൈ അവസാനമാകുമ്പോൾ തീരും. Light and sound show will be started at Kanakakkunnu Palace. കോവളത്ത് ചപ്പുചവറുകളൊക്കെ റിമൂവുചെയ്യുന്നതിനുള്ള സംവിധാനം ശരിയാക്കും. അത് വരുന്ന മാർച്ചിനകം കംപ്ലീറ്റു ചെയ്യത്തക്കവിധത്തിലുള്ള പ്രോഗ്രാമും ആയി, അതിന് പണവും നീക്കിവച്ചിട്ടുണ്ട്. പിന്നെ ഇവിടെ പറഞ്ഞതുപോലെയുള്ള സെന്ററുകളിലൊക്കെ ടൂറിസം ഡെവലപ്മെന്റിന് പ്രത്യേകം അതോറിറ്റിയുണ്ടാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുനീർ പറഞ്ഞതുപോലെ ഇൻഫർമേഷൻ ടെക്നോളജി കൂടുതൽ ഡെവലപ് ചെയ്യാൻ ശ്രമിക്കുന്നതാണ്. ഹെറിറ്റേജ് ബിൽഡിംഗുകളുടെ കാര്യത്തിൽ പഴയ വീടുകൾ അതേ രീതിയിൽ ടൂറിസത്തിന്റെ പർപ്പസിനായി സൂക്ഷിക്കാമെന്നുണ്ടെങ്കിൽ 'ഗൃഹസ്ഥലി' എന്നുള്ള ഒരു സ്കീമുണ്ടായിട്ടുണ്ട്. ഗവണ്മെന്റ് അതിന് ചില സഹായങ്ങൾ കൊടുക്കുന്നുണ്ട്. പിന്നെ ബോംബെയിലും ചെന്നൈയിലുമുള്ള കേരളാ ഹൗസിന്റെ പണിയാരംഭിക്കും. ഇതൊക്കെയാണ് പ്രധാനമായിട്ടും ടൂറിസം ഡെവലപ്മെന്റിനുവേണ്ടി ഗവണ്മെന്റ് ചെയ്യുന്ന കാര്യം.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : പീരുമേട്, കോഴിക്കോട്, കോട്ടയം എന്നുതുടങ്ങി അങ്ങ് ഒരു ലിസ്റ്റ് വായിച്ചു. ഈ ഗവണ്മെന്റ് വന്നതിനുശേഷം കേന്ദ്രം അനുവദിച്ചത് ഇതിൽ ഏതൊക്കെയാണ്? ഇവിടെ പറഞ്ഞത് ഒക്കെ ആദ്യം ഉള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

Shri. E. Chandrasekharan Nair (Hon'ble Minister for Food Tourism and Law) : 1998-99 ൽ അനുവദിച്ച 7 കോടി രൂപയുടേതല്ലേ അറിയേണ്ടത്. അത് പറയാം. Yathri Nivas, Thirunelli – Rs.50 lakhs; Indira Gandhi Boat Race at Kochi – 5 lakhs; Tourist Complex at Thiruvananthapuram; Watersports Complex at Ashtamudi; Pilgrim facilities at Sabarimala; Tourist Ayurvedic Centre at Palayam; Tourist Reception Centres; Computerisation of Tourist Reservation Systems – 45 lakhs; Tourist Complex at Kalady, 'Gramam' Village Fair at Koavalam – 5 lakhs; Nehru Trophy Boat Race at Alleppey – 2 lakhs; Flood Lighting of Bolgatty Palace – 20 lakhs; Landscaping and Refurnishment of Dutch Palace at Bolgatty Island at Kochi – 2 lakhs; Sound and Light show at Kanakakkunnu Palace – 60 lakhs; Trekking and Rope-climbing Equipment for Thenmala – 25 lakhs; Renovation of Park View Heritage building – 40 lakhs; Backwaters Signages – 20 lakhs; Art and Craft Festival at Ashtamudi – 1 lakh; Purchase of House-Boats for Malabar – 50 lakhs ..... അങ്ങനെ ഏഴുകോടി രൂപ ഈ വർഷം 1998-99 സ്കീമിനായിട്ട് അനുവദിച്ചിട്ടുണ്ട്. ആദ്യം പറഞ്ഞത് പഴയതാണ്. 1995-96-ൽ 2.10 കോടി രൂപ, 1996-97-ൽ 2.36 കോടി രൂപ, 1997-98 -ൽ 2.77 കോടി രൂപ, 1998-99-ൽ 7 കോടി രൂപ. ഈ വർഷത്തേയ്ക്ക് തീരുമാനിച്ചിട്ടുള്ളത് 17 കോടി രൂപയാണ്. നമ്മുടെ സ്കീംസൊക്കെ കണക്കാക്കി എടുക്കുന്നതാണ്. ഈ സ്കീം ഇംപ്ലിമെന്റ് ചെയ്തുവരുന്നതിലുള്ള താമസം സ്ഥലത്തിന്റേതാണ്. കാലടിയിൽ ഒരിടത്ത് സ്ഥലം കിട്ടിയില്ല. അവിടെ അക്യൂസിഷന്റെ പ്രശ്നം വരും. അങ്ങനെ കുറച്ചു പ്രശ്നങ്ങൾ വരുന്നുണ്ട്. നമുക്ക് ടൂറിസം ആക്ട് നിലവിലുണ്ട്. ആ ടൂറിസം ആക്ടിൽ ധാരാളം മാറ്റങ്ങൾ വരുത്തിയെങ്കിൽ മാത്രമേ സാധിക്കൂ. ഞാൻ ഉദ്ദേശിക്കുന്നത് കുറച്ചുകൂടി ഹെൽത്തി ഗ്രോത്തായിട്ടുള്ള ടൂറിസത്തിനു സഹായകരമാകണമെങ്കിൽ ടൂറിസം ആക്ടിൽ ഭേദഗതി വരുത്തേണ്ടതായിട്ടുണ്ട്. ആയുർവേദിക് ടൂറിസം നടത്തുന്നുണ്ട്. അതിൽ അപകടം വരാൻ പാടില്ലല്ലോ; ടൂറിസ്റ്റുകളുടെ എണ്ണം ധാരാളം കൂടുന്നതുകൊണ്ടല്ല. ടൂറിസ്റ്റുകളുടെ വരവിൽ എണ്ണം കൂടിയിട്ടുണ്ട്. കേരളത്തിൽ ഈ ക്രൈസിസ് ഒക്കെ ഉണ്ടായപ്പോഴും ഫോറിൻ ടൂറിസ്റ്റുകൾ കൂടിയിട്ടുണ്ട്. Internal Tourism നമ്മൾ ചെറുതായി കാണണ്ട. ഫൈവ് സ്റ്റാർ ഹോട്ടലിൽ താമസിക്കുന്നവരിൽ 50 ശതമാനം ഇൻഡ്യാക്കാരാണ്. Indian Economy-യിൽ 10 കോടി ആളുകൾക്ക് എന്തും പർച്ചേസ് ചെയ്യാനുള്ള കപ്പാസിറ്റിയുള്ളവരാണ്. അവർ 4,000-5,000 രൂപ വാടക കൊടുക്കുന്ന ഹോട്ടലുകളിലാണ് താമസിക്കുന്നത്. സാധാരണ ആളുകൾ ചെറിയ ചെറിയ ഹോട്ടലുകളിലാണ് താമസിക്കുന്നത്. സീസൺ സമയത്ത് ഫൈവ് സ്റ്റാർ ഹോട്ടലുകളിൽ ഓക്യുപെന്റ്സ് കൂടുതലാണ്. അതുകൊണ്ടാണ് ധാരാളം ടൂറിസ്റ്റ് ഹോട്ടലുകൾ ഇപ്പോൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. കെ.ടി.ഡി.സി. യുടെ റോൾ, കെ.ടി.ഡി.സി. നേരത്തെ നഷ്ടത്തിലായിരുന്നു. ഇപ്പോൾ അത് ലാഭകരമായിട്ടുണ്ട്. ആ ലാഭത്തിനു പ്രധാന കാരണം കെ.ടി.ഡി.സി.യുടെ റേറ്റ് കുറച്ചുകൂടുതൽ ആണെങ്കിലും അവിടെ ഓക്യുപെന്റ്സ് ധാരാളമുണ്ട്. അത് ഫോളോ ചെയ്യുന്നതിനു കാരണം 50, 60 ശതമാനം ഫോറിനേഴ്സ് വരുമ്പോൾ അതിൽ 10, 40 ശതമാനം ആളുകൾ ഇവിടെയുള്ളവരാണ്. കേരളീയരല്ല, ഇൻഡ്യാക്കാരാണ്. കെ.ടി.ഡി.സി. യുടെ പ്രധാനപ്പെട്ട ഹോട്ടൽ സമുച്ചയങ്ങൾ ഇപ്പോൾ പൂർത്തിയാകുവാൻ പോകുകയാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് മൂന്നാറിലുള്ളതാണ്. അത് ഏകദേശം കംപ്ലീറ്റായിക്കഴിഞ്ഞു. കുമരകത്തേത് പൂർണ്ണമാകു

LIBRARY ARCHIVES Kerala Legislative Assembly

വാൻ പോകുന്നു. ബോൾഗാട്ടി ഒരു സ്റ്റാർ ഹോട്ടലാണ്. ഇത് റോഡിന്റെ കാര്യത്തിലുണ്ടായ തർക്കം പരിഹരിച്ചുകൊണ്ട് ഫൈവ് സ്റ്റാർ ഡീലക്സ് ഹോട്ടലാക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. കെ.ടി.ഡി.സി. ഒരു പബ്ളിക് സെക്ടർ അണ്ടർടേക്കിംഗ് എന്നുള്ള രീതിയിൽ വളരെ പ്രോഫിറ്റബിളായിട്ട് മാറ്റാൻ സാധിച്ചു എന്നുള്ളത് അവിടത്തെ മാനേജ്മെന്റിനെയും അവിടത്തെ വർക്കേഴ്സിനെയും അവരുടെ സേവനം .....

ശ്രീ. ജി. കാർത്തികേയൻ : കെ.ടി.ഡി.സി. ലാഭകരമാകുന്നത് നല്ലതു തന്നെ. കെ.ടി.ഡി.സി. ലാഭകരമാണെന്ന് അങ്ങ് പറഞ്ഞു. ഹോട്ടലുകളിൽ താമസക്കാർ കൂടുന്നതുകൊണ്ടാണോ; അവർ ഭക്ഷണം കഴിക്കുന്നതുകൊണ്ടാണോ; ബിയർ പാർലറുകൾ കേരളത്തിൽ മുഴുവൻ ഉള്ളതുകൊണ്ടാണോ ലാഭകരമാകുന്നത്?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സെപ്പറേറ്റായിട്ട് കണക്ക് നോക്കിയതാണ്. എന്റെ വ്യക്തിപരമായ അഭിപ്രായം ബിയർ പാർലറുകൾ പൂട്ടുന്നതു കൊണ്ട് വലിയ കുഴപ്പമില്ല എന്നതാണ്. ബിയർപാർലറുകൾ കൊണ്ടല്ല ലാഭമുണ്ടാകുന്നത്. ബിയർ പാർലറുകളുടെ ക്വാളിറ്റിയിലൂടെ അല്ല ലാഭമുണ്ടാകുന്നത്. അതു സെപ്പറേറ്റായിട്ട് പരിശോധിച്ചു. കായംകുളം വഴിയോര വിശ്രമകേന്ദ്രത്തിന്റെ പുറകിൽ ഒരു ബിയർ പാർലറുണ്ട്. ബീയറിന്റെ വില കൂടിയിട്ടും ബിയർ പാർലർ കൊണ്ട് ലാഭമില്ല. ബിയർ കഴിക്കുന്നവർ പിന്നീടുവന്ന് ഭക്ഷണം കഴിക്കുന്നതുകൊണ്ട് ലാഭം ഉണ്ടാകാം. ഫുഡ്ഡിൽനിന്നാണ് ലാഭം ഉണ്ടാകുന്നത്. അങ്ങേയ്ക്ക് അറിയാമല്ലോ; ബിസിനസ് അറിയാവുന്നവരോട് ചോദിച്ചാലേ കാര്യം മനസ്സിലാകൂ. അത് സംബന്ധിച്ച് അനാലിസിസ് നടത്തിയപ്പോൾ ബിയർ പാർലറിൽ നിന്നല്ല ലാഭമുണ്ടാകുന്നത്, ഫുഡ്ഡിൽനിന്നും റെന്റിൽ നിന്നുമാണ് ലാഭമുണ്ടാകുന്നത്. എല്ലാ ട്രേഡ് സീക്രട്ടും പറയുവാൻ പറ്റുകയില്ലെങ്കിൽപോലും. വളരെ മോശമായ റെന്റാണെങ്കിൽ ആളുകൾ വരുകയില്ല. സ്റ്റാർ ഹോട്ടൽ ടൈപ്പിലുള്ള റെന്റല്ലെങ്കിൽ ഫോറിനേഴ്സ് വന്നു താമസിക്കുകയില്ല. 100 രൂപ നിരക്കിൽ വിദേശികൾക്ക് വാടകയ്ക്ക് കൊടുത്താൽ ശരിയാകുമോ; ഗസ്റ്റുഹൗസുകൾ കുറെക്കൂടി നന്നാക്കാനുള്ള ശ്രമമാണ് നടക്കുന്നത്. ഡോ എം.കെ. മുനീർ പറഞ്ഞത് ശരിയാണ്. പ്രൊമോഷൻ സിസ്റ്റം സംബന്ധിച്ച്, എന്നെക്കാൾ ഭംഗിയായിട്ട് ശ്രീ. ആര്യാടൻ മുഹമ്മദിന് അറിയാമല്ലോ; പ്രൊമോട്ടുചെയ്തു വരുന്നവരെ ബോംബെയിൽ വിട്ടാൽ അവർക്ക് ഇംഗ്ളീഷ് അറിയുകയില്ല. ചില പ്രത്യേകതരം പോസ്റ്റുകളിലേയ്ക്ക് (കേഡർ) പി.എസ്.സി. മുഖാന്തിരം റിക്രൂട്ട് ചെയ്ത് പരിഹരിക്കുവാൻ കഴിയുമോയെന്ന് നോക്കുന്നുണ്ട്. ടൂറിസം മേഖലയിൽ ഇതെല്ലാംകൂടി ലിങ്ക് ചെയ്യേണ്ടതായിട്ടുണ്ട്. ഇതിൽ വെബ്സൈറ്റും ഇലക്ട്രോണിക്സ് ഉപകരണങ്ങളും നല്ലതുപോലെ ഉപയോഗിക്കേണ്ടതുണ്ട്. അതുപോലെ നല്ല രീതിയിലുള്ള പ്രചരണം ആവശ്യമാണ്. ഇപ്പോൾ ഏറ്റവും ശ്രദ്ധേയമാകുന്നത് ബീച്ച് ടൂറിസമാണ്. ബീച്ച് ടൂറിസം ലോകത്ത് എല്ലായിടത്തുമുണ്ട്. നമുക്ക് എക്സ്ക്ളൂസിവായിട്ടുള്ളത് ഒന്ന്, കായലും ബാക്ക് വാട്ടറുമാണ്. രണ്ട്, Wild Life Sanctuary മൂന്ന്, ഡെവലപ്പ് ചെയ്യാവുന്ന ഹിൽ സ്റ്റേഷൻസ് ഇതെല്ലാം ലിങ്ക് ചെയ്യേണ്ടതുണ്ട്. നാലാമത്തേത്, ഹെറിഡിറ്ററിയായിട്ട് നമുക്ക് ലഭിച്ച ആയുർവേദിക് സിസ്റ്റം. ഇത് വളരെ അട്രാക്ടീവായിട്ടുണ്ട്. ഇപ്പോൾ നമ്മൾ വിദേശത്തുള്ള ടൂർ ഓപ്പറേറ്റേഴ്സിനെയും ട്രാവൽ ഏജൻസിക്കാരെയും ടൂറിസം ഡിപ്പാർട്ടുമെന്റ് ഗസ്റ്റായിട്ട് കൊണ്ടുവന്ന് അവർക്ക് തിരുമലും പിഴിച്ചിലും നടത്തുന്നുണ്ട്. അവരുടെ ചെലവിലാണ് അവർ വരുന്നത്. ബി.ബി.സി. ചാനലിൽ ഒക്കെ ഇത് കാണി

LIBRARY ARCHIVES Kerala Legislative Assembly

ക്കാറുണ്ട്. ഇന്റർനാഷണലായി തിരുമൽ പ്രദർശിപ്പിച്ചിട്ടുണ്ട്. അങ്ങനെ അവരെ ക്ഷണിച്ചുവരുത്തുകയാണ്. അവരെ അഫോർഡ് ചെയ്യുവാൻ കഴിയുകയില്ല.

ശ്രീ. പാലോട് രവി : അങ്ങ് രണ്ടുതവണ ഇവിടെ സൂചിപ്പിച്ചതാണ്. രാജസ്ഥാൻ, തമിഴ്നാട്, ഗോവ ഈ മൂന്ന് സ്റ്റേറ്റുകളുടെ കാര്യം അങ്ങ് ഇവിടെ സൂചിപ്പിച്ചു. ഗവണ്മെന്റിന്റെ ഭേദഗതി കൊണ്ടുവന്നുകഴിഞ്ഞു. വലിയ നേട്ടങ്ങൾ ഈ മൂന്നു സ്റ്റേറ്റിലും ഉണ്ടായി. അങ്ങ് ഈ സഭയിൽ പലപ്പോഴും ഈ നിയമത്തിന്റെ ഭേദഗതിയെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. കാലാവധി തീരുന്നതിനു മുമ്പ് ഈ നിയമം കൊണ്ടുവരുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

[3.00 PM] ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഈ നിയമസഭയുടെ കാലാവധി തീരുന്നതിനുമുൻപുതന്നെ പാസ്സാക്കും. അതിന് കുറച്ച് ദിവസം വേണം. അത് തയ്യാറാക്കാനായി കൊടുത്തിരിക്കുകയാണ്. അത് വളരെ കെയർഫുള്ളായി കൈകാര്യം ചെയ്യണം. നിയമങ്ങൾ റെസ്ട്രിക്ടീവാകരുത്. ബിസിനസ് വളരുവാൻ സഹായകരമായിരിക്കണം. തിരുമൽ സെന്റേഴ്സുണ്ട്. അതിന് ലൈസൻസ് കൊടുക്കുവാൻ അധികാരമുണ്ട്. ആ ലൈസൻസ് സംബന്ധിച്ച് പബ്ളിഷ് ചെയ്തു. ബാൻ ചെയ്യാനല്ല. ലൈസൻസ് ഇല്ലാത്തത് കുഴപ്പമാണെന്ന രീതിയിലാണ് പബ്ളിഷ് ചെയ്തത്. ഈ സംസ്ഥാനത്ത് ഇന്ന് യഥാർത്ഥത്തിൽ ധാരാളം ജോലി സാധ്യതയുള്ളതാണ്. പ്രതിപക്ഷ-ഭരണപക്ഷം എന്നുള്ളതല്ല. ഏറ്റവും പ്രധാനപ്പെട്ട, ഡെവലപ്പ് ചെയ്യാവുന്ന ഇൻഡസ്ട്രിയാണ്. പ്രൈവറ്റ് സെക്ടറിൽ ധാരാളം ഇൻവെസ്റ്റ്മെന്റ് ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് പ്രധാനമായും നമ്മൾ ആശ്രയിക്കേണ്ടത് പ്രൈവറ്റ് സെക്ടറിനെയാണ്. ടൂറിസം ഡെവലപ്പ് ചെയ്യുവാൻ സംസ്ഥാന ഗവണ്മെന്റിന് കഴിയുന്നതനുസരിച്ച് ബഡ്ജറ്റ് വിഹിതം വളരെ വർദ്ധിപ്പിച്ചു. സെൻട്രൽ അസിസ്റ്റൻസ് കൂടുതൽ വർദ്ധിപ്പിച്ചുകൊണ്ട് ഇത് ഡെവലപ്പ് ചെയ്യാനുള്ള ശ്രമമാണ് നടക്കുന്നത്. തീർച്ചയായും ഇതിൽ ആവശ്യപ്പെട്ടിരിക്കുന്ന തുക അനുവദിക്കാൻ കേന്ദ്രത്തിന് സന്മനസ്സുണ്ടാകുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. വിലക്കയറ്റത്തെക്കുറിച്ച് ധാരാളം വാദഗതികളുണ്ടായി. വിലക്കയറ്റത്തെ പ്രതിരോധിക്കുവാൻ പൊതുവിതരണ ശൃംഖല വേണമെന്നുള്ളത് സാമ്പത്തിക വിദഗ്ദ്ധന്മാർ അംഗീകരിക്കുന്നുണ്ട്. എന്റെ വിശ്വാസം കേരളത്തിലുള്ള എല്ലാവരും അത് എഗ്രി ചെയ്യുമെന്നാണ്. വിലക്കയറ്റത്തെ പ്രതിരോധിക്കണമെങ്കിൽ ഒരു പൊതുവിതരണ ശൃംഖല വേണം. സർ, പൊതുവിതരണ ശൃംഖലയിൽ രണ്ടു ഘടകങ്ങളുണ്ട്. ഒന്ന് റേഷനിംഗ്, രണ്ട് റേഷനിംഗിൽപ്പെടാത്ത സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള സിവിൽ സപ്ലൈസിന്റെ ഒരു സംവിധാനം. ഇതു രണ്ടും വേണമെന്നുള്ള കാര്യത്തിൽ ആർക്കും അഭിപ്രായ വ്യത്യാസം കാണില്ലെന്നാണ് എന്റെ വിശ്വാസം. ഇത് രണ്ടും എഫക്ടീവാക്കണം. സയിന്റിഫിക്കായിട്ടു നോക്കിയാൽ നമുക്ക് 35-36 ലക്ഷം ടൺ ധാന്യം വേണം. പൊതുവിതരണ ശൃംഖല വഴി നമ്മൾ എത്രമാത്രം കൂടുതൽ ധാന്യങ്ങൾ വിതരണം ചെയ്യുന്നോ അതിനെ ആശ്രയിച്ചിരിക്കും പൊതുകമ്പോളത്തിലെ വില. അതുകൊണ്ട് റേഷനിംഗാണ് നമ്മൾ ശ്രമിക്കുന്നത്. റേഷൻ സാധനങ്ങൾ പരമാവധി റേഷൻകടകളിൽകൂടി വിതരണം ചെയ്യണം. അത് നമ്മൾ സക്സീഡ് ചെയ്തിട്ടുണ്ട്. 1995-96 വർഷത്തിൽ ശരാശരി റേഷൻ വിതരണം 95,760 ടൺ ആണ്. 1998-99-ൽ 1,35,210 ടൺ ആണ്. അരിയുടെ കാര്യമാണ്. 34,000 ടൺ ഗോതമ്പു കൂടിയാകുമ്പോൾ 1,69,000 ടൺ വരും. ഏകദേശം 20 ലക്ഷം ടൺ ധാന്യങ്ങൾ പൊതുവിതരണമേഖലയിൽകൂടി വിതരണം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നു. ഇന്റേണൽ പ്രൊഡക്ഷൻ 9 ലക്ഷം ടണ്ണാണെന്നാണ് പറഞ്ഞത്. ഇപ്പോൾ പത്തോ പതിനൊന്നോ ലക്ഷം ടൺ മാത്രമേ ആഭ്യന്തര കമ്പോളത്തിൽ വരുന്നുള്ളൂ. ഗവണ്മെന്റ് ശ്രദ്ധിച്ചത് സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് റേഷൻ വിതരണം കൂടുതൽ ശക്തിപ്പെടുത്താനാണ്. ആളുകൾക്ക് നല്ലതു ചെയ്യാൻ വേണ്ടിയാണ്. അതുകൊണ്ടാണ് ഈ ഗവണ്മെന്റ് ഒരു രൂപാ കുറച്ച് 16 കിലോ അരി പ്രതിമാസം വിതരണം ചെയ്തത്. സെൻട്രൽ ഗവണ്മെന്റിന്റെ നാഷണൽ പോളിസിയിൽ വന്നത്, റേഷന് ഒരു മാറ്റവുമില്ല എന്നതാണ്. റേഷൻ സാധനങ്ങളുടെ വില പലപ്പോഴും മാറിമാറി വരുന്ന ഗവണ്മെന്റുകൾ കൂട്ടിക്കൊണ്ടിരിക്കുന്നു. അത് കോൺഗ്രസ് ഭരിച്ചപ്പോഴും കൂട്ടി, ബി.ജെ.പി. ഭരിച്ചപ്പോഴും കൂട്ടി

ശ്രീ. ഇ.എം. അഗസ്തി : കോൺഗ്രസ് കൂട്ടിയിട്ടില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അവർ മൂന്നു വില ഉണ്ടായിരുന്നത് രണ്ടു വിലയാക്കി ഏകീകരിച്ചിട്ട്, 7.50 രൂപ എന്നുള്ളത് 7.60 ആക്കി. ഇവിടെ എന്താണ് സമീപനമെന്നുള്ളതിനെക്കുറിച്ച് ഒരു തർക്കം വന്നു. ഏതു ശരി, ഏതു തെറ്റ് എന്നുള്ളതിനേക്കാൾ കൂടുതൽ അവരവരുടെ സമീപനത്തെ സംബന്ധിച്ച് നമുക്ക് വ്യക്തമായ അഭിപ്രായം വേണം. നിങ്ങളുടെ അഭിപ്രായമായിരിക്കും ചിലപ്പോൾ ശരി. ഞങ്ങളുടെ അഭിപ്രായം തെറ്റായിരിക്കാം. ഒരു ചോദ്യം എല്ലാവരും ചോദിക്കുന്നത്, എന്തിനാണ് എല്ലാവർക്കും റേഷൻ കൊടുക്കുന്നത്; കാശുള്ളവന് എന്തിനാണ് റേഷൻ കൊടുക്കുന്നത് എന്നാണ്. ഈ വാദഗതി എല്ലാവരും ഉന്നയിക്കുന്നതാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഞങ്ങൾക്ക് ഈ വാദമില്ല. അതു യു.ഡി.എഫിനാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ശ്രീ. ആര്യാടൻ മുഹമ്മദിനില്ല. പക്ഷെ നിങ്ങളുടെ പാർട്ടിക്കുണ്ട്. അതു ഞാൻ പറയാം. യു.ഡി.എഫിനില്ല. അതു ഞാൻ വായിക്കാം. അതിനെക്കുറിച്ച് വ്യത്യസ്തമായ അഭിപ്രായമുണ്ട്. എല്ലാവർക്കും എന്തിനാണ് റേഷൻ കൊടുക്കുന്നത്; ദുർബല വിഭാഗങ്ങൾക്കു കൊടുത്താൽ പോരേ എന്നാണ്. പൊതുവിതരണത്തിന് രണ്ടു പർപ്പസുണ്ടെന്നാണ് ഞാൻ പറയുന്നത്. ഒരു പർപ്പസ് എന്നു പറയുന്നത് ദുർബ്ബലവിഭാഗങ്ങൾക്കു റേഷൻ കൊടുക്കുന്നതാണ്. അവർക്ക് പർച്ചേസിംഗ് കപ്പാസിറ്റിയുണ്ട്. അവരുടെ കപ്പാസിറ്റിക്ക് അനുസരിച്ച രീതിയിൽ വില കുറച്ചുകൊടുക്കുക എന്നുള്ളത് ഒരു കാര്യം. മറ്റൊന്ന് മാർക്കറ്റ് ഇന്റർവെൻഷനാണ്. പബ്ലിക് സെക്ടർ വഴി മാർക്കറ്റ് ഇന്റർവീൻ ചെയ്യുമ്പോൾ അതിന്റെ വില കുറയുന്നു. 'Manifesto of the Left Parties for Lok Sabha Elections'- പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം- പേജ് 10-ൽ The Left Parties attached the highest importance to the strengthening and expansion of Public Distribution System. This is the most effective way to protect the common people from the adverse impact of the price rise of all essential commodities. For this, 14 essential commodities should be included for supply in the P.D.S. ഈയുള്ളതു പോരാ. 14 ഐറ്റംസും വേണമെന്നാണ്. For those below the Poverty Line, there should be a provision for supply of food grains at 50% below Central Issue Price. പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തിനായിട്ട്, മൊത്തമായി ഒരു പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം എന്നാൽ ..... For those below the Poverty Line ..... അതുവരെ അതിന്റെ പകുതി വിലയ്ക്ക് കൊടുക്കണം. ഇതാണ് എൽ.ഡി.എഫിന്റെ ഇലക്ഷൻ മാനി

LIBRARY ARCHIVES Kerala Legislative Assembly

ഫെസ്റ്റോയിൽ പത്താം പേജിൽ പബ്ളിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. യു.ഡി.എഫ്. ഇതു തന്നെയാണ് അക്സപ്റ്റ് ചെയ്തത്. അതുകൊണ്ട് റേഷൻ ഇല്ലാതാക്കിയില്ല. അതിൽ തെറ്റിദ്ധാരണ വേണ്ട. റേഷൻ അന്നുമുണ്ട്, ഇന്നുമുണ്ട്. എന്നാൽ റേഷൻ വില കൂടുകയോ കുറയുകയോ ചെയ്തിട്ടുണ്ട്. 10 കിലോ അരി 50% പ്രൈസിന് എന്നുള്ള എൽ.ഡി.എഫിന്റെ തീരുമാനം അവർ അംഗീകരിച്ചു. അതു റെസ്ട്രിക്റ്റു ചെയ്തത് 10 കിലോ ആണ്. അതാണു കോംപ്രമൈസ്. It will be restricted to the poor and needy എന്നു പറഞ്ഞ് വാദപ്രതിവാദങ്ങൾ നടന്നിട്ടുണ്ട്. ഇൻഡ്യയിലെ മുഴുവൻ ഡിക്ഷണറിയും ഞാൻ ഒരിക്കൽ പത്രക്കാർക്കു കാണിച്ചുകൊടുത്തു.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : അത് അങ്ങനെ തന്നെയാണ്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : അങ്ങയുടെ അഭിപ്രായം എന്റെ അഭിപ്രായമാണെന്ന് എനിക്കറിയാം. പക്ഷെ ശ്രീ. മൻമോഹൻ സിംഗിന്റെ പഛ്മാഡിയിലെ പ്രമേയത്തിൽ പറഞ്ഞിരിക്കുന്നത്, അദ്ദേഹത്തെപ്പോലെയുള്ളവർ അതിനെ സിദ്ധാന്തവൽക്കരിച്ചിരിക്കുന്നത് എന്തിനാണ് സൗകര്യമുള്ളവനു റേഷൻ കൊടുക്കുന്നത് എന്നതാണ്. Poverty Alleviation ആയിട്ടാണ് പബ്ളിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തിനെ അദ്ദേഹം കാണുന്നത്. ഞങ്ങൾ കാണുന്നത് പോവർട്ടി Alleviation മാത്രമല്ല, പ്രൈസ് ലൈനിനെ കൺട്രോൾ ചെയ്യാനുള്ള ഒരു പ്രോഗ്രാമായിട്ടു കൂടി ഇതിനെ കാണണം. അതാണു നമ്മൾ തമ്മിലുള്ള ഡിഫറൻസ്. നിങ്ങൾ പറയുന്ന Poverty Alleviation Programme വേണം. അതുകൊണ്ടാണ് അവർക്ക് 50% കുറച്ചുകൊടുക്കണമെന്നു പൊതുവിൽ പറഞ്ഞത്. ഇതിനെക്കുറിച്ച് നമ്മൾ തർക്കിക്കുമായിരിക്കും. ഇപ്പോൾ ഒരു സൊല്യൂഷൻ ഉണ്ടാക്കണമെന്ന അഭിപ്രായം എനിക്കില്ല. ഈ ഗവണ്മെന്റ് കഴിഞ്ഞ മൂന്നു വർഷമായിട്ട് പൊതുവിതരണം ശക്തിപ്പെടുത്തുക എന്ന രീതിയിലാണ് കാര്യങ്ങൾ ചെയ്യുന്നത്. അതോ ഇതു ഫെയിലുവറാക്കണമെന്നാണോ? പൊതുവിതരണം എഫക്റ്റീവാക്കാനാണ് ശ്രമിച്ചത്. പൊതുവിതരണത്തിൽ രണ്ടു മേഖലയാണുള്ളത്. അതിലൊന്ന് റേഷൻ. ഇവിടെ പ്രസംഗിച്ച ഏതോ മെമ്പർ പറഞ്ഞത്, ഏതോ റേഷൻകടയിൽ പുഴുത്ത അരി കൊടുത്തു എന്നാണ്. അങ്ങനെയുണ്ടായിക്കാണും. ഇല്ലെന്നു ഞാൻ പറയുന്നില്ല. കാരണം, ലക്ഷോപലക്ഷം ജനങ്ങൾക്ക് ഇതു കേരളത്തിൽ നിന്ന് നമ്മൾ പ്രൊഡ്യൂസ് ചെയ്തു അങ്ങോട്ടു കൊടുക്കുന്നതല്ല. ചില ഗോഡൗണുകളിൽ നിന്ന് കൊണ്ടുപോയതിൽ ചിലപ്പോൾ ഏതെങ്കിലുമൊരു കടയിൽ മോശമായ അരി ഉണ്ടായെന്നിരിക്കാം. പക്ഷെ അത് അസംബ്ളിയിലെ ഡിബേറ്റിന്റെ അന്നു വന്നു മാത്രം പറഞ്ഞാൽ പോരാ, അങ്ങനെ എവിടെയെങ്കിലുമുണ്ടെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ ചെയ്യേണ്ടത്, അപ്പോൾ തന്നെ എന്നെ അറിയിക്കുകയോ അല്ലെങ്കിൽ കളക്ടറെ വിളിച്ചുപറഞ്ഞ് പരിഹാരം കാണുകയോ ചെയ്യണം. ഇന്ന് വാസ്തവത്തിൽ ബി.ജെ.പി. ഗവണ്മെന്റ് കാണിച്ചതുപോലെ സാമ്പത്തികമായ പരമാബദ്ധം വേറെയില്ല. അവർ റേഷനരിയുടെ വില കൂട്ടി. റേഷൻ ഗോതമ്പിന്റെ വിലയും രണ്ടു രൂപ വച്ചു കൂട്ടി. അതിന്റെ ഫലമായി എന്തു സംഭവിച്ചിരിക്കുന്നു? സകല ഗോഡൗണുകളിലും സാധനങ്ങൾ കെട്ടിക്കിടക്കുകയാണ്. ഇപ്പോൾ കേരളത്തിലാണ് ഏറ്റവും കൂടുതൽ റേഷനരി പോകുന്നത്. മറ്റൊരിടത്തേയ്ക്കും പോകുന്നില്ല. റേഷൻ ഗോതമ്പിനേക്കാൾ വില കുറച്ച്, പല സംസ്ഥാനങ്ങളിലും ഓപ്പൺ മാർക്കറ്റിൽ ഗോതമ്പു കിട്ടുന്നു. കെട്ടിക്കിടക്കുന്ന ഗോതമ്പ് അഞ്ചാറു മാസം കഴിഞ്ഞാൽ തൂത്തുവാരി വിൽക്കേണ്ടിവരും.

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റോറേജിന്റെ ചെലവ് എത്രയാണ്? കോടാനുകോടി രൂപയുടെ നഷ്ടമാണ്. ഇൻഡ്യാ ഗവണ്മെന്റിന്റെ ഫുഡ് അഡ്വൈസർ എന്നെ വന്നുകണ്ട് പറഞ്ഞത്, എങ്ങനെയെങ്കിലും കുറച്ചുകൂടി സാധനങ്ങൾ ചെലവാക്കണമെന്നാണ് ഞാൻ പറഞ്ഞത്, ഒരു രൂപ വില കുറച്ചേയ്ക്കൂ, ഞാൻ കൂടുതൽ ചെലവാക്കി തരാമെന്നാണ്. വില കൂട്ടി ലാഭമുണ്ടാക്കാമെന്നു പറഞ്ഞാൽ സാധനങ്ങൾ ചെലവാക്കണ്ടേ? എങ്കിൽപ്പോലും നമുക്കു റേഷൻ വില കുറയ്ക്കാൻ സാധിച്ചു. വില കൂട്ടിയിട്ടും ഇത്രയും ചെലവായതിന്റെ കാരണം പ്രതിമാസം 16 കിലോ അരി ഒരു രൂപ കുറച്ചു വിൽക്കുന്നതുകൊണ്ടാണ്. ദാരിദ്ര്യരേഖയുടെ കാര്യത്തിൽ ഇപ്പോഴത്തെ ബി.പി.എൽ ഫാമിലീസിന്റെ കണക്ക് നമ്മൾ എടുത്തിരിക്കുന്നത് ഇൻഡ്യയിലെ മൂന്നാമത്തെ സംസ്ഥാനമാണ് കേരളം എന്നാണ്. അത് ഫാക്ടല്ല. എങ്കിലും പഞ്ചായത്തുകളെല്ലാം കൂടി കണക്കുകൂട്ടി വന്നപ്പോൾ 42% പേർക്ക് നമ്മൾ ബി.പി.എൽ. രീതിയിലുള്ള ഭക്ഷ്യസാധനങ്ങൾ കൊടുക്കുന്നുണ്ട്. നമ്മൾ പൊതുവിതരണം എന്നുപറയുന്നത് മാവേലി സ്റ്റോറുകൾ ഉൾപ്പെടെയാണ്. അങ്ങനെയൊരു സംവിധാനം. മാവേലി സ്റ്റോറുകൾ ഗുണമായാലും ദോഷമായാലും അത് ആദ്യമായി ഉണ്ടാക്കിയത് ഞാനാണ്. ഏതായാലും മാവേലി സ്റ്റോറുകളിലെ വിറ്റുവരവിന്റെ കണക്കൊക്കെ നോക്കിയാൽ, കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് മാവേലി സ്റ്റോറുകൾ നഷ്ടമാണെന്നുപറഞ്ഞ് 23 മാവേലി സ്റ്റോറുകൾ പൂട്ടി. അതുകഴിഞ്ഞ് 130 മാവേലി സ്റ്റോറുകൾ ക്ലോസ് ഡൗൺ ചെയ്യാൻ തീരുമാനമെടുത്തപ്പോഴാണ് ഈ ഗവണ്മെന്റ് വന്നത്. ആ സ്ഥിതി ഇന്നുമാറി. അതിൽ 100 എണ്ണം തുറന്നു. ഇനി ബാക്കി തുറക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ ശ്രീ. കെ.സി. ജോസഫ് എല്ലാ മാവേലി സ്റ്റോറുകളും തുറക്കണമെന്നു പറഞ്ഞു. 126 മാവേലിസ്റ്റോറുകൾ ഈ സെപ്തംബറിനുള്ളിൽ തുറക്കും. മാവേലി സ്റ്റോറുകളിൽ സാധനങ്ങൾ കുറവാണെന്ന് എന്റെ സ്നേഹിതൻ പറഞ്ഞു. ഒരാൾക്ക് 250 ഗ്രാം മുളകേ ഒരാഴ്ചയിൽ കിട്ടുന്നുള്ളൂ എന്നുപറഞ്ഞു. ശരിയാണ്. ഇത്രയും വിലകുറച്ചു കൊടുക്കുന്ന ഒരു സാധനമാണ്. ഒരുമാസം ഒരു വീട്ടിലേയ്ക്ക് എത്ര മുളക് ആവശ്യമുണ്ട്? ഒരു കിലോ മതി. ന്യായമായി അഞ്ചംഗ ഫാമിലിക്ക് ഒരു കിലോ മുളകുമതി. അതുകൊണ്ടാണ് 250 ഗ്രാം വച്ച് നാലു തവണയായി കൊടുക്കുന്നത്. ഒന്നിച്ചു കൊടുക്കാൻ തുടങ്ങിയാൽ അത് ബ്ളാക്ക് മാർക്കറ്റിൽ പോകും. അതുകൊണ്ട് അതിനു ചില റെസ്ട്രിക്ഷൻസ് ഏർപ്പെടുത്തിയിട്ടുണ്ട്.

<u>ശ്രീ. കെ. ബാബു</u> : സർ, തെരഞ്ഞെടുക്കപ്പെട്ട റേഷൻ കടകളിലൂടെ നിത്യോപയോഗസാധനങ്ങൾ വിതരണം ചെയ്തിരുന്നു. അടുത്തകാലത്തായി അതിന്റെ ക്വാണ്ടിറ്റി കാര്യമായി വെട്ടിക്കുറച്ചിരിക്കുകയാണ്. കഴിഞ്ഞമാസം എറണാകുളം ജില്ലാ ഫുഡ് അഡ്വൈസറി കമ്മിറ്റി യോഗത്തിൽ ഞാൻ പങ്കെടുക്കുകയും ഏകകണ്ഠേന ഒരു പ്രമേയം പാസ്സാക്കി ഗവണ്മെന്റിലേയ്ക്ക് അയയ്ക്കുകയും ചെയ്തിരുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ പാർട്ടിയുടെ പ്രതിനിധിയും അവിടെയുണ്ടായിരുന്നു.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : സർ, ഗവണ്മെന്റിലേക്ക് അയച്ചത് എനിക്ക് കിട്ടിയിട്ടില്ല. എന്തായാലും അങ്ങ് ഇപ്പോൾ പറഞ്ഞത് ശരിയെന്നെടുത്തുകൊണ്ട് ഞാനത് അന്വേഷിക്കാം. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ടേൺ ഓവറൊക്കെ ഇപ്പോൾ എല്ലാവരും പറഞ്ഞു. 200 കോടി രൂപ ആയിരുന്നത് ഇപ്പോൾ 600 കോടിക്കടുത്തായി. മാവേലിസ്റ്റോറുകളുടെ വിറ്റുവരവ് 136.26 കോടി രൂപയായി. മാവേലിസ്റ്റോറുകളിൽ ഇത്രയും രൂപയ്ക്ക് വിറ്റപ്പോൾ ഒരു കാര്യം ബഹുമാനപ്പെട്ട മെമ്പർമാർ ശ്രദ്ധിക്കേണ്ടതുണ്ട്. മാവേലി സ്റ്റോറു

LIBRARY ARCHIVES Kerala Legislative Assembly

കളിലെ വില 1996-ലേയും 1999-ലേയും ഓർക്കണം. 1996-ൽ ചെറുപയറിന്റെ വില മാവേലി സ്റ്റോറിൽ 22.50 പൈസയായിരുന്നു. ഇപ്പോഴത് 19 രൂപയാണ്. ഉഴുന്നിന്റെ വില 28 രൂപയായിരുന്നു, ഇപ്പോഴത് 20 രൂപയായി. ഉഴുന്ന് പിളർന്നത് 25 രൂപയായിരുന്നു. ഇപ്പോഴത് 19 രൂപയാക്കി. കടല 15.50 ആയിരുന്നത് 17 രൂപയായി; തുവരപ്പരിപ്പ് 27 രൂപയായിരുന്നത് 25 രൂപയായി, വറ്റൽ മുളകിന്റെ വില 42 രൂപയായിരുന്നത് 32 രൂപയാക്കി. 1996-ലേക്കാൾ മാവേലി സ്റ്റോറുകളിൽ ഇത്രയധികം വിലകുറച്ചുവിറ്റപ്പോഴും, മിക്ക ഐറ്റത്തിനും 1996 -ലെ വിലയേക്കാൾ കുറഞ്ഞവിലയ്ക്കാണ് മാവേലി സ്റ്റോറുകളിൽക്കൂടി വിൽക്കുന്നത്. കാണ്ടിറ്റിയുടെ കാര്യത്തിൽ 1995-ൽ 7244 ടൺ പലവ്യഞ്ജനങ്ങളും പയറുവർഗ്ഗങ്ങളും മാവേലി സ്റ്റോറിൽക്കൂടി വിതരണം ചെയ്തു. അന്നത്തെ വിലയാണ് ഞാൻ വായിച്ചത്. 1998-99-ൽ 29345 ടൺ ആണ് വിതരണം ചെയ്തത്. അതുപോലെതന്നെ റേഷൻകടകൾ വഴി 1998-99-ൽ 6349 ടൺ വിറ്റു. 1995-96-ൽ 2969 ടൺ ആണ് വിറ്റത്. ഞാനിതുപറഞ്ഞതിന്റെ കാര്യം മുഴുവൻ ആവശ്യങ്ങളും നിറവേറ്റിയില്ലെങ്കിൽപോലും വലിയൊരു കാണ്ടിറ്റി വളരെ ചീപ്പായ രീതിയിൽ ഈ മാർക്കറ്റിലേക്ക് പമ്പിംഗ് ചെയ്തതിന്റെ ഫലമായിട്ടാണ് ഈ വിലനിലവാരം ഇതിൽ പറഞ്ഞിരിക്കുന്നതുപോലെ 6.4% ആയിട്ട് നിലനിൽക്കുന്നത്.

<u>ശ്രീ. കെ.എം. മാണി</u> : സർ, മാർക്കറ്റ് ഇന്റർവെൻഷൻ നടത്തി പൊതുകമ്പോളത്തിലെ വില നിയന്ത്രിക്കുന്നു എന്നു പറഞ്ഞു. പക്ഷേ അങ്ങുതന്ന ഉത്തരത്തിൽ, ഗവണ്മെന്റ് മാർക്കറ്റ് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. 1996-നേക്കാൾ അരിക്ക് 34% കൂടി, പഞ്ചസാരയ്ക്ക് 14% കൂടി, മല്ലിക്ക് 17% കൂടി, വറ്റൽമുളകിന് 21% കൂടി, ഈ സാധനങ്ങൾക്കൊക്കെ ഇപ്പോൾ വില കൂടുതലാണ്. പക്ഷെ 1996-നേക്കാൾ ഇപ്പോൾ ഇൻഫ്ളേഷൻ റേറ്റ് വളരെ താഴ്ന്നു വന്നിട്ടുണ്ട്. I think it is the lowest in the country. അപ്പോൾ കൺസംപ്ഷൻ കുറയുമ്പോൾ ഡിമാന്റ് കുറയുകയാണ്. ഡിമാന്റ് കുറയുമ്പോൾ വില കുറയണം. വാസ്തവത്തിൽ സ്വാഭാവികമായി ഓപ്പൺ മാർക്കറ്റിലെ വിലനിലവാരം കുറഞ്ഞുനിൽക്കേണ്ടുന്ന ഈ സന്ദർഭത്തിൽ 1996-ൽ ഇത്രയും ഇൻഫ്ളേഷനില്ല, അന്ന് ഇതിനേക്കാൾ കൂടുതലായിരുന്നു. ഇപ്പോൾ ഓപ്പൺ മാർക്കറ്റിൽ വില നിലവാരം കൂടുതലാണ്. അത് നിയന്ത്രിക്കാൻ ഗവണ്മെന്റിന് കഴിഞ്ഞിട്ടില്ല. ഫലപ്രദമായി ഓപ്പൺ മാർക്കറ്റിലെ വിലക്കയറ്റത്തെ നിയന്ത്രിക്കുവാൻ ഗവണ്മെന്റിന് കഴിഞ്ഞിട്ടില്ല. അത് കഴിയാതെ പോയതിന്റെ കാരണം വ്യക്തമാക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : സർ, നാണയപ്പെരുപ്പത്തിന്റെ തോതു കുറയുന്നതും സാധനങ്ങളുടെ വില വർദ്ധിക്കുന്നതും തമ്മിൽ വളരെ അകന്ന ബന്ധമേയുള്ളൂ. നാണയപ്പെരുപ്പം കണക്കാക്കുന്നതിന് കറൻസിയുടെ കാര്യത്തിൽ നിങ്ങൾ റിസർവ് ബാങ്കിന്റെ ബുള്ളറ്റിനെടുത്ത് അതിന്റെ ഫോർമുല നോക്കൂ. അത് entirely different ആണ്. അതുമാത്രമല്ല ..... ബഹളം ..... നിരവധി ഇക്കണോമിക് ഫാക്ടേഴ്സ് വച്ചാണ് അത് കണക്കാക്കുന്നത്. ഇന്ത്യ ഒട്ടുക്ക് കാണണമെങ്കിൽ റീട്ടെയിൽ പ്രൈസ് എല്ലാം കുറഞ്ഞുകൊണ്ടുവരികയാണ്. നമ്മുടെ എഷ്യൻഷ്യൽ കമ്മോഡിറ്റീസിനെ മാത്രമല്ല Wholesale Price Index-ൽ എടുക്കുന്നത്. വേറെ വളരെയധികം ഐറ്റംസുണ്ട്. നമ്മൾ പറയുന്ന അരിയും പയറുവർഗ്ഗങ്ങളും wholesale price Index-ൽ ഉൾപ്പെടുത്തുന്നതേയില്ല. ഒരു വാദത്തിനുവേണ്ടി അങ്ങേയ്ക്ക് വാദിക്കാം. പക്ഷേ ഒരു കാര്യം ഞാൻ പറയുകയാണ്. അങ്ങ് സമ്മതിക്കുമോ എന്നറിഞ്ഞുകൂടാ. വില

LIBRARY ARCHIVES Kerala Legislative Assembly

ക്കയറ്റം സാധാരണക്കാരന് പ്രതിരോധിക്കാൻ പൊതുവിതരണം ശക്തമാക്കുന്നതാണെന്ന് സമ്മതിക്കുമെന്നുണ്ടെങ്കിൽ അതിൽ എഫക്ടീവായി, ഞാനതിന്റെ വിലയുടെ നിലവാരമാണ് പറഞ്ഞത്. 1991, 1994, 1999 എന്നീ മൂന്നു വർഷത്തെ വില കമ്പയർ ചെയ്താൽ അരിക്ക് അങ്ങയുടെ ഭരണകാലത്ത് 51.6% വിലകൂടി, അതേസമയം 13.13% ഇവിടെ വിലകൂടി. ചെറുപയർ 52.38, -4.36; ഉഴുന്ന് 39.7,-2.5; പരിപ്പ് 9.38,-6.35; മല്ലി 26.63, - 16; വറ്റൽമുളക് 30.37, -21.48. ഇപ്പോൾ വില കൂടിയോ എന്നുചോദിച്ചാൽ ചിലതിനു വിലകൂടി, ചിലതിന് വില കുറഞ്ഞു. വിലക്കുടുതൽ ഇല്ലാതെ ഭാരതമില്ല, അല്ലെങ്കിൽ കേരളമില്ല. ഭാരതത്തിൽ എല്ലാകാലത്തും കുറശ്ശേ വിലകൂട്ടിക്കൊണ്ടിരിക്കും. നാം നോക്കേണ്ടത് ആ വിലക്കുടുതൽ മാനേജബിളാണോ ഇല്ലയോ എന്നുള്ളതാണ്; വിലക്കയറ്റം ഒരു സജീവ പ്രശ്നമാണോ എന്നാണ്; നമ്മുടെ പി.ഡി. എസ്. ഇഫക്ടീവാണോ എന്നുള്ളതാണ്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : അങ്ങ് ഇവിടെ വില നിയന്ത്രിക്കാൻ വേണ്ടി മാവേലിസ്റ്റോറുകളിൽ വിലചുരുക്കിയ കാര്യമൊക്കെ പറഞ്ഞു. ഞാൻ ഒരു കാര്യം പറയട്ടെ. ഇത് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ 1999 മേയ് മാസത്തിലെ ബുള്ളറ്റിൻ ആണ്. 1991-ൽ 17 ശതമാനം ഇൻഫ്ളേഷനുള്ള കാലമാണ്. ആ 1991-ലെ ഇൻഡക്സ്-ആൾ ഇൻഡ്യാ 161, കേരളം - 150. ആൾ ഇൻഡ്യയുടെ താഴെയാണ്. അങ്ങയുടെ കാലത്ത് അതായത് 1999 ജനുവരി മാസം ആൾ ഇൻഡ്യ 342, കോഴിക്കോട്-343, ഫെബ്രുവരി മാസം ആൾ ഇൻഡ്യ-340, കോഴിക്കോട്-342. അങ്ങയുടെ ഭരണകാലത്താണ് കൺസ്യൂമർ പ്രൈസ് 1991-നേക്കാൾ കൂടിയത്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : 1991-നേക്കാൾ കൺസ്യൂമർ പ്രൈസ് കൂടുമെന്നുള്ള കാര്യം ശ്രീ. ആര്യാടൻ പറയാതെ ഞാൻ തന്നെ പറയുമല്ലോ? 1991, 1999 ആകുമ്പോൾ വില കൂടും. അങ്ങ് ലേബർ മിനിസ്റ്ററായിരുന്ന ആളല്ലേ. ആൾ ഇൻഡ്യാ കൺസ്യൂമർ പ്രൈസ് ഇൻഡക്സിൽ കാൽക്കുലേറ്റ് ചെയ്യുന്ന ഐറ്റംസും നമ്മൾ ഇപ്പോൾ കാൽക്കുലേറ്റ് ചെയ്യുന്ന അരി, പലവ്യഞ്ജനമെന്ന് പറയുന്ന ഐറ്റംസും ഡിഫറന്റ് ആണെന്നുള്ളത് അങ്ങേയ്ക്ക് അറിയാമല്ലോ? അതിനകത്ത് വേറെ ഒരുപാട് ഐറ്റംസ് ഉണ്ട്. അദ്ദേഹം വാദിച്ചുകൊണ്ടുവരുന്നത് ഈ റിസർവ് ബാങ്കിന്റെ കൺസ്യൂമർ പ്രൈസ് ലിസ്റ്റിലെ ചില സീറ്റിലേത് മാത്രം പറഞ്ഞുകൊണ്ടാണ്. ഇതൊന്നും വിതരണം ചെയ്തില്ല എന്നാണോ? റേഷൻ അരി വിതരണം ചെയ്തില്ല എന്നാണോ? മാവേലി സ്റ്റോറുകളിൽക്കൂടി വിതരണം ചെയ്തില്ല എന്നാണോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : വില കൂടി.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : വില കൂടിയില്ല, കുറഞ്ഞതേയുള്ളൂ. ബുള്ളറ്റിനകത്ത് കേരളത്തിലെ മുഴുവൻ വിലയും പറഞ്ഞിട്ടുണ്ടോ? ഇല്ല. ഒരു സിറ്റിയിലെ പ്രൈസ്സാണ് ആ ബുള്ളറ്റിനിൽ വരുന്നത്. ചില സിറ്റീസിലെ കാര്യങ്ങൾക്കുവേണ്ടി റിസർവ് ബാങ്ക് ഈ പറയുന്ന ഐറ്റംസ് അല്ലാതെ നിരവധി ഐറ്റംസ് ചേർത്തുകൊണ്ട് കൺസ്യൂമർ പ്രൈസ് ഇൻഡക്സ് ഉണ്ടാക്കും. അതും നമ്മുടെ കൺസ്യൂമർ പ്രൈസുമായി വേരിയേഷനുണ്ട്.

<u>ശ്രീ. ടി.എം. ജേക്കബ്</u> : ബഹുമാനപ്പെട്ട മന്ത്രി, ഇപ്പോൾ വേറെ ചില കാര്യത്തെക്കുറിച്ചാണ് തർക്കമുണ്ടായത്. എന്റെ 21.6.99-ലെ ചോദ്യത്തിന് നൽകിയ മറുപടിയിൽ ഒറ്റകാര്യം മാത്രം പറയുന്നു, അതൊരു ക്ളാരിഫിക്കേഷനുവേണ്ടി ചോദിക്കുകയാണ്. 1996-ൽ ഇലക്ഷൻ നടന്ന അവസരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

നമ്മൾ രണ്ടായി മത്സരിച്ചു. അന്ന് നിങ്ങൾ എല്ലായിടത്തും എഴുതിവെച്ചത് അരിയുടെ വിലയാണ്. അഞ്ചുകൊല്ലത്തിനിടയ്ക്ക് ഏതാണ്ട് മൂന്നുരൂപയുടെ ഡിഫറൻസ് വന്നു. അതാണ് എല്ലായിടത്തും എഴുതിവച്ചത്. ബോർഡ് പ്രദർശിപ്പിച്ചത്. അങ്ങ് തന്ന കണക്കനുസരിച്ച് 1996 മേയ് മാസത്തിൽ നാടൻ അരിക്ക് ഒരു കിലോയ്ക്ക് പത്തു രൂപ എഴുപത്തിയേഴ് പൈസയായിരുന്ന സ്ഥാനത്ത് 1999 മെയ് മാസത്തിൽ നാടൻ അരിക്ക് ഒരു കിലോയ്ക്ക് 13.11 രൂപ. വെള്ള അരിക്ക് 1996 മെയ് മാസത്തിൽ 9.84 രൂപയായിരുന്നത് 1999 മെയ് മാസത്തിൽ 13.27 രൂപ. ബഹുമാനപ്പെട്ട മന്ത്രിയുടെ കണക്കാണ്. അപ്പോൾ ഈ മൂന്നവർഷത്തിനുള്ളിൽ എത്ര പെർസെന്റേജ് വർദ്ധനവുണ്ടായി? ഏകദേശം 34 ശതമാനത്തിൽ കൂടുതൽ വർദ്ധനവ് ഉണ്ടായില്ലേ? ആ വർദ്ധനവിനെക്കുറിച്ച് എന്താണ് പറയുന്നത്?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : മെയ് മാസത്തിലെ ഫിഗറാണ് അദ്ദേഹം പറഞ്ഞത്. ജൂണിലെ ഫിഗറാണ് ഞാൻ പറയുന്നത്. മെയ് ഫസ്റ്റ് വീക്കിലൊന്നും ഞങ്ങൾ അധികാരത്തിൽ വന്നില്ല. ഞങ്ങൾ സത്യപ്രതിജ്ഞ ചെയ്തതുതന്നെ മെയ് 20-ാം തീയതിയാണ്.

<u>ശ്രീ. ടി.എം. ജേക്കബ്</u> : സാധാരണഗതിയിൽ വലിയ വസ്തുത മറച്ചുവയ്ക്കുന്ന മന്ത്രിയല്ലെന്നുള്ള നിലയിൽ ചോദിക്കുകയാണ് .....

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : ഞാൻ മൂന്ന് ആൻസർ തന്നു. മെയ് മാസം 20-ാം തീയതിയാണ് ഗവണ്മെന്റ് സത്യപ്രതിജ്ഞ ചെയ്തത്. വിലനിലവാരത്തെക്കുറിച്ച് മൂന്ന് ചോദ്യം വന്നു. ഞാൻ മൂന്ന് ആൻസർ തന്നു. മെയ് 20-ാം തീയതി ഞങ്ങൾ സത്യപ്രതിജ്ഞ ചെയ്തു, ജൂൺ ഫസ്റ്റ് വീക്ക് കഴിഞ്ഞിട്ടാണ് വകുപ്പുതന്നെ കിട്ടുന്നത്. അപ്പോൾ ജൂൺ ഫസ്റ്റ് വീക്കിലെ പ്രൈസ് വെച്ചാണ് ഞാൻ പറഞ്ഞത്. അരിയുടെ കാര്യത്തിൽ ആ മൂന്നുവർഷം 51.64 ശതമാനം വർദ്ധനവ്. ഈ മൂന്നുവർഷംകൊണ്ട് 20.45 ശതമാനം വർദ്ധനവ്. ജൂൺ ഫിഗർവെച്ചാണ് പറഞ്ഞത്.

<u>മി. സ്പീക്കർ</u> : ഇനി ഒരു ചർച്ച ഇല്ല. ചർച്ച കഴിഞ്ഞാൽ പിന്നെ ഒരു ചർച്ചയില്ല. ഇപ്പോൾ തന്നെ ഒരു മണിക്കൂറായി. ഇനി ഒരു മന്ത്രി മറുപടി പറയുവാനുണ്ട്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : അങ്ങേയ്ക്ക് മനസ്സിലായിക്കാണും. മേയിലെ ഫിഗറും ജൂണിലെ ഫിഗറും രണ്ടാണ്. മെയ് മാസത്തിലെ ഫിഗർ വച്ചാണ് 20 ശതമാനം വരുകയില്ല എന്ന് പറയുന്നത്. ജൂണിലെ ഫിഗർ വെച്ചാണ് ഞങ്ങൾ കാൽക്കുലേറ്റ് ചെയ്തത്. 51.56 ശതമാനവും ഇപ്പോഴത്തെ മൂന്നുവർഷംകൊണ്ട് 20.45 ശതമാനം വന്നത്. ഞാൻ പറയുന്നത് ആ മൂന്നു വർഷത്തേയ്ക്കും കമ്പയർ ചെയ്താൽ ഓപ്പൺ മാർക്കറ്റ് പ്രൈസ് കുറഞ്ഞിരിക്കുകയാണ്. കൺസ്യൂമർ ഇൻഡക്സ് കണക്കാക്കുന്നത് ഇവിടത്തെ ബേസിസല്ല കോഴിക്കോട്ടുള്ളത്. ഡിഫറൻസ് ഉണ്ട്. ഒരു കാര്യം സമ്മതിക്കണ്ടായോ? പൊതുവിതരണം ശക്തിപ്പെടുത്തുന്നതിൽ കൂടിയല്ലാതെ നമുക്ക് കേരളത്തിൽ എന്തെങ്കിലും ചെയ്യാൻ പറ്റുമോ? സബ്സ്റ്റാൻഷ്യലായി ചെയ്തോ? അതല്ല ഇനി കുറെക്കൂടി ചെയ്യണമെന്നുണ്ടെങ്കിൽ ചെയ്യാം. കുറെക്കൂടി ചെയ്യാൻ ഒക്കുന്നത് എങ്ങനെയാണ്? കുറെക്കൂടി ചെയ്യാൻ ഒക്കുന്നത് മാവേലിസ്റ്റോറുകളുടെ എണ്ണം കൂട്ടുക. അതല്ലേ? അതുകൊണ്ടാണ് എല്ലാ പഞ്ചായത്തുകളിലും മാവേലിസ്റ്റോറുകൾ തുടങ്ങണമെന്ന് പറയുന്നത്. ഈ ആഗസ്റ്റ് അവസാനത്തോടുകൂടി 126 മാവേലി സ്റ്റോറുകൾകൂടി ആരംഭിക്കും. കേരളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഏത് ഗവണ്മെന്റ് ഭരിച്ചാലും പലവ്യഞ്ജനത്തിന്റേയും പയർവർഗ്ഗങ്ങളുടേയും വില കൺട്രോൾ ചെയ്യണമെങ്കിൽ ക്വാണ്ടിറ്റി ഓഫ് ഡിസ്ട്രിബ്യൂഷൻ കുറയ്ക്കണം, അതിന്റെ വില കൂട്ടാൻ പാടില്ല. അപ്പോൾ പബ്ളിക് ഡിസ്ട്രിബ്യൂഷൻ ക്വാണ്ടിറ്റിയിലും പ്രൈസിലും കൺട്രോൾ ഏർപ്പെടുത്തി, ശക്തമായ ഇന്റർവെൻഷൻ നടത്തിയാണ് ഏറ്റവും ശക്തമായ പൊതുവിതരണ സമ്പ്രദായം കെട്ടിപ്പടുക്കുന്നത്. ഇന്നത്തെ ഹിന്ദു പേപ്പറിൽ ഒരു ലേഖനം വന്നു. ആ ലേഖനത്തിനകത്ത് ഇൻഡ്യയിലെ പൊതുവിതരണ സമ്പ്രദായത്തെക്കുറിച്ചൊക്കെ പറഞ്ഞിട്ടുണ്ട്. അതിൽ അവർ പ്ളാനിംഗ് കമ്മിഷൻ ലേറ്റസ്റ്റായിയെടുത്ത ഒരു രേഖയെ ആസ്പദമാക്കി ഒരു സ്റ്റേറ്റ് വൈസ് റാങ്ക് ഇൻ പബ്ളിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം കൊടുത്തിട്ടുണ്ട്. അതിൽ കേരളം സ്റ്റാന്റ്സ് ഫസ്റ്റ്. ഇതിന്റെ ക്രെഡിറ്റ് എന്റേതായിട്ടൊന്നും ഞാൻ എടുക്കുന്നില്ല. ഇത് കാലാനുകാലമായി പ്രവർത്തിച്ചതിന്റെയൊക്കെ ഫലമായിട്ടാണ്. പ്ലാനിംഗ് കമ്മിഷന്റെ അസ്സസ്മെന്റിൽ പൊതുവിതരണത്തിന്റെ കാര്യത്തിൽ കേരളത്തിന് ഒന്നാമത്തെ റാങ്ക് കിട്ടിയെന്നുള്ളത് നമുക്ക് ചെയ്യാവുന്നതിന്റെ പരമാവധി ചെയ്തതുകൊണ്ടാണ്. അത് പോരായെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിനോട് യോജിക്കുന്നില്ല. നമുക്ക് സാമ്പത്തിക കഴിവുകളുണ്ടെങ്കിൽ പതിനാറ് കിലോ അരിക്കല്ലാതെ ഇരുപത്തിയഞ്ച് കിലോ അരിക്ക് ഒരു രൂപ സബ്സിഡി കൊടുക്കാമെന്നുണ്ടെങ്കിൽ റേഷൻ അരി കൂടുതൽ ചെലവാകും. അതുപോലെ വളരെ വേഗതയിൽ എല്ലായിടത്തും മാവേലിസ്റ്റോറുകൾ തുടങ്ങിയാൽ കുറെക്കൂടി പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്താൻ കഴിയും. യു.എൻ.ഡി.പി. യുടെ 1997-ലെ റിപ്പോർട്ട് ഞാൻ വായിച്ചതാണ്. അതിൽ പറഞ്ഞിരിക്കുന്നത് കേരളത്തിലെ ജനജീവിതം കൂടുതൽ ആകർഷിക്കാനും സുന്ദരമാക്കാനും ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് പൊതുവിതരണം എന്നാണ്. അത് ഇനി അതേ രീതിയിൽ, അല്ലെങ്കിൽ അതിനേക്കാൾ ഭേദമായ രീതിയിൽ തുടരുമോ എന്ന ആശങ്ക എനിക്കുണ്ട്. ഞാൻ രാഷ്ട്രീയ വാദപ്രതിപാദത്തിന് പറയുകയല്ല. എനിക്ക് ഭയാശങ്കകൾ ഉണ്ട്. ഞാൻ ഒരു കാര്യം പറയാം. ഈ നിയസഭയിലുള്ള ഏത് കക്ഷിയിൽപ്പെട്ടവരായാലും അതിനപ്പുറത്തുള്ള ബി.ജെ.പി. യിലുള്ളവരായാലും ഒരു കേരളീയനെ വിളിച്ച് ചോദിച്ചാൽ സംസ്ഥാനത്ത് ശക്തമായ പൊതുവിതരണ സമ്പ്രദായം വേണമെന്ന് പറയും. അതേ അഭിപ്രായമാണോ അങ്ങ് ഡൽഹിയിലുള്ള ഗവണ്മെന്റിനുള്ളത് എന്നുള്ളതിലാണ് ആകാംക്ഷയുള്ളത്. ഇലക്ഷൻ കഴിഞ്ഞാൽ എന്ത് സംഭവിക്കുമെന്നതിനെക്കുറിച്ചും ആശങ്കയുണ്ട്. എന്നാൽ ആ ആശങ്കയ്ക്കൊന്നുമിടയാകാതെ ശ്രീ.ജി.കാർത്തികേയൻ തന്ന ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഈ പൊതുവിതരണം അഭംഗുരം ശക്തമായി തുടരാനും കൂടുതൽ ശക്തിപ്പെടുത്താനും ചെയ്യാൻ പറ്റുന്നതൊക്കെ ചെയ്യാമെന്നുമാത്രം പറഞ്ഞുകൊണ്ട് ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, നമ്മുടെ സംസ്ഥാനത്തെ റോഡുകൾ വേനൽക്കാലമാകുമ്പോൾ മെച്ചപ്പെടുകയും വർഷകാലം ആകുമ്പോൾ മോശമാകുകയും ചെയ്യുന്ന സ്ഥിതി വർഷങ്ങളായി ഇവിടെ നിലനിൽക്കുകയാണ്. ഇത് ഈ ഗവൺമെന്റ് വന്നതിനുശേഷമുണ്ടായ പ്രതിഭാസമാണ് എന്ന് നിഷ്പക്ഷമതികളാരും പറയുകയില്ല. ഈ സംസ്ഥാനത്തെ 21,000 കിലോമീറ്റർ വരുന്ന പി.ഡബ്ല്യു.ഡി. റോഡുകളാണ് മുഖ്യ ചർച്ചാവിഷയം. അത് ഇപ്പോൾ ഏതാണ്ട് 3558 കിലോമീറ്ററോളം സ്റ്റേറ്റ് ഹൈവേ, 11319 കിലോമീറ്റർ മേജർ ഡിസ്ട്രിക്ട് റോഡ്, 4654 കിലോമീറ്റർ

LIBRARY ARCHIVES Kerala Legislative Assembly

അദർ ഡിസ്ട്രിക്ട് റോഡ്. ടാർ ചെയ്തിട്ടുള്ള ഈ റോഡുകൾ എന്തുകൊണ്ട് എളുപ്പം പൊട്ടിപ്പൊളിയുന്നുവെന്ന് ചോദിച്ചാൽ ഈ ഗവൺമെന്റ് വന്നതിനു ശേഷമുണ്ടായിട്ടുള്ള എന്തെങ്കിലും ശ്രദ്ധക്കുറവുകൊണ്ടാണോ അതോ ഈ മൂന്നു കൊല്ലത്തിനുള്ളിൽ ടാർ ചെയ്തതുകൊണ്ടാണോ? റോഡിന്റെ കൺസ്ട്രക്ഷൻ ഏറ്റവും ചെലവു കുറഞ്ഞ രീതിയിൽ ആണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഒരു കാലത്ത് ഈ റോഡുകൾ പണിയുമ്പോൾ ഇത്രയും മൾട്ടി ആക്സിൽ വെഹിക്കിൾസ് ഓടേണ്ട സ്ഥിതി ഉണ്ടായിരുന്നില്ല. 20-ഉം 30-ഉം ടൺ ഭാരമുള്ള ഹെവി വെഹിക്കിൾസ് ഓടേണ്ട സ്ഥിതി അന്ന് ഉണ്ടായിരുന്നില്ല. അതുകൊണ്ട് അന്നത്തെ റോഡുകൾ ആ നിലയ്ക്കനുസരിച്ച് പണിതിട്ടുള്ളവയാണ്. ഇപ്പോൾ അതിനനുസരിച്ചുള്ള സബ് വേയും സബ് ഗേജും ശക്തമാക്കിയിട്ടില്ല. ഇപ്പോൾ വാഹനങ്ങളുടെ തിരക്ക് വർദ്ധിച്ചു. പ്രത്യേകിച്ചും ഹെവി വെഹിക്കിൾസിന്റെ തിരക്ക് വർദ്ധിച്ചപ്പോൾ മഴക്കാലമാകുമ്പോൾ ഈ റോഡുകളൊക്കെ പൊട്ടിപ്പൊളിയുന്നത് സ്വാഭാവികമാണ്. അത് ഈ നിയമസഭയിൽ പല പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. ഇത് പരിഹരിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിലുള്ള ഒരു പദ്ധതി ആവശ്യമാണ്. ആ പദ്ധതി എന്തുകൊണ്ട് നടപ്പിലാക്കിയിട്ടില്ലായെന്ന് പെട്ടെന്ന് ചോദിച്ചാൽ അങ്ങനെയൊരു പദ്ധതി അംഗീകരിച്ച് നടപ്പിലാക്കാൻ മിനിമം സമയം വേണം. ഒരു കൊല്ലം കൊണ്ടോ രണ്ടുകൊല്ലം കൊണ്ടോ നടക്കുന്ന കാര്യമല്ല. അതിനുള്ള പരിഹാരമെന്ന് പറയുന്നത് ഇന്നുള്ള റോഡുകളെ സംബന്ധിച്ച് ശരിയായ ഒരു പഠനം നടത്തുക എന്നുള്ളത് തന്നെയാണ്. പൊട്ടിപ്പൊളിഞ്ഞുകിടക്കുന്ന ഈ റോഡുകളൊക്കെ മെച്ചപ്പെടുത്തിയെടുക്കാൻ ബഡ്ജറ്റിലുള്ള തുകകൊണ്ട് സാദ്ധ്യമാകുകയില്ലെന്ന് എല്ലാപേർക്കും അറിയാം. റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിനെപ്പറ്റി ഇവിടെനിന്നും പല നിർദ്ദേശങ്ങളും വരികയുണ്ടായി. ഒരു കിലോമീറ്റർ റോഡ് കോൺക്രീറ്റ് ചെയ്യാൻ ഒരുകോടി രൂപ ചെലവാകും. സാധാരണ ടാറിംഗിന് ആറേഴു ലക്ഷം രൂപ ചെലവാകുന്ന സ്ഥാനത്ത് കോൺക്രീറ്റ് ചെയ്യണമെങ്കിൽ ഒരുകോടി രൂപ വേണം. ഒ.ഡി.ആർ. പോയിട്ട് 15,000 കിലോമീറ്റർ റോഡ് കോൺക്രീറ്റ് ചെയ്യണമെങ്കിൽ 15,000 കോടി രൂപ വേണം. അതു സംബന്ധിച്ച് നമുക്ക് ഇപ്പോൾ ആലോചിക്കാൻ കഴിയുമോ? നിലവിൽ പെട്ടെന്ന് റോഡ് മോശമായാൽ അത് പഴയ നിലയിൽ ആക്കുക എന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. ആ ജോലി ചെയ്തുകഴിയുമ്പോൾ മേജർ വർക്കുകൾ ചെയ്യാൻ ഫണ്ട് ഉണ്ടാവുകയില്ല. അതുകൊണ്ട് ഈ റോഡുകളെ സംബന്ധിച്ച് ശാസ്ത്രീയമായി ഒരു പഠനം നടത്തണം. അതിന് ഇന്ത്യയിൽ അംഗീകാരമുള്ള ഒരു ഏജൻസിയെക്കൊണ്ട് പഠനം നടത്തിച്ച്. വളരെ സമയബന്ധിതമായ പരിപാടികളുമായി മുന്നോട്ടുപോകുകയാണ്. കേരളത്തിൽ മൊത്തം വാഹനങ്ങൾ ഓടുന്നതു നോക്കിയാൽ ആകെയുള്ള 20% റോഡിലാണ് 80% വാഹനങ്ങൾ ഓടുന്നത്. അത്തരം റോഡുകൾക്ക് മുൻഗണന കൊടുക്കേണ്ടിയിരിക്കുന്നു. സ്റ്റേറ്റ് ഹൈവേകൾക്കും മേജർ ഡിസ്ട്രിക്ട് റോഡുകൾക്കും മുൻഗണന കൊടുത്തുവേണം ഈ റോഡ് റീ-കൺസ്ട്രക്ട് ചെയ്യാൻ. റീ-കൺസ്ട്രക്ട് ചെയ്തേ പറ്റൂ. കേരളത്തിൽ വാഹനങ്ങൾ വർദ്ധിച്ചുവരികയാണ്. റോഡുകൾ റീ-കൺസ്ട്രക്ട് ചെയ്യാനുള്ള ബൃഹത്തായ പദ്ധതിക്ക് രൂപം കൊടുക്കേണ്ടതായിട്ടുണ്ട്. ഇപ്പോൾ ഒരു സ്കീം ആവിഷ്കരിച്ചതിനെ സംബന്ധിച്ച് ഞാൻ ആവർത്തിച്ചു പറയുകയാണ്. ലോക ബാങ്കിന്റെ സഹായം തേടിയിട്ടുള്ള പദ്ധതി തന്നെയാണ്. ''റൈറ്റ്സ്'' സ്റ്റഡി നടത്തിയപ്പോൾ മാക്സിമം ട്രാഫിക് ഉള്ള 2810 കിലോമീറ്റർ ഐഡന്റിഫൈ ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ആ റോഡിന് മുൻഗണന കൊടുത്ത് പണിയുകയാണ്. അതിനുള്ള പദ്ധതി യ്ക്കാണ് രൂപം കൊടുത്തത്. സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് പദ്ധതി സമർപ്പിച്ചു. ചില വ്യവസ്ഥകൾ വച്ചു, സംസ്ഥാന ക്യാബിനറ്റ് അംഗീക രിച്ചു. ടെക്നിക്കൽ പ്രോജക്ട്-പ്രോജക്ട് ഇംപ്ലിമെന്റേഷനുവേണ്ടിയുള്ള ആഫീസറെ നിയമിച്ചു. ലോക ബാങ്കിന്റെ സഹായത്തോടുകൂടി കൺസൾട്ടന്റിനെ നിയമിച്ചു. ആ സ്റ്റഡി ഏതാണ്ട് പൂർത്തിയാകുകയാണ്. 2810 കിലോമീറ്ററിൽ ആദ്യത്തെ 1000 കിലോമീറ്റർ നല്ല നിലയിൽ പണിയാനും 800 കിലോമീറ്റർ മെയിന്റനൻസ് ചെയ്യാനുമാണ് ഉദ്ദേശിക്കുന്നത്. അവരുടെ മെയിന്റനൻസ് എന്നുപറയുന്നത് ഒരു കിലോമീറ്ററിന് 25 ലക്ഷം രൂപയാണ്. അങ്ങനെ 1800 കിലോമീറ്റർ നന്നാക്കുന്നതിനുള്ള ഒരു പ്രോജക്ട് സ്റ്റഡി അന്തിമഘട്ടത്തിലാണ്. ലോകബാങ്കിന്റെ മിഡ്ടേം റിവ്യൂ അടുത്തുതന്നെ നട ക്കുകയാണ്. അതിൽ സാംഗ്ഷൻ എല്ലാം വെറ്റ് ചെയ്തിട്ടുണ്ട് എന്നുള്ളതാണ് എനിക്ക് കിട്ടിയ അറിവ്. അങ്ങനെയാണെങ്കിൽ ആ പ്രോജക്ടിന് അംഗീകാരം കിട്ടും അങ്ങനെയുള്ള ഒരു സ്കീംവഴി മാത്രമേ നമുക്ക് റോഡുകൾ ഇപ്പോ ഴുള്ള പൊട്ടിപ്പൊളിഞ്ഞ നിലയിൽനിന്നും റീ-കൺസ്ട്രക്ട് ചെയ്യാൻ പറ്റുക യുള്ളൂ. ആ യാഥാർത്ഥ്യം എല്ലാപേരും അംഗീകരിക്കുമെന്നാണ് എന്റെ പ്രതീക്ഷ. കഴിഞ്ഞ വേനൽക്കാലം അവസാനിക്കുമ്പോൾ അന്ന് കേരളത്തിലെ സ്റ്റേറ്റ് ഹൈവേയും മറ്റ് മേജർ ഡിസ്ട്രിക്ട് റോഡുകളുമെല്ലാം അറ്റകുറ്റപ്പണി കൾ നടത്തി കേടുപാടില്ലാതെ കിടന്നിരുന്നു. കേരളത്തിലുടനീളം അടിയന്തിര മായി അത്തരം വർക്കുകൾ ചെയ്തുതീർത്തിരുന്നു. മഴ തുടങ്ങിയപ്പോൾ റോഡുകൾ മോശമായി. തിരുവനന്തപുരം സിറ്റിയിലെതന്നെ കാര്യമെടുക്കാം. റെയിൽവേ സ്റ്റേഷനിൽനിന്നും പോരുമ്പോൾ നമുക്ക് അറിയാം. ആ റോഡു കൾ ഉൾപ്പെടെ എല്ലാം പൊട്ടിപ്പൊളിഞ്ഞു. ഒരാഴ്ച മഴയില്ലാതെ കിട്ടിയ സമ യംകൊണ്ട് ആ റോഡുകളെല്ലാം പഴയ നിലയിൽ ആക്കിയിട്ടുണ്ട്. യുദ്ധകാലാ ടിസ്ഥാനത്തിൽ ഒറ്റയാഴ്ചത്തെ വർക്കുകൊണ്ട് പണികൾ തീർത്തു. ക്വാളിറ്റി വേണമെങ്കിൽ ഇന്നുള്ള ടാറിംഗ് എല്ലാം മാറ്റി സബ് വേയ്സും സബ്ഗേജു മെല്ലാം നന്നാക്കുന്നതിന് സമയം കൂടുതലാകും. അതിനുള്ള സ്കീം നമുക്ക് ഉണ്ടാക്കേണ്ടിയിരിക്കുന്നു. അതിന് സംശയമില്ല. ഈ ഒരു സ്കീം മാത്രം പോരാ. റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ ഉണ്ടാക്കിയിരിക്കുന്നതും ഇതേ ഉദ്ദേശത്തോടുകൂടിയാണ്. ഒറ്റ പ്രോജക്ടുകൊണ്ടുമാത്രം തീരുകയില്ല. നമുക്ക് അനേകം പാലങ്ങളും റോഡുകളും തീർക്കാനുണ്ട്. ബഡ്ജറ്റിനപ്പുറ ത്തുള്ള ഫണ്ട് സമാഹരിക്കാൻ കഴിയണം. ആ ഉദ്ദേശത്തോടുകൂടി റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷന്റെ പ്രവർത്തനം തുടങ്ങാനും ഈ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഈ പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കി ക്കൊണ്ട് കേരളത്തിലെ റോഡുകൾ മെച്ചപ്പെടുത്താൻ ആലുവ-ചേർത്തല റോഡ് തീർത്തതുപോലെ നാലുവരി ഇല്ലെങ്കിലും രണ്ടുവരി പാതയെങ്കിലും മെച്ചപ്പെട്ട രീതിയിൽ തീർക്കുന്നതിനുവേണ്ടിയുള്ള ബൃഹത്തായ പദ്ധതിക്ക് രൂപംകൊടുത്ത് മുന്നോട്ടുനീങ്ങുകയാണ്. ഇങ്ങനെയൊരു പ്രോജക്ട് ഇതിനു മുമ്പ് ഉണ്ടായിട്ടില്ലായെന്നുള്ള കാര്യം സമ്മതിക്കണം. അത്തരത്തിൽ ഒരു പ്രോജക്ടിന് രൂപം കൊടുത്ത് മുന്നോട്ടുനീങ്ങുന്ന ഒരു കാലഘട്ടമാണിത്. ഇവിടെ എക്സ്പ്രസ്സ് ഹൈവേയെപ്പറ്റി സൂചിപ്പിച്ചു. എക്സ്പ്രസ്സ് ഹൈവേ കേന്ദ്രഗവൺമെന്റ് ഇവിടെ പ്രഖ്യാപിക്കുന്നതിനുമുമ്പുതന്നെ സംസ്ഥാന ഗവൺമെന്റ് ഇതിനെക്കുറിച്ച് ആലോചിച്ചു സ്റ്റഡി നടത്തി. അതിന്റെ റിപ്പോർട്ടും കിട്ടി. ഇപ്പോൾ പച്ചപ്പായ്ക മുതൽ കുന്നമംഗലം വരെയുള്ള ഭാഗ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ വിശദമായ ഫീസിബിലിറ്റി സ്റ്റഡിക്കുള്ള കൺസൾട്ടൻസി ടെണ്ടർ പരിശോധിച്ചുവരുകയാണ്. കൺസൾട്ടന്റിനെ നിയമിച്ചാലേ ആ വർക്ക് പ്രൊസീഡ് ചെയ്യാൻ ഒക്കുകയുള്ളൂ. അങ്ങനെയുള്ള ആ ഒരു പോർഷൻ 70 കിലോമീറ്റർ എക്സ്പ്രസ്സ് ഹൈവേ ആക്കുമ്പോൾ ഒരു കിലോമീറ്ററിന് ആറ് കോടി രൂപ ചെലവാകും. അതിനുള്ള കൺസൾട്ടൻസിയുടെ ടെണ്ടർ ഇപ്പോൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ പ്രധാനപ്പെട്ട ഒരു സ്കീംസിന് രൂപം കൊടുത്തുകൊണ്ടിരിക്കുകയാണ്. ഹൈവേ എൻജിനീയറിംഗിൽ വന്നിട്ടുള്ള പുതിയ രീതികൾ നമുക്ക് അവലംബിക്കേണ്ടതായിട്ടുണ്ട്. അതുപോലെ റോഡുകളുടെ ജിയോമെട്രിക്സ് മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. കേരളത്തിന്റെ കാലാവസ്ഥയിൽ പ്രധാനപ്പെട്ട ഈ മേജർ വർക്കുകൾ തുടങ്ങുന്നതിനുമുമ്പു തന്നെ ഇന്ന് ചെയ്തുകൊണ്ടിരിക്കുന്ന വർക്കുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയാണ് റോഡ് റബ്ബറൈസേഷനെപ്പറ്റി ആലോചിച്ചത്. റോഡ് റബ്ബറൈസേഷനെപ്പറ്റി വളരെ കാലമായി ചർച്ച നടക്കുന്നുണ്ട്. ഒന്നോ രണ്ടോ അഞ്ചോ കിലോമീറ്റർ തീർത്തതുകൊണ്ട് നമുക്ക് ഒരു പ്രയോജനവും കിട്ടുകയില്ല. ആ കാര്യത്തിൽ റിഫൈനറിയിൽ തന്നെ ലാറ്റക്സും ബിറ്റുമിനുംകൂടി മിക്സ് ചെയ്തു കിട്ടിയാൽ മാത്രമേ അത് പ്രയോജനം ചെയ്യുകയുള്ളൂ. കൊച്ചിൻ ഓയിൽ റിഫൈനറീസുമായി ചർച്ച ചെയ്തു. ഒരു കൊല്ലംകൊണ്ട് ചർച്ച നടക്കുന്നതാണ്. അവർ പല കാര്യങ്ങളും ഞങ്ങളോട് ആവശ്യപ്പെട്ടു. അവസാനം എത്ര ടൺ റബ്ബറൈസ്ഡ് ബിറ്റുമിൻ വാങ്ങും എന്നുള്ള ഒരു ഉറപ്പ് ഇവിടെനിന്നും കൊടുക്കേണ്ടതായിട്ടുണ്ടായിരുന്നു. ഈ ചർച്ചയ്ക്കുശേഷം ഇപ്പോൾ അവർ അതിന്റെ സാമ്പിൾ പുറത്തിറക്കി. ഈ നവംബർ മാസം മുതൽ റബ്ബറൈസ്ഡ് ബിറ്റുമിൻ റിഫൈനറിയിൽനിന്നും ഇറക്കുകയാണ്. 15,000 ടൺ റബ്ബറൈസ്ഡ് ബിറ്റുമിൻ ഒരു വർഷം ഇറക്കുന്നതിനുള്ള പ്ലാന്റ് തയ്യാറാക്കിക്കഴിഞ്ഞു. നവംബർ മുതൽ പ്രൊഡക്ഷൻ ആരംഭിക്കുകയാണ്. 50,000 ടൺ ബിറ്റുമിൻ ആണ് ഉപയോഗിക്കുന്നത്. അതിൽ 15,000 ടൺ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ച് അടുത്ത വർഷംമുതൽ റോഡ് ടാർ ചെയ്യാനുള്ള സ്ഥിതിവിശേഷം സംജാതമാകുകയാണ്. അതുപോലെ ഇന്ന് അംഗീകരിക്കപ്പെട്ടിട്ടുള്ള കോൺക്രീറ്റിനെക്കാൾ ചെലവു കുറഞ്ഞ ബി. എം.ആന്റ് എ.സി. നാഷണൽ ഹൈവേയുടെ ഭാഗങ്ങളിൽ ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് ഹൈവേയിലും ആദ്യമായിട്ട് 10 കിലോമീറ്ററിലുള്ള വർക്കുകൾ ഏതാണ്ട് പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ശബരിമല റോഡിലാണ് നടക്കുന്നത്. അതിന് 20 ലക്ഷത്തിനും 25 ലക്ഷത്തിനും മദ്ധ്യേ ചെലവ് ഉണ്ടാകും. പക്ഷേ ഏതാനും വർഷക്കാലം കേടു കൂടാതെ കിടക്കും. ബി.എം. ആന്റ് എ.സി. സംസ്ഥാനത്തെ കുറെ റോഡുകളിൽ ഈ വർഷം ചെയ്യാൻ തീരുമാനിച്ചു. തൃശ്ശൂരിൽനിന്നും കുന്നംകുളം വഴി കുറ്റിപ്പുറത്ത് പോകുന്ന റോഡിന്റെ കുറെ ഭാഗത്ത് ബി.എം. ആന്റ് എ.സി. ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. പലപ്പോഴും കേടാകുന്ന, പെരുമ്പാവൂരിൽനിന്നും അങ്കമാലിയിലേക്കുള്ള ഭാഗം, അങ്ങനെ ചുരുക്കം ചില സ്ഥലങ്ങൾ സെലക്ട് ചെയ്ത് വർക്കുകൾ ചെയ്യാനുള്ള തീരുമാനം എടുത്തിട്ടുണ്ട്. ഇങ്ങനെ റോഡുകളുടെ ക്വാളിറ്റി ഇംപ്രൂവ് ചെയ്യാനുള്ള പുതിയ ടെക്നോളജി അപ്ലൈ ചെയ്തുകൊണ്ട് തീരുമാനങ്ങൾ എടുത്തു നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ജിയോഫാബ്രിക്സ് ഉപയോഗിച്ച് ഒരു റോഡിന്റെ പണി വ്യവസായ വകുപ്പുമായി സഹകരിച്ച് പരീക്ഷണാർത്ഥം നടപ്പാക്കാൻ തീരുമാനിച്ചു. ഇത് റോഡുകൾ താണുപോകാതിരിക്കാൻ സഹായകമായിരിക്കും. അത് വളരെ ചെലവേറിയതാണ്. ഇതിനാവശ്യമായ കയർ

LIBRARY ARCHIVES Kerala Legislative Assembly

സപ്ലൈ ചെയ്യുന്നതിന് കിലോമീറ്ററൊന്നിന് ഏതാണ്ട് 60 ലക്ഷം രൂപയാകും. വളരെ ദൂരം ചെയ്യാൻ ഇപ്പോൾ നമുക്ക് ബുദ്ധിമുട്ടുണ്ട്. ഇത്തരത്തിൽ റോഡ് നിർമ്മാണരംഗത്ത് മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാന ഗവൺമെന്റ് കൊടുത്തിട്ടുള്ള മെമ്മോറാണ്ടത്തിലെ 3 റോഡുകൾ നാഷണൽ ഹൈവേയായി കേന്ദ്ര ഗവൺമെന്റ് സെലക്ട് ചെയ്തിട്ടുണ്ട്. കൊല്ലം തിരുമംഗലം 81 കിലോമീറ്റർ, കോഴിക്കോട്-പാലക്കാട് 141 കിലോമീറ്റർ, കോഴിക്കോട് -മൈസൂർ 117 കിലോമീറ്റർ. ഇത്രയുമാകുമ്പോൾ കേരളത്തിലെ നാഷണൽ ഹൈവേയുടെ ദൈർഘ്യം 1011-ൽ നിന്നും 1350 കിലോമീറ്ററായി വർദ്ധിപ്പിച്ചിട്ടുണ്ട്. നാഷണൽ ഹൈവേയായി ഏറ്റെടുത്തതുകൊണ്ടുമാത്രം റോഡുകൾ നന്നാകും എന്നുള്ള നിഗമനത്തിൽ നമ്മൾ എത്തുന്നില്ല. കാരണം എൻ.എച്ച്. 17-ന്റെ സ്ഥിതി നമുക്കറിയാം. വളരെ കുറച്ച് ഭാഗം മാത്രമേ നാഷണൽ ഹൈവേയുടെ ടൂ ലൈൻ സ്റ്റാന്റേർഡിൽ എത്തിയിട്ടുള്ളൂ. അവിടെ പണികൾ ഒന്നും നടക്കുന്നില്ല. കാരണം ഒരു വർഷം നാഷണൽ ഹൈവേയ്ക്ക് കേരളത്തിലേയ്ക്ക് അലോട്ട് ചെയ്യുന്ന 50 കോടി രൂപകൊണ്ടു വേണം റോഡുകളും പാലങ്ങളും നിർമ്മിക്കാൻ. അതുകൊണ്ട് നാഷണൽ ഹൈവേയുടെ കാര്യത്തിൽ കൂടുതൽ അലോട്ട്മെന്റ് കേരളത്തിന് കിട്ടണം എന്നാണ് നമ്മുടെ ആവശ്യം. ഒട്ടേറെ പ്രോജക്ടുകൾ നൽകിയിട്ടുണ്ട്. കുറെ ബൈപ്പാസുകളുടെ അനുമതി അടുത്ത കാലത്ത് കിട്ടുകയുണ്ടായി. മാർത്താണ്ഡവർമ്മ പാലത്തിന് ഈ കഴിഞ്ഞ ദിവസമാണ് അനുമതി ലഭിച്ചത്. ഉടനെ അതിന്റെ ടെണ്ടർ വിളിക്കുന്നതാണ്. റെയിൽവേ ഓവർബ്രിഡ്ജുകൾക്ക് പള്ളിക്കര, പടന്നക്കാട് എന്നീ സ്ഥലങ്ങളിൽ ഭൂമി എടുക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ചേറോട് മേൽപ്പാലത്തിന് ഭൂമി ഏറ്റെടുത്തുകഴിഞ്ഞു. പാലം പണിക്കുള്ള അനുമതി പ്രതീക്ഷിക്കുന്നു. നന്ദി, ചെങ്കോട്ടുകാവ് എന്നിവിടങ്ങളിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുമതി ഈ മാസം ലഭിച്ചു. നാഷണൽ ഹൈവേ ഏറ്റെടുക്കാത്ത ചില വർക്കുകളുടെ കാര്യം ഉണ്ട്. അതിലേയ്ക്ക് വിശദമായി കടക്കുന്നില്ല. വെങ്ങളം, വെങ്ങാലി, മുഴുപ്പിലങ്ങാട് ഈ ലെവൽ ക്രോസുകൾ കോഴിക്കോട്-തലശ്ശേരി ബൈപ്പാസുകൾ പൂർത്തിയാക്കുന്നതോടുകൂടി ദേശീയ പാതയിൽനിന്നും ഒഴിവാകുമെങ്കിലും ഇവിടങ്ങളിലെ ഗതാഗതത്തിരക്ക് പരിഗണിച്ച് സംസ്ഥാന സർക്കാർതന്നെ മേൽപ്പാലങ്ങൾ നിർമ്മിക്കാനുള്ള തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. ആക്കുളം പാലത്തിന്റെ കാര്യം പലപ്പോഴും സഭയിൽ പരാമർശിക്കപ്പെട്ടിട്ടുള്ളതാണ്. പണി മുടങ്ങിക്കിടന്നിരുന്നു. എന്നാൽ ഇപ്പോൾ പണികൾ തുടങ്ങിയിട്ടുണ്ട്. ആ പണികൾ വളരെ വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ നീങ്ങിക്കൊണ്ടിരിക്കുകയാണ്. കോഴിക്കോട്, കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ പണി എളുപ്പം തീർക്കേണ്ട ആവശ്യമുണ്ട്. അതിന് മുൻഗണന കൊടുത്തുകൊണ്ട് ഗവൺമെന്റ് പ്രൊപ്പോസൽസുമായി മുന്നോട്ടുനീങ്ങുകയാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : അങ്ങ് നാഷണൽ ഹൈവേ പുതുതായി അനുവദിച്ച കാര്യം പറഞ്ഞു. വളരെ സന്തോഷകരമായ കാര്യം തന്നെയാണ്. മലപ്പുറം ജില്ലയിലെ പൊന്നാനി, തവനൂർ തുടങ്ങി ചില ഭാഗങ്ങൾ, നമ്മുടെ മുഖ്യമന്ത്രിയുടെ നിയോജകമണ്ഡലമായ തലശ്ശേരിയുടെ ഭാഗത്തെ നാഷണൽ ഹൈവേ, അവിടെയൊക്കെ ഒരു ബസ്സിനുപോലും കഷ്ടിച്ച് പോകാനുള്ള വീതിയേയുള്ളൂ. പലപ്രാവശ്യം ഈ നിയമസഭയിൽ ഉന്നയിച്ചതാണ്. അക്കാര്യത്തിൽ വല്ലതും ചെയ്യാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ? അതിന് ഇന്ത്യാ ഗവൺമെന്റിന് എഴുതിയോ? വല്ല അംഗീകാരവും കിട്ടിയോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.ജെ. ജോസഫ് : തലശ്ശേരി ബൈപ്പാസ് വളരെ പ്രാധാന്യം കൊടുത്ത് അതിന്റെ അനുവാദത്തിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. രണ്ട് വലിയ പാലങ്ങളും ഉണ്ടാകും. ടെണ്ടർ ചെയ്യാനുള്ള അനുമതി ആയിട്ടില്ല. മുഖ്യമന്ത്രിയുടെ കാര്യം പറഞ്ഞതുകൊണ്ടാണ്. രണ്ട് റെയിൽവേ ഓവർബ്രിഡ്ജ് ഒഴിവാക്കിക്കൊണ്ട് ചൊവ്വ-നടാൽ ബൈപ്പാസിന്റെ പണി തുടങ്ങിയത് പൂർത്തിയാകാൻ പോവുകയാണ്. എട്ട് കോടി രൂപയാണ് ചെലവാകുന്നത്. അത് മുഖ്യമന്ത്രിയുടെ താൽപ്പര്യപ്രകാരം ചെയ്തിട്ടുള്ളതാണ്. ആ ബൈപ്പാസുകളുടെ കാര്യത്തിൽ മുൻഗണന കൊടുത്ത് മുന്നോട്ടുനീങ്ങണം എന്നു തന്നെയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ഇവിടെ പലരും സൂചിപ്പിക്കുകയുണ്ടായി. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് നബാർഡ് സ്കീമുകൾ ആരംഭിച്ചത്. നബാർഡിന്റെ സഹായത്തോടുകൂടി ഏകദേശം 122 കോടി രൂപ മുതൽമുടക്കുള്ള 97 പാലങ്ങളിൽ 23 പാലങ്ങളുടെ പണി പൂർത്തിയായി. 33 പാലങ്ങൾ പണി പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ബാക്കി പാലങ്ങളുടെ പണിയിലും പ്രോഗ്രസ് ഉണ്ട്. ഇനിയും പാലങ്ങളും റോഡുകളും നബാർഡിന്റെ സഹായത്തോടുകൂടി ഏറ്റെടുക്കുന്നതിനും പുതിയ രീതിയിൽ കൺസ്ട്രക്ഷൻ നടത്തുന്നതിനുമുള്ള ഒട്ടേറെ കാര്യങ്ങൾ ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ടി.കെ. നൗഷാദ് : റെയിൽവേ ഓവർബ്രിഡ്ജിന്റെ കാര്യം പറഞ്ഞല്ലോ. പാലക്കാട് റെയിൽവേ ഓവർബ്രിഡ്ജിന്റെ കാര്യംകൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. പി.ജെ. ജോസഫ് : സർ, അതും നമ്മുടെ സ്കീമിൽ ഉൾപ്പെട്ടതാണ്. ബൈപ്പാസ് റെയിൽവേ ഓവർബ്രിഡ്ജ് ഇത് വളരെ പ്രാധാന്യമുള്ള ഒരു കാര്യമാണ്. ചില റെയിൽവേ ഓവർബ്രിഡ്ജുകളുടെ പണി ഇവിടെ തുടങ്ങിയിരിക്കുന്നത് നിങ്ങൾക്ക് അറിയാവുന്നതാണ്. വടക്കാഞ്ചേരി മേൽപ്പാലം 1932 മുതൽ ഡിമാന്റിലുള്ളതാണ്. അതിന്റെ പണികൾ ആരംഭിച്ചു. അത് ശ്രീ. ബാലരാമിന്റെ മണ്ഡലവുമാണ്. ഇവിടെ റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ വഴി നമ്മൾ ചില കാര്യങ്ങൾക്ക് മുൻഗണന കൊടുക്കാനുള്ള തീരുമാനമെടുത്തു. അതിൽ ഹഡ്കോ ആദ്യപടിയായി ഒരു ബ്രിഡ്ജ് ലോൺ തരാമെന്ന് സമ്മതിച്ചിരിക്കുകയാണ്. ഈ സംസ്ഥാനത്തെ ഏറ്റവും പ്രാധാന്യമുള്ള, കോഴിക്കോടു മുതൽ തലശ്ശേരിവരെയുള്ള റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ പണികൾ ഒരു പാക്കേജ് എന്നുള്ള നിലയിൽ ഏറ്റെടുക്കുന്നതിനുള്ള ഒരു പ്രോജക്ട് ഇതിനോടകം തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. അതിനെ സംബന്ധിച്ച് ഹഡ്കോയുമായി ചർച്ച നടത്തിക്കഴിഞ്ഞു. അതിനുള്ള സാമ്പത്തിക സഹായം നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. ഈ നിലയിൽ കോഴിക്കോടു മുതൽ കണ്ണൂർ വരെയുള്ള ഭാഗം ഇത്തരത്തിൽ പ്രധാനപ്പെട്ട വർക്കുകൾ നടത്താനുള്ള പരിശ്രമത്തിലാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പി.ഡബ്ല്യൂ.ഡി. കോഡ് ആന്റ് മാനുവൽ പരിഷ്ക്കരിക്കാൻ തീരുമാനിച്ചു. കോഡ് ആന്റ് മാനുവൽ പരിഷ്ക്കരിച്ചപ്പോൾ കുറേ മാറ്റങ്ങൾ ഇതിൽ വരുത്തുകയുണ്ടായി. യാഥാർത്ഥ്യബോധത്തോടുകൂടി കാര്യങ്ങൾ ചെയ്യണമെന്നുള്ള തീരുമാനമാണ് ഗവൺമെന്റ് എടുത്തത്. ഇവിടെ കമ്പിയും സിമന്റും വാങ്ങുന്ന ഒരു കാര്യത്തെപ്പറ്റി ചില പരാമർശങ്ങൾ ഉണ്ടായി, അത് പി.ഡബ്ല്യൂ.ഡി. കോഡ് ആന്റ് മാനുവലിൽ പെട്ട് വന്നതാണ്. കമ്പിയും സിമന്റും നമ്മൾ ഡിസ്ട്രിക്ട് സ്റ്റോർ വഴി കൊടുത്തുകൊണ്ടിരുന്നതിന് ഒരു പ്രത്യേക പശ്ചാത്തലമുണ്ട്. പ്രൊഡക്ഷൻ ആവശ്യത്തിന്

ഉണ്ടായിരുന്നു. അപ്പോൾ ഗവൺമെന്റിൽനിന്നും കാട്ടാ അനുസരിച്ച് കമ്പിയും സിമന്റും നൽകിയിരുന്നു. അതുകൊണ്ട് ഗവൺമെന്റ് വർക്കുകൾക്ക് മുൻഗണന കൊടുത്തപ്പോൾ ഓപ്പൺ മാർക്കറ്റിൽ വളരെ വില കൂടിയിരുന്ന ഒരു പശ്ചാത്തലമുണ്ട്. ആ സ്ഥിതി ഇന്നില്ല. അതില്ലാത്ത പശ്ചാത്തലത്തിൽ കമ്പിയും സിമന്റും സ്റ്റോറിൽനിന്നും കൊടുക്കുക എന്നുപറഞ്ഞാൽ ഗവൺമെന്റ് ആദ്യം പണം മുടക്കി ഇത് സ്റ്റോറിൽ ഉണ്ടാക്കണം. അങ്ങനെ വരുമ്പോൾ സപ്ലൈ ചെയ്യാൻ പറ്റാത്തതിന്റെ പേരിൽമാത്രം ഒട്ടേറെ വർക്കുകൾ മുടങ്ങിക്കിടക്കുന്നുണ്ട്. ഗവൺമെന്റ് സപ്ലൈ ചെയ്യുന്നില്ലായെങ്കിൽ വർക്ക് നടക്കില്ല. അതുകൊണ്ട് അതിനെപ്പറ്റി ആലോചിച്ച് ചെറിയ വർക്കുകൾക്കെല്ലാം ഡിസ്ട്രിക്ട് സ്റ്റോറിൽനിന്ന് കൊടുക്കുകയാണ്. 55 ലക്ഷം രൂപയിൽ കൂടുതൽ മുതൽമുടക്കുള്ള വർക്കുകൾക്ക് സൂപ്രണ്ടിംഗ് എൻജിനീയറുടെ TS പ്രൊവിഷന് മുകളിൽ ഉള്ളതിന് കോൺട്രാക്ടർതന്നെ മാർക്കറ്റിൽനിന്ന് വാങ്ങാനും പ്രൊവിഷൻ കൊടുത്തു. അങ്ങനെ വാങ്ങാനുള്ള തീരുമാനം എടുക്കുമ്പോൾ അത് ഗവൺമെന്റിന് ലാഭകരമാകുമോ എന്നുള്ള കാര്യത്തിൽ തീർച്ചയായിട്ടും അന്നുതന്നെ അതിനെപ്പറ്റി ഒരു ആലോചനയുണ്ടായിരുന്നു. കോൺട്രാക്ടേഴ്സ്തന്നെ ഈ മെറ്റീരിയൽസ് വാങ്ങിയാൽ എളുപ്പം പണി തീർക്കാൻ കഴിയും എന്നുള്ളത് എല്ലാവരും അംഗീകരിക്കുന്ന കാര്യമാണ്. കോൺട്രാക്ടേഴ്സ് തന്നെ ഈ മെറ്റീരിയൽസ് വാങ്ങിയാൽ മൊത്തം എസ്റ്റിമേറ്റ് തുകയുടെയാണ് ടെണ്ടർ വിളിക്കുന്നത്. കമ്പി, സിമന്റ് മറ്റ് വർക്കുകൾ ഉൾപ്പെടെയാണ് ടെണ്ടർ വിളിക്കുന്നത്. പ്രത്യേകിച്ച് പാലങ്ങൾ, കെട്ടിടങ്ങൾ ഇതിനൊക്കെ കമ്പിയും സിമന്റും കൂടുതൽ കാണ്ടിറ്റി ഉണ്ടാകും. അത്തരം വർക്കുകളെ സംബന്ധിച്ച് അപ്പോൾ കൺവേയൻസ് തുക ഉണ്ടാകില്ല. ഈ തീരുമാനം എടുത്തുകഴിഞ്ഞ് ഗവൺമെന്റ് ഇത് വിലയിരുത്താനായിട്ട് ആഗ്രഹിച്ചു. ഏറെ താമസിയാതെ അതിനെപ്പറ്റി പഠനം നടത്താൻ ഗവൺമെന്റിന് മൊത്തത്തിൽ ലാഭകരമാകുമോ, നഷ്ടം വരുത്തുമോ എന്നുള്ളത് വിലയിരുത്താൻ ഒരു കമ്മിറ്റിയെ നിയോഗിച്ചു. മൂന്ന് ചീഫ് എൻജിനീയർമാരും ഫൈനാൻസിലെ അഡീഷണൽ സെക്രട്ടറിയും ഉൾപ്പെടെ ഒരു കമ്മിറ്റിയെ നിയമിച്ചു. അതുകൊണ്ട് വളരെയേറെ നഷ്ടം ഗവൺമെന്റിന് വന്നിരിക്കുന്നു എന്ന് ശ്രീമതി ശോഭനാ ജോർജ്ജ് പറഞ്ഞതുകൊണ്ടാണ് ഞാൻ വിശദീകരിക്കുന്നത്. ഗവൺമെന്റിന് നഷ്ടം വരുമോ, അത് ഗുണകരമാകുമോ ഡിപ്പാർട്ടുമെന്റിൽ അത് എഫിഷ്യൻസി വർധിപ്പിക്കുമോ എന്ന് അറിയാൻ തന്നെയാണ് കമ്മിറ്റിയെ നിയമിച്ചത്. അതിൽ Terms of Reference - '97 സെപ്റ്റംബർ മുതലാണ് നടപ്പാക്കിയത്. '97 സെപ്റ്റമ്പർ മുതൽ ജൂലൈ 98 വരെയുള്ള കാലയളവിലുള്ള വർക്കുകൾ എടുത്തു പരിശോധിക്കുക, അതിനു മുമ്പ് ഒരു വർഷക്കാലമുള്ള വർക്കുകളും എടുത്തു പരിശോധിക്കുക. Analyse the trends in tender excess and overall inpact of the changes introduced in the G.O. on Government's finance and make specific recommendations as to whether any amendments are required to the G.O. അവർ പഠനം നടത്തിയിട്ട് നൽകിയ റിപ്പോർട്ട് ഈ രണ്ടു പിരീഡിലെയും വർക്കുകൾ അനലൈസ് ചെയ്തതിനു ശേഷം ഈ സിസ്റ്റം അഡോപ്റ്റു ചെയ്തതുകൊണ്ട് 15.8% ഗവൺമെന്റിന് ലാഭമാണ്. ഈ ലാഭം ഉണ്ടെന്ന് മാത്രമല്ല In the new system there is clear advangage to Government. The Contractor can programme the construction of work and complete it in the shortest possible time. As the gestation period is less, there will be some reduction in actual cost of construction. We will be getting the return

LIBRARY ARCHIVES Kerala Legislative Assembly

from the project at an earlier date than in the old system. There will not be any case of contractors abandoning the work due to non-receipt of materials, extra expenditure due to rearrangement of work such cases will be reduced. Government need not set apart fund for purchase of materials in advance.... തുടങ്ങി വളരെ വിശദമായ ഒരു റിപ്പോർട്ടും ഇതിന്റെ പേരിൽ നൽകുകയുണ്ടായി, അതല്ലാതെ കമ്പിക്കും സിമന്റിനും മാത്രമായി കൊടുക്കുകയല്ല. ചില വർക്കുകൾ അതിനു തൊട്ടുമുമ്പുള്ളതും അതിനു ശേഷമുള്ള ശതമാനവും തമ്മിൽ ഡിഫറൻസ് വന്നപ്പോൾ 78, 107, 103-ഒക്കെ ശതമാനമായിരുന്നത് അതിനുശേഷം നടന്ന വർക്കുകളിൽ 43, 48, 58 ഈ നിലയിൽ ശതമാനം കുറഞ്ഞുവരുന്നത് വളരെ കൃത്യമായി കാണാൻ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇതുമൂലം ഗവൺമെന്റിന് കോടിക്കണക്കിന് രൂപ നഷ്ടമല്ല വന്നിരിക്കുന്നത്, ലാഭം തന്നെയാണ് വന്നിരിക്കുന്നത്. ഒരുദാഹരണം, കോഴിക്കോട് മെഡിക്കൽ കോളേജ്, സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ ഇതിനുമുൻപ് നടന്ന രണ്ടുനിലയ്ക്ക് 87% എസ്റ്റിമേറ്റിനേക്കാൾ അധികമായി പോയി. അതിനുശേഷം ടെണ്ടർ ചെയ്തപ്പോൾ അത് 58% ആയി കുറഞ്ഞു. ഈ തരത്തിലാണ് ഇതിന് വന്നിരിക്കുന്ന അഡ്വാന്റേജ് എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ടി.എം. ജേക്കബ് : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ അവസരത്തിൽ പി.ഡബ്ല്യു.ഡി. കോഡും, മാനുവലും അത് പൊതുമരാമത്ത് വകുപ്പിനു മാത്രമല്ല, വർക്സ് നടക്കുന്ന എല്ലാ ഡിപ്പാർട്ടുമെന്റിനും ഇതുതന്നെയാണ് ബാധകം എന്നുപറഞ്ഞു. അങ്ങ് ഇവിടെ 55 ലക്ഷം രൂപയിൽകൂടുതൽ മുതൽമുടക്കുള്ള വർക്കുകളെ സംബന്ധിച്ച് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് ടെക്നിക്കൽ സാംങ്ഷൻ കൊടുക്കാൻ കഴിയുന്ന എമൗണ്ടിനു മുകളിലുള്ളത് ഓൺ മെറ്റീരിയൽസ് എന്നുപറഞ്ഞു, അത് അഡ്വാന്റേജിയസ് ആണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അഡ്വാന്റേജിയസായിട്ടുള്ള നടപടികൾ സ്വീകരിച്ചപ്പോൾ അത് ശരിയല്ല, തെറ്റായ ഒരു പ്രവണത ഉണ്ടാക്കുന്നു എന്നുപറഞ്ഞ് മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ കാര്യത്തിൽ 55 വിജിലൻസ് കേസ്സ് നിലനിൽക്കുന്നുണ്ട് എന്നുള്ള കാര്യം അങ്ങേയ്ക്കറിയാമോ? ഇനി ഭാവിയിൽ മറ്റാരെങ്കിലും ഈ അഡ്വാന്റേജിയസ് പൊസിഷനിൽ വിജിലൻസ് കേസ് കൊണ്ടുവരാനുള്ള സാദ്ധ്യതയില്ലേ?

ശ്രീ. പി.ജെ. ജോസഫ് : സർ, ഇല്ല. ഇതിപ്പോൾ സംസ്ഥാനം മൊത്തത്തിൽ കോഡും മാനുവലും റിവൈസ് ചെയ്തുകൊണ്ട് ഉണ്ടാക്കിയിട്ടുള്ള ഒരു കാര്യമാണ്. മൊത്തത്തിലുള്ള ഒരു കാര്യമാണ്. ആ ഒരു കാര്യത്തിൽ നമ്മൾ സിമന്റും റിവ്യൂ ചെയ്യുകയും ചെയ്യുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, മെറ്റീരിയൽസ് പ്രത്യേകിച്ച് കമ്പിയും സിമന്റും- ബഹുമാനപ്പെട്ട ഇൻഡസ്ട്രീസ് മിനി സ്റ്റേറ്റുകളുടെ അടുത്ത് സ്റ്റീൽ കോംപ്ലക്സിലെ യൂണിയൻകാരും മാനേജ്മെന്റും ഞാനും ശ്രീ. ഇ.ടി. മുഹമ്മദ് ബഷീറും, ശ്രീ. എളമരം കരീമും ഒക്കെ വന്ന് നിവേദനം നടത്തി. കാരണം, അവരുടെ കമ്പിയൊന്നും ചെലവാകുന്നില്ല. ഈ ഓർഡർ അനുസരിച്ച് കമ്പിയൊക്കെ വെളിയിൽനിന്ന് വാങ്ങുന്നു. അതുകൊണ്ട് ചെലവാകുന്നില്ല എന്ന് പറഞ്ഞ് വലിയ പരാതിയാണ്. അതുകൊണ്ട് പബ്ലിക് സെക്ടറിൽ കിട്ടുമെങ്കിൽ അത് വാങ്ങാമെന്നും അല്ലാത്തപക്ഷം ഈ രൂപത്തിൽ വാങ്ങാമെന്നുമുള്ള ഒരു ഭേദഗതി കൊണ്ടുവരാൻ ഗവൺമെന്റ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.ജെ. ജോസഫ് : സർ, 55 ലക്ഷം രൂപയ്ക്ക് താഴെയുള്ള വർക്കുകൾക്ക് ഇപ്പോഴും ഡിപ്പാർട്ടുമെന്റ് സപ്ലൈ ആണ്. ഡിസ്ട്രിക്ട് സ്റ്റോർവഴിയാണ് നൽകുന്നത്. അത് വാങ്ങുന്നതിനുള്ള തീരുമാനം കഴിഞ്ഞ ക്യാബിനറ്റ് എടുത്തു. 10 ശതമാനം പ്രൈസ് പ്രിഫറൻസ് കൊടുത്ത് ഈ യൂണിറ്റിൽനിന്ന് വാങ്ങണമെന്ന തീരുമാനം എടുത്തുകഴിഞ്ഞു.

ശ്രീ. സി.കെ. നാണു : സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്രിമോ പൈപ്പ് വാങ്ങിയിട്ട് പൈപ്പ് പൊട്ടിയതിന്റെ ഫലം ഇന്ന് അനുഭവിക്കുകയാണ്. രാജ്യത്ത് മുഴുവൻ വെള്ളം ഒലിക്കുകയാണ്. അതുകൊണ്ട് സാധനത്തിന്റെ ഗുണം നോക്കിയാൽ മതി.

ശ്രീ. പി.ജെ. ജോസഫ് : സർ, ഏതായാലും സ്റ്റീൽ കോംപ്ലക്സിൽനിന്ന് വാങ്ങാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. നെടുമ്പാശ്ശേരിയിൽ കരിയാട്ട് മറ്റൂർ റോഡിന്റെ കാര്യം പറയുകയുണ്ടായി. പുതിയ എയർപോർട്ട് തീർന്നപ്പോൾ അവിടെ ഒരു റെയിൽവേ ഓവർബ്രിഡ്ജ്കൂടി ഉണ്ട്. വളരെ ഇടുങ്ങിയ റോഡാണത്. 3.8 കിലോമീറ്ററാണ് ആ റോഡിന്റെ ദൂരം. അത് അടിയന്തിരമായി പണിയേണ്ട ആവശ്യം സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽക്കൊണ്ടുവന്നു. പൈസ വളരെ കുറവാണെങ്കിലും 509 ലക്ഷം രൂപയ്ക്ക് അനുമതി നൽകി. അതിന്റെ റെയിൽവേ ഓവർബ്രിഡ്ജ് 55 മീറ്ററാണ് തീർക്കേണ്ടിയിരുന്നത്. ആ റെയിൽവേ ഓവർ ബ്രിഡ്ജിന് അവർ ആവശ്യപ്പെട്ട തുക സംസ്ഥാന ഗവൺമെന്റ് നൽകുകയുണ്ടായി. 2.8 കോടി രൂപ. അത് ഈ 55 മീറ്ററിനാണെന്ന് ഓർക്കണം. ബാക്കിയുള്ള viaduct അത് ഏതാണ്ട് ബ്രിഡ്ജിന്റെ രീതിയിൽത്തന്നെയാണ് തീർക്കേണ്ടത്. 70 മീറ്റർ viaduct ഉം 3.785 മീറ്റർ അപ്രോച്ച് റോഡും തീർക്കുന്ന പ്രശ്നം വന്നു. അതിന് സമയം കൂടുതൽ എടുക്കുമെന്നുള്ളതുകൊണ്ട് വളരെവേഗം ഈ പണികൾ തീർത്തുതരണമെന്ന് എയർപോർട്ട് അതോറിറ്റി ആവശ്യപ്പെട്ടു. അത് പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ ആദ്യമേ തീരുമാനിച്ചതിനേക്കാൾ ഒന്ന് രണ്ട് മാസം വൈകിയാണ് ഉദ്ഘാടനം നടന്നത്. ഇങ്ങനെയൊരു വർക്ക് അറേഞ്ച് ചെയ്യുമ്പോൾ ഇത്രയുംകോടി രൂപ മുടക്കിയ ഒരു എയർപോർട്ടിന് ആവശ്യമുള്ള -ഒരു റോഡ് തീർക്കുന്ന കാര്യത്തിൽ 45 ദിവസമാണ് ടെണ്ടർ ഡേയ്സ്. ഒരു എഗ്രിമെന്റ് വച്ചാൽ ഏറ്റവും കുറഞ്ഞത് 18 മാസം, അതായത് ഒന്നരക്കൊല്ലം എങ്കിലും കൊടുക്കേണ്ടതായിട്ട് വരും. ആ ഒരു പശ്ചാത്തലത്തിൽ എളുപ്പം ആ വർക്ക് തീർക്കുന്നതിനുള്ള തീരുമാനമെടുത്തു. അതിന് സാധാരണ നിലയിലുള്ളതുപോലെ 70 ശതമാനം കൂട്ടിയാണ് റെക്കമെന്റ് ചെയ്തത്. പക്ഷേ, ഗവൺമെന്റിന് 55 ശതമാനത്തിൽ കൂടാതെ ആ വർക്ക് ചെയ്യാനുള്ള ഓർഡർ കൊടുത്തു. ആ വർക്ക് ചെയ്തപ്പോൾ നഷ്ടം ഉണ്ടായിട്ടുണ്ടെന്നുള്ള ഒരു കാര്യമാണ് ഇവിടെ ശ്രദ്ധയിൽപ്പെടുത്തിയത്.

സർ, അതുപോലെ റെയിൽവേ ചെയ്തതിനേക്കാളും കൂടിയ റേറ്റ് വന്നുഎന്നും സൂചിപ്പിക്കുകയുണ്ടായി. റെയിൽവേ ചെയ്തപ്പോൾ അതിന് ഒരു മീറ്ററിന് ചെലവായത് 4.45 ലക്ഷം രൂപയാണ്. അത് 55 മീറ്റർ റെയിൽവേ ഓവർബ്രിഡ്ജിനു മാത്രമാണ്. 70 മീറ്റർ viaduct-നും റോഡിനുംകൂടി ഉൾപ്പെടെ ചെലവ് വന്നിരിക്കുന്നു. viaduct-ന് മാത്രം, അത് പാലംപോലെ തന്നെയാണ് 147 ലക്ഷം രൂപയായി. അതിന് ഒരു മീറ്ററിന് 2.1 ലക്ഷം രൂപയാണ്. അവിടെ 4.45 ലക്ഷത്തിന്റെ സ്ഥാനത്താണ് 2.1 ലക്ഷംരൂപ. ഇതിൽ ഗവൺമെന്റിന് 1.5 കോടി രൂപ നഷ്ടം വന്നുവെന്നുള്ളതല്ല സ്ഥിതി. റെയിൽവേയുടേതുമായി തട്ടിച്ചുനോക്കുമ്പോൾ ഇക്കാര്യത്തിൽ ഒരു നഷ്ടവും

LIBRARY ARCHIVES Kerala Legislative Assembly

വന്നിട്ടില്ല. മാത്രമല്ല, ഒരു പ്രത്യേക വർക്ക് റേറ്റിന്റെ കാര്യം പറയുകയുണ്ടായി. അത് എം.ഒ.എസ്.ടി.യുടെ റേറ്റ് അനുസരിച്ച് ഒടുവിൽ കൊടുത്തിരിക്കുന്നത്, പെർ മീറ്ററിന് ഇപ്പോൾ വന്നിരിക്കുന്ന തുക 3452 രൂപ മാത്രമാണ്. 6649 രൂപ എന്ന് പറഞ്ഞത് ശരിയല്ല. ഇപ്പോൾ അതിന്റെ സ്ഥിതിയെന്താണ്? വർക്കിന്റെ 65 ശതമാനം തീർന്നുകഴിഞ്ഞു. ഒന്നരക്കൊല്ലംകൊണ്ട് തീരേണ്ട വർക്കിന്റെ 65 ശതമാനവും തീർന്നുകഴിഞ്ഞിരിക്കുകയാണ്.

സർ, പിന്നെ അവിടെ യാക്കര പാലത്തിന്റെ കാര്യം പറഞ്ഞു. തൃശ്ശൂർ-പാലക്കാട് റോഡിലെ യാക്കര പാലം - അത് പഴയ നാഷണൽ ഹൈവേയിലാണ്. ആ പാലം തകർന്നപ്പോൾ അവിടെയുണ്ടായ ട്രാഫിക് ബ്ലോക്കും ബുദ്ധിമുട്ടും അറിയാവുന്നതേയുള്ളു. അതിന്റെ പണി പെട്ടെന്ന് അറേഞ്ച് ചെയ്തു. യുദ്ധകാലാടിസ്ഥാനത്തിൽ ആ പണി തീർന്നു. അതായത് നാല് മാസംകൊണ്ട് പണികൾ തീർന്നു. അങ്ങനെയുള്ള അത്യാവശ്യ വർക്കുകൾ ചെയ്യുന്നുണ്ട്. പ്ലാനിംഗ് ബോർഡിന്റെ കെട്ടിടം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഉള്ളതാണ്. അതും ഡയറക്ട് എക്സിക്യൂഷൻ തുടങ്ങി പണി പൂർത്തിയാക്കി. നമ്മുടെ സെക്രട്ടേറിയറ്റിന്റെ അനക്സിന്റെ പണി നടക്കാതെ വന്നപ്പോൾ ഗവൺമെന്റ് നേരിട്ട് ഇടപെട്ട് സമയബന്ധിതമായി പണികൾ തീർക്കുകയുണ്ടായി. അതുകൊണ്ട് സദുദ്ദേശത്തോടുകൂടി ചെയ്യുന്ന കാര്യങ്ങളെ ആ നിലയിൽ കാണണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. അതുപോലെ എം.എൽ.എ. ഹോസ്റ്റലിന്റെ പണി വളരെ വേഗത്തിൽ നടക്കുന്നുണ്ട്. അതും സമയബന്ധിതമായി തീർക്കും. ഈ ഗവൺമെന്റ് വന്നതിനുശേഷം പല രീതികളും മാറ്റി. അതിന്റെ പശ്ചാത്തലത്തിൽ തറക്കല്ലിട്ട എത്രയോ വർക്കുകളുടെ പണികൾ ഞാൻ ഉദ്ഘാടനം ചെയ്തിരിക്കുന്നു. അതിലേയ്ക്ക് ഒന്നും ഞാൻ കടക്കുന്നില്ല.

ഇവിടെ ഒരു കാര്യം പറഞ്ഞത് റോഡുകൾ പൊട്ടിപ്പൊളിഞ്ഞതിന്റെ ഒരു പ്രധാന കാരണം റോഡിന്റെ രണ്ടുവശത്തും, പ്രത്യേകിച്ച് സ്റ്റേറ്റ് റോഡുകളുടെ രണ്ടുവശത്തും വീടുകൾക്ക് മതിൽ കെട്ടുകയാണ്. അപ്പോൾ ആ വെള്ളം ഒരിടത്തേയ്ക്കും ഒഴുകിപ്പോകാൻ കഴിയുന്നില്ല.

മറ്റൊന്ന് പാടങ്ങളുടെ ഭാഗത്തേയ്ക്ക്, കൊട്ടാരക്കരനിന്ന് നിലമേലേയ്ക്ക് വരുന്ന ഭാഗത്ത് ഒക്കെ മഴപെയ്താൽ വെള്ളപ്പൊക്കമാണ്. കാരണം, രണ്ട് വശത്തുമുള്ളത് ചെറിയ വാലിയാണ്. രണ്ടുവശത്തുമുള്ള പാടങ്ങൾ മണ്ണിട്ട് റോഡുകളേക്കാൾ ഉയർത്തുന്നു. അപ്പോൾ റോഡ് തോടായി മാറുന്നു. അത് നിയന്ത്രിക്കേണ്ടത് വളരെ ആവശ്യമാണ്. കേന്ദ്ര ഗവൺമെന്റുമായി കൺസൾട്ട് ചെയ്തുകൊണ്ടാണ് അതിന് വളരെ സമയം എടുത്തത്. ഇപ്പോൾ അങ്ങനെയുള്ള ചെറിയ കാര്യങ്ങൾ, അതായത് ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ അനുവാദം വേണ്ടത് മാറ്റിവച്ച്, അത്യാവശ്യമായ ബില്ലുകൾ ഫൈനലൈസ് ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്. അതിന് നിയമനിർമ്മാണത്തിലൂടെ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയേ പറ്റൂ. ഒരു കലുങ്ക് കെട്ടിയാൽ ഏതെങ്കിലും പ്രദേശത്തേയ്ക്ക് വെള്ളം ഒഴുകണം അല്ലെങ്കിൽ ഏതെങ്കിലും സ്ഥലത്തേയ്ക്ക് വെള്ളം ഒഴുകണം. കലുങ്ക് കെട്ടിയാൽ അവിടെ അടച്ച് വയ്ക്കുകയാണ്. അത് അടച്ചുവച്ചാൽ പിന്നെ വെള്ളം ഒഴുകില്ല. അതുകൊണ്ട് ആ റോഡ് പ്രൊട്ടക്ട് ചെയ്യാനുള്ള റൈറ്റ് ഉണ്ടാകണം.

മറ്റൊരു കാര്യം നമ്മുടെ സംസ്ഥാനത്തെ റോഡുകളുടെ കാര്യമാണ്. അതിന് ഒരു ഹൈ ലെവൽ കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. ഡിപ്പാർട്ടുമെന്റുകൾ

LIBRARY ARCHIVES Kerala Legislative Assembly

തമ്മിലുള്ള കോ-ഓർഡിനേഷൻ ഏറ്റവും മോശമാകാനുള്ള ഒരു കാര്യം പി. ആന്റ് ടി. ഇപ്പോൾ പുതിയ രീതി അവലംബിച്ചതുകൊണ്ട് 5 അടിയോളം താഴ്ത്തിയാണ് കേബിൾ ഇടുന്നത്. അങ്ങനെ കുഴിക്കുമ്പോൾ റോഡുകൾ വളരെ മോശമാകുന്നു. പി. ആന്റ് ടി. യും വാട്ടർ അതോറിറ്റിയും ഇലക്ട്രിസിറ്റി ബോർഡുമായിട്ടുള്ള കോ-ഓർഡിനേഷൻ മെച്ചപ്പെടണം. ഈ ലൈനുകളൊക്കെ ഇടാൻ വേറെ സ്ഥലം വേണം. റോഡിന്റെ സൈഡിൽ ഇട്ടാൽ റോഡുകൾ എന്നും പൊളിയുന്ന സ്ഥിതിയുണ്ടാകും. വെള്ളയമ്പലത്തു നിന്നുള്ള വഴി പണിയുന്നത് നിങ്ങൾക്കറിയാം. അത് പ്രത്യേക ആക്ടാണ്. ആ നാലുവരിപ്പാത എന്നുമെന്നും പൊളിക്കേണ്ട ആവശ്യമില്ല. ആ രീതിയിലുള്ള അറേഞ്ചുമെന്റ്സ് പുതിയ വർക്കുകൾ ചെയ്യുമ്പോൾ അതിനകത്തുണ്ടാകേണ്ടതായിട്ടുണ്ട്. അതുപോലെതന്നെ പറയുന്ന സമയത്ത് വർക്കുകളുടെ പണി തീരുകയില്ല. വേനൽക്കാലത്ത് തീർക്കണമെന്ന് പറഞ്ഞ് തുടങ്ങിയാൽ വേനൽക്കാലത്ത് തീർക്കുകയില്ല. വർക്കുകളുടെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഈ വർക്കുകൾ അറേഞ്ചു ചെയ്യുന്ന കാര്യത്തിൽ ഗവൺമെന്റ് പക്ഷപാതം കാണിക്കുന്നില്ല. അദർ ഡിസ്ട്രിക്ട് റോഡ്, മേജർ ഡിസ്ട്രിക്ട് റോഡാക്കുന്ന കാര്യത്തിൽ എന്റെ നിയോജകമണ്ഡലമുൾപ്പെടെ കുറച്ച് റോഡുകളാണ് വന്നത്. അത് ശ്രീ. കെ.സി. ജോസഫിനും അറിവുള്ളതാണ്. ശ്രീ. കെ.സി. ജോസഫിന്റെ മണ്ഡലത്തിൽ ഒരു കിലോമീറ്റർ റോഡു പോലും അതിൽപ്പെട്ടിട്ടില്ല. അതുകൊണ്ട് അങ്ങനെയൊരു സമീപനമില്ല. അതുകൊണ്ട് അത് നോക്കീട്ടല്ല ചെയ്തത്. ആദ്യം വന്ന റെക്കമെന്റേഷൻ അങ്ങനെ അംഗീകരിച്ചു. രണ്ടാമത്, ഒരു ലിസ്റ്റ് വന്നിട്ടുണ്ട്. അല്ലാതെ ഇരിക്കൂർ മണ്ഡലത്തെ പ്രത്യേകമായി അവഗണിക്കാൻ ഗവൺമെന്റ് ഉദ്ദേശിച്ചിട്ടില്ല. ചീഫ് എൻജിനീയറുടെ ലംപ്സമ്മിൽ ഒരു വർക്കും നടന്നിട്ടില്ലെന്ന് അങ്ങ് പറയുകയുണ്ടായി.

മി. സ്പീക്കർ : ഇന്നത്തെ ചോദ്യോത്തരത്തിൽ അത് ഉണ്ട്. അതൊക്കെ നോക്കണം. വെറുതെ സമയം കളയരുത്.

ശ്രീ. പി.ജെ. ജോസഫ് : ഇരിക്കൂറിൽ ഒരു വർക്കും അനുവദിച്ചിട്ടില്ലെന്ന് പറയുന്നത് ശരിയല്ല. തളിപ്പറമ്പ്-ഇരുട്ടി, ശ്രീകണ്ഠപുരം-കൂട്ടുമുഖം എന്നീ വർക്കുകൾ ചീഫ് എൻജിനീയറുടെ ലംപ്സമ്മിൽപ്പെടുത്തി അങ്ങയുടെ മണ്ഡലത്തിൽ അനുവദിച്ചിട്ടുണ്ട്. അതിന്റെ ലിസ്റ്റ് എന്റെ കൈവശമുണ്ട്. വേണമെങ്കിൽ അങ്ങയെ ബോദ്ധ്യപ്പെടുത്താം. ചീഫ് എൻജിനീയറുടെ ലംപ്സമ്മിൽ ഒരു വർക്കുമില്ലെന്ന് പറഞ്ഞതുകൊണ്ടുമാത്രമാണ് ഞാൻ ഇത് പറഞ്ഞത്. അതുപോലെതന്നെ തളിപ്പറമ്പ്-ഇരിക്കൂർ ഇപ്പോൾ എസ്. ആർ.-ൽപ്പെടുത്തി. തളിപ്പറമ്പ്-ഇരിക്കൂർ റോഡിൽത്തന്നെ മൂന്നുനാല് വർക്കുകൾ, 11 ലക്ഷം, 10 ലക്ഷം, 71/2 ലക്ഷത്തിന്റെയൊക്കെ വർക്കുകളുണ്ട്. ഒടുവള്ളിത്തട്ട് കുടിയാൻമല, അങ്ങയുടെ മണ്ഡലത്തിൽത്തന്നെയാണല്ലോ? ഈ വർക്കുകളൊക്കെ അറേഞ്ച് ചെയ്തിട്ടുണ്ട്. ഒരു വർക്കുമില്ലെന്ന് പറഞ്ഞതുകൊണ്ടാണ് ഇതൊക്കെ പറഞ്ഞത്. ശ്രീ. കെ.സി. വേണുഗോപാലിന് നിഷേധിക്കാൻ കഴിയുമോ? ആലപ്പുഴ പട്ടണത്തിൽ ഏറ്റവും മോശമായി കിടന്ന പാലങ്ങളെല്ലാം ഈ ഗവൺമെന്റല്ലേ ഏറ്റെടുത്ത് ചെയ്തത്? അതുപോലെതന്നെ ശ്രീ. പാലോട് രവിക്ക് നിഷേധിക്കാൻ കഴിയുമോ? അങ്ങനെയൊരു സമീപനം ഗവൺമെന്റിനില്ല. ഈ ഭാഗത്തുള്ളവർക്കാണ് ഏറ്റവും കൂടുതൽ പരാതിയുള്ളത്. അതുകൊണ്ട് അങ്ങനെയൊരു കാര്യം പറഞ്ഞത് ശരിയായില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.കെ. ഹംസ : പ്രതിപക്ഷത്തിന്റെ വിമർശനം കേട്ട് അവർക്ക് വർക്കുകൾ അനുവദിച്ചു, തങ്ങൾക്ക് കിട്ടിയില്ലെന്നാണ് ഭരണപക്ഷത്തുള്ളവർ പറയുന്നത്.

ശ്രീ. പി.ജെ. ജോസഫ് : അങ്ങനെയൊരു സംശയം ഈ സഭയിലുണ്ടാകുന്നത് ശരിയല്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. ഈ അടുത്ത കാലത്ത് അനുവാദം കൊടുത്ത മലപ്പട്ടം-മുനമ്പുകടവ് പാലം ഇരിക്കൂർ മണ്ഡലവുമായി ബന്ധിപ്പിക്കുന്നതല്ലേ? എല്ലാ വർക്കുകളും എടുത്തുവെന്ന് ഞാൻ അവകാശപ്പെടുന്നില്ല. ഗവൺമെന്റിന് സാമ്പത്തിക ബുദ്ധിമുട്ടുണ്ടെങ്കിലും നബാർഡിന്റെയൊക്കെ സഹായം തേടിക്കൊണ്ടും റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ശക്തിപ്പെടുത്തിക്കൊണ്ടും മുൻകാലങ്ങളിലുള്ളതിനേക്കാൾ ഒട്ടേറെ വർക്കുകൾ ചെയ്യാമെന്നുതന്നെ ഗവൺമെന്റ് പ്രതീക്ഷിക്കുന്നു. ചില വർക്കുകളുടെ കാര്യത്തിൽ ചില പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. ആ പ്രശ്നങ്ങൾ ഇപ്പോൾ പെട്ടെന്ന് പരിഹരിക്കാവുന്നതല്ല. National Water way-ൽ വളരെ ഉയരം കൂടുമ്പോൾ ആറും ഏഴും ഇരട്ടിത്തുക ചെലവാക്കേണ്ട സ്ഥിതി വരുന്നു. അത് പരിഹരിക്കാനായിട്ട് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഏറ്റവും പ്രധാനപ്പെട്ട റോഡുകൾ തന്നെയാണ് മുൻഗണനയുള്ളത്. ഇപ്പോൾ എം.സി. റോഡിലൊക്കെ അവിടെയും ഇവിടെയും കുഴികളുണ്ടെന്ന് പറഞ്ഞാൽ മഴക്കാലത്ത് പൊട്ടിപ്പൊളിഞ്ഞതിന്റെ ഏറിയ ഭാഗവും നന്നാക്കിയില്ലേ? നിങ്ങൾ റോഡിൽക്കൂടി യാത്ര ചെയ്യുന്നവരാണല്ലോ? കുറഞ്ഞ സമയം കൊണ്ട് ഇതെല്ലാം നന്നാക്കിയില്ലേ? ഇതേ നമുക്ക് ചെയ്യാൻ കഴിയുകയുള്ളൂ. വളരെ കുറഞ്ഞ സമയംകൊണ്ട് ആ അറ്റകുറ്റപ്പണികൾ തീർത്ത് നമ്മൾ മുന്നോട്ടുപോവുകയാണ്.

സർ, കൊച്ചിൻ ബ്രിഡ്ജ് നമ്മൾ എത്ര കാലമായി ആവശ്യപ്പെട്ടുകൊണ്ടിരുന്നതാണ്. കൊച്ചിൻ ബ്രിഡ്ജിന്റെ പണികൾ ആരംഭിച്ചു. ഒറ്റപ്പാലം-മായന്നൂർ റോഡ് 1935-ൽ ഒറ്റപ്പാലത്ത് നടന്ന കോൺഗ്രസ്സ് പാർട്ടിയുടെ സമ്മേളനത്തിൽ ആവശ്യപ്പെട്ടതാണ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇപ്പോഴാണ് ടെണ്ടർ ചെയ്തത്. ഞാൻ അതിന്റെ ചരിത്രമാണ് പറഞ്ഞത്. പക്ഷെ, ഇപ്പോൾമാത്രമേ അത് ഏറ്റെടുത്തിട്ടുള്ളൂ. ഐരക്കൊപ്പം പാലത്തിന്റെ കാര്യം ശ്രീ. ബാലൻ വൈദ്യർ പറയുകയുണ്ടായി. ആ പാലത്തിന്റെ കാര്യത്തിൽ കർണ്ണാടക ഗവൺമെന്റ് പണി ചെയ്യും, തുക സംസ്ഥാന ഗവൺമെന്റ് കൊടുക്കുമെന്നുള്ളതാണ് അന്ന് ഉണ്ടാക്കിയിരുന്ന ധാരണ. അവർ പണി ചെയ്യുന്നില്ല. ഞങ്ങൾ ഇത് ചെയ്തുകൊള്ളാം, നിങ്ങൾ അതിന്റെ ഷെയർ തന്നാൽമതിയെന്ന് അവരോട് പലവട്ടം ആവശ്യപ്പെട്ടുവെങ്കിലും ആ കാര്യത്തിൽ അവർ ക്ലിയറൻസ് തന്നിട്ടില്ല. സെക്രട്ടറി ലെവലിൽ അത് ടേക്കപ്പ് ചെയ്തുകൊണ്ടിരിക്കുകയാണ്. അതിർത്തിയിലെ പ്രധാനപ്പെട്ട പാലമെന്നുള്ള നിലയിൽ ഞാൻ അതിനെക്കുറിച്ച് പ്രത്യേകം എടുത്തുപറയുകയാണ്.

സർ, സംസ്ഥാനത്തെ കെട്ടിടങ്ങളുടെ നിർമ്മാണ കാര്യത്തിലും വളരെയേറെ മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. ഒട്ടേറെ കോളേജുകളുടെ കെട്ടിടങ്ങൾ, ഒട്ടേറെ ഓഫീസുകൾ ഇതൊക്കെ വളരെ വേഗത്തിൽ തീരുന്നുണ്ടെന്നുള്ള കാര്യം ആരും വിസ്മരിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. സമയബന്ധിതമായി ഈ പണികൾ ഇന്ന് തീർത്തുകൊണ്ടിരിക്കുന്നു. ഇതിനുള്ള സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള ഒട്ടേറെ കാര്യങ്ങൾ ധനകാര്യ സ്ഥാപനങ്ങളുമായി ആലോചിച്ച് നടത്തിക്കൊണ്ടിരിക്കുകയാണ്. റോഡുക

ളുടെ നില മെച്ചപ്പെടുത്താനുള്ള ബൃഹത്തായ പദ്ധതികൾ എളുപ്പം തുടങ്ങാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അതുപോലെതന്നെ അറ്റകുറ്റപ്പണികൾ പ്രധാനപ്പെട്ട കന്ദംകുളം മുതൽ തൃശ്ശൂർ വരെയുള്ള റോഡ് ഇപ്പോൾ നന്നാക്കി. നന്നാക്കിയ ഭാഗം ആറേഴ് കൊല്ലത്തേക്ക് കേടാകാത്ത നിലയിൽ അത്ര ഭംഗിയായിട്ടാണ് ചെയ്തിരിക്കുന്നത്. അങ്ങനെ കുറെ ഏരിയകൾ സെലക്ട് ചെയ്ത് പണികൾ നടത്തികൊണ്ടിരിക്കുകയാണ്. അങ്ങനെ പ്രധാനപ്പെട്ട സ്റ്റേറ്റ് ഹൈവേയുടെ ഭാഗങ്ങളെല്ലാം മെച്ചപ്പെടുത്തുന്നതിന് ഉള്ള സാമ്പത്തിക സൗകര്യങ്ങൾ വച്ചുകൊണ്ടും ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് സഹായം തേടിക്കൊണ്ടും മുന്നോട്ടുനീങ്ങുമെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യം എന്ന XXX -ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് സർവ്വശ്രീ.എം. മുരളി, ഇ.എം. അഗസ്തി, ഡൊമിനിക് പ്രസന്റേഷൻ, കെ. അച്ചുതൻ കെ. ബാബു, കെ.എ. ചന്ദ്രൻ, പി.ജെ. ഫ്രാൻസിസ്, ജോർജ് ജെ. മാത്യു, പി.ജെ. ജോയി, ജി. കാർത്തികേയൻ, എഴുകോൺ നാരായണൻ, വി.ജെ. പൗലോസ് അടൂർ പ്രകാശ്, കെ.കെ. രാമചന്ദ്രൻ മാസ്റ്റർ, കെ.സി. വേണുഗോപാൽ, സി.ടി. അഹമ്മദ്അലി, കെ.പി.എ. മജീദ്, സി. മൊയീൻകുട്ടി, എം. കെ. മുനീർ, പി. കെ. അബ്ദുറബ്ബ്, കെ.സി. ജോസഫ്, കെ. നാരായണക്കുറുപ്പ്, ആര്യാടൻ മുഹമ്മദ്, കെ. സുധാകരൻ ഡോ.എം.എ. കുട്ടപ്പൻ, ശ്രീമതി രാധാരാഘവൻ, ശ്രീമതി കെ.ആർ. ഗൗരിയമ്മ, ശ്രീമതി ശോഭനാ ജോർജ് എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

മി.സ്പീക്കർ : ഭക്ഷ്യം എന്ന XXX -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1999-2000 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ. . . അനുകൂലിക്കുന്നവർ . . . പ്രതികൂലിക്കുന്നവർ . . .

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ടുരേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ-67

1. ശ്രീ. എ. അലി ഹസ്സൻ
2. ശ്രീ. ആനത്തലവട്ടം ആനന്ദൻ
3. ശ്രീ. ആന്റണി രാജു
4. ശ്രീ. എൻ.ആർ. ബാലൻ
5. ശ്രീ. ടി.കെ. ബാലൻ
6. ശ്രീ. സി.പി. ബാലൻ വൈദ്യർ
7. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
8. ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ
9. ശ്രീ. വി.കെ. ചന്ദ്രൻ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
11. ശ്രീ. എം. ദാസൻ
12. ശ്രീ. പി.സി. ജോർജ്
13. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
14. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ
15. ശ്രീ. ടി.കെ. ഹംസ

LIBRARY ARCHIVES Kerala Legislative Assembly

16. ശ്രീ. കെ.ഇ. ഇസ്മയിൽ
17. ശ്രീ. ടി.എസ്. ജോൺ
18. ശ്രീ. ജോൺ ഫെർണാണ്ടസ്
19. ശ്രീ. ജോസ് ബേബി
20. ഡോ. കെ.സി. ജോസഫ്
21. ശ്രീ. പി.ജെ. ജോസഫ്
22. ശ്രീ. എ. കണാരൻ
23. ശ്രീ. എൻ. കണ്ണൻ
24. ശ്രീ. എളമരം കരിം
25. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ
26. ശ്രീ. ഇ.കെ. നായനാർ
27. ശ്രീ. പി.കെ. കുമാരൻ
28. ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്
29. ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്
30 ശ്രീ. സി.എ. കുര്യൻ
31. ശ്രീമതി ആർ. ലതാദേവി
32. ശ്രീ. ലോനപ്പൻ നമ്പാടൻ
33. പ്രൊഫ. മീനാക്ഷി തമ്പാൻ
34. ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ
35. ശ്രീ. പാലൊളി മുഹമ്മദുകുട്ടി
36. ശ്രീ. മോൻസ് ജോസഫ്
37. ശ്രീ. പിരപ്പൻകോട് മുരളി
38. ശ്രീ. ടി. നാണു മാസ്റ്റർ
39. ശ്രീ. സി.കെ. നാണു
40. ശ്രീ. എം. നാരായണൻ (കുഴൽ മന്ദം)
41. ശ്രീ. പി. നാരായണൻ
42. ഡോ. എ. നീലലോഹിതദാസൻ നാടാർ
43. ശ്രീ. ടി.കെ. നൗഷാദ്
44. ശ്രീ.കെ. പ്രകാശ് ബാബു
45. ശ്രീമതി എൻ. കെ. രാധ
46. ശ്രീ. കെ. രാധാകൃഷ്ണൻ
47. ശ്രീ. പി. രാഘവൻ
48. ശ്രീ. സി.കെ. രാജേന്ദ്രൻ
49. ശ്രീ. രാജു എബ്രഹാം
50. ശ്രീ. വി.പി. രാമകൃഷ്ണപിള്ള
51. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
52. ശ്രീ. എസ്. ശർമ്മ
53. ശ്രീ. യു.എസ്. ശശി
54. ശ്രീ. കെ.പി. സതീശ് ചന്ദ്രൻ
55. ശ്രീ. സത്യൻ മൊകേരി
56. ശ്രീ. സെബാസ്റ്റ്യൻ പോൾ
57. ശ്രീ. എ.സി. ഷൺമുഖദാസ്
58. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
59. ശ്രീ. ടി. ശിവദാസമോനോൻ

LIBRARY ARCHIVES Kerala Legislative Assembly

60. ശ്രീ. പി.പി. സുലൈമാൻ റാവുത്തർ
61. ശ്രീ. പി.എസ്. സുപാൽ
62. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
63. ശ്രീമതി സുശീലാ ഗോപാലൻ
64. ശ്രീ. എം.എ. തോമസ്
65. ശ്രീ. എം.പി. വർഗ്ഗീസ്
66. ശ്രീ. വർഗ്ഗീസ് വൈദ്യർ
67. ശ്രീ. പി. വിശ്വൻ

പ്രതികൂലിക്കുന്നവർ - 33

1. ശ്രീ. കെ.പി.എ. മജീദ്
2. ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി
3. ശ്രീ. പി.കെ. അബ്ദുറബ്ബ്
4. ശ്രീ. കെ. അച്ചുതൻ
5. ശ്രീ. സി.ടി. അഹമ്മദ് അലി
6. ശ്രീ. ഇ.എം. അഗസ്തി
7. ശ്രീ. പി.കെ.കെ. ബാവ
8. ശ്രീ. കെ.എ. ചന്ദ്രൻ
9. ശ്രീ. പി.ജെ. ഫ്രാൻസിസ്
10. ശ്രീ. ഇസ്ഹാക് കുരിക്കൾ
11. ശ്രീ. ടി.എം. ജേക്കബ്
12. ശ്രീ. ജോണി നെല്ലൂർ
13. ശ്രീ. കെ.സി.ജോസഫ്
14. ശ്രീ. ജി. കാർത്തികേയൻ
15. ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
16. ഡോ. എം.എ. കുട്ടപ്പൻ
17. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
18. ശ്രീ. കെ.എം.മാണി
19. ശ്രീ. എ.കെ. മണി
20. ശ്രീ. സി. മൊയീൻകുട്ടി
21. ശ്രീ. ആര്യാടൻ മുഹമ്മദ്
22. ശ്രീ. എം. കെ. മുനീർ
23. ശ്രീ. എം. മുരളി
24. ശ്രീ. കെ. നാരായണക്കുറുപ്പ്
25. ശ്രീ. എഴുകോൺ നാരായണൻ
26. ശ്രീ. അടൂർ പ്രകാശ്
27. ശ്രീമതി രാധാ രാഘവൻ
28. ശ്രീ. പാലോട് രവി
29. ശ്രീമതി ശോഭനാ ജോർജ്
30. ശ്രീ. നാലകത്ത് സൂപ്പി
31. ശ്രീ. കെ. സുധാകരൻ
32. ശ്രീ. പി.പി. തങ്കച്ചൻ
33. ശ്രീ. കെ.സി. വേണുഗോപാൽ

നിഷ്പക്ഷതപാലിക്കുന്നവർ - ആരുമില്ല

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സ്പീക്കർ :

അനുകൂലിക്കുന്നവർ - 67

പ്രതികൂലിക്കുന്നവർ - 33

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ധനാഭ്യർത്ഥന പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് സർവ്വശ്രീ എം. മുരളി, ഇ.എം. അഗസ്തി, കെ.പി. വിശ്വനാഥൻ, ഡൊമിനിക് പ്രസന്റേഷൻ, കെ. ബാബു, കെ.എ. ചന്ദ്രൻ, പി.ജെ. ഫ്രാൻസിസ്, ജോർജ് ജെ. മാത്യു, പി.ജെ. ജോയി, വി.ജെ. പൗലോസ്, ജി. കാർത്തികേയൻ, എഴുകോൺ നാരായണൻ, അടൂർ പ്രകാശ്, കെ. അച്ചുതൻ, കെ.കെ. രാമചന്ദ്രൻ മാസ്റ്റർ, കെ.സി. വേണുഗോപാൽ, സി.ടി. അഹമ്മദ് അലി, കെ.പി.എ. മജീദ്, സി. മൊയീൻകുട്ടി, എം.കെ. മുനീർ, പി.കെ. അബ്ദു റബ്ബ്, കെ.സി. ജോസഫ്, കെ. നാരായണക്കുറുപ്പ്, ആര്യാടൻ മുഹമ്മദ്, കെ. സുധാകരൻ, ഡോ. എം.എ. കുട്ടപ്പൻ, ശ്രീമതി രാധാ രാഘവൻ, ശ്രീമതി കെ.ആർ. ഗൗരിയമ്മ, ശ്രീമതി ശോഭനാ ജോർജ്, ശ്രീമതി റോസമ്മ ചാക്കോ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

മി. സ്പീക്കർ : ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂക്ഷിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1999-2000 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തികരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ ..... പ്രതികൂലിക്കുന്നവർ.....

ശ്രീ. ടി.എം. ജേക്കബ് : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ - 67

1. ശ്രീ. എ. അലി ഹസ്സൻ
2. ശ്രീ. ആനത്തലവട്ടം ആനന്ദൻ
3. ശ്രീ. ആന്റണി രാജു
4. ശ്രീ. എൻ.ആർ. ബാലൻ
5. ശ്രീ. ടി.കെ. ബാലൻ
6. ശ്രീ. സി.പി. ബാലൻ വൈദ്യർ
7. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
8. ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ
9. ശ്രീ. വി.കെ. ചന്ദ്രൻ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
11. ശ്രീ. എം. ദാസൻ
12. ശ്രീ. പി.സി. ജോർജ്
13. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
14. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ
15. ശ്രീ. ടി.കെ. ഹംസ
16. ശ്രീ. കെ.ഇ. ഇസ്മയിൽ
17. ശ്രീ. ടി.എസ്. ജോൺ

LIBRARY ARCHIVES Kerala Legislative Assembly

18. ശ്രീ. ജോൺ ഫെർണാണ്ടസ്
19. ശ്രീ. ജോസ് ബേബി
20. ഡോ. കെ.സി. ജോസഫ്
21. ശ്രീ. പി.ജെ. ജോസഫ്
22. ശ്രീ. എ. കണാരൻ
23. ശ്രീ. എൻ. കണ്ണൻ
24. ശ്രീ. എളമരം കരിം
25. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ
26. ശ്രീ. ഇ.കെ. നായനാർ
27. ശ്രീ. പി.കെ. കുമാരൻ
28. ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്
29. ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്
30 ശ്രീ. സി.എ. കുര്യൻ
31. ശ്രീമതി ആർ. ലതാദേവി
32. ശ്രീ. ലോനപ്പൻ നമ്പാടൻ
33. പ്രൊഫ. മീനാക്ഷി തമ്പാൻ
34. ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ
35. ശ്രീ. പാലൊളി മുഹമ്മദുകുട്ടി
36. ശ്രീ. മോൻസ് ജോസഫ്
37. ശ്രീ. പിരപ്പൻകോട് മുരളി
38. ശ്രീ. ടി. നാണു മാസ്റ്റർ
39. ശ്രീ. സി.കെ. നാണു
40. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
41. ശ്രീ. പി. നാരായണൻ
42. ഡോ. എ. നീലലോഹിതദാസൻ നാടാർ
43. ശ്രീ. ടി.കെ. നൗഷാദ്
44. ശ്രീ.കെ. പ്രകാശ് ബാബു
45. ശ്രീമതി എൻ. കെ. രാധ
46. ശ്രീ. കെ. രാധാകൃഷ്ണൻ
47. ശ്രീ. പി. രാഘവൻ
48. ശ്രീ. സി.കെ. രാജേന്ദ്രൻ
49. ശ്രീ. രാജു എബ്രഹാം
50. ശ്രീ. വി.പി. രാമകൃഷ്ണപിള്ള
51. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
52. ശ്രീ. എസ്. ശർമ്മ
53. ശ്രീ. യു.എസ്. ശശി
54. ശ്രീ. കെ.പി. സതീശ് ചന്ദ്രൻ
55. ശ്രീ. സത്യൻ മൊകേരി
56. ശ്രീ. സെബാസ്റ്റ്യൻ പോൾ
57. ശ്രീ. എ.സി. ഷൺമുഖദാസ്
58. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
59. ശ്രീ. ടി. ശിവദാസമോനോൻ
60. ശ്രീ. പി.പി. സുലൈമാൻ റാവുത്തർ
61. ശ്രീ. പി.എസ്. സുപാൽ

LIBRARY ARCHIVES Kerala Legislative Assembly

62. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
63. ശ്രീമതി സുശീലാ ഗോപാലൻ
64. ശ്രീ. എം.എ. തോമസ്
65. ശ്രീ. എം.പി. വർഗ്ഗീസ്
66. ശ്രീ. വർഗ്ഗീസ് വൈദ്യർ
67. ശ്രീ. പി. വിശ്വൻ

പ്രതികൂലിക്കുന്നവർ - 33

1. ശ്രീ. കെ.പി.എ. മജീദ്
2. ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി
3. ശ്രീ. പി.കെ. അബ്ദുറബ്ബ്
4. ശ്രീ. കെ. അച്ചുതൻ
5. ശ്രീ. സി.ടി. അഹമ്മദ് അലി
6. ശ്രീ. ഇ.എം. അഗസ്തി
7. ശ്രീ. പി.കെ.കെ. ബാവ
8. ശ്രീ. കെ.എ. ചന്ദ്രൻ
9. ശ്രീ. പി.ജെ. ഫ്രാൻസിസ്
10. ശ്രീ. ഇസ്ഹാക് കുരിക്കൾ
11. ശ്രീ. ടി.എം. ജേക്കബ്
12. ശ്രീ. ജോണി നെല്ലൂർ
13. ശ്രീ. കെ.സി. ജോസഫ്
14. ശ്രീ. ജി. കാർത്തികേയൻ
15. ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
16. ഡോ. എം.എ. കുട്ടപ്പൻ
17. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
18. ശ്രീ. കെ.എം. മാണി
19. ശ്രീ. എ.കെ. മണി
20. ശ്രീ. സി. മൊയീൻകുട്ടി
21. ശ്രീ. ആര്യാടൻ മുഹമ്മദ്
22. ശ്രീ. എം. കെ. മുനീർ
23. ശ്രീ. എം. മുരളി
24. ശ്രീ. കെ. നാരായണക്കുറുപ്പ്
25. ശ്രീ. എഴുകോൺ നാരായണൻ
26. ശ്രീ. അടൂർ പ്രകാശ്
27. ശ്രീമതി രാധാ രാഘവൻ
28. ശ്രീ. പാലോട് രവി
29. ശ്രീമതി ശോഭനാ ജോർജ്
30. ശ്രീ. നാലകത്ത് സൂപ്പി
31. ശ്രീ. കെ. സുധാകരൻ
32. ശ്രീ. പി.പി. തങ്കച്ചൻ
33. ശ്രീ. കെ.സി. വേണുഗോപാൽ

നിഷ്പക്ഷതപാലിക്കുവർ - ആരുമില്ല

മിസ്റ്റർ സ്പീക്കർ :

അനുകൂലിക്കുന്നവർ - 67

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ - 33

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ധനാഭ്യർത്ഥന പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാംനമ്പർ ധനാഭ്യർത്ഥനയ്ക്കു സർവ്വശ്രീ. എം. മുരളി. ഇ.എം. അഗസ്തി, ആര്യാടൻ മുഹമ്മദ്, പി.ജെ. ജോയി. കെ. ബാബു, കെ.സി വേണുഗോപാൽ, കെ.സി. ജോസഫ്, കെ. സുധാകരൻ കെ. അച്ചുതൻ, അടൂർ പ്രകാശ്, ജി. കാർത്തികേയൻ, ഡൊമിനിക് പ്രസന്റേഷൻ, കെ. നാരായണക്കുറുപ്പ്, പി.കെ. അബ്ദുറബ്ബ്, എം.കെ.മുനീർ, സി. മൊയീൻ കുട്ടി, വി.ജെ. പൗലോസ്, കെ.പി.എ. മജീദ്, സി.ടി. അഹമ്മദ് അലി, ഡോ. എം.എ. കുട്ടപ്പൻ, ശ്രീമതി കെ.ആർ. ഗൗരിയമ്മ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

പൊതുമരാമത്ത് എന്ന XV-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 1999-2000 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ.... പ്രതികൂലിക്കുന്നവർ.....

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ടു രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ - 67

1. ശ്രീ. എ. അലി ഹസ്സൻ
2. ശ്രീ. ആനത്തലവട്ടം ആനന്ദൻ
3. ശ്രീ. ആന്റണി രാജു
4. ശ്രീ. എൻ.ആർ. ബാലൻ
5. ശ്രീ. ടി.കെ. ബാലൻ
6. ശ്രീ. സി.പി. ബാലൻ വൈദ്യർ
7. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
8. ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ
9. ശ്രീ. വി.കെ. ചന്ദ്രൻ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
11. ശ്രീ. എം. ദാസൻ
12. ശ്രീ. പി.സി. ജോർജ്ജ്
13. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
14. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ
15. ശ്രീ. ടി.കെ. ഹംസ
16. ശ്രീ. കെ.ഇ. ഇസ്മയിൽ
17. ശ്രീ. ടി.എസ്. ജോൺ
18. ശ്രീ. ജോൺ ഫെർണാണ്ടസ്
19. ശ്രീ. ജോസ് ബേബി
20. ഡോ. കെ.സി. ജോസഫ്
21. ശ്രീ. പി.ജെ. ജോസഫ്
22. ശ്രീ. എ. കണാരൻ
23. ശ്രീ. എൻ. കണ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

24. ശ്രീ. എളമരം കരിം
25. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ
26. ശ്രീ. ഇ.കെ. നായനാർ
27. ശ്രീ. പി.കെ. കുമാരൻ
28. ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്
29. ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്
30 ശ്രീ. സി.എ. കുര്യൻ
31. ശ്രീമതി ആർ. ലതാദേവി
32. ശ്രീ. ലോനപ്പൻ നമ്പാടൻ
33. പ്രൊഫ. മീനാക്ഷി തമ്പാൻ
34. ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ
35. ശ്രീ. പാലൊളി മുഹമ്മദുകുട്ടി
36. ശ്രീ. മോൻസ് ജോസഫ്
37. ശ്രീ. പിരപ്പൻകോട് മുരളി
38. ശ്രീ. ടി. നാണു മാസ്റ്റർ
39. ശ്രീ. സി.കെ. നാണു
40. ശ്രീ. എം. നാരായണൻ (കുഴൽ മന്ദം)
41. ശ്രീ. പി. നാരായണൻ
42. ഡോ. എ. നീലലോഹിതദാസൻ നാടാർ
43. ശ്രീ. ടി.കെ. നൗഷാദ്
44. ശ്രീ. കെ. പ്രകാശ് ബാബു
45. ശ്രീമതി എൻ. കെ. രാധ
46. ശ്രീ. കെ. രാധാകൃഷ്ണൻ
47. ശ്രീ. പി. രാഘവൻ
48. ശ്രീ. സി.കെ. രാജേന്ദ്രൻ
49. ശ്രീ. രാജു എബ്രഹാം
50. ശ്രീ. വി.പി. രാമകൃഷ്ണപിള്ള
51. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
52. ശ്രീ. എസ്. ശർമ്മ
53. ശ്രീ. യു.എസ്. ശശി
54. ശ്രീ. കെ.പി. സതീശ് ചന്ദ്രൻ
55. ശ്രീ. സത്യൻ മൊകേരി
56. ശ്രീ. സെബാസ്റ്റ്യൻ പോൾ
57. ശ്രീ. എ.സി. ഷൺമുഖദാസ്
58. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
59. ശ്രീ. ടി. ശിവദാസമോനോൻ
60. ശ്രീ. പി.പി. സുലൈമാൻ റാവുത്തർ
61. ശ്രീ. പി.എസ്. സുപാൽ
62. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
63. ശ്രീമതി സുശീലാ ഗോപാലൻ
64. ശ്രീ. എം.എ. തോമസ്
65. ശ്രീ. എം.പി. വർഗ്ഗീസ്
66. ശ്രീ. വർഗ്ഗീസ് വൈദ്യർ
67. ശ്രീ. പി. വിശ്വൻ

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ - 33

1. ശ്രീ. കെ.പി.എ. മജീദ്
2. ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി
3. ശ്രീ. പി.കെ. അബ്ദുറബ്ബ്
4. ശ്രീ. കെ. അച്ചുതൻ
5. ശ്രീ. സി.ടി. അഹമ്മദ് അലി
6. ശ്രീ. ഇ.എം. അഗസ്തി
7. ശ്രീ. പി.കെ.കെ. ബാവ
8. ശ്രീ. കെ.എ. ചന്ദ്രൻ
9. ശ്രീ. പി.ജെ. ഫ്രാൻസിസ്
10. ശ്രീ. ഇസ്ഹാക് കുരിക്കൾ
11. ശ്രീ. ടി.എം. ജേക്കബ്
12. ശ്രീ. ജോണി നെല്ലൂർ
13. ശ്രീ. കെ.സി. ജോസഫ്
14. ശ്രീ. ജി. കാർത്തികേയൻ
15. ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
16. ഡോ. എം.എ. കുട്ടപ്പൻ
17. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
18. ശ്രീ. കെ.എം. മാണി
19. ശ്രീ. എ.കെ. മണി
20. ശ്രീ. സി. മൊയീൻകുട്ടി
21. ശ്രീ. ആര്യാടൻ മുഹമ്മദ്
22. ശ്രീ. എം. കെ. മുനീർ
23. ശ്രീ. എം. മുരളി
24. ശ്രീ. കെ. നാരായണക്കുറുപ്പ്
25. ശ്രീ. എഴുകോൺ നാരായണൻ
26. ശ്രീ. അടൂർ പ്രകാശ്
27. ശ്രീമതി രാധാ രാഘവൻ
28. ശ്രീ. പാലോട് രവി
29. ശ്രീമതി ശോഭനാ ജോർജ്
30. ശ്രീ. നാലകത്ത് സൂപ്പി
31. ശ്രീ. കെ. സുധാകരൻ
32. ശ്രീ. പി.പി. തങ്കച്ചൻ
33. ശ്രീ. കെ.സി. വേണുഗോപാൽ

നിഷ്പക്ഷതപാലിക്കുവർ - ആരുമില്ല

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ - 67

പ്രതികൂലിക്കുന്നവർ - 33

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ധനാഭ്യർത്ഥന പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ചർച്ച കൂടാതെ പാസ്സാക്കുന്ന ധനാഭ്യർത്ഥനകൾ

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ധനാഭ്യർത്ഥനകൾ ചർച്ച കൂടാതെ പാസ്സാക്കുന്നതിന് നമ്മുടെ റൂൾസ് ഓഫ് പ്രൊസീഡ്യൂവറിലെ റൂൾ 143 (2) അനുസരിച്ച് " On the last day of the alloted days at 1.30 p.m. the Speaker shall forthwith put every question necessary to dispose of all the outstanding matters in connection with the demands for grants."

1.30-നു മുമ്പ് നടത്തണം. 1.30-നു മുമ്പ് വേണ്ടതാണ്. 1.30- ന് മുമ്പ് അതു തീരാറില്ലെങ്കിൽ അതിന് റൂൾ വേവ് ചെയ്യണം. ഇവിടെ റൂൾ വേവ് ചെയ്തിട്ടില്ല. സാധാരണ 1.30-നു മുമ്പാണ് അതു ചെയ്യാറ്. ഞാൻ തടസ്സം പറയുകയല്ല. റൂൾ വേവ് ചെയ്തുകൊണ്ടുവേണം ഇതിലേക്ക് കടക്കാൻ.

മി. സ്പീക്കർ : ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞതു ശരിയാണ്. ചർച്ച കൂടാതെ പാസ്സാക്കുന്ന ധനാഭ്യർത്ഥനകളുടെ കാര്യത്തിൽ മാത്രമല്ല എല്ലാ ദിവസവും 1.30 കഴിയുമ്പോൾ നമ്മൾ റൂൾ വേവ് ചെയ്യേണ്ടതാണ്. ഇപ്പോൾ റൂൾ വേവ് ചെയ്യാതെയാണ് നടത്തുന്നത്. റൂൾ വേവ് ചെയ്യാതെ സഭയ്ക്ക് 1.30 -നുശേഷം ഇരിക്കാൻ പാടില്ല. റൂളനുസരിച്ച് സഭ ഇപ്പോൾ ചേരുന്നത് റൂൾ വേവ് ചെയ്തുകൊണ്ടാകണം. That is implied. അങ്ങനെ മുമ്പ് ചെയ്യാറുണ്ടായിരുന്നു. പക്ഷേ നമ്മൾ ഇപ്പോൾ ഈയടുത്ത കാലത്ത് 1.30-നുശേഷം റൂൾ വേവ് ചെയ്യാറില്ല. ഡിമാന്റ്സിന്റെ കാര്യത്തിൽ മാത്രമല്ല, 1.30-നുശേഷം സഭ ചേരണമെങ്കിൽ 1.30 കഴിയുമ്പോൾ റൂൾ വേവ് ചെയ്യണം.

സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വാർത്താ വിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പലവക സാമ്പത്തിക സർവീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നഷ്ടപരിഹാരങ്ങളും അവകാശ കൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 1999-2000 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിന് അനുവദിക്കണമെന്ന പ്രമേയം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.[+]

മി. സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1999 ജൂലായ് മാസം 14-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.25-ന് പിരിഞ്ഞു.)

[+] അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly